# കേരള
# പ്രീ-സ്കൂൾ
# പാഠ്യപദ്ധതി

സ.ഉ (എം.എസ്) നം. 158/2014 പൊ.വി.വ., തീയതി, തിരുവനന്തപുരം 11.08.2014



സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2014

**പ്രീ–സ്കൂൾ പാഠ്യപദ്ധതി**

*Prepared by:*
**State Council of Educational Research & Training (SCERT)**
Poojappura, Thiruvananthapuram -12, Kerala
E-mail:scertkerala@gmail.com

*Type setting by:* SCERT Computer Lab.

©
Government of Kerala
Education Department
2014

# മുഖമൊഴി

കാര്യക്ഷമമായ ശിശുവിദ്യാഭ്യാസം രാജ്യപുരോഗതിക്ക് അനിവാര്യമാണ്. ശിശുവികാസത്തിൽ ഏറ്റവും നിർണായകമായ കാലമാണ് ജനനം മുതലുള്ള ആദ്യ എട്ടുവർഷങ്ങൾ. സന്തുലിതമായ വിദ്യാഭ്യാസവും പരിരക്ഷയും കൊണ്ട് ഈ വികാസഘട്ടം ഫലപ്രദമാക്കാൻ നമുക്കു കഴിയണം.

സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം (ആർ.ടി.ഇ 2009) ശിശുവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം എടുത്തു പറയുന്നുണ്ട്. രാജ്യം ആഗ്രഹിക്കുന്ന വിദ്യാഭ്യാസപുരോഗതി കൈവരിക്കുന്നതിന് ചിട്ടയായ ശിശുവിദ്യാഭ്യാസം ആസൂത്രണം ചെയ്തേ മതിയാവൂ. ഇക്കാര്യങ്ങൾക്കുള്ള ചുമതല സംസ്ഥാന സർക്കാരുകൾക്കാണുള്ളത്.

ശിശുവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഏറെ മുമ്പോട്ടുപോയിട്ടുണ്ട്. വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഇതിന് സഹായകമായിത്തീർന്നു. എന്നാൽ സമഗ്രമായ ഒരു സമീപനത്തിന്റെയും സംയോജിതമായ പാഠ്യപദ്ധതിയുടെയും അഭാവത്തിൽ ഈ രംഗത്ത് സംസ്ഥാനം പല പരിമിതികളും നേരിടുകയാണ്. മൂന്നു വയസ്സു മുതൽ എഴുത്തും വായനയും അടങ്ങിയ ഔപചാരിക വിദ്യാഭ്യാസം പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങൾവരെ ഇവിടെയുണ്ട്. പരിചരണത്തിൽ ശ്രദ്ധ വയ്ക്കാതെയും ശുചിത്വ കാര്യങ്ങൾ പരിഗണിക്കാതെയും നടത്തുന്ന ശിശുവിദ്യാഭ്യാസ കേന്ദ്രങ്ങൾ ഗുണകരമായ ഫലങ്ങൾ ഉളവാക്കാൻ ഇടയില്ല. സാമ്പത്തികലാഭം മാത്രം ലക്ഷ്യമാക്കി നടത്തുന്ന ചില സ്ഥാപനങ്ങൾ ശിശുവികാസത്തെ സംബന്ധിച്ച അടിസ്ഥാനതത്ത്വങ്ങൾ പോലും പാലിക്കുന്നില്ല. എന്നാൽ ഈ സ്ഥാപനങ്ങളിലെ എല്ലാ പ്രവർത്തനങ്ങളിലും നിഴലിക്കുന്നത് കുഞ്ഞുങ്ങളുടെ സർവ്വതോമുഖമായ വികാസത്തിനുതകുന്ന ശിശുവിദ്യാഭ്യാസത്തെക്കുറിച്ചുള്ള ജ്ഞാനത്തിന്റെ പരിമിതിയുമാണ്. ആറുവയസ്സിനു താഴെ പ്രായമുള്ള കുഞ്ഞുങ്ങളുടെ ശാരീരികവും മാനസികവുമായ ആവശ്യങ്ങളും സ്വഭാവങ്ങളും ജന്മവാസനകളും കഴിവുകളും താല്പര്യങ്ങളും അവർ ജീവിക്കുന്ന ചുറ്റുപാടും സാംസ്കാരിക പശ്ചാത്തലവും ഒക്കെ കണക്കിലെടുത്തുവേണം ഈ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ നടത്തേണ്ടത്. ശിശുപരിപാലനവും ശിശുവിദ്യാഭ്യാസവും ഒരു ശാസ്ത്രം തന്നെയാണ്. ശ്രദ്ധയോടെ ഇതു മനസ്സിലാക്കി ശരിയായ രീതിയിൽ പരിപാടികൾ ആസൂത്രണം ചെയ്യണം. തെറ്റായ രീതിയിൽ വളർത്തപ്പെട്ടാൽ കുഞ്ഞിന്റെ വളർച്ചയും വികാസവും തകരാറിലാവുകതന്നെ ചെയ്യും. ഈ പശ്ചാത്തലത്തിലാണ് സമഗ്രമായ ഒരു പ്രീ-പ്രൈമറി പാഠ്യപദ്ധതി രൂപീകരിക്കാനുള്ള ചുമതല എസ്.സി.ഇ.ആർ.ടി ഏറ്റെടുത്തിരിക്കുന്നത്.

ശിശുവിദ്യാഭ്യാസരംഗത്തെ വിദഗ്ധർ, ശിശുമനശ്ശാസ്ത്രജ്ഞർ, ശിശുരോഗവിദഗ്ധർ തുടങ്ങിയവരുടെ കൂട്ടായ്മയോടെ വികസിപ്പിച്ച സമീപനരേഖയും പാഠ്യപദ്ധതിയും ഏവരുടെയും പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

ആശംസകളോടെ
ഡയറക്ടർ,
എസ്.സി.ഇ.ആർ.ടി

# പ്രീ– സ്കൂൾ കരിക്കുലം രൂപീകരണ സമിതി

**അഡ്വൈസർ**
**ഡോ. എസ്. അനന്തലക്ഷ്മി**
പ്രസിഡന്റ്, ബാലമന്ദിർ റിസർച്ച് ഫൗണ്ടേഷൻ, ചെന്നൈ

**ചെയർമാൻ**
**ഡോ. സി. ലീലാദേവി**
ജോയിന്റ് ഡയറക്ടർ (റിട്ട.), എസ്.ഐ.ഇ

**അംഗങ്ങൾ**

**ഡോ. ജി. സി. ഉപാദ്ധ്യായ**
പ്രൊഫസർ,
ഡിപ്പാർട്ട്മെന്റ് ഓഫ് എലിമെന്ററി എഡ്യൂക്കേഷൻ,
എൻ.സി.ഇ.ആർ.ടി, ന്യൂഡൽഹി (വിദഗ്ധൻ)

**ശ്രീമതി. അംബികാ കുമാരി. എസ്**
പ്രിൻസിപ്പൽ (റിട്ട.), ഗവൺമെന്റ്, പി.പി.റ്റി.റ്റി.ഐ,
കോട്ടൺഹിൽ, തിരുവനന്തപുരം

**ശ്രീ. കാളിദാസൻ. എം. ജി**
സി.ഡി.പി.ഒ (റിട്ട.), കൺസൾട്ടന്റ് ബഡ്സ്,
കുടുംബശ്രീ മിഷൻ

**ശ്രീ. കൊടക്കാട് ശ്രീധരൻ**
എ.ഇ.ഒ (റിട്ട.), പയ്യോളി. പി. ഒ, കോഴിക്കോട്

**ശ്രീ. മനോജ്. വി**
റ്റീച്ചർ, യു.എൽ.പി.എസ്, നാരായണമംഗലം. പി.ഒ, തൃശ്ശൂർ

**ശ്രീമതി. കെ.കെ. ചാന്ദ്നി**
ഹെഡ് കരിക്കുലം

**ഡോ. മീന. എസ്**
റിസർച്ച് ഓഫീസർ (പോപ്പുലേഷൻ എഡ്യൂക്കേഷൻ/
സ്പെഷ്യൽ എഡ്യുക്കേഷൻ)

**ഡോ. ജയപ്രകാശ്.ആർ**
അസ്സോസിയേറ്റ് പ്രൊഫസർ ഓഫ് പീഡിയാട്രിക്സ്, ചൈൽഡ് സൈക്യാട്രിസ്റ്റ്, ബിഹേവിയറൽ പീഡിയാട്രിക്സ് യൂണിറ്റ്, എസ്.എ.റ്റി ഹോസ്പിറ്റൽ, ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം (പ്രീ-പ്രൈമറി വിദ്യാഭ്യാസ സമിതി അംഗം)

**ശ്രീ. കെ. രമേശൻ കടൂർ**
ലക്ചറർ, ഡയറ്റ്, പാലയാട്, കണ്ണൂർ

**ശ്രീ. പി. എൽ. വിജയകുമാർ**
ലക്ചറർ, ഡയറ്റ് തിരുവനന്തപുരം,
തിരുവനന്തപുരം

**ശ്രീ.എൻ.സുബ്രഹ്മണ്യൻ**
ബി.പി.ഒ, ബി.ആർ.സി ആലപ്പുഴ

**ശ്രീ. അബ്ബാസ് അലി**
ലക്ചറർ, ഡയറ്റ് വടകര, കോഴിക്കോട്

**ശ്രീ. കെ. റ്റി. രാധാകൃഷ്ണൻ**
റ്റീച്ചർ (റിട്ട.), പ്രസന്നം, പി.ഒ.ഇടക്കുളം,കോഴിക്കോട്
(പ്രീ-പ്രൈമറി വിദ്യാഭ്യാസ സമിതി അംഗം)

**ശ്രീ. പി.വി. പുരുഷോത്തമൻ**
ലക്ചറർ, ഡയറ്റ്, പാലയാട്, കണ്ണൂർ

**ശ്രീമതി. റ്റി. വിമലാമനോഹർ**
പ്രീ-പ്രൈമറി റ്റീച്ചർ, ഗവ. എൽ.പി.എസ്, മേലാറ്റിങ്ങൽ,
തിരുവനന്തപുരം

**ശ്രീമതി. പി. സരസ്വതി അമ്മ**
റ്റീച്ചർ എഡ്യൂക്കേറ്റർ, ജി.പി.പി.റ്റി.റ്റി.ഐ, കോട്ടൺഹിൽ,
തിരുവനന്തപുരം

**ചിത്രകാരൻ**

**ശ്രീ. രമേശൻ. പി**
ഡ്രോയിംഗ് ടീച്ചർ, ഇരിങ്ങന്നൂർ എച്ച്.എസ്.എസ്, വടകര,
കോഴിക്കോട്

**പങ്കെടുത്ത എസ്.സി.ഇ.ആർ.ടി അംഗങ്ങൾ**

**ശ്രീ. മധുസൂദനൻ.സി**
റിസർച്ച് ഓഫീസർ (ഇവാല്യുവേഷൻ)

**ഡോ. എൻ. സുരേഷ്കുമാർ**
റിസർച്ച് ഓഫീസർ (റ്റീച്ചർ എഡ്യൂക്കേഷൻ)

**ഡോ. പി.കെ. തിലക്**
റിസർച്ച് ഓഫീസർ (മലയാളം)

**ശ്രീ. രമേശൻ. കെ**
റിസർച്ച് ഓഫീസർ (എഡ്യൂക്കേഷൻ ടെക്നോളജി)

**അക്കാദമിക് കോഡിനേറ്റർ**

**ഡോ.എൻ.കല**
റിസർച്ച് ഓഫീസർ (പ്രീ-പ്രൈമറി റ്റീച്ചർ എഡ്യൂക്കേഷൻ), എസ്.സി.ഇ.ആർ.ടി., തിരുവനന്തപുരം


സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012



# ഉള്ളടക്കം


| | | |
|---|---|---|
| I. | ശൈശവകാല പരിരക്ഷയും വിദ്യാഭ്യാസവും – പശ്ചാത്തലം | 07 |
| II. | ശിശുവികാസം (Child development) | 16 |
| III. | ശൈശവകാല പരിരക്ഷ (Early Childhood Care) | 29 |
| IV. | ശിശുവിദ്യാഭ്യാസം | 33 |
| V. | ശിശുവികാസവും കളിപ്രവർത്തനങ്ങളും | 42 |
| VI. | പ്രീ–സ്കൂൾ അന്തരീക്ഷം | 81 |
| VII. | അധ്യാപക പരിശീലനം | 89 |
| VIII. | വിലയിരുത്തൽ | 93 |
| IX. | പ്രീ–സ്കൂൾ വ്യവസ്ഥാപനം | 97 |
| X. | രക്ഷാകർത്തൃ ബോധവത്ക്കരണം | 106 |



# 1. ശൈശവകാല പരിരക്ഷയും വിദ്യാഭ്യാസവും- പശ്ചാത്തലം


1.1 ആമുഖം

1.2 ശൈശവകാലവിദ്യാഭ്യാസം - താത്വികകാഴ്ച്ചപ്പാടുകൾ

1.3 ശൈശവകാലവിദ്യാഭ്യാസം - ആഗോള കാഴ്ചപ്പാടുകൾ

1.4 ശൈശവകാലവിദ്യാഭ്യാസരംഗത്തെ ദേശീയകാഴ്ച്ചപ്പാടുകൾ

1.5 ശിശുവികസനം ലക്ഷ്യമാക്കിയിട്ടുള്ള ദേശീയ പദ്ധതികൾ

1.6 ശിശുവിദ്യാഭ്യാസം- കേരളീയ പശ്ചാത്തലം

1.6.1 കേരളത്തിലെ പൊതുവിദ്യാഭ്യാസത്തിന്റെ ചരിത്രം

1.6.2 പ്രീ- പ്രൈമറി വിദ്യാഭ്യാസം - കേരളത്തിന്റെ അവസ്ഥ

1.6.3 കേരളത്തിലെ പ്രീ- പ്രൈമറി വിദ്യാഭ്യാസം - ചരിത്രം

1.7 പ്രീ- സ്കൂൾ വിദ്യാഭ്യാസ പരിഷ്കരണ നടപടികൾ

1.8 സമഗ്രനിയമ നിർമാണത്തിന്റെ പ്രസക്തി

1.9 പ്രീ- സ്കൂൾ ഏകീകരണം നേരിടുന്ന വെല്ലുവിളികൾ

1.10 പ്രീ- സ്കൂൾ പാഠ്യപദ്ധതി- പ്രത്യേകതകൾ




# 1: ശൈശവകാല പരിരക്ഷയും വിദ്യാഭ്യാസവും- പശ്ചാത്തലം



## 1.1 ആമുഖം

ഒരു വ്യക്തിയുടെ ജീവിതത്തിൽ ഏറ്റവും ശ്രദ്ധേയവും പ്രേരണാധീനവും പ്രാധാന്യവുമുള്ള ഒരു കാലഘട്ടമാണ് ശൈശവം. ശിശുവിന്റെ ഈ ഘട്ടത്തിലുള്ള വികാസാവശ്യങ്ങളും താൽപ്പര്യങ്ങളും (Developmental Needs and Interests) പൂർത്തിയാക്കാനുള്ള അനുഭവങ്ങൾ ലഭ്യമാക്കുന്നതാണ് ശൈശവകാല വിദ്യാഭ്യാസം. ഇതോടൊപ്പം കുട്ടിക്ക് ലഭിക്കേണ്ട സുപ്രധാന അവകാശമാണ് പരിരക്ഷ (Care). ശാസ്ത്രീയമായ ശൈശവകാല വിദ്യാഭ്യാസവും പരിരക്ഷയുമാണ് പിൽക്കാലത്ത് കുട്ടിയുടെ സമ്പൂർണ വികാസത്തിന് അടിത്തറ പാകുന്നത്. ശൈശവകാല വിദ്യാഭ്യാസം ശിശുക്കളുടെ സമഗ്രവികസനത്തിന് ഒഴിച്ചുകൂടാൻ വയ്യാത്ത ഒന്നാണെന്ന് പഠനങ്ങൾ അടിവരയിടുന്നു.

ദ്രുതഗതിയിലുള്ള ശാരീരികവളർച്ച, മസ്തിഷ്കവികാസം, വളരെവേഗം മാറിക്കൊണ്ടിരിക്കുന്ന ശേഷീവികാസങ്ങൾ എന്നിവ ജനനം മുതൽ ആറ് വയസ്സുവരെയുള്ള ശൈശവകാലഘട്ടത്തിന്റെ സവിശേഷതകളാണ്. ഇതിൽ മൂന്നു മുതൽ ആറു വയസ്സ് കാലയളവിനുള്ളിൽത്തന്നെ കുട്ടിയുടേതായ തലത്തിൽ സൗന്ദര്യാത്മകത, ആസ്വാദനശേഷി, സർഗാത്മകത എന്നിവയെല്ലാം പ്രകടമാകും. പ്രകൃതി പ്രതിഭാസങ്ങളിലും, തന്റെ ചുറ്റുപാടുമുള്ള ജീവനുള്ളതും അല്ലാത്തതുമായ എല്ലാത്തരം വസ്തുക്കളിലും കുട്ടി കൗതുകം കൊള്ളുകയും അവയെ അടുത്തറിയാനുള്ള തീവ്രമായ വ്യഗ്രത പ്രകടിപ്പിക്കുകയും ചെയ്യും. ശിശുസഹജമായ ഇത്തരം ശേഷികൾ വിപുലപ്പെടുത്തുന്ന സ്വാഭാവിക (Natural) വളർച്ചയും വികാസവുമാണ് കുട്ടിക്ക് ലഭ്യമാകേണ്ടത്. ഈ ലക്ഷ്യം നേടിയെടുക്കലാണ് ശൈശവകാല പരിരക്ഷയും വിദ്യാഭ്യാസവും (Early Childhood Care and Education - ECCE) എന്നതിലൂടെ വിവക്ഷിക്കുന്നത്.

> *ജന്മനാ പ്രവർത്തനനിരതമാണ് കുട്ടിയുടെ പ്രകൃതം. ആശയവിനിമയത്തിനും അന്വേഷണങ്ങൾക്കും നിർമാണ പ്രവർത്തനങ്ങൾക്കും സൂക്ഷ്മരൂപങ്ങളിൽ അവ ആവിഷ്ക്കരിക്കുന്നതിനുമുള്ള ചോദനകൾ കുട്ടിയിൽ അന്തർലീനമാണ്* - (ജോൺഡ്യൂയി).

## 1.2 ശൈശവകാലവിദ്യാഭ്യാസം - താത്വികകാഴ്ച്ചപ്പാടുകൾ

ലോകത്തെമ്പാടും ഉണ്ടായിട്ടുള്ള പുരോഗമന വിദ്യാഭ്യാസചിന്തകർ ഈ രംഗത്ത് നിരവധി സിദ്ധാന്തങ്ങളും ആശയങ്ങളും മുന്നോട്ട് വച്ചിട്ടുണ്ട്. നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ പാശ്ചാത്യ ദാർശനികനായ കൊമിനീയസ് (1590 - 1670) സാർവത്രിക വിദ്യാഭ്യാസം എന്ന തലക്കെട്ടിൽ ചില തത്ത്വങ്ങൾ ആവിഷ്കരിച്ചിരുന്നു. 'അറിഞ്ഞതിൽ നിന്ന് അറിയാത്തതിലേക്ക്, എളുപ്പത്തിൽ നിന്ന് പ്രയാസത്തിലേക്ക്' എന്നീ ബോധനരീതികൾ ഇതിൽ നിന്നുടലെടുത്തതാണ്. ഫ്രഞ്ച് ചിന്തകനായ ജീൻ ജാക്കസ് റൂസ്സോ (1712 - 1778) ലോകം ഇന്ന് പൊതുവിൽ അംഗീകരിക്കുന്ന 'കുട്ടിയുടെ പ്രകൃതം പരിഗണിച്ചാവണം വിദ്യാഭ്യാസം' 'പഠനം ശിശു കേന്ദ്രീകൃതമാവണം' എന്നീ തത്ത്വങ്ങൾ മുന്നോട്ടുവച്ചു. വിദ്യാഭ്യാസത്തെ മനശ്ശാസ്ത്രതത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ സമീപിച്ച സ്വിറ്റ്സർലണ്ട്കാരനായ ജോഹാൻ ഹെൻറിച്ച് പെസ്റ്റലോസി (1746 - 1827) 'നിരീക്ഷണമാണ് വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനം', 'സ്കൂൾ അന്തരീക്ഷം ഹൃദ്യമാകണം' എന്നീ ആശയങ്ങളിലൂടെ ആവേശം പകർന്നു. കിന്റർ ഗാർട്ടന്റെ ഉപജ്ഞാതാവായ ഫ്രഡറിക് ഫ്രോബലിന്റെ (1782 - 1852) വിദ്യാ

ഭ്യാസസങ്കൽപ്പത്തിൽ 'കുട്ടി ചെടിയും സ്കൂൾ തോട്ടവും റ്റീച്ചർ തോട്ടക്കാരനു'മാണ് ശിശുവിദ്യാഭ്യാസത്തിലെ 'കളി രീതി' (Kinder garten)വികസിപ്പിച്ചത് ഇദ്ദേഹമാണ്. ജനാധിപത്യ വിദ്യാഭ്യാസം എന്ന ആശയം മുന്നോട്ടുവച്ച ജോൺ ഡ്യൂയി (1859 – 1952) 'സാമൂഹിക ജീവിയെന്ന നിലയിൽ മികച്ച രീതിയിൽ പ്രവർത്തിക്കാൻ ഒരാളെ പ്രാപ്തനാക്കാൻ വിദ്യാഭ്യാസം പ്രയോജനപ്പെടണം' എന്നഭിപ്രായപ്പെട്ടു.

'നഴ്സറി' വിദ്യാഭ്യാസത്തിന് അടിത്തറ പാകിയ മാക്മില്ലൻസഹോദരിമാർ 'വീട് വിട്ടാൽ മറ്റൊരു വീട്' എന്നതായിരിക്കണം നഴ്സറി വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം എന്ന് പ്രഖ്യാപിച്ചു. നഴ്സറി വിദ്യാഭ്യാസരംഗത്ത് ഇന്ദ്രിയ പരിശീലനത്തിലൂന്നിയ കളിരീതി ആവിഷ്ക്കരിച്ച മറിയാ മോണ്ടിസ്സോറി (1870 – 1952) കുട്ടികളുടെ പഠനത്തിൽ നിരീക്ഷണം, ചലനം, അനുകരണം, ആവർത്തനം, പ്രവർത്തനം എന്നിവയുടെ പ്രാധാന്യം പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പ്രയോഗത്തിൽ കൊണ്ടുവന്നു.

ഭാരതീയ ദാർശനികരിൽ രബീന്ദ്രനാഥ ടാഗോർ (1861–1941), വിദ്യാഭ്യാസ ലക്ഷ്യങ്ങൾ ശാരീരിക മാനസിക വികാസം, സദാചാരപരവും ആത്മീയവുമായ വികാസം, സാർവദേശീയ ബോധം എന്നിവയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധി (1869 – 1948) തന്റെ 'സേവാഗ്രാം' വിദ്യാഭ്യാസ പരീക്ഷണത്തിൽ നഴ്സറി വിദ്യാഭ്യാസത്തെ ജനനം മുതൽ 7 വയസ്സുവരെയുള്ള നാലുഘട്ടങ്ങളാക്കി തരംതിരിച്ചിരുന്നു. ഇന്ത്യൻ വിദ്യാഭ്യാസത്തിലെ "Montessori Mother" എന്നറിയപ്പെട്ടിരുന്ന താരാഭായ് മോദക് (1829 – 1973) ഗ്രാമബാല വിദ്യാകേന്ദ്രം (Gram Bal Sikshak Kendra - GBSK) സ്ഥാപിക്കുകയും ക്രഷേ, പ്രീപ്രൈമറി സ്കൂൾ, പ്രൈമറി സ്കൂൾ ഇവ സംയോജിപ്പിച്ചുകൊണ്ടുള്ള 'വികാസവാടികൾ' (Meadow School Vikasavadi Project) രൂപീകരിക്കുകയും ചെയ്തു. ഈ ചിന്തകളും പ്രവർത്തനപരീക്ഷണങ്ങളും ആധുനിക പ്രീസ്കൂൾ വിദ്യാഭ്യാസത്തിന് ദിശാബോധവും ദാർശനിക അടിത്തറയും സംഭാവന ചെയ്തു.

> *കുഞ്ഞുങ്ങളെ സംബന്ധിച്ച് പ്രവൃത്തിയും കളിയും തമ്മിൽ വ്യത്യാസമില്ല. , എഴുത്തും വായനയും കണക്കും പഠിപ്പിച്ചുകൊണ്ട് തുടങ്ങുന്ന ബോധനം കുട്ടികളുടെ വികാസത്തെ തടയുന്നു., പ്രാദേശിക ഭാഷയിലൂടെ ബോധനം നടക്കുമ്പോഴേ കുട്ടിക്ക് ആത്മവിശ്വാസത്തോടെ അതിൽ പങ്കുചേരാനാവൂ.*

ഗാന്ധിജിയുടെ പഠനം സംബന്ധിച്ച ഈ കാഴ്ചപ്പാട് ശിശുവിദ്യാഭ്യാസം സംബന്ധിച്ച ഏതൊരു ചർച്ചയ്ക്കും ആമുഖമാകേണ്ടതുണ്ട്.

നാഡീ മനശ്ശാസ്ത്ര മേഖലയിലും ശിശു വികാസ മനശ്ശാസ്ത്രരംഗത്തും ഉണ്ടായിട്ടുള്ള നൂതനപഠനങ്ങൾ 'പഠനം' സംബന്ധിച്ച അടിസ്ഥാനാശയങ്ങളിൽ മാറ്റം വരുത്തി. ബുദ്ധിയുടെ ജൈവികവും സ്വാഭാവികവുമായ വികാസത്തെ സംബന്ധിച്ച ബൗദ്ധിക മനശ്ശാസ്ത്രം മുന്നോട്ടു വയ്ക്കപ്പെട്ടു. ബുദ്ധിമാന (Intelligent quetient) ത്തിനുപകരം വൈകാരികമാന (Emotional Quotient) ത്തിനു പ്രാമുഖ്യം ലഭിക്കുന്ന മനശ്ശാസ്ത്ര ചിന്ത, സാമൂഹ്യജ്ഞാന നിർമ്മിതി (Social Constructivism) സമീപനം, ഭാഷാ സമഗ്രത സമീപനം (Whole language approach) എന്നീ ചിന്താധാരകൾ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഘടനയിലും പ്രക്രിയകളിലും ഏറെ മാറ്റങ്ങൾക്കിടയാക്കി. ഇത് ശിശുകേന്ദ്രീകൃതവും പ്രക്രിയാബന്ധിതവും ശിശുസൗഹൃദപരവുമായ വിദ്യാഭ്യാസത്തിനു വഴിതുറന്നു. കുട്ടിയുടെ വ്യക്തിപരമായ കഴിവുകളുടെ, വൈവിധ്യമാർന്ന ശേഷികളുടെ സ്വതന്ത്ര വികാസത്തിന് പരിഗണന നൽകുന്ന ഈ നൂതന സമീപനം പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിന്റെ ശാസ്ത്രീയമായ പുനസംഘാടനത്തിന് കൂടുതൽ പ്രസക്തി നൽകുന്നു.



## 1.3 ശൈശവകാലവിദ്യാഭ്യാസം – ആഗോള കാഴ്ചപ്പാടുകൾ

ജനനം മുതൽക്കുള്ള ആദ്യത്തെ 8 വർഷങ്ങൾ ശിശുവികസനത്തിന്റെ നിർണായക ഘട്ടമാണെന്ന വസ്തുത ഇന്ന് ലോകമെമ്പാടും അംഗീകരിച്ചിട്ടുണ്ട്. ഈ ഘട്ടത്തിൽ ആവശ്യമായ പരിചരണവും പിന്തുണയും ലഭിച്ചാൽ ശിശുവിന്റെ ശാരീരികവും മാനസികവും സാമൂഹികവുമായ വികാസം വേഗത്തിലാവും. മെച്ചപ്പെട്ട ശിശുപരിചരണവും വിദ്യാഭ്യാസവും ലഭിച്ച കുട്ടികൾ ഉയർന്നതോതിലുള്ള ആരോഗ്യവികാസവും ശേഷീവികാസവും നേടുന്നതായി ലോകത്ത് നടന്നിട്ടുള്ള നിരവധി പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനും ആദ്യകാല ശിശുവിദ്യാഭ്യാസവും പരിചരണവും സഹായകരമാണെന്നത് മറ്റൊരു വസ്തുതയാണ്.ഔപചാരിക വിദ്യാഭ്യാസത്തിനായുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾക്കപ്പുറത്ത് ശാസ്ത്രീയമായ ശിശുപരിചരണവും സമഗ്രവികസനത്തിന് സഹായകമായ ശാസ്ത്രീയ വിദ്യാഭ്യാസവുമാണ് പ്രീ-സ്കൂളുകളിൽ നടക്കേണ്ടത് എന്നതാണ് ആഗോളതലത്തിൽ അംഗീകരിച്ചിട്ടുള്ള കാഴ്ചപ്പാട്. ഇത് രാജ്യത്തെ മുഴുവൻ കുഞ്ഞുങ്ങൾക്കും ലഭിക്കുകയും വേണം.

ഇതു മുൻനിർത്തി ലോകരാജ്യങ്ങൾക്കാകെ മാർഗനിർദേശങ്ങൾ നൽകികൊണ്ട് നിരവധി പ്രഖ്യാപനങ്ങളും ഉടമ്പടികളും ഉണ്ടായിട്ടുണ്ട്. ജനീവ പ്രഖ്യാപനം(1924), കുട്ടികളുടെ അവകാശപ്രഖ്യാപനം(1959), കുട്ടികളുടെ അവകാശ ഉടമ്പടി(1989), എല്ലാവർക്കും വിദ്യാഭ്യാസം-ലോക ഉച്ചകോടി(1990), ലോക വിദ്യാഭ്യാസഫോറം(2000), മിലേനിയം വികസനലക്ഷ്യങ്ങൾ(2000), ഗ്ലോബൽ മോണിറ്ററിങ് റിപ്പോർട്ട്(2007) എന്നിവയെല്ലാം ഓരോ സമൂഹവും കുട്ടികളുടെ സമഗ്രവികാസത്തിനും വിദ്യാഭ്യാസത്തിനും എത്രമാത്രം പ്രാധാന്യം നൽകേണ്ടതുണ്ടെന്ന് അടിവരയിടുന്നു. ഈ ഉടമ്പടികളിൽ അതിപ്രധാനമായ 1989ലെ കുട്ടികളുടെ അവകാശ പ്രഖ്യാപനരേഖ നമ്മുടെ രാഷ്ട്രം അംഗീകരിച്ച് ഒപ്പുവച്ചിട്ടുള്ളതാണ്.

## 1.4 ശൈശവകാലവിദ്യാഭ്യാസരംഗത്തെ ദേശീയകാഴ്ച്ചപ്പാടുകൾ

ഭരണഘടനയുടെ ആർട്ടിക്കിൾ 45-ൽ, 14 വയസ്സ് വരെയുള്ള എല്ലാകുട്ടികൾക്കും സൗജന്യവും സാർവത്രികവുമായ വിദ്യാഭ്യാസം നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ആർട്ടിക്കിൾ 47-ൽ, ജനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പോഷകാഹാരങ്ങൾ ലഭ്യമാക്കണമെന്നും ജീവിതനിലവാരം വർധിപ്പിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. 1951 മുതൽ കുട്ടികളുടെ ക്ഷേമം എന്നത് ഇന്ത്യയുടെ വികസനാസൂത്രണത്തിലെ പ്രധാനപ്പെട്ട ഇനമായി ഉൾപ്പെടുത്തി. അതോടെ ഇത്തരം സേവനങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത ചുമതലയിലുമായി. ഇതിന്റെ തുടർച്ചയായി, 1974-ൽ കുട്ടികൾക്ക് വേണ്ടിയുള്ള ദേശീയ ശിശുനയം പ്രഖ്യാപിച്ചു.

1986ലെ ദേശീയ വിദ്യാഭ്യാസനയത്തിൽ പ്രീ-പ്രൈമറി കുട്ടികളുടെ വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകുകയുണ്ടായി. ശൈശവകാലവിദ്യാഭ്യാസത്തിനു വേണ്ടിയുള്ള ചില നിയമനിർമാണങ്ങൾ അതിന്റെ തുടർച്ചയായി നടന്നു. ഗുണമേൻമയുള്ളതും സാർവത്രികവുമായ വിദ്യാഭ്യാസം എന്ന ലക്ഷ്യം സാധ്യമാകണമെങ്കിൽ പ്രീ-സ്കൂൾതലം മുതൽ വിദ്യാഭ്യാസം ശാസ്ത്രീയമായി നടപ്പിലാക്കണം. ഈ ഉദ്ദേശ്യം സഫലീകൃതമാകുന്നതിന് നിരവധി പഠനങ്ങളും പദ്ധതികളും ഭരണഘടനാ ഭേദഗതികൾ പോലും ഉണ്ടായിട്ടുണ്ട്.

പോഷകാഹാരനയം(1993), ദേശീയ വികലാംഗ ജനനിയമം(1995), ദേശീയ ജനസംഖ്യാനയം(2000), ദേശീയ ആരോഗ്യനയം(2002), വിദ്യാഭ്യാസ അവകാശത്തിനുവേണ്ടിയുള്ള 82-ാം ഭരണഘടനാ ഭേദഗതി (ആർട്ടിക്കിൾ 21 എ), വിദ്യാഭ്യാസ അവകാശ നിയമം(2009) എന്നിവയല്ലാം കുട്ടികളുടെ വിദ്യാഭ്യാസ-ആരോഗ്യ-പോഷണ മേഖലകൾ ശക്തിപ്പെടുത്താനായി ദേശീയതലത്തിൽ രൂപീകൃതമായ ശ്രദ്ധേയമായ നയങ്ങളും നിയമങ്ങളുമാണ്.

കുട്ടികളുടെ അവകാശ സംരക്ഷണവും വിദ്യാഭ്യാസ-ആര്യോഗ്യ മേഖലയുടെ വികാസവും മുൻനിർത്തി നിരവധി അന്വേഷണങ്ങളും പഠനങ്ങളും നടന്നിട്ടുണ്ട്. 1945ൽ രൂപീകൃതമായ സാർജന്റ് കമ്മീഷൻ, ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ(1952), കോത്താരി കമ്മീഷൻ(1966), ലോകസഭയുടെ പ്രത്യേക സമിതി (1967), സ്വാമിനാഥൻ സ്റ്റഡിഗ്രൂപ്പ് റിപ്പോർട്ട്(1972), രാമമൂർത്തിക്കമ്മറ്റി(1990), ആക്ഷൻ പ്ലാൻ ഫോർ ചൈൽഡ് (1994) എന്നിവയെല്ലാമാണ് രാജ്യത്തെ ശിശുവിദ്യാഭ്യാസ മേഖലയിലെ നയരൂപീകരണത്തിന് സഹായിച്ച പ്രധാന കമ്മീഷനുകളും നയരേഖകളും. ഇവയുടെ അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ട് രൂപീകരിച്ചതാണ് ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് (NCF - 2005). 'ശൈശവകാല വിദ്യാഭ്യാസ'ത്തിന് ഒരു ഏകീകൃത പാഠ്യപദ്ധതി രൂപീകരിക്കുന്നതിന് ദേശീയതലത്തിൽ കാഴ്ചപ്പാടുകൾ മുന്നോട്ട് വച്ചത് ഈ അടിസ്ഥാനരേഖയാണ്.

## 1.5 ശിശുവികസനം ലക്ഷ്യമാക്കിയിട്ടുള്ള ദേശീയ പദ്ധതികൾ

സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ തുടക്കം മുതൽ കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള വിപുലമായ വിഭവാസൂത്രണം രൂപപ്പെടുകയുണ്ടായി. മാതൃ-ശിശുസംരക്ഷണത്തിനായി 1951ൽ ദേശീയ സാമൂഹ്യബോർഡും 1952ൽ എൻ.ഇ.എസ്. ബ്ലോക്കുകളുടെ നേതൃത്വത്തിൽ ബാലവാടികളും ആരംഭിച്ചു. ജനനം മുതൽ മുതൽ 6 വയസ്സുവരെ പ്രായമുള്ള ശിശുക്കളുടെ സമഗ്രവികസനം ലക്ഷ്യമാക്കി 1975-ൽ രൂപീകരിച്ച സംയോജിത ശിശുവികസന പരിപാടി (ICDS) ആണ് ശൈശവകാല വിദ്യാഭ്യാസവും പരിചരണവുമെന്ന കാഴ്ച്ചപ്പാട് ഉൾക്കൊണ്ടുകൊണ്ട് ശിശുവിദ്യാഭ്യാസത്തിൽ ഇടപെട്ട പദ്ധതി. സർവശിക്ഷാ അഭിയാനും (SSA) കുട്ടികളുടെ ക്ഷേമത്തിനായി വിപുലമായ പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു.

## 1.6 ശൈശവകാലവിദ്യാഭ്യാസം- കേരളീയ പശ്ചാത്തലം

### 1.6.1 കേരളത്തിലെ പൊതുവിദ്യാഭ്യാസത്തിന്റെ ചരിത്രം

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ലോകത്തിലെ വികസിത സമൂഹത്തോടൊപ്പമെത്തിയ പ്രദേശമാണ് കേരളം. പ്രാചീനകേരളത്തിൽ, ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിലെന്നപ്പോലെ തനതായ വിദ്യാഭ്യാസ സമ്പ്രദായം നിലനിന്നിരുന്നുവെന്ന് സഞ്ചാരികളും ചരിത്രകാരന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്. വേദപാഠശാലകളും കുടിപ്പള്ളിക്കൂടങ്ങളും ആശാൻ കളരികളും അക്കാലത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളായിരുന്നു. ഓരോ പ്രദേശത്തെയും ജനങ്ങളുടെ സഹായത്തോടെ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളായിരുന്നു ഇവ. 1891-ൽ ഇത്തരം ആയിരത്തിമുന്നൂറിലധികം വിദ്യാലയങ്ങളും അവയിൽ അമ്പതിനായിരത്തിലധികം കുട്ടികളും പഠിച്ചിരുന്നതായി 1891ലെ തിരുവിതാംകൂർ സെൻസസ് റിപ്പോർട്ടിൽ പറയുന്നു. പ്രാചീന കേരളത്തിൽ, മേൽവിശദീകരിച്ച വിദ്യാഭ്യാസ രീതിയുടെ ഫലമായി താരതമ്യേന ഉയർന്ന സാക്ഷരത ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.





വൈദേശിക ആധിപത്യത്തോടെയാണ് ആധുനിക വിദ്യാഭ്യാസ സമ്പ്രദായം കേരളത്തിൽ ആരംഭിക്കുന്നത്. മിഷനറിമാർ, നാട്ടുരാജാക്കന്മാർ, നാടുവാഴികൾ തുടങ്ങിയവർ വിദ്യാലയങ്ങൾ ആരംഭിക്കുന്നതിന് ആദ്യകാലത്ത് നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ സാമൂഹ്യനവോത്ഥാന പ്രസ്ഥാനങ്ങളുടെ വമ്പിച്ചമുന്നേറ്റങ്ങൾ കേരളത്തിലുണ്ടായി. ശ്രീനാരായണഗുരു, അയ്യങ്കാളി തുടങ്ങിയവർ നടത്തിയ സാമുദായിക പരിഷ്കരണ ശ്രമങ്ങളിലെ പ്രധാന ഊന്നൽ സാമൂഹ്യപിന്നോക്കാവസ്ഥയിലുള്ളവരുടെ വിദ്യാഭ്യാസ പുരോഗതിയായിരുന്നു. ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ ഭാഗമായി ഉണ്ടായ ഉണർവ്, മലബാർഡിസ്ട്രിക്റ്റ് ബോർഡിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, ഗ്രന്ഥശാലകളുടെ വ്യാപനം എന്നിവയെല്ലാം ഇതിന് ആക്കം കൂട്ടി. ആയിരത്തി തൊള്ളായിരത്തി അറുപതുകളോടെ സ്കൂളുകളുടെ എണ്ണത്തിൽ വലിയ വർധനവ് ഉണ്ടായി. കേരളത്തിൽ നടന്ന ഭൂപരിഷ്കരണ നടപടികളുടെ ഫലമായുണ്ടായ ജീവിത പുരോഗതി സാധാരണക്കാർക്കടക്കം വിദ്യാഭ്യാസം നേടുന്നതിനുള്ള താൽപ്പര്യം ഗണ്യമായി വർധിപ്പിച്ചു.

### 1.6.2 ശൈശവകാല വിദ്യാഭ്യാസം – കേരളത്തിന്റെ അവസ്ഥ

കേരളത്തിൽ ഇന്ന് ഏറ്റവും കൂടുതൽ കുട്ടികൾ ഉൾക്കൊള്ളുന്ന ശൈശവകാല വിദ്യാഭ്യാസ സ്ഥാപനം/ പ്രീ-സ്കൂൾ സ്ഥാപനം അങ്കണവാടികളാണ്. 258 ഐ.സി.ഡി.എസ്. പ്രേജക്ടുകൾക്ക് കീഴിലായി 32,219 അങ്കണവാടികളാണ് സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നത്. കൂടാതെ സർക്കാർ നേരിട്ട് നടത്തുന്ന 67 പ്രീ-പ്രൈമറി സ്കൂളുകളും, സർക്കാർ-എയിഡഡ് വിദ്യാലയങ്ങൾക്ക് അനുബന്ധമായി അധ്യാപക-രക്ഷകർതൃ സംഘടനകളുടെ നേതൃത്വത്തിൽ നടത്തുന്ന 1,644 പ്രീ-സ്കൂളകളും നിലവിലുണ്ട്. പട്ടികജാതി വികസനവകുപ്പ്, ഗ്രന്ഥശാലാ സംഘം, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ 'ബാലവാടി'കളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഇതിന് പുറമേ, സ്വകാര്യ വ്യക്തികളും സാമൂദായിക സംഘടനകളും നടത്തുന്ന നഴ്സറികളും കാണാം.

കഴിഞ്ഞ മുക്കാൽ നൂറ്റാണ്ടിനിടയിലാണ് കേരളത്തിൽ പ്രീ-സ്കൂൾ വിദ്യാഭ്യാസം ആരംഭിച്ചതും വ്യാപകമായി വളർന്നതും. ഇന്നാകട്ടെ മൂന്നു വയസ്സു കഴിഞ്ഞ ഭൂരിപക്ഷം കുട്ടികളും ഏതെങ്കിലും പ്രീ-സ്കൂൾ സ്ഥാപനത്തിൽ പോകുന്നു എന്ന വസ്തുത നമുക്ക് സന്തോഷം പകരുന്നതാണ്. എന്നാൽ ഈ സ്ഥാപനങ്ങൾ അവയുടെ ധർമം ശരിയാംവണ്ണം നിർവഹിക്കുന്നുണ്ടോയെന്ന കാര്യം സംശയമാണ്.

1980 മുതൽ കേരളത്തിൽ അൺ-എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളും സ്വകാര്യ വിദ്യാലയങ്ങളും വ്യാപകമായി ഉയർന്നു വന്നു. പിന്നീട് ഈ സ്കൂളുകളോട് അനുബന്ധിച്ചുള്ള പ്രീ-പ്രൈമറി ക്ലാസുകൾ വ്യാപകമായി. ഈ വിദ്യാലയങ്ങൾക്ക് പ്രവർത്തനവുമായി ബന്ധപ്പെട്ട് നിബന്ധനകളോ നിയന്ത്രണങ്ങളോ ഇല്ലാത്തതും, ഏകീകൃത പാഠ്യപദ്ധതിയുടെ അഭാവവും പ്രീസ്കൂൾ വിദ്യാഭ്യാസരംഗത്ത് മത്സരങ്ങൾക്കും വേർതിരിവുകൾക്കും അശാസ്ത്രീയ സമീപനങ്ങൾക്കും കാരണമായി. ഇതാകട്ടെ ഗുണമേന്മയുള്ള സാർവത്രിക ശൈശവകാല വിദ്യാഭ്യാസം / പ്രീ-സ്കൂൾ വിദ്യാഭ്യാസം എന്ന സങ്കൽപത്തിന് തടസ്സമായി മാറി.

### 1.6.3 കേരളത്തിലെ പ്രീ-പ്രൈമറി വിദ്യാഭ്യാസം -ചരിത്രം

ആദ്യകാലത്തെ ആശാൻ പാഠശാലകൾ നഴ്സറി സ്കൂളുകളുടെ പ്രാഗ് രൂപമാണ്. നാമമാത്ര ഗ്രാന്റുനൽകുന്ന തിനപ്പുറം സർക്കാരിന് ഇവയുടെ നടത്തിപ്പിൽ ബാധ്യസ്ഥതയൊന്നും ഉണ്ടായിരുന്നില്ല. മാതൃഭാഷയിലായിരുന്നു അധ്യയനം. എഴുത്തും വായനയും കണക്കും വിഷയങ്ങൾ. മണലിലെഴുത്തും ഓലയും നാരായവും ഉപയോഗിച്ചുള്ള എഴുത്തും ശീലിപ്പിച്ചു. തുടർന്ന്

- 1945 ൽ കോട്ടൺഹിൽ ഗേൾസ് ഹൈസ്കൂളിനോടനുബന്ധിച്ച് ആദ്യത്തെ ഗവ. നഴ്സറി.
- 1946 ൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ 23 ഗവ. നഴ്സറികൾ
- 1951 – 52 വെൽഫെയർ എക്സ്റ്റൻഷൻ സെന്ററുകൾ (സാമൂഹ്യക്ഷേമവകുപ്പ്).
- 1965 ൽ എൻ.ഇ.എസ്സ് ബ്ലോക്കുകളുടെ നേതൃത്വത്തിൽ സി.പി.ഡബ്ല്യൂ.സി സെന്ററുകൾ/ ബാലവാടികൾ
- 1970 ൽ ന്യൂട്രിഷൻ ഡിപ്പാർട്ട്മെന്റ് (ജയിൽവകുപ്പ്) നേതൃത്വത്തിൽ നിലവിൽ വന്ന ഡേകെയർ സെന്ററുകൾ
- 1975 സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ അങ്കണവാടികൾ
- 1984 ൽ വിദ്യാഭ്യാസ ജില്ലാതലത്തിൽ / വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നിലവിൽ വന്ന 31 മോഡൽ പ്രീ പ്രൈമറി സ്കൂളുകൾ
- 1984 പി.റ്റി.എ യുടെ നേതൃത്വത്തിലുള്ള 1661 പ്രീ-പ്രൈമറി സ്കൂളുകൾ


## 1.7 പ്രീ-സ്കൂൾ വിദ്യാഭ്യാസ പരിഷ്കരണ നടപടികൾ

2005-ൽ തയാറാക്കപ്പെട്ട ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ ചുവടുപിടിച്ചുകൊണ്ട് 2007-ൽ സംസ്ഥാനത്ത് പ്രീ-പ്രൈമറി മേഖലയിൽ ഒരു നിലപാട് രേഖ രൂപീകരിക്കുകയുണ്ടായി.

2009-ലെ കേന്ദ്രവിദ്യാഭ്യാസ അവകാശ നിയമം ശിശുവിദ്യാഭ്യാസത്തെക്കുറിച്ച് കൂടുതൽ ഗൗരവപ്പെട്ട ചർച്ചകൾക്ക് വഴിവച്ചിരിക്കുന്നു. 3നും 6നും ഇടയിൽ പ്രായമുള്ള കുട്ടികളുടെ വിദ്യാഭ്യാസവും രക്ഷയും സംസ്ഥാന-തദ്ദേശ സർക്കാരുകളുടെ നേതൃത്വത്തിൽ നടപ്പാക്കണമെന്നു നിർദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസം ചിട്ടപ്പെടുത്തുന്നതിനുള്ള മാർഗനിർദേശങ്ങൾ തയാറാക്കിയിട്ടുണ്ട്. ഇതേ കാലയളവിൽത്തന്നെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള നിരവധി ചർച്ചകളും സംവാദങ്ങളും നടക്കുകയുണ്ടായി. 1996-97 കാലത്ത് സംസ്ഥാനത്ത് സ്കൂൾ പാഠപുസ്തക പരിഷ്കരണ നടപടികൾ ആരംഭിച്ചു. ഇത് ശിശുകേന്ദ്രീകൃതവിദ്യാഭ്യാസ സങ്കൽപങ്ങൾ രൂപീകരിക്കുന്നതിന്റെ ഗതിവേഗം വർധിപ്പിച്ചു. കേരളത്തിൽ ഇതുവരെ ഉണ്ടായിരുന്ന പ്രൈമറി സ്കൂൾ പ്രവേശന പ്രായത്തിൽ മാറ്റം നിർദേശിച്ചതിനാൽ ഇതുവരെ പ്രൈമറി ഒന്നാം ക്ലാസ്സിൽ പ്രവേശിപ്പിച്ചിരുന്ന 5+ പ്രായക്കാരെക്കൂടി പ്രീ-സ്കൂളിലേക്ക് മാറ്റേണ്ടതുണ്ട്. ഈ അവസ്ഥ പ്രീ-സ്കൂൾ പഠനത്തെ ഗൗരവതരമാക്കുന്നു. 3+, 4+, 5+ എന്നീ പ്രായവിഭാഗങ്ങൾക്കായി മൂന്നു വർഷക്കാലം നീണ്ടുനിൽക്കുന്ന വിദ്യാഭ്യാസ പ്രക്രിയയായി പ്രീ-സ്കൂൾ വിദ്യാഭ്യാസം മാറും അതിനനുസരണമായ ഭരണനടപടികൾ ആവശ്യമാകും. പ്രീ-സ്കൂൾ പ്രായത്തിലുള്ള



ശിശുക്കളുടെ പരിചരണവും വിദ്യാഭ്യാസവും നമ്മുടെ സംസ്ഥാനത്ത് സാർവത്രികമാക്കുന്നതിനുള്ള പരിശ്രമങ്ങളുടെ ഭാഗമായിട്ടാണ് ഇപ്പോൾ പ്രീ-സ്കൂൾ ഏകീകൃത പാഠ്യപദ്ധതി രൂപീകരണം ആവശ്യമായിരിക്കുന്നത്.



## 1.8 സമഗ്രനിയമ നിർമാണത്തിന്റെ പ്രസക്തി

കേരളീയകുടുംബഘടനയിൽ വലിയതോതിലുള്ള മാറ്റങ്ങൾ സംഭവിച്ചിട്ടുള്ള കാലഘട്ടമാണിത്. ചെറിയ കുടുംബം, അണുകുടുംബം എന്ന മാതൃകയിലേക്ക് സമൂഹം എത്തിച്ചേർന്നു. മാതാപിതാക്കൾ, പ്രത്യേകിച്ച് അമ്മമാർ തൊഴിലിനുപോകുന്ന സാഹചര്യമാണ് പൊതുവെയുള്ളത്. ഗ്രാമങ്ങൾ നഗരമാനസികാവസ്ഥയിലേക്ക് വിപുലപ്പെടുകയും ചെയ്തു. ഈ അവസ്ഥാന്തരം കുട്ടികൾക്കു ലഭിച്ചിരുന്ന മുതിർന്നവരുടെ ലാളന, സ്വതന്ത്രകളികൾക്കുള്ള അവസരം, സമപ്രായക്കാരുടെ ഒത്തുചേരൽ തുടങ്ങിയവ നഷ്ടമാക്കി. ഒറ്റപ്പെട്ട ആവാസരീതികൾ അയൽപക്ക ബന്ധങ്ങളിലും വിടവുകൾ സൃഷ്ടിച്ചു. ഇതാകട്ടെ കുട്ടികളുടെ നൈസർഗിക വളർച്ചയ്ക്കും സാമൂഹികവൽക്കരണത്തിനുമുള്ള അവസരങ്ങൾ ഗണ്യമായി കുറച്ചു. സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ സംജാതമായ പുതിയ സാഹചര്യങ്ങൾ ശിശുക്കളുടെ പരിരക്ഷണ ചുമതല നിർവഹിക്കുന്നതിനുള്ള കുടുംബങ്ങളുടെ ശേഷിയും ശോഷിപ്പിച്ചു. ഈ പ്രശ്നങ്ങൾക്കു പ്രതിവിധിയായി കുടുംബം ഉറ്റുനോക്കുന്നത് "ശൈശവകാല പരിരക്ഷയും വിദ്യാഭ്യാസവും" ഉറപ്പാക്കുന്ന പ്രീ-സ്കൂൾ സ്ഥാപനങ്ങളെയാണ്. നിലവിലുള്ള പ്രീ-സ്കൂൾ സ്ഥാപനങ്ങളാകട്ടെ ശൈശവകാല പരിരക്ഷയ്ക്ക് പ്രാധാന്യം നൽകുന്നില്ല. പകരം അവരുടെ പ്രായത്തിനും പ്രകൃതത്തിനും യോജിക്കാത്ത ഔപചാരികമായ വിദ്യാഭ്യാസവും പുറംമോടിക്കായുള്ള അച്ചടക്ക രീതികളും കുട്ടികളിൽ അടിച്ചേൽപ്പിക്കുകയാണ്. കുട്ടികളുടെ മാനസികാരോഗ്യം കുറയുന്നതിനും ജീവിതശൈലീരോഗങ്ങൾ വർധിക്കുന്നതിനും ഈ സമ്പ്രദായം വഴിവയ്ക്കുന്നില്ലേയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ശൈശവകാല പരിരക്ഷയ്ക്കും വിദ്യാഭ്യാസത്തിനുമുള്ള പ്രീ-സ്കൂൾ സ്ഥാപനങ്ങൾ ആർക്കും എവിടെയും ആരംഭിക്കാം എന്നതാണ് ഇന്നത്തെ അവസ്ഥ. ഇതാകട്ടെ ശിശുക്കളുടെ അവകാശങ്ങളെ അവഗണിക്കുവാൻ കാരണമായിത്തീരുന്നു. ശിശുക്കളുടെ ആവശ്യങ്ങൾക്കൊപ്പം അവകാശസംരക്ഷണം ഉറപ്പാക്കുന്നതിന് "ശൈശവകാല പരിരക്ഷാ വിദ്യാഭ്യാസം" സർക്കാരിൽ നിക്ഷിപ്തമായ ചുമതലയായി മാറുന്നു. ഈ ചുമതല നിറവേറ്റുന്നതിന് പ്രീ-സ്കൂൾ വിദ്യാഭ്യാസം ഗുണമേന്മയുള്ളതാക്കുകയും കാലോചിതമായി പരിഷ്കരിക്കുകയം സാർവത്രികമാക്കുകയും ചെയ്യുവാൻ സർക്കാരിന് മാത്രമെ കഴിയൂ. ഇതിന് പ്രീ-സ്കൂൾ വിദ്യാഭ്യാസം എപ്രകാരമായിരിക്കണം, പരിരക്ഷാ സേവനങ്ങൾ എന്തെല്ലാം, സ്ഥാപനങ്ങൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ ഏതെല്ലാം തുടങ്ങിയ കാര്യങ്ങൾ സർക്കാർ തീരുമാനിക്കേണ്ടതുണ്ട്. ഈ ആശയങ്ങൾ സഫലീകൃതമാകുന്നതിന് സമഗ്രമായ നിയമനിർമാണം തന്നെ ആവശ്യമായി വരും. ഇതിലേക്കായുള്ള കാൽവയ്പ്പുകൂടിയാണ് പ്രീ-സ്കൂൾ പാഠ്യപദ്ധതി രൂപീകരണം.

## 1.9 പ്രീ-സ്കൂൾ ഏകീകരണം നേരിടുന്ന വെല്ലുവിളികൾ

കേരളത്തിലെ പ്രീ-സ്കൂൾ സ്ഥാപനങ്ങൾ, വ്യത്യസ്ഥ വകുപ്പുകളും ഏജൻസികളും വ്യതിരിക്തമായ ലക്ഷ്യങ്ങളോടെ പ്രത്യേക പേരുകളോടെ നടത്തുന്നവയാണ്. വിദ്യാഭ്യാസ വകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ്, പട്ടികജാതി - പട്ടികവർഗ വികസന വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, സ്വകാര്യ വ്യക്തികൾ എന്നിങ്ങനെ പലരു

ടെയും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണ് ഇവ പ്രവർത്തിക്കുന്നത്. ഈ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾക്ക് ഏകീകൃത രീതിയോ പ്രവർത്തകർക്ക് ഏകീകൃതമായ പരിശീലനമോ നിർദേശിക്കപ്പെടുകയോ നിലവിൽ ലഭ്യമോ അല്ല. സർക്കാരിൽ നിക്ഷിപ്തമായ പ്രീ-സ്കൂൾ ഏകീകരണം സാധ്യമാകണമെങ്കിൽ ശാസ്ത്രീയമായ പാഠ്യപദ്ധതി, സ്ഥാപനങ്ങളുടെ അംഗീകാര മാനദണ്ഡങ്ങൾ, ഏകീകൃത അധ്യാപകപരിശീലനം, ഏകോപനസംവിധാനം തുടങ്ങിയവ സംബന്ധിച്ച് സുവ്യക്തമായ നിയമങ്ങൾ ആവശ്യമാണ്. ഇത്തരം ഒരു സംവിധാനം രൂപപ്പെടാത്തതാണ് പ്രീ-സ്കൂൾ വിദ്യാഭ്യാസരംഗം നേരിടുന്ന ഗുരുതരമായ വെല്ലുവിളി.

## 1.10 പ്രീ-സ്കൂൾ പാഠ്യപദ്ധതി-പ്രത്യേകതകൾ

പ്രീസ്കൂൾ പാഠ്യപദ്ധതിയിൽ ഊന്നൽ നൽകിയിട്ടുള്ള നിർദേശങ്ങൾ ഇവയാണ്.

- മൂന്നു വയസ്സുമുതൽ ആറുവയസ്സുവരെയുള്ള പ്രായഘട്ടത്തെ പ്രീ-സ്കൂൾ പ്രായമായി കണക്കാക്കുന്നു.
- നിലവിൽ പ്രൈമറി വിദ്യാലയത്തിൽ ഒന്നാംതരത്തിൽ പ്രവേശിച്ചിരുന്ന അഞ്ച് വയസ്സിനും, ആറുവയസ്സിനും ഇടയിലുള്ള കുട്ടികൾ ഇന്ന് പ്രീ-സ്കൂൾ തലത്തിലുൾപ്പെടുന്നു.
- പ്രായഗണനയ്ക്കനുസരിച്ച് മൂന്ന് വയസ്സ് (3+) നാലു വയസ്സ് (4+) അഞ്ചുവയസ്സ് (5+) എന്നീ ക്രമത്തിൽ കുട്ടികളെ പ്രീ-സ്കൂൾ, ഒന്ന്, രണ്ട്, മൂന്ന് എന്നീ പ്രകാരം ഗ്രൂപ്പ് ചെയ്ത് പരിചരണം പഠനാനുഭവങ്ങൾ ഇവ നൽകണം.
- പ്രീ-സ്കൂൾ കുടുംബസമ്പ്രദായത്തിന്റെ അനുബന്ധമായിരിക്കണം. സ്കൂൾ വിദ്യാഭ്യാസത്തിന്റെ അനുബന്ധമായി കാണരുത്.
- കളിരീതിയായിരിക്കണം പഠനരീതി (Learning method)
- ബോധനമാധ്യമം മാതൃഭാഷയാവണം
- എഴുത്ത്, വായന, ഗണിതം എന്നീ ഔപചാരിക ബോധനരീതിക്കാവശ്യമായ മുന്നൊരുക്കപ്രവർത്തനങ്ങൾ 5+ ഘട്ടത്തിൽ മാത്രമേ സ്വീകരിക്കാവൂ
- ഭാഷണം, വായന, എഴുത്ത് എന്നീ ക്രമത്തിൽ കുട്ടികൾക്ക് ഭാഷാശേഷി വികസിപ്പിക്കുവാൻ പ്രാപ്തി നൽകണം.
- കുടുംബത്തിന്റെ അനുഭവങ്ങൾക്കപ്പുറത്ത് സാമൂഹികാനുഭവങ്ങൾ നൽകുന്നതിന് മുൻഗണനയുള്ളതാവണം പഠനാനുഭവങ്ങൾ
- കുട്ടികളുടെ വികാസപുരോഗതി വിലയിരുത്തുന്നത് നിരീക്ഷണം വഴി ആയിരിക്കണം. ഔപചാരിക പരീക്ഷകൾ ഒഴിവാക്കണം.
- പരിരക്ഷാസേവനങ്ങൾക്ക് പ്രാധാന്യം ഉറപ്പാക്കണം.
- പ്രീ-സ്കൂൾ അന്തരീക്ഷം എല്ലാ വിഭാഗം കുട്ടികൾക്കും അനുഭവങ്ങൾ നൽകുന്നതും ജനാധിപത്യപരവുമായിരിക്കണം
- വിഭിന്നശേഷിയുള്ള കുട്ടികൾക്ക് ആവശ്യമായ പരിചരണം ഉറപ്പാക്കണം
- പ്രീ-സ്കൂൾ നടത്തുന്നതിന് നിയമാനുസൃത അംഗീകാരം നിർബന്ധം
- എല്ലാ പ്രീ-സ്കൂൾ പ്രവർത്തകർക്കും നിശ്ചിത കാലയളവിനുള്ളിൽ അംഗീകൃത യോഗ്യത നിർബന്ധം
- കുട്ടികൾക്ക് സന്തോഷകരവും ആരോഗ്യപ്രദവും വികസനോന്മുഖവുമായ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിന് യോജിച്ച സംവിധാനമായിരിക്കണം പ്രീ-സ്കൂൾ.
- എല്ലാ കുട്ടികൾക്കും പ്രാഥമിക ആരോഗ്യപരിരക്ഷ ലഭ്യമായ സേവന സംവിധാനങ്ങൾ ഉപയുക്തമാക്കി ഉറപ്പുവരുത്തേണ്ടതാണ്.

## റഫറൻസുകൾ


1. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005/ എൻ.സി.ഇ.ആർ.ടി./ പേജ് 9
2. പ്രീ-പ്രൈമറി നിലപാട് രേഖ 2007/ എസ്.സി.ഇ.ആർ.ടി.
3. പ്രീ-പ്രൈമറി നയരേഖ രേഖ 2010/ എസ്.സി.ഇ.ആർ.ടി.



# 2. ശിശുവികാസം

**2.1. ശിശുവികാസ മനശ്ശാസ്ത്രം** (Developmental psychology)

**2.2. ശിശുവികാസ ഘട്ടങ്ങൾ (നാഴികക്കല്ലുകൾ)**

2.2.1. മൂന്നു വയസ്സുകാർ (3+)

2.2.2. നാലു വയസ്സുകാർ (4+)

2.2.3. അഞ്ചു വയസ്സുകാർ (5+)

**2.3. ശിശുവികാസത്തിലെ വ്യത്യസ്തതകൾ** (variations in development )

**2.4. വിഭിന്നശേഷിയുള്ളവർ** (differently abled children)

**2.5. പ്രത്യേക പരിഗണന അർഹിക്കുന്നവർ**

**2.6. ശിശുവികാസത്തിന്റെ വിലയിരുത്തലും അപാകതകൾ മുൻകൂട്ടി കണ്ടെത്തിയുള്ള ഇടപെടലും**

**2.7. ശിശുവികാസ മേഖലകളും പ്രയോഗവും**





# 2. ശിശുവികാസം

ഒരു വ്യക്തിയുടെ ജീവിതചക്രത്തിലെ ഏറ്റവും നിർണായകമായ ഘട്ടമാണ് ശൈശവം (ആദ്യ എട്ടു വർഷക്കാലം). ശൈശവകാലത്ത് കുട്ടിക്ക് ദ്രുതഗതിയിലുള്ള വളർച്ചയും വികാസവും ഉണ്ടാകുന്നു. ശിശുവിന്റെ വളർച്ചയും വികാസവും ഒരു തുടർപ്രക്രിയയാണ്. വളർച്ചയും വികാസവും പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുതോടൊപ്പം അവ സ്വതന്ത്രവുമാണ്. ഓരോ ശിശുവിന്റെയും വികാസപ്രക്രിയയ്ക്ക് അന്തർലീനമായിട്ടുള്ള തനതായ ഒരു രീതി ഉണ്ടായിരിക്കും. ശിശുവികാസ പ്രക്രിയയെ ആന്തരികവും (ജനിതകപരമായവ) ബാഹ്യവുമായ (ശിശുപരിപാലന രീതി തുടങ്ങിയവ) ഘടകങ്ങൾ സ്വാധീനിക്കുന്നുണ്ട്. ജനിതകപരമായ അംശം (nature) പ്രകടമാകുന്ന രീതിയെ ശിശുവിന്റെ സവിശേഷമായ ചുറ്റുവട്ടം (nature) രൂപപ്പെടുത്തുന്നു. ശിശുവിന്റെ പ്രകൃതം, ഭാഷാവികസനം, ബുദ്ധിശക്തി എന്നിവയിൽ ഈ സ്വാധീനം ദർശിക്കാവുന്നതാണ്. ചുരുക്കത്തിൽ ഓരോ ശിശുവിന്റെയും വികാസ പ്രക്രിയയെ അതിന്റെ ജീവശാസ്ത്രപരവും മാനസികവും സാമൂഹികവുമായ സവിശേഷഘടകങ്ങൾ സ്വാധീനിക്കുന്നുണ്ട്.

ഗർഭിണിയായ അമ്മയുടെ ആരോഗ്യം ഗർഭസ്ഥ ശിശുവിന്റെ ആരോഗ്യത്തെയും വളർച്ചയെയും സ്വാധീനിക്കുന്നതിനാൽ ശിശുവികാസപ്രക്രിയയിൽ അതും പ്രധാനമാണ്.

## ശിശുവികാസ മനശ്ശാസ്ത്രം (Developmental psychology)

ശിശുവിന്റെ സർവതോന്മുഖമായ വികാസപ്രക്രിയയെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖയായ ശിശുവികാസമനശ്ശാസ്ത്രം കഴിഞ്ഞ മൂന്നു നാല് ദശകങ്ങൾക്കിടയിൽ വലിയ തോതിൽ വികസിച്ചു വന്നിട്ടുണ്ട്. ഇതേ കാലയളവിൽത്തന്നെ നൂതന ശാസ്ത്രസാങ്കേതികവിദ്യയുടെ വികാസഫലമായി തലച്ചോറിന്റെ വളർച്ച, വികാസം, ബുദ്ധിശക്തി തുടങ്ങിയ വിവിധ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് തലച്ചോറിന്റെ ഘടനാപരവും ധർമ്മപരവുമായ സവിശേഷത എന്നത് (Cognitive neuroscience) സംബന്ധിച്ച് ഒട്ടറെ പുതിയ കണ്ടെത്തലുകൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ബൗദ്ധിക നാഡീശാസ്ത്രത്തിന്റെയും ബൗദ്ധികമനശ്ശാസ്ത്രത്തിന്റെയും (cognitive psychology) മേഖലകളിലെ പുതിയ തിരിച്ചറിവുകൾ ശിശുപരിരക്ഷ, വികാസം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ ഗുണപരമായി പ്രയോഗിക്കുന്നതിനുള്ള ഉദ്യമത്തിൽ ഇനിയും നമുക്ക് ഏറെ മുന്നോട്ട് പോകുവാനുണ്ട്.

ഒരു നവജാതശിശുവിന്റെ തലച്ചോറിൽ ഏകദേശം 100 ബില്ല്യൻ ന്യൂറോണുകളുണ്ട്. തലച്ചോറിന്റെ ശരിയായ പ്രവർത്തനത്തിന് ന്യൂറോണുകൾ തമ്മിൽ കഴിയുന്നത്ര ബന്ധിതമായിരിക്കേണ്ടതുണ്ട്. ന്യൂറോണുകൾ




പരസ്പരം ബന്ധിതമാകുന്ന പ്രക്രിയ(synapsis formation) ശൈശവകാലത്തിന്റെ ആദ്യ മൂന്ന് വർഷങ്ങളിൽ അതിവേഗത്തിലാണ് നടക്കുന്നത്. ശിശുവിന് മൂന്ന് വയസ്സാകുമ്പോഴേക്കും ഈ പ്രക്രിയ മൂർധന്യത്തിലെത്തുകയും ഓരോ ന്യൂറോണിനും ഏകദേശം 15,000 സിനാപ്സുകൾ വരെ വികസിച്ച് വരികയും ചെയ്തിട്ടുണ്ടാകും. ഈ ഘട്ടമാകുമ്പോഴേക്കും തലച്ചോറിന്റെ വികാസം ഏകദേശം 80% പൂർത്തീകരിക്കപ്പെട്ടിരിക്കും. ശിശുവിന്റെ വളർച്ച, വികാസം സർവോപരി പ്രവർത്തനക്ഷമത എന്നിവ സിനാപ്സുകളുടെ രൂപീകരണ പ്രക്രിയയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. ഈ പ്രക്രിയയെ ത്വരിതപ്പെടുത്തുന്നത് ശിശുവിന്റെ ചുറ്റുവട്ടത്തിലുള്ള അനുഭവങ്ങളാണ്. നവജാതശിശുവിന്റെ അനുഭവങ്ങൾ ശിശുവും അമ്മയും തമ്മിലുണ്ടാകുന്ന ആദ്യ ബന്ധത്തിൽ തുടങ്ങുന്നു. തുടർന്നങ്ങോട്ട് ശിശുവിന് ലഭിക്കുന്ന പ്രചോദനപരമായ അന്തരീക്ഷം തലച്ചോറിന്റെ വികാസത്തേയും പ്രവർത്തനക്ഷമതയേയും ഗുണപരമായി സ്വാധീനിക്കുന്നു. പ്രചോദനപരവും പ്രോത്സാഹജനകവും ആയ അനുഭവങ്ങൾ കൂടുതൽ സിനാപ്സുകൾ രൂപപ്പെടുത്തുന്നതിനും നിരന്തര അനുഭവങ്ങൾ അവയുടെ തുടർനിലനിൽപ്പിനും, ആ പ്രക്രിയയുടെ തുടർച്ചയ്ക്കും അത്യന്താപേക്ഷിതമാണ്. തുടരനുഭവത്തിന്റെ അഭാവത്തിൽ, രൂപപ്പെട്ട സിനാപ്സുകൾ പ്രവർത്തനരഹിതമാകും. പ്രചോദനപരവും പ്രോത്സാഹജനകവുമല്ലാത്ത അന്തരീക്ഷം (psycho social deprivation/ defecit) സിനാപ്സുകളുടെ രൂപീകരണത്തെയും തലച്ചോറിന്റെ സ്വാഭാവികമായ വികാസത്തെയും ദോഷകരമായി ബാധിക്കും. മാത്രവുമല്ല, അനുഭവങ്ങളുടെ സ്വഭാവം (സന്തോഷകരം/ദുഃഖകരം) അവ രൂപപ്പെടുത്തുന്ന സിനാപ്സുകളുടെ പ്രവർത്തന സ്വഭാവത്തെ നിർണയിക്കുകയും ചെയ്യുന്നു.

സിഗ്മണ്ട് ഫ്രോയ്ഡ്, എറിക് എറിക്സൺ, ജോൺ ബൗൾബി, മാർഗരറ്റ് മാഹ്ളർ, ജീൻ പിയാഷെ, ഹൊവാർഡ് ഗാർഡ്നർ, വൈഗോഡ്സ്കി, മോണ്ടിസോറി തുടങ്ങിയവർ ശിശുവികാസ മനശ്ശാസ്ത്ര മേഖലയിൽ ഗണ്യമായ സംഭാവനകൾ നൽകിയ പ്രമുഖരിൽ പെടുന്നു.

സിഗ്മണ്ട് ഫ്രോയ്ഡ് (1933) ശിശുവിന്റെ ആദ്യകാല അനുഭവങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നൽകിയത്. എറിക് എറിക്സൺ (1963) ശിശുവിന്റെ സമ്പൂർണമായ വികാസ പ്രക്രിയയിൽ സാമൂഹിക പരിസരം ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് ഗണ്യമായ തിരിച്ചറിവുകൾ രൂപപ്പെടുത്തുകയുണ്ടായി. ജോ ബൗൾബി (1969) നവജാതശിശുവും അമ്മയും തമ്മിൽ ആദ്യമായി ഉണ്ടാകുന്ന ആത്മബന്ധത്തെക്കുറിച്ചും (attachment) അതിന്റെ വികാസ പരിണാമങ്ങളെക്കുറിച്ചും വളരെ നിർണായകവും പ്രയോജനകരവുമായ പഠനം നടത്തുകയുണ്ടായി. ഇത് ശിശുവികാസ മനശ്ശാസ്ത്രത്തിൽ വലിയ മുന്നേറ്റം ഉണ്ടാക്കി. ശിശുവിന്റെ കരച്ചിൽ രൂപത്തിലുള്ള ഓരോ ആവശ്യങ്ങളോടും ആദ്യകാലം മുതൽ തന്നെ സമയബന്ധിതമായി, സംവേദനക്ഷമതയോടെ പ്രതികരിക്കുന്ന അമ്മയുടെ പ്രവർത്തനരീതി സൃഷ്ടിക്കുന്ന അനുഭവം വഴിയാണ് ശിശുവിന് അമ്മയോട് ആത്മബന്ധമുണ്ടാകുന്നത്. നവജാതശിശു, തന്നെ നിരന്തരമായി പരിപാലിക്കുന്ന വ്യക്തിയുമായി (Primary care giver) സ്ഥാപിച്ചെടുക്കുന്ന ഈ ആത്മബന്ധമാണ് (mother child dyad) ശിശുവിന് തുടർ പരിസരവുമായി ആത്മവിശ്വാസത്തോടെ ഇടപെടുന്നതിനുള്ള കഴിവ് നേടിക്കൊടുക്കുന്നത്. ശിശുവിന്റെ തുടർവികസനത്തിൽ (ഏകദേശം ഒരു വയസ്സിനു ശേഷം) അമ്മയുമായുള്ള ബന്ധം നിലനിർത്തിക്കൊണ്ടു തന്നെ സ്വന്തം സ്വത്വം രൂപപ്പെടുത്തുന്നതിനും ചുറ്റുവട്ടത്തിൽ സ്വതന്ത്രമായും അന്വേഷണാത്മകമായും ഇടപെടുന്നതിനുമുള്ള

പ്രയത്നം നടത്തിക്കൊണ്ടിരിക്കും (Seperation individuation process). 2, 3 വയസ്സ് കാലയളവിലുള്ള ശിശുവിന്റെ സവിശേഷമായ ഈ സ്വഭാവരീതിയെക്കുറിച്ച് വിലപ്പെട്ട നിരീക്ഷണങ്ങൾ മാർഗരറ്റ് മാഹ്ളർ (1975) മുന്നോട്ട് വയ്ക്കുകയുണ്ടായി. ഈ ഘട്ടത്തിലുള്ള ശിശുവിന്റെ സഹജമായ സജീവതയും സ്വാതന്ത്ര്യം പ്രഖ്യാപിക്കലും മാതാപിതാക്കൾക്ക് അനുസരണക്കേടായി അനുഭവപ്പെട്ടേക്കാം. തുടർന്ന് മൂന്ന് വയസ്സാകുമ്പോഴേക്കും ശിശുവിന് കുടുംബാന്തരീക്ഷം പൊതുവിൽ വിരസമായി തോന്നിത്തുടങ്ങുകയും സമപ്രായക്കാരിൽ താൽപ്പര്യമേറുകയും അവരെ നിരീക്ഷിക്കുന്നതിൽ ശ്രദ്ധാലുവാകുകയും ചെയ്യും. അങ്ങനെ മൂന്നുവയസ്സുകാർ ശിശുവികാസ മനശ്ശാസ്ത്ര പ്രകാരം പ്രീ സ്കൂൾ പ്രവർത്തനത്തിന് സജ്ജരാകുന്നു. അതേസമയം ഈ വേർപെടൽപ്രക്രിയ വിജയകരമായി പൂർത്തിയാകാത്ത ശിശുക്കൾക്ക് ചുറ്റുവട്ടത്തിൽ സ്വതന്ത്രമായും അന്വേഷണാത്മകമായും ഇടപെടുന്നതിന് കഴിയുകയില്ല. അവർ അമ്മയുടെ അസാന്നിധ്യത്തിൽ ഭയചകിതരും ഉൽക്കണ്ഠാകുലരും ആയിത്തീരും. പ്രീസ്കൂൾ പ്രവർത്തനങ്ങളിലും അവർ സന്തോഷപൂർവം ഇടപെടുകയില്ല. പ്രീസ്കൂളിലെത്തിക്കുന്ന അമ്മയോടൊപ്പം തിരികെ വീട്ടിലേക്ക് തന്നെ പോകുന്നതിന് അവർ ശാഠ്യം പിടിക്കും. അമിതലാളന, കടുത്ത ശിക്ഷണ രീതികൾ, പ്രചോദനപരമല്ലാത്ത കുടുംബാന്തരീക്ഷം തുടങ്ങിയവയാണ് തനതായ ഈ വേർപെടൽ പ്രക്രിയയെ തടസ്സപ്പെടുത്തുന്നത്.

ശിശുവിന്റെ തനതായ ബുദ്ധിവികാസ ഘട്ടങ്ങളെക്കുറിച്ച് സമഗ്രവും ശാസ്ത്രീയവുമായ നിരീക്ഷണങ്ങളാണ് ജീൻ പിയാഷെ (1950) മുന്നോട്ടുവച്ചത്. ഓരോ ശിശുവും തന്റെ ചുറ്റുവട്ടത്തിൽ നിരീക്ഷണം നടത്തുന്നു. ഒപ്പം അന്വേഷണാത്മകമായി ഇടപെടുകയും (exploration) തനിക്ക് ആവശ്യമുള്ളവ കണ്ടെത്തുകയും ചെയ്യുന്നു. ഇത് ശിശുവിന് ആനന്ദവും തുടർപ്രവർത്തനത്തിന് പ്രചോദനവും പ്രദാനം ചെയ്യുന്നു. ഇങ്ങനെ നേടുന്ന തുടരനുഭവങ്ങളിലൂടെ ശിശു വിജ്ഞാനം ഉൽപാദിപ്പിക്കുന്നു (Young scientist). ചുരുക്കത്തിൽ നൈസർഗികമായ കളിപ്രവർത്തനങ്ങളിലൂടെ ശിശു അനുഭവം സമ്പാദിച്ച് മുന്നേറുന്നു. ഈ പ്രക്രിയയെ ശിശുവിന്റെ സ്വയംപഠനപ്രവർത്തനമായി വിലയിരുത്താം. പ്രോത്സാഹജനകവും പ്രചോദനപരവുമായ ചുറ്റുവട്ടം ശിശുവിന്റെ കളിപ്രവർത്തനങ്ങളെയും അനുഭവങ്ങളെയും സമ്പുഷ്ടമാക്കും. ഒരു പ്രീസ്കൂൾ ശിശുവിന്റെ സാമാന്യമായ വികാസനിലവാരവും സമീപനവും ഇതായിരിക്കും. ഇവിടെ പ്രചോദനപരമായ അന്തരീക്ഷം (developmentally appropriate environment) ഒരുക്കുകയാണ് ചുറ്റുവട്ടത്തിന്റെ ചുമതല. ഇത് മുന്നിൽ കണ്ടുവേണം ഓരോ പ്രീസ്കൂൾ പ്രവർത്തനവും ആസൂത്രണം ചെയ്യേണ്ടത്.



ശിശുവിന്റെ ബുദ്ധിവികാസ പ്രക്രിയയിൽ തനതായി സാമൂഹിക സാംസ്കാരിക അന്തരീക്ഷം ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് ലവ് വിഗോഡ്സ്കി (1978) നിരന്തരമായ പഠന നിരീക്ഷണങ്ങൾ നടത്തുകയുണ്ടായി. ശിശുവിനെ വിലയിരുത്തുന്ന വേളയിൽ ഈ സാംസ്കാരികത്തനിമ കൂടി കണക്കിലെടുക്കേണ്ടതുണ്ട്. ശിശുവിന്റെ തനതായ അന്വേഷണത്വരയെ വിഗോഡ്സ്കിയും അംഗീകരിക്കുകയുണ്ടായി. വളരുകയും വികസിക്കുകയും ചെയ്യുന്ന ഓരോ ശിശുവിനും തനതായ വികാസ ആവശ്യങ്ങളും താൽപ്പര്യങ്ങളും (Developmental Needs and Interests) ഉണ്ടായിരിക്കും. ഇത് ശിശുവിന്റെ വികാസഘട്ടത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കും. ഇവ ശരിയാം വണ്ണം ലഭ്യമാകുന്ന ചുറ്റുവട്ടത്തിൽ (Optimum Environment) ശിശു നിലവിലുള്ള വികാസനിലയിൽ നിന്ന് ഉയർന്ന് കൂടുതൽ മെച്ചപ്പെട്ട മറ്റൊരു വികാസനിലയിലേക്ക് പ്രവേശിക്കുന്നു. വികസനത്തിന്റെ സമീപസ്ഥ മണ്ഡലത്തിലുള്ള (Zone of Proximal Development-ZPD) ഈ വിജ്ഞാന നിർമ്മിതിയെ ഗുണപരമായി ത്വരിതപ്പെടുത്തുന്നതിന് വൈദഗ്ധ്യമുള്ള അധ്യാപകന്റെ/അധ്യാപികയുടെ പങ്കാളിത്തം പ്രയോജനപ്പെടും. വിദ്യാഭ്യാസപ്രക്രിയയുടെ പ്രയോഗത്തിൽ അധ്യാപകന്റെ/അധ്യാപികയുടെ ഗുണപരമായ ഇടപെടലിന്റെ സാധ്യതയെക്കുറിച്ചുള്ള ഈ നിരീക്ഷണം ശിശുവികാസ മേഖലയിലും വലിയ ചലനം ഉണ്ടാക്കി.

ഹൊവാർഡ് ഗാർഡ്നർ (1983,1999) ബുദ്ധിശക്തിയുടെ ബഹുമുഖതലത്തെ (multiple intelligence) അനാവൃതമാക്കി. ബുദ്ധിശക്തിയെക്കുറിച്ചുള്ള ഏകശിലാ സങ്കല്പത്തെയാണ് അദ്ദേഹം വെല്ലുവിളിച്ചത്. ഭാഷാനൈപുണ്യം, ഗണിത യുക്തിബോധം, ദൃശ്യസ്ഥലപരമായ ബോധം, സംഗീതപരമായ കഴിവ്, ശാരീരിക

ചലനപരമായ കഴിവ്, വ്യക്തിബോധം, സാമൂഹിക വൈകാരിക വികസനം, പ്രകൃതിപരമായ ബോധം എന്നിങ്ങനെ ബുദ്ധിശക്തിയുടെ 8 തലങ്ങൾ അദ്ദേഹം ആദ്യം വിശദമാക്കി. പിന്നീട് ഒൻപതാമതായി ആത്മീയതലത്തെകൂടി അദ്ദേഹം പരാമർശിച്ചു. ഒപ്പം തന്നെ ഇത് അവസാന വാക്കല്ലെന്നും ഇനിയും കൂടുതൽ മേഖലകൾ കണ്ടെത്താവുന്നതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഒരു ശിശുവിന്റെ സങ്കീർണമായ ബുദ്ധിമണ്ഡലത്തെക്കുറിച്ച് പഠിക്കുന്ന വേളയിൽ വസ്തുതകൾ കൂടുതൽ മനസിലാക്കുന്നതിനും വിശദീകരിക്കുന്നതിനും ഗാർഡ്നറുടെ സിദ്ധാന്തം പ്രയോജനകരമാണ്. എന്നാൽ ഓരോ ശിശുവിലും ബുദ്ധിശക്തിയുടെ ബഹുമുഖതലങ്ങളെല്ലാം ഒരേ അളവിൽ വികസിച്ചുവരുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല. ഒരു ശിശുവിൽ ഒന്നോ രണ്ടോ തലങ്ങൾ കൂടുതലായി പ്രകടമാകുമ്പോൾ മറ്റ് തലങ്ങൾ അതേ അളവിൽ തന്നെ വികസിക്കണമെന്നില്ല. ഇവിടെ ശിശുവിന്റെ ജനിതകവും ജനിതകേതരവുമായ ഘടകങ്ങൾ മുഖ്യ പങ്ക് വഹിക്കുന്നു. ജനിതകമായ ശേഷി പ്രകടമാകുന്നതിനും വികസിച്ച് വരുന്നതിനും പ്രോത്സാഹജനകമായ ചുറ്റുവട്ടവും ആവശ്യമാണ്.


പഞ്ചേന്ദ്രിയങ്ങളുടെ പരിശീലനത്തിലൂടെ സംവേദന ക്ഷമതയിൽ അപര്യാപ്തതയുള്ള കുട്ടികളെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള ഒരു മാതൃക മറിയ മോണ്ടിസോറി (1906) വികസിപ്പിക്കുകയുണ്ടായി.

## 2.2 ശിശുവികാസ ഘട്ടങ്ങൾ (നാഴികക്കല്ലുകൾ)

ശിശുവികാസം നിരന്തരവും ശ്രേണീബന്ധിതവുമായ ഒരു തുടർപ്രക്രിയയാണ്. ഓരോ ശിശുവിന്റെയും ജൈവശാസ്ത്രപരവും മാനസികവും സാമൂഹികവുമായ സവിശേഷതകൾ ഈ വികാസ പ്രക്രിയയെ ഗുണപരമായി സ്വാധീനിക്കുന്നുണ്ട്. ശിശുവികാസ പ്രക്രിയക്ക് പ്രായനിബദ്ധവും നിയതവുമായ ഒരു രീതി ജനനം തൊട്ടേ ഉണ്ടായിരിക്കും. ജനനം മുതൽ വിവിധ ശേഷികൾ ശ്രേണീ ബന്ധിതമായി, പ്രായനിബദ്ധമായി വികസിച്ചുവരുന്നത് നിരീക്ഷണത്തിലൂടെ മനസിലാക്കാവുന്നതാണ്. സാധാരണ ഗതിയിൽ നിശ്ചിത പ്രായത്തിനുള്ളിൽ ശിശുക്കൾ ചില നിശ്ചിത ശേഷികൾ ആർജിച്ചിരിക്കും. അതുകൊണ്ട് ഇവയെ ശിശുവികാസ പ്രക്രിയയിലെ നാഴികക്കല്ലുകളെന്ന് വിശേഷിപ്പിക്കുന്നു. അവയെ ശാസ്ത്രീയമായും വസ്തുനിഷ്ഠമായും വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനും (standardization), അപര്യാപ്തമായ സാഹചര്യങ്ങളിൽ ഗുണപരമായി ഇടപെടുന്നതിനും വേണ്ടി സ്ഥൂലപേശീ വികാസം, സൂക്ഷ്മ പേശീവികാസം, ഭാഷാപരം, വ്യക്തിപരവും സാമൂഹികവുമായ മേഖല എന്നിങ്ങനെ നാല് തലങ്ങളിലായി വിഭജിക്കാറുണ്ട് (Gessel, 1941). സ്ഥൂലപേശീ വികാസം ശിശുവിന്റെ സഞ്ചാരശേഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു. സൂക്ഷ്മപേശീവികാസം ശിശുവിന് ദൈനംദിന ജീവിതത്തിൽ സ്വന്തമായി കാര്യങ്ങൾ ചെയ്യുന്നതിന് (ആഹാരം കഴിക്കുക, വസ്ത്രത്തിലെ ബട്ടണിടുക തുടങ്ങിയവ) ആവശ്യമാണ്. ഭാഷാപരമായ വികാസം ശിശുവിന്റെ ആശയവിനിമയശേഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു. വ്യക്തിപരവും സാമൂഹികവുമായ തലം ശിശുവിന്റെ സ്വഭാവത്തെയും മറ്റുള്ളവരുമായി ഇടപഴകുന്നതിനുള്ള ശേഷിയെയും കുറിക്കുന്നു.


### 2.2.1 മൂന്നു വയസ്സുകാർ (3+)

ഏതാണ്ട് സ്ഥായിയായ ഒരു സ്വഭാവരീതി മൂന്ന് വയസ്സോടെ കുഞ്ഞുങ്ങൾ ആർജിച്ചിരിക്കും. തന്റെ പ്രായം, ലിംഗപദവി എന്നിവ സംബന്ധിച്ച് ശിശുവിന്



ധാരണ വികസിച്ചിട്ടുണ്ടാവും. നിശ്ചിതമായ കുടുംബാന്തരീക്ഷത്തിൽ നിന്ന് ചുറ്റുവട്ടത്തിലേക്കും അയൽപക്കത്തിലേക്കും സമപ്രായക്കാരായ ശിശുക്കളിലേക്കും മൂന്നു വയസ്സുകാരുടെ ശ്രദ്ധയും താൽപ്പര്യവും വികസിക്കുന്നതാണ്. ഈ ഘട്ടത്തിൽ കേവലമായ കുടുംബാന്തരീക്ഷം ശിശുവിന് പ്രചോദനപരമല്ലെന്ന് അർഥം. അതുകൊണ്ടുതന്നെ തന്റെ ചുറ്റുവട്ടത്തിനുമേൽ ശിശു സ്വാത്രന്ത്യം പ്രഖ്യാപിക്കുന്ന ഘട്ടമാണിത്. സ്വതന്ത്രമായി ഓടുന്നതിനും പടവുകൾ കയറിയിറങ്ങുന്നതിനും ശിശു ശേഷി ആർജിക്കുന്നു. താൻ പുതിയതായി നേടിയ ശേഷികൾ ഉപയോഗിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നത് ശിശുവിന് ഇഷ്ടപ്പെടുകയില്ല. ശിശു തന്റെ പ്രതിഷേധം സാഹചര്യവും സമയവും നോക്കാതെ തന്നെ പ്രകടിപ്പിക്കും. കൂടുതലായി ശാരീരിക മുറിവുകൾ ഉണ്ടാകുന്നതും ഈ ഘട്ടത്തിൽ തന്നെയാണ്. ത്രിചക്രവാഹനം ഉപയോഗിക്കുന്നതിന് ശിശുവിന് താൽപ്പര്യമുണ്ടാകും. സവിശേഷമായ സൂക്ഷ്മപേശീവികാസവും ബന്ധപ്പെട്ട ശേഷികളും ഈ ഘട്ടത്തിൽ വികസിച്ച് വരുന്നതാണ്. വസ്ത്രത്തിലെ ബട്ടണുകൾ ഇടുന്നതിനും ഷൂ അഴിക്കുന്നതിനും കൈ കഴുകുന്നതിനും ശിശുവിന് കഴിയുന്നതാണ്. ക്രയോൺസ്, പെൻസിൽ എന്നിവ ഉപയോഗിക്കുന്നതിന് ശിശുവിന് താൽപ്പര്യമുണ്ടാകും. തിരശ്ചീന/ലംബരേഖകൾ, വൃത്തം എന്നീ ജ്യാമിതീയ രൂപങ്ങൾ വരയ്ക്കുന്നതിന് ശിശുവിന് കഴിയും. വട്ടം വരച്ച് അതിൽ മനുഷ്യമുഖത്തെ ഉദ്ദേശിച്ച് കണ്ണ്, മൂക്ക് തുടങ്ങിയവ വരയ്ക്കുന്നതിന് ശിശു സ്വാഭാവികമായ താൽപ്പര്യം പ്രകടിപ്പിക്കും. പ്രോത്സാഹജനകമായ അന്തരീക്ഷത്തിൽ ശിശു ഈ ഘട്ടത്തിൽ ഏറെ മുന്നോട്ട് പോകും. ശിശുവിന്റെ നൈസർഗികമായ ഈ കഴിവുകളെ തടയിടുകയും കേവലമായ എഴുത്തിലേക്ക് യാന്ത്രികമായി തിരിച്ചു വിടുകയും ചെയ്യുന്നത് ശരിയല്ല.

ഈ ഘട്ടത്തിൽ ശിശുവിന്റെ സംസാരശേഷി പതിന്മടങ്ങ് വർധിക്കുന്നതാണ്. മൂന്നു വസ്തുക്കളെ എണ്ണുന്നതിനും പൂർണമായ ഒരു വാചകം പറയുന്നതിനും കഴിയും. കഥകൾ കേൾക്കുന്നതിനും പറയുന്നതിനും ശിശുവിന് താൽപ്പര്യം വർധിക്കും. ആദ്യവും അവസാനവുമില്ലാതെ നീളുന്ന കഥകളായിരിക്കും ശിശുക്കൾ പറയുക. പടം കാണിച്ച് കഥ പറഞ്ഞു കൊടുക്കുന്നത് കൂടുതൽ പ്രചോദനപരമാണ്. ഇത് ശിശുവിന്റെ നിരീക്ഷണപാടവും വാക്ചാതുരിയും വർധിപ്പിക്കും. ഈ ഘട്ടത്തിൽ സമപ്രായക്കാരുടെ കളികൾ നിരീക്ഷിച്ച്, അതുപോലെ സ്വന്തം കളിപ്പാട്ടം വച്ച് വ്യക്തികേന്ദ്രിതമായ സമാന്തര കളികളിലേർപ്പെടാനായിരിക്കും ശിശുവിന് താൽപ്പര്യം. മറിച്ച് തന്റെ കളിപ്പാട്ടങ്ങൾ കൂട്ടുകാർക്ക് കൊടുത്തും വാങ്ങിയും കളിക്കുന്നതിനുള്ള സ്വഭാവശേഷി വികസിച്ച് വന്നിട്ടുണ്ടാകില്ല. തന്റെ ആഗ്രഹങ്ങളും താൽപ്പര്യങ്ങളും സാധിച്ചുകിട്ടുന്നതിന് ശിശു കൂടുതൽ നിർബന്ധബുദ്ധിയും വാശിയും സാഹചര്യം നോക്കാതെതന്നെ പ്രകടിപ്പിക്കുന്ന ഘട്ടമാണിത്.



### 2.2.2 നാലു വയസ്സുകാർ (4+)

ശാരീരിക വികാസം ഒരു പടി കൂടി കടന്ന് ഒറ്റക്കാലിൽ നിൽക്കുന്നതിനും ചാടുന്നതിനുമുള്ള താൽപ്പര്യം ഈ ഘട്ടത്തിൽ ശിശുക്കൾ പ്രകടിപ്പിക്കുന്നു. കത്രിക ഉപയോഗിച്ച് പേപ്പർ മുറിക്കുന്നതിന് ശിശുവിന് കഴിയും. ഈ ഘട്ടത്തിൽ ചിത്രങ്ങൾ മുറിച്ചെടുക്കുന്നതിന് താൽപ്പര്യമുണ്ടാകും. മുൻപ് സൂചിപ്പിച്ച മനുഷ്യമുഖത്തെ കൂടുതൽ അവയവങ്ങൾ ചേർത്ത് വികസിപ്പിക്കുന്നതിനൊപ്പം ചതുരം തുടങ്ങിയ ജ്യാമിതീയ രൂപങ്ങൾ വരക്കുന്നതിനുള്ള കഴിവും വികസിച്ച് വരുന്നതാണ്. കൂടുതൽ നന്നായി പെൻസിൽ, ക്രെയോൺസ് എന്നിവ പിടിക്കുന്നതിനും ഉപയോഗിക്കുന്നതിനും ശിശുവിന് കഴിയുന്നതാണ്. മനുഷ്യരൂപത്തെക്കൂടാതെ തന്റെ ചുറ്റുവട്ടത്തിൽ തനിക്ക് ഇഷ്ടമുള്ള മറ്റ് രൂപങ്ങളെ വരയ്ക്കുന്നതിനും ശിശുവിന് സ്വാഭാവികമായ ഉത്സാഹം ഉണ്ടാകും. പക്ഷിമൃഗാദികളുടെ ചിത്രമുള്ള ബുക്കുകളും വരയ്ക്കുന്നതിനുള്ള സാമഗ്രികളുമാണ് ഈ വികാസഘട്ടത്തിൽ ശിശുവിന് കൊടുക്കാവുന്ന ഏറ്റവും പ്രചോദനപരമായ ഇനങ്ങൾ. എന്നാൽ ഇത്തരം പ്രവർത്തനങ്ങളിൽ പ്രചോദനപരമായി ഇടപെടുന്നതിനുള്ള പ്രോത്സാഹജനകമായ സാഹചര്യം ഇല്ലാത്ത കുഞ്ഞുങ്ങളിൽ ഈ കഴിവ് നന്നായി വികസിച്ച് വരണമെന്നില്ല. ചിത്രങ്ങളുള്ള ബുക്കുകൾക്കൊപ്പം ചിത്രകഥകൾ വായിച്ച് കേൾക്കുന്നതിനും ശിശു അതീവമായ താൽപ്പര്യം പ്രകടിപ്പിക്കും. ചിത്രം കണ്ടും അല്ലാതെയും ചോദ്യങ്ങൾ ചോദിച്ച് തുടങ്ങും. അനുഭവങ്ങൾ ആർജിക്കുന്നതിനുള്ള ശിശുവിന്റെ തനത് മാർഗമാണിത്. പറഞ്ഞ്/വായിച്ച് കേട്ട കഥ തന്നെ വീണ്ടും വീണ്ടും കേൾക്കുന്നതിന്

ശിശുക്കൾ താൽപ്പര്യം പ്രകടിപ്പിക്കുക സ്വാഭാവികമാണ്. ഇതോടൊപ്പം കഥ പറയൽ ശേഷിയും കഥയിലെ യുക്തിയും വർധിച്ചുവരും. ശിശുവിന്റെ സ്വതന്ത്രമായ അന്വേഷണാത്മക സ്വഭാവം കൂടുതൽ വികസിച്ചു വരുന്നതാണ്. പ്രോത്സാഹജനകമായ അന്തരീക്ഷം ശിശുവിന് ഈ ഘട്ടത്തിൽ അനിവാര്യമാണ്. വ്യക്തി കേന്ദ്രിതമായ സമാന്തരകളികളിൽ നിന്ന് മറ്റ് ശിശുക്കളുമായി ചേർന്നുള്ള കൊടുക്കൽ വാങ്ങലുകളിലേക്ക് കളിപ്രവർത്തനം വികസിക്കും. മറ്റുള്ള ശിശുക്കളുമായി ചേർന്നുള്ള ചമഞ്ഞു കളികളിലായിരിക്കും കുഞ്ഞുങ്ങൾക്ക് താൽപ്പര്യം. ഇതിനുള്ള തനതായ ചുറ്റുവട്ടം ഒരുക്കുക എന്നതാവണം നമ്മുടെ ഉത്തരവാദിത്തം. വിവിധ ആശയങ്ങൾ ശിശുവിന് അനുഭവവേദ്യമാക്കി കൊടുക്കുന്നതിന് പലതരം കളിപ്രവർത്തനങ്ങൾ ഉപയോഗിക്കാവുന്നതാണ്. തന്റെ ആവശ്യങ്ങൾ സാധിച്ച് കിട്ടുന്നതിനു വേണ്ടിയുള്ള നിർബന്ധബുദ്ധിയും വാശിയും ഈ ഘട്ടത്തിലും കൂടുതലായിരിക്കും. സ്വന്തമായി ടോയ്‌ലറ്റിലേക്ക് പോകുന്നതിനുള്ള ശേഷി ശിശു പ്രകടിപ്പിക്കും.

### 2.2.3 അഞ്ചു വയസ്സുകാർ (5+)

ഈ ഘട്ടത്തോടെ ശിശുക്കൾ ചാടിക്കളിക്കുന്നതിനുള്ള ശേഷി ആർജിക്കുന്നതാണ്. 'ചാടരുത്, വീഴും.'. എന്നിങ്ങനെയുള്ള നിർദേശങ്ങൾ ശിശുവിന്റെ തനത് പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തും. സ്വന്തമായി വസ്ത്രം ധരിക്കുന്നതിനുള്ള ശേഷി ആർജിക്കും. ചിത്രം വരയ്ക്കൽ ശേഷിയും സംസാരശേഷിയും കഥപറയലിലെ യുക്തിബോധവും കൂടുതൽ വികസിക്കുന്നു. ത്രികോണം വരയ്ക്കുന്നതിന് ശിശുവിന് കഴിയും. ചിത്രം വരയ്ക്കൽശേഷി നിരീക്ഷിച്ച് ശിശുവിന്റെ ബുദ്ധിവികാസം നിർണയിക്കാവുന്നതാണ്. മനുഷ്യരൂപത്തെ കൂടാതെ തന്റെ ചുറ്റുവട്ടവും ചിത്രങ്ങളിൽ കടന്നുവരും. എന്നാൽ ഇവ കൂടുതൽ മിഴിവാർന്നതാകണമെന്നില്ല. ചിത്രങ്ങൾ വരച്ച് നിറം കൊടുക്കുന്നത് ശിശുവിന്റെ ഒരു പ്രധാന പ്രവർത്തനമായിത്തീരും. ഇവിടെ പ്രോത്സാഹജനകമായ അന്തരീക്ഷവും അനുഭവങ്ങളും നിർണായകമാണ്. സാമഗ്രികൾ സ്വതന്ത്രമായി ഉപയോഗിക്കുന്നതിനുള്ള സാഹചര്യമാണ് ആവശ്യം. ചിത്രകഥകൾ വായിച്ചു കേൾക്കുന്നതിനുള്ള താൽപ്പര്യം വർധിച്ചുകൊണ്ടേയിരിക്കും. ശിശുവിന്റെ ചോദ്യംചോദിക്കൽ സ്വഭാവം അതിന്റെ മൂർധന്യത്തിലെത്തുന്നതാണ്. കഥകൾക്ക് യുക്തി വർധിക്കുന്നതിനൊപ്പം തന്റേതായ കഥകളും ശിശു പറഞ്ഞു തുടങ്ങും. 'മോൾ അച്ഛന്റെ കഥ മോഷ്ടിച്ചതാണല്ലേ?' എന്ന ചോദ്യങ്ങൾക്കൊന്നും ഇവിടെ സ്ഥാനമില്ല. കൂട്ടുകാരോടുള്ള താൽപ്പര്യം വർധിച്ചു വരും. ഈ പ്രായത്തിലുള്ളവർ വീട്ടിൽ നിന്ന് വിവിധ സാധനങ്ങൾ എടുത്തുകൊണ്ടുവന്ന് സുഹൃത്തുക്കൾക്ക് കൊടുക്കുന്നതായിരിക്കും. നിയമങ്ങൾ പാലിക്കുന്നതിനും അവ അനുസരിക്കാത്തവരെക്കുറിച്ച് പരാതി പറയുന്നതിനും ഈ ഘട്ടത്തിൽ ശിശുക്കൾ ശ്രമിക്കുന്നു. ഇത് ശിശുവിന്റെ നൈതികവികാസത്തെ കുറിക്കുന്നു. പൊതുവിൽ വാശിയിൽ അയവ് വരുന്നു. അഞ്ചു വയസ്സ് പൂർത്തിയാകുമ്പോഴേക്കും ശിശു തനതായ പഠനവ്യഗ്രത പ്രകടിപ്പിച്ചു തുടങ്ങും. അക്ഷരം അറിഞ്ഞു കൂടെങ്കിൽക്കൂടി 'സാങ്കൽപിക എഴുത്ത്' നടത്തുന്നതിനും 'സാങ്കൽപിക വായന' നടത്തുന്നതിനുമുള്ള പ്രവണത കാണിക്കും. ഇത് ശിശുവിന്റെ പഠന വ്യഗ്രതയെ കുറിക്കുന്നു. ചുരുക്കത്തിൽ തനതായ വികാസഘട്ടത്തിലൂടെ കടന്നുപോകുന്നതിന് അവസരവും പ്രോത്സാഹനവും ലഭിക്കുന്ന ശിശുവിന് കഥപറയലിലൂടെ, ചമഞ്ഞുള്ള കളികളിലൂടെ, ജ്യാമിതീയ ചിത്രവരകളിലൂടെ, ശരിയായ ശാരീരിക മാനസിക ബുദ്ധിവികാസം പ്രാപിക്കാനാവുന്നു. പ്രീപ്രൈമറി വികാസഘട്ടത്തിന് ഒടുവിലെത്തുമ്പോൾ അക്ഷരാഭ്യാസത്തിന് തനതായ പാകത കൈവരുന്നു. ചുരുക്കത്തിൽ അഞ്ചു വയസ്സ് പൂർത്തിയാവുന്നതോടെ ശിശു പ്രൈമറി വിദ്യാഭ്യാസത്തിന് വികാസപരമായി തയാറാവുന്നു എന്നർഥം.



3 മുതൽ 6 വയസ്സു വരെയുള്ള കാലയളവിനെ പൊതുവിൽ പ്രീ പ്രൈമറിയെന്ന് വിശേഷിപ്പിക്കുമെങ്കിലും മൂന്ന്വയസ്സുകാരും നാലു വയസ്സുകാരും അഞ്ചു വയസ്സുകാരും തമ്മിൽ താന്താങ്ങളുടെ താൽപ്പര്യങ്ങളിലും ശേഷികളിലും വ്യത്യസ്തരാണ് എന്നാണ് മുകളിൽ കണ്ടത്. അതുകൊണ്ട് പ്രീസ്കൂളിൽ നിന്ന് ലഭിക്കുന്ന അനുഭവം/അന്തരീക്ഷം ഓരോഗ്രൂപ്പിനും വ്യത്യസ്തമായിത്തന്നെ പ്രചോദനപരവും സന്തോഷദായകവും വിജ്ഞാനപ്രദവും ആയിത്തീരേണ്ടതുണ്ട്. മറിച്ച് പ്രീ സ്കൂൾ അനുഭവം ഒരു ഗ്രൂപ്പിന് (മൂന്ന് വയസ്സുകാർക്ക്) അമിത

പ്രചോദനപരവും (over stimulating) മറ്റൊരു ഗ്രൂപ്പിന് (അഞ്ച് വയസ്സുകാർക്ക്) വിരസതയും (under stimulating) സൃഷ്ടിക്കുന്നതാകരുത്. അതായത് ഒരോ ഗ്രൂപ്പിനും അവരുടെ സവിശേഷമായ വികാസഘട്ടവും താൽപ്പര്യവും കണക്കിലെടുത്ത് വെവ്വേറെ തന്നെ പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യണം.

3 മുതൽ 6 വയസ്സുവരെയുള്ള (3+, 4+, 5+) ശിശുവികാസഘട്ടത്തിന്റെ പ്രധാന നാഴികക്കല്ലുകൾ നാല് തലങ്ങളിലായി താഴെയുള്ള ചാർട്ടിൽ (ചാർട്ട്1) കൊടുത്തിരിക്കുന്നു.



## ചാർട്ട് 1

## ശിശുവികാസ ഘട്ടങ്ങൾ (നാഴികക്കല്ലുകൾ)

| വയസ് | സ്ഥൂലപേശീ വികാസം | സൂക്ഷ്മപേശീ വികാസം | ഭാഷാപരം | വ്യക്തിപരം/ സാമൂഹികപരം |
|---|---|---|---|---|
| 3 + | പടികൾ കയറുകയും ഇറങ്ങുകയും ചെയ്യുന്നു, മുച്ചക്രവാഹനം ചവിട്ടുന്നു, നിമിഷനേരത്തേക്ക് ഒറ്റക്കാലിൽ നിൽക്കുന്നു. | നെടുകെയും കുറുകെയുമുള്ള വരകൾ, വട്ടം എന്നിവ വരയ്ക്കുന്നതിന് താൽപ്പര്യപ്പെടുന്നു<br>ക്രയോൺസ്, പെൻസിൽ എന്നിവ ഉപയോഗിക്കുന്നു,<br>10 ക്യൂബുകൾ വരെ അടുക്കുന്നു. | സംസാരശേഷി പതിന്മടങ്ങ് വർധിക്കും, പൂർണ വാക്യങ്ങളിൽ സംസാരിക്കാൻ തുടങ്ങും, സ്വന്തം പ്രായവും ലിംഗപദവിയും തിരിച്ചറിയുന്നു, 3 വസ്തുക്കൾ വരെ കൃത്യമായി എണ്ണുന്നു, കഥകൾ കേൾക്കാനും പറയാനും താൽപ്പര്യം കാണിക്കുന്നു. ചിത്രം കാണിച്ച് കഥ പറഞ്ഞു കൊടുക്കുന്നത് പ്രചോദനപരമാണ്. | സവിശേഷമായ വ്യക്തി കേന്ദ്രിത ചിന്തയും സ്വഭാവവും, ഉണ്ടാകും.<br>സമപ്രായക്കാരുടെ കളിപ്രവർത്തനങ്ങൾ നിരീക്ഷിച്ച് അവരുമായി കൂട്ട് ചേരാതെ സമാന്തര കളിയിൽ ഏർപ്പെടുന്നു, വസ്ത്രം അഴിക്കുന്നതിന് സഹായിക്കുന്നു, കൈ കഴുകുന്നു.<br>തന്റെ ഇഷ്ടങ്ങൾ സാധിച്ചു കിട്ടാൻ കൂടുതൽ നിർബന്ധ ബുദ്ധി പ്രകടിപ്പിക്കും, അത് ഹനിക്കപ്പെട്ടാൽ സാഹചര്യം നോക്കാതെ പ്രതിഷേധിക്കും. |

| | | | | |
|---|---|---|---|---|
| 4 + | ഒറ്റക്കാലിൽ നിൽക്കുന്നു, കത്രിക ഉപയോഗിച്ച് പേപ്പറുകൾ മുറിക്കുന്നു. | ചതുരവും അധിക ചിഹ്നവും വരയ്ക്കുന്നു, 2 മുതൽ 4 വരെ അവയവങ്ങളോടു കൂടിയ മനുഷ്യനെ വരയ്ക്കുന്നു. | നാലു വസ്തുക്കൾ കൃത്യമായി എണ്ണുന്നു, സ്വന്തം കഥകളിൽ യുക്തിബോധം കടന്നുവരുന്നു, ചോദ്യങ്ങൾ ചോദിക്കുന്നു, ചിത്രകഥ വായിച്ചു കേൾക്കാൻ ഇഷ്ടമാണ്. കേട്ട കഥ തന്നെ വീണ്ടും വീണ്ടും കേൾക്കാൻ ഇഷ്ടപ്പെടുന്നു. | സമപ്രായക്കാരുമായി ചേർന്ന് കൊടുക്കൽ-വാങ്ങൽ രീതിയിലേക്ക് കളി വളരുന്നു, ചമഞ്ഞുള്ള കളികളിൽ ഏർപ്പെടുന്നു. ടോയ്‌ലറ്റിൽ സ്വന്തമായി പോകുന്നു. |
| 5 + | വള്ളിച്ചാട്ടം ചാടുന്നു. | ത്രികോണം വരയ്ക്കുന്നു, മനുഷ്യരൂപം പൂർത്തീകരിക്കുന്നു, ചിത്രം വരച്ച് നിറം നൽകൽ പ്രധാന പ്രവർത്തനമാകുന്നു ചുറ്റുപാടുമുള്ള, മനസ്സിൽ തങ്ങിയ കാര്യങ്ങൾ മിഴിവോടെ വരയ്ക്കുന്നു | നാലു നിറങ്ങൾ തിരിച്ചറിയുന്നു, 10 വസ്തുക്കൾ കൃത്യമായി എണ്ണുന്നു, ചോദ്യം ചോദിക്കൽ സ്വഭാവം മൂർധന്യത്തിലെത്തുന്നു, കഥകൾ യുക്തിസഹമാകുന്നു. സാങ്കല്പിക വായന, എഴുത്ത് എന്നിവ പ്രകടിപ്പിക്കുന്നു. പഠന വ്യഗ്രത പ്രകടിപ്പിക്കുന്നു | സ്വന്തമായി വസ്ത്രം ധരിക്കുകയും അഴിക്കുകയും ചെയ്യുന്നു, കൂട്ടുകാരോട് താൽപ്പര്യം വർധിക്കുന്നു, വീട്ടിൽ നിന്ന് സാധനങ്ങൾ എടുത്തു കൊണ്ടുവന്ന് കൂട്ടുകാർക്ക് കൊടുക്കുന്നു, വീട്ടിലെ കാര്യങ്ങൾ ചെയ്യുന്നു. പരാതി പറയുവാനുള്ള പ്രവണത വർധിക്കുന്നു |





## 2.3 ശിശുവികാസത്തിലെ വ്യത്യസ്തതകൾ (variations in development )

മുമ്പ് സൂചിപ്പിച്ചപോലെ ശിശുവികാസപ്രക്രിയയ്ക്ക് നിയതവും പ്രായനിബദ്ധവുമായ നിശ്ചിതരീതി ഉണ്ടെങ്കിലും ഒരേ പ്രായത്തിലുള്ള മുഴുവൻ ശിശുക്കളും കൃത്യമായി ഈ വികാസപ്രക്രിയയിലൂടെ കടന്നുപോകണമെന്നില്ല. ഓരോ ശിശുവിന്റെയും ജീവശാസ്ത്രപരവും മാനസികവും (പ്രധാനമായും ശിശുപരിപാലന രീതി, കുടുംബത്തിനുള്ളിലെ വൈകാരികാന്തരീക്ഷം തുടങ്ങിയവ) സാമൂഹികവും സാംസ്കാരികവുമായ പരിതസ്ഥിതികൾ എന്നിവ വ്യത്യസ്തമായിരിക്കുന്നതാണ് ഇതിന് കാരണം. വളരുന്ന ശിശുവിന്റെ ഭാഷാവികാസം, ആശയവിനിമയ ശേഷി, വൈകാരികക്ഷമത, പ്രകടനപരത എന്നിവ കുടുംബ സാഹചര്യവുമായി, പ്രത്യേകിച്ച്, ശിശുവുമായി നിരന്തരം അടുത്ത് ഇടപഴകിക്കൊണ്ടിരിക്കുന്ന വ്യക്തികളുടെ സവിശേഷതയുമായി ബന്ധപ്പെട്ടിരിക്കുന്നു. പ്രചോദനപരവും പ്രോത്സാഹജനകവും അല്ലാത്ത സാഹചര്യങ്ങളിൽ വളരുന്ന ശിശുക്കളുടെ ആശയവിനിമയ ശേഷിയിലും പ്രകടനപരതയിലും ആയിരിക്കും കൂടുതൽ വ്യത്യസ്തത (കുറവ്) അനുഭവപ്പെടുക. സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ വ്യത്യസ്തതകൾ ശിശുവികാസ പ്രക്രിയയിൽ നിർണായകമായ സ്വാധീനം ചെലുത്തുന്നു. കാര്യങ്ങൾ അറിയുമെങ്കിലും പുതിയ സാഹചര്യത്തിൽ അത് പ്രകടിപ്പിക്കുന്നതിൽ ശിശു മുന്നോട്ട് വരണമെന്നില്ല. കുഞ്ഞുങ്ങളുടെ ഈ സവിശേഷതയെ അതിന്റെ പ്രത്യേകമായ പരിതസ്ഥിയുടെ കൂടി പശ്ചാത്തലത്തിൽ വേണം വിലയിരുത്തേണ്ടത്. പകരം ശിശുവിന് കേവലമായി ബുദ്ധിക്കുറവ് ഉള്ളതായി വിലയിരുത്തുന്നത് അശാസ്ത്രീയമാണ്. അപര്യാപ്തമായ അന്തരീക്ഷത്തിൽ (psycho social deprivation/defecit)നിന്ന് വരുന്ന ശിശുക്കൾക്ക് സമീകൃതമായ അന്തരീക്ഷം പ്രദാനം ചെയ്യുന്നതുവഴി അവരെ മുന്നോട്ടു കൊണ്ടുവരുന്നതിന് കഴിയും. ഇത് പ്രീസ്കൂൾ പ്രവർത്തനങ്ങളുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്നാണ്.



## 2.4 വിഭിന്നശേഷിയുള്ളവർ (differently abled Children)

ഒരു ചെറുന്യൂനപക്ഷം ശിശുക്കളിൽ വികാസപ്രക്രിയ സാധാരണരീതിയിൽ പുരോഗമിക്കണമെന്നില്ല. ഇതിന് ജീവശാസ്ത്രപരവും (തൂക്കം കുറഞ്ഞ നവജാതശിശു, ജനിതകമായ കാരണങ്ങൾ, അണുബാധ തുടങ്ങിയവ), മാനസികവും (സംഘർഷം നിറഞ്ഞ കുടുംബാന്തരീക്ഷം പോലുള്ളവ) ആയ പല കാരണങ്ങളുമുണ്ട്. അവരുടെ ശിശുവികാസപ്രക്രിയ പൂർത്തീകരിക്കപ്പെടുകയില്ല. അവരിൽ വിവിധ ശേഷികൾ വിഭിന്നമായ രീതിയിൽ വികസിച്ച് വരുന്നതായി കാണാം. അവർക്ക് സമപ്രായക്കാരായ മറ്റ് ശിശുക്കളെപ്പോലെ സ്വന്തം ദൈനംദിന കാര്യങ്ങൾ ചെയ്യുന്നതിനോ, സ്വതന്ത്രമായി ചുറ്റുവട്ടത്തിൽ ഇടപെടുന്നതിനോ കഴിയണമെന്നില്ല. എങ്കിലും ഓരോ ശിശുവിനും തനതായ ഒരു വികാസശേഷിയും രീതിയും ഉണ്ടായിരിക്കും. അതുകൊണ്ട് അവരെ അവഗണിച്ച് സ്പെഷ്യൽ സ്കൂളുകളിലേക്ക് പറഞ്ഞുവിടുന്നതിനു പകരം വിഭിന്ന ശേഷിയുള്ളവരായി കാണണം. ഇത്തരത്തിൽ വിഭിന്ന ശേഷികളുള്ള ശിശുക്കളെ മറ്റ് സാധാരണ ശിശുക്കളോടൊപ്പം പ്രീസ്കൂൾ പ്രവർത്തനങ്ങളിൽ മുന്നോട്ട് കൊണ്ടുപോകണം. ഒപ്പം അവരുടെ പോരായ്കകൾ മുൻകൂട്ടി കണ്ടുപിടിച്ച് വിലയിരുത്തി അവ പരിശീലന പ്രക്രിയയിലൂടെ പരിഹരിക്കുന്നതിനുള്ള പ്രത്യേകമായ തുടർപ്രവർത്തനങ്ങളും നടത്തണം. ഇതിന് ശിശുമാനസികാരോഗ്യ വിദഗ്ധരുടെ സഹായം തേടാം. കുഞ്ഞുങ്ങളെ സംബന്ധിച്ച് ഒരു അന്തിമവിധിയിൽ എത്താതെ അവരുടെ തനതായ വികാസശേഷി പരമാവധി പൂർത്തീകരിക്കുന്നതിന് ആവശ്യമായ ചുറ്റുവട്ടം ഒരുക്കുകയെന്നതാകണം നമ്മുടെ ലക്ഷ്യം. ഇത്തരത്തിലുള്ള സമീപനം വിഭിന്ന ശേഷിയുള്ള ശിശുക്കളുടെ കൂടുതൽ മെച്ചപ്പെട്ട വികാസത്തിന് വഴിയൊരുക്കും (inclusive care).

വിഭിന്നശേഷിയുള്ള ശിശുക്കളുടെ ഗണത്തിൽ പെടുത്തിയിട്ടുള്ള പ്രധാനപ്പെട്ട അവസ്ഥകൾ കാഴ്ച/കേൾവിക്കുറവ്, സെറിബ്രൽ പാൾസി, ഓട്ടിസം, ഡൗൺ സിംഡ്രോം, ബുദ്ധിമാന്ദ്യം, സംസാരവൈകല്യം, പഠനവൈകല്യം, ഹൈപ്പർ ആക്ടിവിറ്റി (ADHD) തുടങ്ങിയവയാണ്.വിഭിന്ന ശേഷിയുള്ള ശിശുക്കളിലെ അപര്യാപ്തതയും

വൈകല്യവും വിലയിരുത്തി മുൻകൂട്ടിയുള്ള വിദഗ്ധ ഇടപെടലും സാമ്പത്തിക ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. വിഭിന്നശേഷിയുള്ള ശിശുക്കളെ മുൻകൂട്ടി കണ്ടെത്തുന്ന കാര്യത്തിൽ പ്രീ സ്കൂൾ പ്രവർത്തകർക്ക് വലിയ പങ്ക് വഹിക്കുന്നതിന് കഴിയും. ഇതിന് കൃത്യമായ പരിശീലനം അവർക്ക് നൽകേണ്ട തുണ്ട്.

വിഭിന്നശേഷിയുള്ളവരിൽ ഗുരുതരവൈകല്യമുള്ള കുട്ടികളെ സവിശേഷ പ്രീപ്രൈമറി ക്ലാസ്സുകളിലേക്കു മാറ്റി പ്രത്യേക പ്രചോദന പ്രവർത്തനങ്ങളും പരിശീലനങ്ങളും ഏർപ്പെടുത്തേണ്ടതാണ്.

## 2.5 പ്രത്യേക പരിഗണന അർഹിക്കുന്നവർ

ശാരീരിക, മാനസിക, സാമൂഹിക വെല്ലുവിളികളുടെ ഭാഗമായി ശരിയായ വളർച്ചയും വികാസവും ആർജിക്കുന്നതിന് ചില ശിശുക്കൾക്ക് കഴിയാതെ വരുന്നുണ്ട്. മുമ്പ് സൂചിപ്പിച്ച വിഭിന്നശേഷിയുള്ള ശിശുക്കളും ഈഗണത്തിൽപെടുന്നുണ്ട്. ആദിവാസികൾ, പ്രാന്തവൽകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന മറ്റ് ജനവിഭാഗങ്ങൾ, വിവിധ കുറ്റങ്ങൾക്ക് ജയിൽ ശിക്ഷയനുഭവിക്കുന്നവർ, ലൈംഗിക തൊഴിലാളികൾ, എച്ച്.ഐ.വി ബാധിതർ, കുടിയേറ്റത്തൊഴിലാളികൾ, പ്രകൃതി ദുരന്തങ്ങളുടെ ഭാഗമായി പലായനം ചെയ്യപ്പെട്ടവർ വർണം, ജാതി, മതം, വംശീയത എന്നിങ്ങനെയുള്ള വ്യത്യസ്തതകളുടെ ഭാഗമായി ന്യൂനപക്ഷമായി പോകുന്നവർ തുടങ്ങിയ ജനവിഭാഗങ്ങളുടേയും ശിശുക്കൾ പ്രത്യേകമായ പരിഗണനയർഹിക്കുന്നു. അവർക്ക് ആവശ്യമായ പ്രചോദനവും പ്രോത്സാഹനവും നൽകി പ്രീ സ്കൂൾ അന്തരീക്ഷത്തിൽ സാധാരണ ശിശുക്കളോടൊപ്പം അവരെയെല്ലാം തുല്യരായി പരിഗണിക്കണം. അവരിൽ തുടക്കം മുതൽ തന്നെ സുരക്ഷിതത്വ ബോധവും ആത്മവിശ്വാസവും സൃഷ്ടിക്കുന്നതിന് ഇത് ആവശ്യമാണ്. ഈ സമീപനം ഓരോ പ്രീ സ്കൂൾ പ്രവർത്തകയും സ്വായത്തമാക്കേണ്ടതുണ്ട്.




## 2.6 ശിശുവികാസത്തിന്റെ വിലയിരുത്തലും അപാകതകൾ കണ്ടെത്തി ഇടപെടലും

പ്രീ സ്കൂളിലെത്തുന്ന ഓരോ ശിശുവിന്റെയും വികാസനിലവാരം പ്രാഥമികമായി വിലയിരുത്തുന്നതിന് (screening) പ്രീ സ്കൂൾ പ്രവർത്തകർക്ക് കഴിയേണ്ടതുണ്ട്. ആവശ്യമായ പരിശീലനം നൽകി പ്രീ സ്കൂൾ പ്രവർത്തകയെ ഇതിന് സജ്ജരാക്കാവുന്നതാണ്. തുടർന്ന് അപര്യാപ്തതയുള്ള ശിശുവിന് വിദഗ്ധ ഇടപെടൽ ലഭ്യമാക്കണം. ഈ പ്രക്രിയയ്ക്ക് പ്രീ സ്കൂൾ പ്രവർത്തക തന്നെയാവും മേൽനോട്ടം വഹിക്കുക. ഇതുവഴി തുടർ സേവനം ഉറപ്പുവരുത്തുന്നതിനും ശിശുവിനും കുടുംബത്തിനും കൂടുതൽ ആത്മവിശ്വാസം നൽകുന്നതിനും സഹായകരമാകും.

## 2.7 ശിശുവികാസ മേഖലകളും പ്രയോഗവും

3 മുതൽ 6 വയസ്സുവരെയുള്ള പ്രീ സ്കൂൾ ശിശുക്കൾ തുടർച്ചയായ വളർച്ചയുടെയും വികാസത്തിന്റെയും ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. അതിനാവശ്യമായ പ്രോത്സാഹജനകവും പ്രചോദനപരവും സന്തോഷപ്രദവുമായ ചുറ്റുവട്ടം ഒരുക്കുന്നതോടൊപ്പം, അത് സുരക്ഷിതമാണെന്ന് നാം ഉറപ്പ് വരുത്തുകയും വേണം. ഇത്തരത്തിലുള്ള അനുപൂരകമായ അന്തരീക്ഷം ഒരുക്കുന്നതിന് മുമ്പായി അവരുടെ സവിശേഷമായ ശേഷികളും സ്വഭാവങ്ങളും അവയിലുള്ള വ്യത്യസ്തതകളും നാം വിശകലനം ചെയ്യേണ്ടതുണ്ട്.

പ്രീ സ്കൂൾ ശിശുക്കളുടെ വിപുലവും സങ്കീർണവുമായ വികാസശേഷികളെ മുൻഭാഗത്ത് സൂചിപ്പിച്ച ശിശുവികാസമനശ്ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ 8 മേഖലകളായി വേർതിരിച്ച് പഠിക്കാമെന്ന നിർദേശം ശ്രദ്ധേയമാണ്. (Position paper, 3.6, National focus group on early child-hood education) ചാലകം (സ്ഥൂലചലനം, സൂക്ഷ്മചലനം), സംവേദനം, ബൗദ്ധികം, ഭാഷാപരം, വൈകാരികം, സാമൂഹികം, വ്യക്തിപരം എന്നിവയാണ് ഈ 8 മേഖലകൾ. ശിശുക്കളെ അവരുടെ വ്യത്യസ്തതക



ളോടെ മനസ്സിലാക്കുന്നതിനും അവർക്ക് ആവശ്യമായ അന്തരീക്ഷം ഒരുക്കുന്നതിനും പ്രവർത്തനം ആസൂത്രണം ചെയ്യുന്നതിനും വേണ്ടിയാണ് ഈ വിഭജനം. 8 മേഖലകളായുള്ള വിഭജനം അവസാനവാക്കായി കാണേണ്ടതില്ല. ഇവിടെ ഓരോ മേഖലയും വെള്ളം കയറാത്ത അറപോലെ പരസ്പരം വേർതിരിക്കപ്പെട്ടിട്ടുള്ളതല്ല. അവ പരസ്പരബന്ധിതവും തടർച്ചയായി വികാസം പ്രാപിക്കുന്നവയുമാണ്. ഓരോ മേഖലയുടെയും തുടർവികാസവും വിവിധ മേഖലകളുടെ സംയോജനവും സാധ്യമാക്കുന്നതിനുള്ള കളിപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തേണ്ടതുണ്ട്.

ചാലക മേഖലയിൽ പരാമർശിക്കുന്നത് ശിശുവിന്റെ സ്ഥൂലവും സൂക്ഷ്മവുമായ ചലന ശേഷിയുടെ വികാസത്തെയാണ്. സ്ഥൂലപേശീവികാസം ശിശുവിന്റെ സഞ്ചാര ശേഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇരിക്കുക, നിൽക്കുക, നടക്കുക, ഓടുക, പുറകോട്ട് നടക്കുക, പടികൾ കയറുക, ഇറങ്ങുക, ഒറ്റക്കാലിൽ നിൽക്കുക, ചാടുക തുടങ്ങിയ സ്ഥൂല ചാലക ശേഷികൾ ശിശുവിൽ ക്രമാനുഗതമായി വികാസം പ്രാപിച്ച് വരുന്നു. പ്രീ സ്കൂളിൽ എത്തുന്ന ശിശുവിന് (3 വയസ്) സാധാരണഗതിയിൽ പടികൾ കയറാനും ഇറങ്ങാനും കഴിഞ്ഞെന്നിരിക്കും. എന്നാൽ ഇക്കാര്യത്തിൽ വ്യത്യസ്തതകളും കണ്ടേന്നിരിക്കും. ചാടുന്നതിനുള്ള ശേഷി തുടർന്ന് വികാസം പ്രാപിക്കുകയും ചെയ്യും. സൂക്ഷ്മപേശീ വികാസത്തിന്റെ ഭാഗമായി ശിശുവിന് ദൈനംദിന ജീവിതത്തിൽ സ്വന്തമായി കാര്യങ്ങൾ ചെയ്യുക (വസ്ത്രം ധരിക്കുക തുടങ്ങിയ), പടം വരയ്ക്കുക, നിറം കൊടുക്കുക, ഡാൻസ് ചെയ്യുക, എഴുതുക തുടങ്ങിയ സൂക്ഷ്മത ആവശ്യമുള്ള ശേഷികളുടെ വികാസവും ക്രമാനുഗതമായി നടക്കും.

സംവേദന മേഖല ശിശുവിന്റെ കാഴ്ച, കേൾവി, മണം, സ്പർശം തുടങ്ങിയ പഞ്ചേന്ദ്രിയ ശേഷികളുടെ വികാസവും അവയുടെ പ്രയോഗവും ഉൾക്കൊള്ളുന്നു. ഒരു പ്രീ സ്കൂൾ ശിശുവിന് കാണുന്നതിനും കേൾക്കുന്നതിനും സ്പർശിച്ച് മാർദവമേറിയത് അറിയുന്നതിനും വലുത് / ചെറുത് എന്നിവ തിരിച്ചറിയുന്നതിനും കഴിയുന്നതാണ്.

ബൗദ്ധിക മേഖലയെന്നതുകൊണ്ട് വിവക്ഷിക്കുന്നത് ശിശുവിന്റെ സഹജമായ നിരീക്ഷണ/വിശകലന സ്വഭാവം, വിവിധ കളികളിൽ ഏർപ്പെടൽ, താരതമ്യം ചെയ്യൽ, വ്യത്യാസം കണ്ടുപിടിക്കൽ, വഴി കണ്ടുപിടിക്കൽ, അഭിപ്രായം പറയൽ തുടങ്ങിയവയാണ്. ശിശുക്കൾക്ക് കളി സന്തോഷദായകമാണെന്ന് നമുക്കറിയാം. ശിശു ഇത്തരം കളികളിലൂടെയാണ് നിഗമനത്തിൽ എത്തുന്നതിനുള്ള ശേഷി നേടുന്നത്. ആകയാൽ ബൗദ്ധിക മേഖലയുടെ പ്രചോദനത്തിന് ആവശ്യമായ കളിപ്രവർത്തനം ഓരോ ശിശുവിന്റേയും വികാസഘട്ടത്തിന് യോജിച്ച രീതിയിൽ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഇത് ശിശുവിന്റെ സ്വാഭാവികമായ അന്വേഷണത്വരയെ ഉദ്ദീപിപ്പിക്കുന്നതും ആനന്ദദായകവും ആയിരിക്കേണ്ടതുണ്ട്.

ഭാഷയും ആശയവിനിമയ മേഖലയും ശിശുവിൽ ക്രമാനുഗതമായി വികസിച്ച് വരുന്നു. ശിശുക്കളുടെ വികാസഘട്ടത്തിന് അനുസരിച്ചുള്ള സഹജമായ ഭാഷാശേഷി മുൻഭാഗങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഓരോ ശിശുവിന്റെയും ഈ ശേഷിയിൽ വലിയ അന്തരം ഉണ്ടായിരിക്കും. കുടുംബത്തിലെ അംഗങ്ങളുടെയും ചുറ്റുവട്ടത്തിന്റെയും സ്വാധീനമാണ് ഈ വ്യത്യാസത്തിന് പ്രധാന കാരണം. പ്രചോദനപരമായ അന്തരീക്ഷത്തിലൂടെ ഭാഷാവികാസവും ആശയവിനിമയശേഷിയും മെച്ചപ്പെടുത്താവുന്നതാണ്.

വൈകാരിക മേഖല ശിശുവിന്റെ വൈകാരിക ക്ഷമതയേയും സൗന്ദര്യബോധത്തേയും കുറിക്കുന്നു. അഭിപ്രായങ്ങൾ പ്രകടിപ്പിക്കുക, വികാരങ്ങൾ പ്രകടിപ്പിക്കുക എന്നിവ കൂടാതെ പാട്ടുപാടുക, ഡാൻസ്ചെയ്യുക, ചമഞ്ഞുള്ള കളികളിൽ ഏർപ്പെടുക തുടങ്ങിയ പ്രകടനപരമായ ശേഷികളും ഇതിൽ പെടുന്നു. ശിശുവിന്റെ വൈകാരിക മേഖല ശരിയായ വിധത്തിൽ വികസിച്ചു വരുന്നതിന് ആവശ്യമായ കളിപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

വ്യക്തിപരമായ മേഖല ശിശുവിന്റെ സ്വബോധത്തെ കുറിക്കുന്നു. ദൈനംദിന കാര്യങ്ങൾ കൃത്യമായി ചെയ്യുക, ശുചിത്വം പാലിക്കുക തുടങ്ങിയ ശിശുവിന്റെ വ്യക്തിപരമായ സ്വഭാവങ്ങൾ അവർ അത് നടത്തുന്ന കളികളിലൂടെ മനസ്സിലാക്കാവുന്നതാണ് (ഉദാ: പാവകളി). വ്യക്തിമേഖലയുടെ വികാസത്തിന്



ആവശ്യമായ ആശയങ്ങളും പ്രവർത്തനങ്ങളും കുട്ടികൾക്ക് നൽകുന്ന കളിപ്രവർത്തനങ്ങളിൽ കൊണ്ടുവരുന്നതിന് പ്രീ സ്കൂൾ പ്രവർത്തകർക്ക് കഴിയേണ്ടതുണ്ട്. വ്യക്തിശുചിത്വം പോലുള്ള കാര്യങ്ങളുമായി ബന്ധപ്പെട്ട ആശയങ്ങൾ ഒരു ശിശു സ്വന്തം വീട്ടിൽ നിന്ന് ഗ്രഹിക്കുന്നതിനേക്കാൾ എളുപ്പത്തിൽ പ്രീ സ്കൂളിൽ നിന്നാകും നേടുക.

സാമൂഹിക മേഖല ശിശുവിന്റെ സാഹചര്യവുമായിട്ടുള്ള ഇണങ്ങൽ ശേഷിയെ കുറിക്കുന്നു. സമപ്രായക്കാരുമായി കൂട്ടുകൂടുക, കൊടുക്കൽ വാങ്ങൽ നടത്തുക, പാട്ടുപാടുക, കഥ പറയുക, ചമഞ്ഞുള്ള കളികളിൽ ഏർപ്പെടുക തുടങ്ങി ചുറ്റുവട്ടവുമായി ബന്ധം സ്ഥാപിക്കുകയും നിലനിർത്തുകയും ചെയ്യുന്നതിനുള്ള ശേഷികൾ ശിശുവിൽ അന്തർലീനമായി അടങ്ങിയിട്ടുണ്ട്. ഇത് വികാസഘട്ടത്തിനനുസരിച്ച് വികസിച്ച് വരുമെങ്കിലും ശിശുക്കൾ തമ്മിൽ ഈ ശേഷികളിൽ വലിയ അന്തരം ഉണ്ടായിരിക്കും. ശിശു വികാസത്തിൽ കുടുംബത്തിന്റെയും ചുറ്റുവട്ടത്തിന്റെയും സ്വാധീനം വളരെ പ്രധാനമാണ്. അതുകൊണ്ട് പ്രീ സ്കൂൾ പ്രവർത്തനങ്ങളിൽ ശിശുക്കളെ സാമൂഹികവൽകരിക്കുന്നതിനുള്ള കളികൾ ബോധപൂർവം ഉൾപ്പെടുത്തേണ്ടതുണ്ട്.

References


1. Developmental Psychology, 7th edition, David R. Shaffer & Katherine Kipp, Thomson Learning
2. Educational Psychology, 9th edition, Anitha Woolfolk, Pearson Education
3. Nelsons Text book of Paediatrics, 17th edition, Richard E. Behrman,MD, Robert M. Kleigman,MD, Hal B. Jenson,MD, Saunders.
4. Developmental -Behavioural Paediatrics, 4th edition, Carey, Crocker, Coleman, Feldman, Elsevier.
5. The development of the infant and young child, normal and abnormal, 9th edition, Ronal S. Illingworth, Churchil livinston
6. Position paper, 3.6, National focus group on Early Childhood Education, NCERT, New delhi
7. Rutters Child and Adolescent Psychiatry, 5th edition, M.Rutter, Dorothy Bishop, Daniel Pine, Stephen Scott, Jim Stevenson, Eric Taylor, Anitha Thaper, Blackwell Publishing.



# 3. ശൈശവകാല പരിരക്ഷ

**3.1 പരിചരണ സേവനത്തിന്റെ കാതലായ തത്ത്വങ്ങൾ**

**3.2 ശൈശവകാല ആരോഗ്യസംരക്ഷണത്തിന്റെ നെടുംതൂണുകൾ**

3.2.1 രോഗപ്രതിരോധം

3.2.2 വളർച്ചാനിരീക്ഷണം

3.2.3 പോഷകാഹാരം

3.2.4 ശുദ്ധജലവും ശുചിത്വ സൗകര്യങ്ങളും

3.2.5 ആരോഗ്യ പരിശോധന

3.2.6 അപായരഹിത പശ്ചാത്തലം

3.2.7 കായികപ്രവർത്തനങ്ങൾ

3.2.8 ആരോഗ്യകരമായ ശീലങ്ങൾ

**3.3 വികസന വ്യതിയാനമുള്ള ശിശുക്കൾക്ക് പ്രത്യേക ശ്രദ്ധ**

**3.4 സാമൂഹ്യമായ ഒറ്റപ്പെടലുകളുള്ള ശിശുക്കൾ**

**3.5 ശിശുക്കളുടെ സന്തോഷകരമായ ജീവിതത്തിന് ഊന്നൽ നൽകേണ്ട പരിചരണ മേഖലകൾ**



# 3. ശൈശവകാല പരിരക്ഷ



ജനിച്ചുവീഴുന്ന ഏതൊരു കുഞ്ഞിനും ഈ ഭൂമിയിൽ ആരോഗ്യത്തോടെ ജീവിക്കുന്നതിനുള്ള അവകാശമുണ്ട്. അതുകൊണ്ടുതന്നെയാണ് കുട്ടികളുടെ അവകാശ പ്രഖ്യാപനത്തിൽ പ്രഥമ പരിഗണന ശിശുക്കളുടെ അതിജീവനം, വളർച്ച, സുരക്ഷിതത്വം എന്നിവയ്ക്ക് നൽകിയത്. ഈ മൂന്നു ഘടകങ്ങളും ഉറപ്പുവരുത്താൻ കഴിയണമെങ്കിൽ കുട്ടിയുടെ ആരോഗ്യകരമായ വളർച്ചയും വികാസവും സാധ്യമാകത്തക്കവിധം ആരോഗ്യപരിരക്ഷയും പോഷകാഹാരവും ശാരീരിക വൈകാരിക സുരക്ഷിതത്വവും സാധ്യമാക്കണം. ഇവ പ്രീസ്കൂളിൽ ഒരുക്കുന്നതിനെയാണ് പരിരക്ഷ എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്. ആരോഗ്യം കുറഞ്ഞ കുഞ്ഞ് പഠനത്തിലും വികസനത്തിലും വളരെ പിന്നാക്കം പോകുമെന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. കുട്ടികൾക്കുണ്ടാകാവുന്ന മാരകരോഗങ്ങളും വൈകല്യങ്ങളും മരണവും കുടുംബത്തിനും രാഷ്ട്രത്തിനും, അപരിഹാര്യമായ നഷ്ടമാണ് ഉണ്ടാക്കുക.

മൂന്നിനും ആറിനും മധ്യേയുള്ള പ്രായം ദ്രുതഗതിയിലുള്ള ശാരീരിക വളർച്ചയുടെയും തലച്ചോറിന്റെ വികാസത്തിന്റെയും കാലഘട്ടമാണ്. ഇവ രണ്ടിനെയും പരിപോഷിപ്പിക്കുന്നത് പോഷകാഹാരവും, രോഗവിമുക്തിയും അത്യാഹിതങ്ങളിൽ നിന്നുള്ള സംരക്ഷണവുമാണ്. അതുകൊണ്ടുതന്നെ പ്രീസ്കൂൾ കേന്ദ്രങ്ങളിൽ പരിരക്ഷാ സേവനം ഉറപ്പാക്കേണ്ടത് അനിവാര്യമാണ്.

## 3.1 പരിരക്ഷാസേവനത്തിന്റെ തത്ത്വങ്ങൾ

- ശിശുക്കളുടെ വളർച്ച ഒരു തുടർപ്രക്രിയയാണ് – ഇതിന് നിയതമായ ഒരു ക്രമം ഉണ്ടായിരിക്കും.
- ശിശുക്കളുടെ വളർച്ച, ആരോഗ്യം, പോഷണം, വിദ്യാഭ്യാസം എന്നിവ പരസ്പരബന്ധിതമാണ്.
- ശിശുക്കളുടെ മാതാപിതാക്കൾ തൊഴിലുകളിൽ ഏർപ്പെടുമ്പോഴും ശിശുക്കളുടെ പോഷണ നിലവാരം മെച്ചപ്പെടുത്തുന്നതിന് പരിരക്ഷാ സേവനങ്ങൾ സഹായകമാകണം.

## 3.2 ശൈശവകാല ആരോഗ്യസംരക്ഷണത്തിന്റെ നെടുംതൂണുകൾ

- രോഗപ്രതിരോധം
- വളർച്ചാനിരീക്ഷണം
- പോഷകാഹാരം
- ശുദ്ധജലവും, ശുചിത്വസൗകര്യങ്ങളും
- ആരോഗ്യ പരിശോധനയും ഇടപെടലുകളും
- അപായരഹിത പശ്ചാത്തലം
- കായിക പ്രവർത്തനങ്ങൾ
- ആരോഗ്യകരമായ ശീലങ്ങളും, ദൈനംദിന ജീവിതനൈപുണികളും (Adaptation Daily Living)

### 3.2.1 രോഗപ്രതിരോധം

മാരക രോഗങ്ങളും, പകർച്ച വ്യാധികളും ന്യൂനപോഷണ രോഗങ്ങളും ശിശുക്കളെ എളുപ്പം ബാധിക്കും സാർവത്രിക രോഗപ്രതിരോധ പരിപാടി (Universal Immunisation) മുഖേന ലഭിക്കുന്ന പ്രതിരോധകുത്തിവയ്പ്പുകൾ, നിശ്ചിത സമയങ്ങളിൽ ലഭിച്ചിട്ടുണ്ടെന്ന് ഉറ

പ്പാക്കുക. ഇതോടൊപ്പം പ്രതിരോധ ഔഷധ ചികിത്സ (prophylaxis) എന്ന നിലയിൽ വിറ്റാമിൻ എ, അയേൺ ഗുളികകൾ എന്നിവയും കുട്ടിയ്ക്ക് ഉറപ്പാക്കണം. സമയാസമയങ്ങളിൽ വിരയിളക്കത്തിനുള്ള ഔഷധങ്ങളും നൽകുന്നതിന് പ്രേരണ നൽകണം.

### 3.2.2 വളർച്ചാ നിരീക്ഷണം

ശിശുക്കളുടെ ആരോഗ്യത്തിന്റെ പ്രധാന സൂചകം വളർച്ചയാണ്. ശിശുക്കൾക്ക് നിശ്ചിത വളർച്ചാ സൂചകം (Body mass index) നിർണയിക്കപ്പെട്ടിട്ടുണ്ട്. കുട്ടിയുടെ തൂക്കം എത്രയാണെന്ന് തിട്ടപ്പെടുത്തി WHO രൂപപ്പെടുത്തിയിട്ടുള്ള വളർച്ചാ ചാർട്ടുമായി തട്ടിച്ചുനോക്കിയാൽ പോഷകാരോഗ്യനിലവാരം നിർണയിക്കാനാവും. ഓരോ കുട്ടിയുടെയും തൂക്കവും പൊക്കവും മൂന്നു മാസത്തിലൊരിക്കൽ രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ലഭിച്ച വിവരങ്ങൾ രക്ഷിതാക്കളുമായി ചർച്ച ചെയ്ത് പരിഹാര നടപടികൾ സ്വീകരിക്കണം.

### 3.2.3 പോഷകാഹാരം


സമീകൃതാഹാരത്തിന്റെ കുറവ് പല ശിശുക്കളെയും ബാധിക്കുന്നുണ്ട്. ന്യൂനപോഷണരോഗങ്ങൾ ഇന്നും തുടരുകയാണ്. ഈ സാഹചര്യത്തിൽ മുഴുവൻ കുട്ടികൾക്കും പോഷക സമൃദ്ധമായ ഉച്ചഭക്ഷണം ഉറപ്പാക്കേണ്ടതാണ്. ഇതോടൊപ്പം രക്ഷാകർതൃ യോഗങ്ങളിൽ ആരോഗ്യ പോഷണ വിദ്യാഭ്യാസം നൽകേണ്ടതുമാണ്. രസകരമായ പാട്ടുകൾപാടിയും പാവനാടകങ്ങൾ നടത്തിയും പോഷക സമൃദ്ധമായ നാടൻ ഭക്ഷണത്തിലേക്ക് ശിശുക്കളെ ആകർഷിക്കേണ്ടതാണ്.

### 3.2.4 ശുദ്ധജലവും ശുചിത്വ സൗകര്യങ്ങളും

ജലജന്യരോഗങ്ങൾ കുട്ടികളെ ഏറെ ബാധിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ എല്ലാ സ്ഥാപനങ്ങളിലും കുട്ടികൾക്ക് തിളപ്പിച്ചാറ്റിയ വെള്ളമോ ശുദ്ധീകരിച്ച വെള്ളമോ ഉറപ്പാക്കണം. കുട്ടികൾക്ക് വെള്ളം കുടിക്കാനുള്ള ശുചിയായ പാത്രങ്ങൾ ഉണ്ടായിരിക്കണം. സ്ഥാപനത്തിലെ കിണറുകളുടെ ഗുണനിലവാരം തിട്ടപ്പെടുത്തുകയും ക്ലോറിനേറ്റു ചെയ്യുകയും ചെയ്യേണ്ടതാണ്. കുട്ടികളുടെ ഉയരത്തിനനുസരിച്ച് കൈകഴുകാനുള്ള സൗകര്യങ്ങളും അഴുക്കുവെള്ളം നിർമാർജനം ചെയ്യുന്നതിനുള്ള സംവിധാനങ്ങളും ഉണ്ടായിരിക്കണം. ടോയ്‌ലറ്റുകൾ ജല ലഭ്യതയുള്ളതും ശിശുസൗഹൃദപരവും വൃത്തിയുള്ളതുമായിരിക്കണം. കൈ വൃത്തിയാക്കുന്നതിന് സോപ്പും കൈ തുടയ്ക്കുന്നതിന് ടൗവ്വലും ലഭ്യമാക്കിയിരിക്കണം.

### 3.2.5 ആരോഗ്യപരിശോധന

സ്കൂൾ ആരോഗ്യപരിപാടി, അങ്കണവാടി ആരോഗ്യപരിശോധന എന്നീ സംവിധാനങ്ങൾ വഴിയോ പൊതു പങ്കാളിത്തത്തോടെയോ കുട്ടികൾക്ക് വർഷത്തിൽ രണ്ടു തവണയെങ്കിലും ആരോഗ്യപരിശോധന ഉറപ്പുവരുത്തേണ്ടതാണ്. കണ്ണ്, പല്ല്, ചെവി, ത്വക്ക്, വായ്, മൂക്ക് എന്നിവയുടെ പരിശോധനയും വൈദ്യശാസ്ത്രപരമായ പരിശോധനകളും ഉൾപ്പെടുത്തേണ്ടതാണ്. എല്ലാ കുട്ടികൾക്കും ഹെൽത്ത് കാർഡ് നിർബന്ധമാക്കിയിരിക്കണം.





### 3.2.6 അപായരഹിത പശ്ചാത്തലം

പ്രീസ്കൂൾ കെട്ടിടം തടസ്സവിമുക്തമായരീതിയിൽ വേണം നിർമിക്കേണ്ടത്. പൊക്കം കൂടിയ ചവിട്ടു പടികൾ, വാതിൽപ്പടികൾ, കൂർത്ത കളി ഉപകരണങ്ങൾ, കുട്ടികൾക്ക് തൊടാൻ കഴിയും വിധമുള്ള വൈദ്യുതസ്വിച്ചുകൾ എന്നിവ ഒഴിവാക്കേണ്ടതാണ്. സ്കൂൾ പരിസരത്ത് തുറസ്സായ ജലസംഭരണികളോ കുഴികളോ പാടുള്ളതല്ല. സ്കൂൾ ഗേറ്റ് അടച്ചിടാൻ ശ്രദ്ധിക്കണം. അടുക്കള അരവാതിൽ വച്ച് ഭദ്രമായി അടയ്ക്കുന്നതാണ് ഉചിതം.

### 3.2.7 കായിക പ്രവർത്തനങ്ങൾ

കുട്ടികളുടെ ആരോഗ്യത്തിനും, നാഡീവ്യൂഹ വളർച്ചയ്ക്കും, ആന്തരികാവയവങ്ങളുടെ പ്രവർത്തനങ്ങൾക്കും, പേശീദൃഢതയ്ക്കും കായികപ്രവർത്തനം അനിവാര്യമാണ്. പിൽക്കാലത്ത് ശാരീരിക നൈപുണികൾ ആർജിക്കുന്നതിലും ശക്തിനേടുന്നതിനും കായികപ്രവർത്തനം സഹായിക്കും. നമ്മുടെ കുട്ടികളുടെ 'ഫിറ്റ്നസ്സ്' കുറഞ്ഞു വരുന്നതായി പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. വളർന്നു വരുന്ന അലസതയ്ക്കും പ്രവൃത്തി വിമുഖതകൾക്കും പ്രധാന കാരണം ശൈവകാലത്തെ കായിക പ്രവർത്തനങ്ങളുടെ കുറവാണ്. എല്ലാ പുറംകളികളിലും കായിക മത്സരങ്ങളിലും തോട്ട നിർമാണം, പ്രകൃതിനടത്തം, തുടങ്ങിയവയിലും കായിക പ്രവർത്തനങ്ങൾ പരോക്ഷമായി നിലനിൽക്കുന്നു.

### 3.2.8 ആരോഗ്യകരമായ ശീലങ്ങൾ

വൃത്തിയും വെടിപ്പും ആരോഗ്യശീലങ്ങളും മുതിർന്ന ആളുകളുടെ പെരുമാറ്റം അനുകരിച്ചും ആവർത്തിച്ചും കുട്ടി പഠിക്കുന്നു. ആസൂത്രിത പ്രവർത്തനങ്ങൾ ഭക്ഷണ ക്രമീകരണം, ദൈനം ദിന ചുമതല എന്നിവ വഴിയും ആംഗ്യപ്പാട്ട്, റോൾപ്ലേ തുടങ്ങിയ പ്രവർത്തനങ്ങൾ വഴിയും ആരോഗ്യ ശീലങ്ങൾ വികസിപ്പിക്കാൻ ശ്രദ്ധിക്കണം.

## 3.3 വികസനവ്യതിയാനമുള്ള കുട്ടികൾക്ക് പ്രത്യേകം ശ്രദ്ധ

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ, ലഘുവൈകല്യങ്ങളുള്ളവർ, ഭാഷാപരമായ വ്യത്യാസമുള്ള കുട്ടികൾ തുടങ്ങിയവർക്ക് അധ്യാപികയുടെ താൽപ്പര്യപൂർവമുള്ള ശ്രദ്ധ ലഭിക്കണം. അവരെ മറ്റു കുട്ടികളിലൊരാളാക്കാനും എല്ലാ കുട്ടികളുടെയും കൂട്ടുകാരാക്കാനും സഹപാഠികളുടെ സഹായം ലഭ്യമാക്കാനും ശ്രമിക്കേണ്ടതാണ്. ഇതോടൊപ്പം അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിദഗ്ധരുടെ ശ്രദ്ധയും സാധ്യമായ മറ്റ് ഇടപെടലുകളും ഉറപ്പാക്കുകയും വേണം. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടിക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഈ രംഗത്ത് ഉപയുക്തമാക്കണം.

## 3.4 സാമൂഹ്യമായ ഒറ്റപ്പെടലുകളിൽ നിന്ന് പരിരക്ഷ

സാമൂഹികവും സാംസ്കാരികവും കുടുംബപരവുമായ പരിതസ്ഥിതിമൂലം അവഗണിക്കപ്പെടാവുന്ന കുട്ടികൾക്ക് മതിയായ സ്നേഹവും പരിഗണനയും നൽകി അവരെ മുന്നോട്ട് കൊണ്ടുവരാൻ പ്രത്യേകം ശ്രദ്ധിക്കണം.

## 3.5 ശിശുക്കളുടെ സന്തോഷകരമായ ജീവിതത്തിന് ഊന്നൽ നൽകേണ്ട പരിരക്ഷണ മേഖലകൾ

- സന്തോഷകരമായ ജീവിതത്തിന് ശരീരം, മനസ്സ്, ഹൃദയം (വികാരം) (body, mind and heart) എന്നീ മൂന്ന് ഘടകങ്ങൾക്കും ശ്രദ്ധനൽകേണ്ടതാണ്. കുഞ്ഞിന്റെ ഭക്ഷണം, രോഗശാന്തി പ്രവർത്തനം,

മലമൂത്രവിസർജനം, ശാസനകളിൽ നിന്ന് ഒഴിവാകൽ, മനസ്സന്തോഷം എന്നിവയ്ക്ക് ഊന്നൽ നൽകണം.

- ഉറക്കം, വിനോദം, വിശ്രമം (rest, recreation and relaxation) എന്നിവ സ്വാസ്ഥ്യതയ്ക്ക് അനിവാര്യമാണ്.

## റഫറൻസ്


1. പ്രീപ്രൈമറി അധ്യാപക പരിശീലകർക്കുള്ള അധ്യാപകസഹായി "ശിശുവികാസവും ആരോഗ്യവും" എസ്.സി.ഇ.ആർ.ടി. 2004.
2. പി.ലക്ഷ്മിക്കുട്ടി അമ്മ പ്രീഡിഗ്രി ഗൃഹശാസ്ത്രം വാല്യം 1. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1974.
3. പ്രീസ്കൂൾ പാഠ്യപദ്ധതി (കരട്) എസ്.സി.ഇ. ആർ.ടി 2001.
4. കുട്ടികൾക്കുള്ള ആദ്യകാല പരിചരണവും വിദ്യാഭ്യാസവും. "പരിശീലകർക്കുള്ള കൈപ്പുസ്തകം" എസ്.എസ്.എ. 2005.
5. 'ബഡ്സ്' ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസ കൈപ്പുസ്തകം. കുടുംബശ്രീ 2009.
6. അംഗൻവാടി പ്രവർത്തകർക്കുള്ള കൈപ്പുസ്തകം സാമൂഹ്യക്ഷേമ വകുപ്പ്.
7. റഹീനാ ഖാദർ ശിശുപരിപാലനവും പോഷണശാസ്ത്രവും. ഹൗസ് നമ്പർ 1, ഗ്രീൻപാർക്ക് വില്ല, 2007.
8. Romila Soni, Trainer's Handbook in Early Childhood Care and Education, NCERT






# 4. ശിശുവിദ്യാഭ്യാസം

4.1 ശിശുവിദ്യാഭ്യാസ ലക്ഷ്യങ്ങൾ

4.2 ശിശുപ്രകൃതം

4.3 ശൈശവകാല പഠനം : കാഴ്ചപ്പാട്

4.4 പഠനസമീപനം

4.5 ശിശുപഠന രീതി

4.6 പഠനാന്തരീക്ഷം

4.7 ഭാഷയോടുള്ള സമീപനം

4.8 വൈവിധ്യങ്ങളെ മാനിക്കൽ

4.9 ലിംഗപരിഗണന



# 4. ശിശുവിദ്യാഭ്യാസം

സാമൂഹികമായ പുരോഗതിക്കും പരിവർത്തനത്തിനുമുള്ള ശക്തമായ ഉപാധിയാണ് വിദ്യാഭ്യാസം അതാകട്ടെ, കുട്ടിയുടെ സഹജമായ കഴിവുകളെ വികസിപ്പിക്കുന്ന പ്രക്രിയയുമാണ്. മെച്ചപ്പെട്ട ഒരു സാമൂഹിക ജീവിതത്തിനുവേണ്ടി വ്യക്തിയുടെ സമഗ്രമായ വികാസം സാധ്യമാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തികമായ ലക്ഷ്യം. അതുവഴി സുസ്ഥിര വികസനത്തിലധിഷ്ഠിതമായ ഒരു ജനാധിപത്യ സമൂഹത്തിന്റെ സൃഷ്ടിക്ക് യോജിച്ച അറിവും നിപുണതയും മനോഭാവവും മൂല്യങ്ങളും ആർജിക്കുവാൻ വ്യക്തികൾ പ്രാപ്തരാവുകയും ചെയ്യണം.

ഒരു വ്യക്തിയുടെ ജീവിതത്തിൽ ഏറ്റവും നിർണായകമാണ് 6 വയസ്സുവരെയുള്ള കാലഘട്ടം. ഈ പ്രായത്തിൽ അവർക്കു വേണ്ടത്ര അനുഭവങ്ങൾ പ്രദാനം ചെയ്താൽ മാത്രമേ സർവതോന്മുഖമായ വികാസം സാധ്യമാവുകയുള്ളൂ. ഈ പ്രായത്തിലെ വിദ്യാഭ്യാസമാകട്ടെ സമസ്തമേഖലകളുടെയും വികാസത്തിന് അടിത്തറ പാകുകയും ചെയ്യുന്നു.

## 4.1 ശിശുവിദ്യാഭ്യാസ ലക്ഷ്യങ്ങൾ

ശൈശവകാല വിദ്യാഭ്യാസത്തിന്റെ ആത്യന്തികമായ ലക്ഷ്യം ശിശുവിന്റെ സർവതോന്മുഖമായ വികാസമാണ്. ഇതാകട്ടെ ശിശുവിന്റെ വിവിധ വികാസമേഖലകളിലുള്ള ഗുണാത്മകമായ മാറ്റങ്ങളുടെ സംയോജിത ഫലമാണ്. വിവിധ വിദ്യാഭ്യാസ കമ്മീഷനുകൾ, എൻ.സി.ഇ.ആർ.ടി. തുടങ്ങിയവ നിർദേശിച്ച വികാസമേഖലകൾ കണക്കിലെടുക്കുമ്പോൾ താഴെ ചേർക്കുന്ന ഉദ്ദേശ്യങ്ങളാണ് പൊതുവിൽ ശിശുവിദ്യാഭ്യാസത്തിലൂടെ സാധിതമാകേണ്ടത് എന്നു കാണാവുന്നതാണ്.



- ശിശുക്കളുടെ ശാരീരികാരോഗ്യവും (Physique) പേശീചാലക ഏകോപനവും ചാലകനൈപുണികളും വികസിപ്പിക്കുക.
- നല്ല ആരോഗ്യശീലങ്ങളും ദിനചര്യകളും പാലിക്കുന്നതിനുള്ള കഴിവുകൾ വികസിപ്പിക്കുക.
- അഭിലഷണീയമായ സാമൂഹ്യമനോഭാവങ്ങളും ചര്യകളും മൂല്യങ്ങളും വളർത്തുന്നതിനും മറ്റുള്ളവരുടെ അവകാശങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്നതിന് സന്നദ്ധരാക്കുകയും ചെയ്യുക.
- സ്വന്തം വികാരങ്ങൾ തിരിച്ചറിയാനും, നിയന്ത്രിക്കാനും ഉചിതമായി പ്രകടിപ്പിക്കുവാനുമുള്ള അവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് വൈകാരിക വികാസം ഉറപ്പുവരുത്തുക.
- ശിശുക്കളിൽ സൗന്ദര്യാസ്വാദന ശേഷിയും സർഗാത്മകതയും വികസിപ്പിക്കുക.
- ശിശുക്കളിലെ വൈജ്ഞാനിക ജിജ്ഞാസയെ പ്രചോദിപ്പിക്കുക വഴി സ്വന്തം ജീവിത പരിസരത്തെ നിരീക്ഷിക്കാനും താരതമ്യം ചെയ്യാനും തരംതിരിച്ചു മനസ്സിലാക്കാനും മറ്റുമുള്ള ശേഷി വളർത്തുക.
- ശിശുക്കളിലെ സ്വാതന്ത്ര്യബോധവും ക്രിയാത്മകതയും സ്വയം പ്രകാശനത്തിനുള്ള കഴിവുകളും വികസിപ്പിക്കുക.
- കാര്യങ്ങൾ കേട്ടു മനസ്സിലാക്കാനും സ്വന്തം സംവേദനങ്ങളെയും ചിന്തകളെയും മറ്റുള്ളവർക്ക് മനസ്സിലാകുംവിധം പറഞ്ഞും അഭിനയിച്ചും മറ്റും പ്രകടിപ്പിക്കാനുമുള്ള ശേഷികൾ വികസിപ്പിക്കുക.

- പ്രാഗ് ലേഖന - ഗണിത പ്രവർത്തനങ്ങളിലൂടെ ഔപചാരിക പ്രാഥമിക വിദ്യാഭ്യാസത്തിന് ശിശു ക്കളെ സജ്ജരാക്കുക.

## 4.2 ശിശുപ്രകൃതം

ശിശു, മുതിർന്നവരുടെ ചെറുപതിപ്പല്ല. അതുകൊണ്ടു തന്നെ ശിശുവിന്റെ പ്രകൃതത്തെ അംഗീകരിക്കുന്ന ഒരു പ്രവർത്തനരീതിയാണ് അഭികാമ്യമായിട്ടുള്ളത്. ശിശു വിന്റെ പ്രകൃതവും അതിന്റെ സാധ്യതകളും അറിയു ന്നത് ശിശുവിന്റെ വികാസത്തിന് അനുഗുണമായി പെരുമാറുന്നതിനും പഠനപശ്ചാത്തലമൊരുക്കുന്നതിനും അധ്യാപകർക്കും രക്ഷിതാക്കൾക്കും ഒരുപോലെ സഹായകമായിത്തീരും.

ശിശു മനശ്ശാസ്ത്രജ്ഞന്മാർ ഗവേഷണപഠനങ്ങളിലൂ ടെയും നിരീക്ഷണങ്ങളിലൂടെയും കണ്ടെത്തിയ, പ്രീസ്കൂൾ തലത്തിലെ ശിശുക്കളുടെ പൊതുപ്രകൃതം ഇനി പറയുന്നവയാണ്.

- സ്നേഹം, അംഗീകാരം സുരക്ഷിതത്വം എന്നിവയ്ക്കുള്ള ആഗ്രഹം.
- എപ്പോഴും പ്രവർത്തന നിരതമാകാനുള്ള വ്യഗ്രത.
- 'ഞാൻ, എന്റേത്' എന്ന വിചാരം.
- ഒരു വികാരത്തിൽ നിന്ന് മറ്റൊന്നിലേക്ക് പെട്ടെ ന്നുള്ള മാറ്റം.
- അനുകരണവാസന.
- അളവറ്റ ജിജ്ഞാസ.
- ആവശ്യങ്ങൾ നേടുന്നതിനുള്ള വ്യഗ്രത.
- ആഗ്രഹം സാധ്യമായില്ലെങ്കിൽ സാഹചര്യം നോക്കാതെയുള്ള വൈകാരിക പ്രതിഷേധ പ്രകടനം.
- ശ്രദ്ധാദൈർഘ്യക്കുറവ്.
- സമപ്രായക്കാരുമായി കൂട്ടുകൂടുന്നതിനും പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള താൽപ്പര്യം
- ചലനാത്മകത
- ഭാവനാലോകത്തിൽ വിഹരിക്കാനുള്ള താൽപ്പര്യം.
- വിവിധതരം വസ്തുക്കൾ ഉപയോഗിച്ചുള്ള കളി കളോടുള്ള ഇഷ്ടം.
- സ്വതന്ത്രമായി ചിന്തിക്കാനും ഭയരഹിതമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കാനുമുള്ള താൽപ്പര്യം
- അമൂർത്തചിന്തനത്തിനുള്ള ശേഷിക്കുറവ്.

ഒരു വ്യക്തി തന്റെ പരിസ്ഥിതിയുമായി ഇടപഴകുന്ന തിന്റെ ഫലമായി അറിവിലും നിപുണതയിലും മനോ ഭാവത്തിലും ഉണ്ടാകുന്ന മാറ്റത്തെ പഠനമെന്ന് സാമാ ന്യമായി പറയാം. അതാകട്ടെ സാമൂഹികവും സാംസ്കാരികവുമായ ചുറ്റുപാടിലൂടെയാണ് അരങ്ങേ റുന്നത്. ഇത് ഒരു വ്യക്തിയുടെ ജനനം മുതൽ മരണം വരെ നിരന്തരമായി നടക്കുന്ന പ്രക്രിയയാണെന്നു കാണാം. ശൈശവത്തെ സവിശേഷമായ ഒരു ജീവിതാ വസ്ഥയായി കണ്ടുകൊണ്ട് ശിശുവിന്റെ സമഗ്രമായ വികാസത്തെ പരിപോഷിപ്പിക്കുക എന്നതാണ് ശൈശ വകാലത്തെ പഠനം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്.

**പഠനം എന്നാൽ**

- *സ്വാഭാവികവും നിരന്തരവുമായ ഒരു പ്രക്രിയ യാണ്.*
- *പഠിതാവിന്റെ താൽപ്പര്യമനുസരിച്ചു നടക്കുന്നു.*
- *ശിശു, പരിസരവുമായി ഇടപെട്ടുകൊണ്ട് അന്വേ ഷണത്തിലൂടെയും അനുഭവത്തിലൂടെയും നിരീ ക്ഷണത്തിലൂടെയും അറിവുകൾ നിർമിക്കുക യാണ് ചെയ്യുന്നത്.*





- *ഈ പ്രക്രിയയുടെ ഭാഗമായി പലതരം നൈപുണികളും മൂല്യങ്ങളും അവരിൽ വളരുന്നു.*
- *സംഘം ചേർന്നു നടത്തുന്ന പ്രവർത്തനങ്ങൾ പഠനത്തെ ഫലപ്രദമാക്കുന്നു.*
- *സാമൂഹികവും സാംസ്കാരികവും ജീവശാസ്ത്രപരവുമായ ഘടകങ്ങൾ അതിനെ നന്നായി സ്വാധീനിക്കുന്നു*

## 4.3 ശൈശവകാലപഠനം – കാഴ്ചപ്പാട്

1974 ലെ ദേശീയശിശുനയത്തിൽ രാജ്യത്തെ മുഴുവൻ കുട്ടികൾക്കും വളരാനും വികസിക്കാനും ഉതകുന്ന സേവന പരിപാടികൾ നിശ്ചിത സമയത്തിനകം നടപ്പിലാക്കണമെന്ന് നിർദേശിച്ചിരുന്നു. ദേശീയ വിദ്യാഭ്യാസ നയത്തിൽ (NPE - 1986) ശൈശവകാല പരിരക്ഷയും വിദ്യാഭ്യാസവും ഉയർത്തിക്കൊണ്ടുവരുന്നതിന്, അധ്യാപകപരിശീലനം നടത്താനും നൂതനാശയങ്ങൾ മാതൃകാരൂപത്തിൽ വികസിപ്പിച്ചുകൊണ്ടുവരാനും നിർദേശിച്ചിരിക്കുന്നു.

വളർച്ചയും വികാസവും നിർണായകമായിട്ടുള്ള ശൈശവകാലത്ത് പരിരക്ഷയും വിദ്യാഭ്യാസവും സംയോജിതമായി നൽകുന്ന രീതിയാണ് ശാസ്ത്രീയവും ആരോഗ്യകരവുമായിട്ടുള്ളത്. ശിശുവിന്റെ പ്രകൃതവും പ്രായവും വികാസപരമായ ആവശ്യങ്ങളും പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളിലൂടെയാണ് ഇതു സാധ്യമാവുക. ഇക്കാര്യത്തിൽ കളികൾക്ക് സുപ്രധാനമായ ഒരു പങ്കാണ് നിർവഹിക്കാനുള്ളത്.

ലോകത്തിന്റെ ഏതു ഭാഗത്ത്, ഏതു സാഹചര്യത്തിൽ ജീവിക്കുന്ന കുട്ടിയാണെങ്കിലും അവന്റെ/അവളുടെ ശൈശവം ഏറ്റവും ശ്രദ്ധാപൂർവമായ പരിരക്ഷയും അനുഭവങ്ങളും കൊണ്ട് സമ്പന്നമാകണം. ഇത്തരത്തിൽ ശിശുവിന് ആവശ്യമായ പരിചരണവും പിന്തുണയും ലഭിച്ചാൽ മാത്രമേ സമഗ്രമായ വികാസം സാധ്യമാവുകയുള്ളൂ.

കായികവും വൈജ്ഞാനികവും സാമൂഹികവും വൈകാരികവും, ഭാഷാപരവും ആസ്വാദനപരവുമായ മേഖലകളിൽ ഉണ്ടാകുന്ന ഗുണപരമായ മാറ്റങ്ങളാണ് മനുഷ്യജീവിതത്തിന്റെ വിവിധ തലങ്ങളിൽ ഫലപ്രദമായ സംഭാവനകൾ ചെയ്യാൻ ഒരു വ്യക്തിയെ പ്രാപ്തനാക്കുന്നത്. വ്യക്തിത്വ വികാസവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളും ഉൾക്കൊള്ളുന്ന ഒരു പ്രവർത്തന പരിപാടിയാണ് ശിശുവിദ്യാഭ്യാസത്തിലൂടെ സാധിതമാകേണ്ടത്.

അനുഭവങ്ങളിലൂടെ കടന്നുപോവുകയും നിരീക്ഷണ–പരീക്ഷണ–അപഗ്രഥന പ്രക്രിയകളിൽ വ്യാപൃതരാവുകയും ചെയ്യുമ്പോഴാണ് കുട്ടികളിൽ അറിവുകളും നിപുണതകളുമൊക്കെ വികസിക്കുന്നത്. ഇതാകട്ടെ ശിശുവിന്റെ പ്രകൃതവും പ്രായവും ജീവിത ചുറ്റുപാടും പരിഗണിച്ചും പ്രോത്സാഹജനകമായ നിലപാടുകൾ സ്വീകരിച്ചും ശ്രദ്ധാപൂർവം ഉണ്ടാക്കിയെടുക്കേണ്ട ഒന്നാണ്.

*വിദ്യാഭ്യാസ ചിന്തകരിൽ പ്രമുഖരായ കൊമിനിയസും റൂസോയും ശിശുവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞവരാണ്. ശിശു വിദ്യാഭ്യാസത്തിൽ പ്രത്യേകം ശ്രദ്ധിച്ച ഫ്രോബലും മോണ്ടിസോറിയും യഥാക്രമം 'കിന്റർഗാർട്ടൻ', 'കുഞ്ഞുങ്ങളുടെ വീട്' എന്നീ മാതൃകാ വിദ്യാലയങ്ങൾ പടുത്തുയർത്തി. കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം വാസ്തവത്തിൽ അമ്മയുടെ ഗർഭപാത്രത്തിൽ കിടക്കുമ്പോഴേ തുടങ്ങണമെന്നും അമ്മയെ പഠിപ്പിച്ചുകൊണ്ടാണ് ഇതാരംഭിക്കേണ്ടതെന്നും ഗാന്ധിജി പറഞ്ഞുവച്ചു. കുഞ്ഞുങ്ങളുടെ കാര്യത്തിൽ പ്രവൃത്തിയും കളിയും തമ്മിൽ വ്യത്യാസമില്ലെന്നും അവരെ സംബന്ധിച്ചിടത്തോളം എന്തും*





*കളിയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇന്ദ്രിയാനുഭൂതികളിൽ കൂടിയും പരീക്ഷണ നിരീക്ഷണങ്ങൾ വഴിയും വിവരം ഗ്രഹിക്കുന്നതിനും മനസ്സും ബുദ്ധിയും വികസിക്കുന്നതിനുമുള്ള അവസരങ്ങൾ സൃഷ്ടിക്കണമെന്നും ഉത്സവവും പ്രദർശനവും കാണാൻ പോകുന്ന താൽപ്പര്യത്തോടെ കുട്ടികൾ വിദ്യാലയത്തിലേക്ക് പോകണമെന്നും കൊമിനിയസ് അഭിപ്രായപ്പെടുകയുണ്ടായി.*

ഗൃഹാന്തരീക്ഷവും സ്നേഹപരിചരണവും സ്വാഭാവികമായ ഭാഷാനുഭവങ്ങളും ശിശുവികാസത്തിൽ വഹിക്കുന്ന പങ്ക് ഏവർക്കും അനുഭവവേദ്യമാണ്. വ്യത്യസ്ത പ്രായക്കാരുമായും സ്നേഹസമ്പന്നരായ മുതിർന്ന ആളുകളുമായും ചുറ്റുമുള്ള പ്രകൃതിയുമായും കുട്ടികൾ ഇടപഴകുകയും സംവദിക്കുകയും ചെയ്യുമ്പോഴാണ് സാമൂഹികമായ വിതാനങ്ങളിലേക്കും കാഴ്ചപ്പാടുകളിലേക്കുമൊക്കെ അവരുടെ വ്യക്തിത്വം വികസിക്കുന്നത്. ഈ വികാസം സ്വാഭാവികമാകുന്നത് സ്വന്തം പ്രദേശത്തിന്റെ സവിശേഷതകൾ ഉൾക്കൊള്ളുന്ന സാഹചര്യങ്ങളും പ്രവർത്തനങ്ങളും രൂപപ്പെടുമ്പോഴാണ്. അതിനവർക്ക് സഹായകമാകുന്നത് മാതൃഭാഷയിലൂടെയുള്ള ആശയവിനിമയവുമാണ്. അതാകട്ടെ, തുടക്കത്തിൽ കുട്ടി വളരുന്ന ചുറ്റുപാടിൽ പ്രയോഗത്തിലുള്ള വായ്മൊഴിയിലൂടെ ആയിരിക്കുകയും വേണം. അങ്ങനെ പ്രാദേശികമായ വഴക്കം പല തരത്തിൽ ഈ പദ്ധതിയുടെ മുഖമുദ്രയാകുമ്പോഴാണ് ശിശുവിദ്യാഭ്യാസം സാർഥകമാകുന്നത്.

*നാം മുന്നോട്ടുവയ്ക്കുന്ന പ്രീ-സ്കൂൾ കാഴ്ചപ്പാടുകളെ ഇങ്ങനെ സംഗ്രഹിക്കാം:*

- *ശിശുക്കൾ ജന്മനാ പ്രവർത്തനനിരതരും പഠനോന്മുഖരുമാണ്.*
- *കളികളിൽ ഏർപ്പെടുമ്പോഴാണ് ശിശുക്കൾ സ്വാഭാവികമായ രീതിയിലും ഫലപ്രദമായതോതിലും പഠിക്കുക.*
- *മുതിർന്നവരുടെ നിയന്ത്രണങ്ങൾ ശിശുവിന്റെ സ്വാഭാവികമായ പഠനത്തെ തടസപ്പെടുത്തും.*
- *വീട്ടിലായാലും സ്കൂളിലായാലും കൂട്ടുചേർന്നുള്ള അനുഭവങ്ങളാണ് ധാരാളമായി ലഭിക്കേണ്ടത്.*
- *പ്രീസ്കൂൾ രൂപകല്പനചെയ്യേണ്ടത് ശിശുക്കളുടെ ആവശ്യങ്ങൾക്കും താൽപ്പര്യങ്ങൾക്കും അനുസൃതമായാണ്.*
- *ശിശുവിന്റെ തനതു സംസ്കാരത്തിൽ നിന്നും ഭാഷയിൽ നിന്നും ജീവിതാനുഭവങ്ങൾ ഉൾക്കൊള്ളാൻ ധാരാളം അവസരങ്ങൾ നൽകണം.*
- *നിരീക്ഷിക്കാനും പരീക്ഷിക്കാനും നിർമിക്കാനും ആവിഷ്കരിക്കാനുമുള്ള ശിശുവിന്റെ താൽപ്പര്യത്തെ പരമാവധി പ്രയോജനപ്പെടുത്തണം.*
- *ശിശുക്കൾക്ക് ഉൾക്കൊള്ളാനാകാത്ത കാര്യങ്ങൾ യാന്ത്രികമായി പഠിപ്പിക്കാനുള്ള ശ്രമങ്ങൾ നിരുത്സാഹപ്പെടുത്തണം.*
- *മാതൃഭാഷയിൽ തന്നെ ആശയവിനിമയം സാധ്യമാക്കണം*



### 4.4 പഠനസമീപനം

ജനാധിപത്യബോധവും സാമൂഹികനീതിയും ഉയർന്ന സർഗാത്മകതയും ലിംഗ മത നിരപേക്ഷതയും മുഖ്യ സവിശേഷതകളായ ഒരു സമൂഹത്തെ രൂപപ്പെടുത്താനാണ് വിദ്യാഭ്യാസത്തിലൂടെ നാം ആത്യന്തികമായി ലക്ഷ്യമിടുന്നത്. അതു നേടാൻ ശിശുവിന്റെ അവകാശങ്ങളും അവരുടെ പ്രകൃതവും വികാസപരമായ ആവ

ശ്യങ്ങളും പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനപരിപാടികളാണ് നാം ആഗ്രഹിക്കുന്നത്. ആകയാൽ ശിശുക്കളുടെ പഠനത്തിൽ അടിസ്ഥാനമാക്കേണ്ട ആശയങ്ങൾ താഴെ പറയുന്നവയാണ്.

- തികച്ചും അനൗപചാരികമാകണം
- പഠനം കളിരീതിയാകണം
- കളിയിലൂടെ കിട്ടുന്ന അനുഭവങ്ങൾ ശിശുവിനെ പ്രചോദിപ്പിക്കുന്നവയും ബുദ്ധിയുടെ ബഹുമുഖങ്ങളെ ഉദ്ഗ്രഥിച്ചുകൊണ്ടുള്ളതുമാകണം.
- പ്രവർത്തനാധിഷ്ഠിതമാകണം.
- ശിശുകേന്ദ്രിതവും സൗഹൃദപരവുമായിരിക്കണം.
- ജീവിതഗന്ധിയും പരിസരബന്ധിതവുമാകണം.
- പ്രാദേശികപ്രസക്തവും വഴക്കമുള്ളതുമാകണം.
- മാതൃഭാഷയാകണം ആശയവിനിമയത്തിനുള്ള അടിസ്ഥാന മാധ്യമം.
- പ്രത്യേക ആവശ്യമുള്ള കുട്ടികളെ ഉചിതമായ രീതിയിൽ പരിഗണിക്കണം.

## 4.5 ശിശുപഠനരീതി

'കളിയാണ് രീതി സ്നേഹമാണ് ഭാഷ' എന്നത് ശിശുവിദ്യാഭ്യാസ സമീപനത്തിൽ അധിഷ്ഠിതമായ പഠനരീതിയുടെ പ്രത്യേകതയാണ്. പരസ്പരം പങ്കുവച്ചും മറ്റുള്ളവരുടെ അവകാശങ്ങൾ മാനിച്ചും സഹവർത്തിത്വത്തോടെ പെരുമാറിയുമാണ് ശിശുക്കൾ പഠിക്കേണ്ടത്. കളികളിൽ പങ്കാളികളാകുന്നതുവഴി സന്തോഷകരമായ ഒരു മാനസികാവസ്ഥയിലെത്താൻ അവർക്കു കഴിയുകയും ചെയ്യുന്നു. അതാകട്ടെ ശിശു സൗഹൃദപരമായ അന്തരീക്ഷത്തിലാണ് നടക്കേണ്ടത്. സ്വാഭാവികത, അനൗപചാരികത, ഉദ്ഗ്രഥിത സ്വഭാവം തുടങ്ങിയവ ഈ പഠനരീതിയുടെ മുഖ്യ സവിശേഷതകളാണ്.

പ്രകൃതിയുമായി ഇണങ്ങിച്ചേർന്ന് ആകാശത്തെയും ഭൂമിയെയും സകല ജീവജാലങ്ങളെയും നിരീക്ഷിച്ച്, 'സ്വയം ഗവേഷണം' നടത്തിയാണ് ശിശുക്കൾ പഠിക്കുന്നത്. ഇതിനുതകുന്ന കളികൾ, പാട്ടുകൾ, കഥകൾ, നിറം കൊടുക്കൽ, ആംഗ്യപ്പാട്ട്, അഭിനയം, നിർമാണം തുടങ്ങിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് പ്രീസ്കൂളിൽ ഒരുക്കേണ്ടത്. പ്രകൃതി യാത്രകൾ, ചമഞ്ഞുകളികൾ, അകം-പുറം കളികൾ, സ്വതന്ത്രകളികൾ, ആസൂത്രിതകളികൾ തുടങ്ങിയവയ്ക്ക് ഈ ഘട്ടത്തിൽ പ്രത്യേക പരിഗണന നൽകണം. ഇതിന്റെ ഭാഗമായി നിരീക്ഷിച്ചും താരതമ്യം ചെയ്തും തരംതിരിച്ചും നിഗമനങ്ങൾ രൂപീകരിച്ചും ഒട്ടനവധി ആശയങ്ങൾ ശിശുക്കളറിയാതെതന്നെ അവരിൽ എത്തിച്ചേരുന്നു.

## 4.6 പഠനാന്തരീക്ഷം

ശിശുവിന്റെ സമഗ്രമായ വികാസത്തിന് യോജിച്ച ഒരു പഠനാന്തരീക്ഷമാണ് പ്രീസ്കൂളിൽ ഒരുക്കേണ്ടത്. അതാകട്ടെ ശിശുപ്രകൃതത്തെ പരിഗണിക്കുന്നതും അവരുടെ അവകാശത്തെ സംരക്ഷിക്കുന്നതും കളിയുപകരണങ്ങൾ കൈയെത്താവുന്ന ദൂരത്ത് ലഭ്യമാക്കുന്നതും ശിശുവിനെ ആകർഷിക്കുന്നതുമാകണം. ശിശുക്കൾക്ക് സുരക്ഷിതത്വബോധം, മറ്റു കുട്ടികൾക്കൊപ്പം പ്രവർത്തിക്കുവാനുള്ള ആത്മവിശ്വാസം എന്നിവ വളരാനുള്ള സാഹചര്യം ഉണ്ടാകണം. ചുറ്റുപാടുമുള്ള സാമഗ്രികൾ ഉപയോഗിച്ച് കളിപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പറ്റിയ ക്രമീകരണങ്ങൾ ഒരുക്കിക്കൊണ്ട് അവരിലെ സർഗാത്മകതയെ ഉണർത്താനുള്ള അവസരവും നൽകണം. ജനാധിപത്യപരവും സുതാര്യവും സൗഹൃദപരവും മാനവികവും സ്വാതന്ത്ര്യം അനുവദിക്കുന്നതുമായ പഠനാന്തരീക്ഷം, സമൂഹജീവിതത്തെക്കുറിച്ചുള്ള ധാരണ കരുപ്പിടിപ്പിക്കുന്നതിനും പരസ്പരബഹുമാനം, സഹകരണ മനോഭാവം, ഉത്തരവാദിത്തം ഏറ്റെടുക്കൽ എന്നിവ വിക







സിപ്പിക്കുന്നതിനും അനിവാര്യമാണ്. വൈകാരികമായ അടുപ്പവും സ്നേഹവും പരിരക്ഷയും അന്തരീക്ഷവും സൃഷ്ടിക്കുക എന്നത് പ്രധാനമാണ്. അങ്ങനെ പ്രീസ്കൂൾ മറ്റൊരു വീടായും ടീച്ചറും മറ്റുള്ളവരും സ്വന്തം വീട്ടുകാരായും ശിശുവിന് അനുഭവവേദ്യമാകണം.


### 4.7 ഭാഷയോടുള്ള സമീപനം

ശിശുവികാസമേഖലകളിൽ സുപ്രധാനമാണ് ഭാഷാശേഷിയുടെ വളർച്ച. ഭാഷ നന്നായി സ്വീകരിക്കാനും മനസ്സിലാക്കാനും കഴിയുക, തന്റേതായ രീതിയിൽ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കാൻ സാധിക്കുക എന്നീ കഴിവുകളാണ് പ്രീസ്കൂൾ പ്രായത്തിൽ വളർന്നു വരേണ്ടത്. ഇതിന് സഹായകമായ നിലപാടുകളും സമീപനവുമാണ് പ്രീസ്കൂളിൽ സ്വീകരിക്കേണ്ടത്. അതു സാധിക്കണമെങ്കിൽ വിനിമയ മാധ്യമം മാതൃഭാഷയായിരിക്കണം. ശൈശവകാല വിദ്യാഭ്യാസത്തിന്റെ പ്രാരംഭഘട്ടത്തിൽ കുട്ടിക്ക് പരിചിതമായ പ്രാദേശിക വഴക്കത്തോടുകൂടിയ ഭാഷതന്നെ ഉപയോഗിക്കണം. പ്രാദേശികവും കുട്ടിക്കു പരിചിതവുമായ പദങ്ങൾ, ആംഗ്യങ്ങൾ, ശാരീരിക ചലനങ്ങൾ, വസ്തുപ്രതിനിധാനം തുടങ്ങിയവ ഭാഷ വേഗത്തിൽ മനസ്സിലാകാനും കുട്ടിയുടെ പങ്കാളിത്തം ഉറപ്പുവരുത്താനും സഹായകമായിരിക്കും.

- മാതൃഭാഷയാണ് മുഖ്യമായ വിനിമയ ഉപാധിയെങ്കിലും ആശയവിനിമയത്തിന് ഭാഷ ഒരു തടസ്സമല്ലാത്ത വിധത്തിലുള്ളതും കുട്ടികൾക്കു യോജിച്ചതുമായ അന്യഭാഷാ സിനിമകൾ, ആംഗ്യപ്പാട്ടുകൾ തുടങ്ങിയവ ഉചിതമാംവിധം പ്രയോജനപ്പെടുത്താവുന്നതാണ്. അന്യഭാഷ ഔപചാരികമായി പഠിപ്പിക്കുന്നതിനുള്ള സന്ദർഭങ്ങളായി ഇവ മാറാതെ നോക്കേണ്ടതുണ്ട്.
- ചിത്രങ്ങൾ, വീഡിയോകൾ മറ്റു ദൃശ്യമാധ്യമങ്ങൾ ഇവ കുട്ടികളുടെ അനുഭവതല വികാസത്തിനുപയോഗപ്പെടുത്തണം.
- ഇതര ഭാഷാ പ്രദേശത്തുനിന്നു വന്നു താമസിക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് അവരുടെ ഭാഷയിൽ വിനിമയം ചെയ്യുന്നതിനുള്ള അവസരമൊരുക്കാനും പരമാവധി ശ്രമിക്കണം.
- ബോധപൂർവമായ എഴുത്തിനും വായനയ്ക്കും പ്രീ-സ്കൂൾ കുട്ടിയെ നിർബന്ധിക്കരുത്. സ്വാഭാവികമായ പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടി വായിക്കുന്നുവെങ്കിൽ അത് പ്രോത്സാഹിപ്പിക്കാം. പ്രാഗ്‌ലേഖന പ്രവർത്തനങ്ങൾക്കൊപ്പം എഴുതാനുള്ള താൽപ്പര്യവും കഴിവും കുട്ടികൾ സ്വയം പ്രദർശിപ്പിക്കുന്നുവെങ്കിൽ അതിനെ നിരുത്സാഹപ്പെടുത്തേണ്ടതുമില്ല.
- ചിഹ്നങ്ങൾ, പ്രതീകങ്ങൾ, സൂചകങ്ങൾ, ചിത്രങ്ങൾ എന്നിവ വായിച്ചെടുക്കാനും ഉചിതമായ രീതിയിൽ പ്രകടിപ്പിക്കാനുമുള്ള ഭാഷേതര ആശയവിനിമയശേഷിയും (Non verbal communication skill) വളർത്തിയെടുക്കേണ്ടതാണ്.
- സ്വതന്ത്രമായും ആത്മവിശ്വാസത്തോടുകൂടിയും ഭാഷാപ്രകടനങ്ങൾ നടത്തുന്നതിനുള്ള അവസരങ്ങൾ ഒരുക്കുകയും അതിൽ വരുന്ന പ്രയാസങ്ങൾ തിരിച്ചറിഞ്ഞ് മെച്ചപ്പെടുത്താൻ ഉതകുന്ന സഹായങ്ങൾ നൽകുകയും വേണം.
- ഓരോ കുട്ടിയോടും വ്യക്തിപരമായി ആശയവിനിമയം ചെയ്യാൻ അധ്യാപിക സമയം കണ്ടെത്തണം.
- അധ്യാപികയുടെ ഭാഷയും ഉച്ചാരണവും കുഞ്ഞുങ്ങൾക്ക് അനുകരണയോഗ്യമായിരിക്കണം.







## 4.8 വൈവിധ്യങ്ങളെ മാനിക്കൽ (Valuing Diversity)

വൈവിധ്യങ്ങൾ എല്ലാ ജനതയ്ക്കിടയിലും നിലവിലുണ്ട്. ഭാഷ, മതം, പ്രായം, സംസ്കാരം, ലിംഗപദവി എന്നിവയിൽ ഇവ പ്രത്യേകിച്ച് പ്രകടമാണ്. കുടുംബങ്ങൾക്കിടയിൽ ഭാഷണരീതി, ബന്ധുത്വ നാമകരണങ്ങൾ, ഭക്ഷണക്രമങ്ങൾ എന്നിവയിൽ വ്യത്യാസങ്ങൾ കാണാം. കുട്ടികളുടെ ശാരീരിക സവിശേഷതകൾ പോലുള്ള കാര്യങ്ങളിലും ഈ വ്യത്യാസം പ്രകടമാണ്. വൈവിധ്യങ്ങൾ മനുഷ്യ ഗുണമേന്മയുടെ ഭാഗമാണ്. ഈ വൈവിധ്യങ്ങൾ വിവേചനം കൂടാതെ അംഗീകരിക്കുന്നതിനുള്ള മനോഭാവം ശൈശവത്തിൽ തന്നെ രൂപ്പെടുത്തേണ്ടതുണ്ട്. ഇത് സാധ്യമാകണമെങ്കിൽ കുട്ടിയിൽ ഇപ്പറയുന്ന പ്രത്യേകതകൾ ഉയർത്തിക്കൊണ്ടുവരാൻ കഴിയണം.

- ശിശുക്കളിൽ അനുഗുണമായ സ്വയാവബോധം (Self esteem) ഉയർത്തിക്കൊണ്ടു വരിക.
- ശിശുക്കളുടെ സ്വത്വബോധം വികസിപ്പിക്കുക. പാരമ്പര്യം, ലിംഗപദവി, മതം, വൈകല്യങ്ങൾ, ഭാഷ തുടങ്ങിയവ സ്വാഭാവിക സവിശേഷതകളായി കുട്ടികൾക്ക് അനുഭവപ്പെടണം.

## 4.9 ലിംഗപരിഗണന

ആൺപെൺ വ്യത്യാസമില്ലാതെ ജാതിമത സാമ്പത്തിക പരിഗണനകൾ കൂടാതെ എല്ലാവരെയും സമഭാവനയോടെ കാണുകയും പ്രവർത്തിക്കുകയും ചെയ്യുന്ന വിധത്തിലാകണം ശിശുവിദ്യാഭ്യാസം പുരോഗമിക്കേണ്ടത്. ലിംഗാധിഷ്ഠിതമായ അസമത്വങ്ങൾ ഏറിവരുന്ന സമൂഹത്തിൽ അവ കുറച്ചുകൊണ്ടുവരുന്നതിനുള്ള ബോധപൂർവമായ ശ്രമങ്ങൾ ശൈശവകാലത്തിൽ തന്നെ തുടങ്ങേണ്ടതുണ്ട്. ശിശുക്കളെ ഇടകലർത്തി ഇരുത്തിയും അവർ ഒന്നിച്ചു പങ്കെടുക്കുന്ന കളികൾ ആവിഷ്കരിച്ചും ലിംഗസമത്വം ഉറപ്പുവരുത്തുന്ന അന്തരീക്ഷം സംജാതമാക്കണം. സ്കൂളിന് അകത്തുവച്ചോ പുറത്തുവച്ചോ യാതൊരു വിധത്തിലുള്ള വിവേചനവും ആരുടെ ഭാഗത്തുനിന്നും ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധ വയ്ക്കേണ്ടതുണ്ട്.

## റഫറൻസ്

1. കേരള സംസ്ഥാന വിദ്യാഭ്യാസ വകുപ്പ്, പ്രീ-പ്രൈമറി നിലപാടുരേഖ 2007, പേജ് 11, 12, 16.
2. എസ്.സി.ഇ.ആർ.ടി, പ്രീ-പ്രൈമറി വിദ്യാഭ്യാസം-നയരേഖയിലേക്ക് നിർദേശങ്ങൾ 2010, പേജ് 9, 15, 16.
3. ROMILA SONI, Trainer's Handbook in Early Childhood Care and Education, Page 15.
4. എസ്.സി.ഇ.ആർ.ടി. കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007,പേജ് 27, 28.





# 5. ശിശുവികാസവും കളിപ്രവർത്തനങ്ങളും


5.1 പ്രീ-സ്കൂൾ കളിപ്രവർത്തനങ്ങൾ

5.2 പ്രീ-സ്കൂൾ അനുഭവ പ്രവർത്തനങ്ങൾക്കുണ്ടായിരിക്കേണ്ട പൊതുസവിശേഷതകൾ

5.3 തീം അടിസ്ഥാനമാക്കിയുള്ള കളിപ്രവർത്തനങ്ങൾ

5.4 തീം ആസൂത്രണത്തിൽ ശ്രദ്ധിക്കേണ്ടവ

5.5 പ്രയോജനപ്പെടുത്താവുന്ന തീമുകൾ

5.6 ശിശുവികാസമേഖലകൾ

5.7 വികാസമേഖലകളും 3, 4, 5 പ്രായക്കാർക്കുള്ള കളിപ്രവർത്തനങ്ങളും

5.8 ശിശുവികാസമേഖലയും പ്രായനുസൃത പ്രവർത്തനസൂചനകളും

5.9 ശാരീരിക - ചാലക വികാസം (Physical and Motor Development)

5.9.1 ശാരീരിക - ചാലക വികാസ മേഖലയിലെ ഘടകങ്ങൾ

5.10 സാമൂഹികവും വൈകാരികവുമായ വികാസം

5.10.1 സാമൂഹികവും വൈകാരികവുമായ വികാസമേഖലയിലെ ഘടകങ്ങൾ

5.11 ഭാഷാപരമായ വികാസം (Language Development)

5.11.1 ഭാഷാപരമായ വികാസമേഖലയിലെ ഘടകങ്ങൾ

5.12 വൈജ്ഞാനിക വികാസമേഖലയിലെ ഘടകങ്ങൾ

5.12.1 വൈജ്ഞാനിക വികാസമേഖലയിലെ ഘടകങ്ങൾ

5.13 സർഗാത്മകവും സൗന്ദര്യാത്മകവുമായ വികാസം (Creative and aesthetic Development)

5.13.1 സർഗാത്മകവും സൗന്ദര്യാത്മകവുമായ വികാസമേഖലയിലെ ഘടകങ്ങൾ

5.14 സവിശേഷ പ്രവർത്തനങ്ങൾ (Inclusive Care)

5.15 പ്രീ-സ്കൂൾ കളിപ്രവർത്തനങ്ങൾ

5.16 മേഖലകളും അനുഭവങ്ങളും (അധ്യാപികയുടെ ചെക്ക്ലിസ്റ്റ്)

5.17 ശിശുപ്രവർത്തകയുടെ മുന്നൊരുക്കം

5.18 ലേണിംഗ് പ്ലാൻ




# 5. ശിശുവികാസവും കളിപ്രവർത്തനങ്ങളും



ശിശുവികാസത്തിന്റെ മർമപ്രധാനമായ ഭാഗമാണ് ശിശുക്കൾക്ക് ലഭ്യമാക്കുന്ന അനുഭവപ്രവർത്തനങ്ങൾ. ശിശുപ്രകൃതത്തെ പരിഗണിച്ചും യോജിച്ച അനുഭവങ്ങൾ ഒരുക്കിയും ശിശുവിന്റെ സമഗ്രവികാസത്തെ സഹായിക്കുന്ന കളിപ്രവർത്തനങ്ങൾ തയാറാക്കി നൽകേണ്ടത് അത്യാവശ്യമാണ്.

ശിശുവികാസം എന്നത് സ്വാഭാവികവും നിരന്തരവുമായ ഒരു പ്രക്രിയയാണ്. ശിശുവിന്റെ ജന്മസിദ്ധമായ സവിശേഷതകളും, ലഭ്യമാകുന്ന അനുഭവലോകവും തമ്മിലുള്ള പരസ്പരബന്ധത്തിന്റെ ഫലമായാണ് ഇത് സംഭവിക്കുന്നത്. കുട്ടിയുടെ അനുഭവലോകത്തിൽ വലുതായ മാറ്റം വന്നുകൊണ്ടിരിക്കുകയാണ്. മുമ്പ് കൂട്ടുകുടുംബവും ദൃഢമായ അയൽപക്കബന്ധവും, വിവിധപ്രായക്കാരുമായും മുതിർന്നവരുമായും നിരന്തരം ഇടപഴകാനും സ്വയം തിരിച്ചറിഞ്ഞ് മെച്ചപ്പെടാനും പ്രയോജനപ്പെട്ടിരുന്നു. എന്നാൽ ഇന്ന് ഇത്തരം സാഹചര്യങ്ങൾ വളരെ കുറഞ്ഞു വരികയും മുൻകാലത്ത് കുട്ടികൾക്ക് ലഭിച്ചിരുന്ന ആത്മവിശ്വാസം കുറയുകയും ഭാവന കുറഞ്ഞ് കുട്ടിത്തം നഷ്ടപ്പെട്ട കുട്ടികളായി അവർ മാറുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ അവസ്ഥയെ മറികടക്കണമെങ്കിൽ കുട്ടികൾക്ക് നഷ്ടപ്പെടുന്ന അനുഭവത്തിന്റെയും സ്നേഹത്തിന്റെയും പരിചരണത്തിന്റെയും ഇടങ്ങൾ തിരിച്ചു നൽകാൻ കഴിയണം. അതിനു യോജിച്ച വിധം നമ്മുടെ പ്രീ-സ്കൂൾ സംവിധാനം സമൂലമായി മാറണം. ഓരോ പ്രീ-സ്കൂളും ഓരോ ശിശുവിഹാരകേന്ദ്രമായി മാറ്റാൻ കഴിയണം.

3-6 വയസ്സു കാലഘട്ടം കുട്ടിയെ സംബന്ധിച്ചിടത്തോളം അതിപ്രധാനമാണ്. പഞ്ചേന്ദ്രിയങ്ങളുടെ വികാസം ദ്രുതഗതിയിൽ നടക്കുന്ന കാലമാണിത്. മസ്തിഷ്ക വളർച്ചയുടെ ബഹുഭൂരിഭാഗവും പൂർത്തിയാകുന്ന പ്രായമാണിത്. ഭാഷാ മേഖലയുടെയും കായികമേഖലയുടെയും മറ്റും സർവതോന്മുഖ വികാസം നടക്കുന്ന പ്രായവും ഇതുതന്നെ. അതുകൊണ്ട് പ്രീ-സ്കൂൾ കാലഘട്ടത്തിൽ ലഭിക്കേണ്ട അനുഭവങ്ങൾ ശരിയായ അളവിലും ഗുണനിലവാരത്തിലും കിട്ടിയാൽ മാത്രമേ ശിശുവികാസം പൂർണമാകുകയുള്ളൂ. ശിശു വളരുന്ന പരിസ്ഥിതി - അതിലുള്ള നാനാജാതി ജീവികൾ, കൂട്ടുകാർ, വസ്തുക്കൾ തുടങ്ങിയവയുമായി നിരന്തരം ഇടപെടുമ്പോഴാണ് ഈ വികാസം സംഭവിക്കുന്നത്. ഇതിനെല്ലാം യോജിച്ച വിധത്തിൽ ശിശുക്കളുടെ പ്രകൃതവും ആവശ്യങ്ങളും പരിഗണിച്ച് പുതുമയുള്ളതും വൈവിധ്യമാർന്നതുമായ അനുഭവങ്ങൾ ഓരോ ശിശുവിഹാര കേന്ദ്രത്തിലും നൽകാൻ കഴിയണം.

പഞ്ചേന്ദ്രിയ വികാസത്തോടൊപ്പം സ്ഥൂല-സൂക്ഷ്മപേശികൾ, കണ്ണിന്റെയും കൈകളുടെയും ഏകോപിച്ചുള്ള പ്രവർത്തനം, പ്രാഗ് - വായന, ലേഖന, ഗണിതശേഷികൾ, മറ്റു മേഖലകൾ എന്നിവയുടെ വികാസത്തിനും അനുഗുണമായ കളിപ്രവർത്തനങ്ങൾ ഒരുക്കാൻ ശിശുവിഹാര കേന്ദ്രം/പ്രീ സ്കൂൾ പര്യാപ്തമാകണം.

3-6 വയസ്സുവരെയുള്ള കാലഘട്ടത്തെ പൊതുവിൽ പ്രീ-സ്കൂൾ കാലഘട്ടമെന്നു വിളിക്കുമെങ്കിലും മൂന്നു വയസ്സുകാരും നാലു വയസ്സുകാരും അഞ്ചുവയസ്സുകാരും തമ്മിൽ വിവിധ ശേഷികളുടെയും താൽപ്പര്യങ്ങളുടെയും ഇടപെടലിന്റെയും കാര്യത്തിൽ വ്യത്യസ്തരാണ്. ഈ വ്യത്യാസം കണക്കിലെടുക്കുമ്പോൾ മൂന്നു വയസ്സുകാർക്കും, നാലു വയസ്സുകാർക്കും അഞ്ചു വയസ്സുകാർക്കും അവരവരുടെ താൽപ്പര്യത്തിനും ശേഷീനിലവാരത്തിനും യോജിച്ച കളിപ്രവർത്തനങ്ങൾ ഒരുക്കേണ്ടതുണ്ട്.

## 5.1 പ്രീ-സ്കൂൾ കളിപ്രവർത്തനങ്ങൾ

ശിശുവിഹാരകേന്ദ്രങ്ങളിൽ ഒരുക്കുന്ന ഓരോ കളിപ്രവർത്തനവും ശിശുവിന്റെ സമഗ്രവികാസത്തിന് അനു

ഗുണമായിരിക്കണം. വിവിധ ആശയങ്ങൾ ശിശുവിന് ലഭിക്കുന്നത് ഈ കളിപ്രവർത്തനങ്ങൾ വഴിയാണ്. അവ ലഭിക്കുന്നുണ്ടെന്നും ശിശുപ്രകൃതത്തിന് യോജിച്ച സവിശേഷതകളോടുകൂടിയ അനുഭവ പ്രവർത്തനങ്ങളാണ് നൽകുന്നതെന്നും ശിശുസേവിക/പ്രീ-സ്കൂൾ അധ്യാപിക ഉറപ്പുവരുത്തണം.

## 5.2 പ്രീ-സ്കൂൾ അനുഭവപ്രവർത്തനങ്ങൾക്കുണ്ടായിരിക്കേണ്ട പൊതുസവിശേഷതകൾ:-

- ആനന്ദദായകവും രസകരവും
- പരിസര ബന്ധിതം.
- പ്രകൃതത്തിനും നിലവാരത്തിനും യോജിച്ചത്.
- ശിശുസൗഹൃദപരവും പ്രക്രിയാബന്ധിതവും
- ഭാവനയും സർഗാത്മകതയും വളർത്തുന്നത്.
- പരസ്പരബന്ധിതം (ഉദ്ഗ്രഥിതം)
- പ്രാദേശിക വഴക്കമുള്ളത് (Flexible)
- പുതുമയും വൈവിധ്യവും നിലനിർത്തുന്നത്.
- സ്വതന്ത്രമായി ഇടപെടാൻ കഴിയുന്നത്.
- പ്രചോദനപരം
- ലളിതം, സ്വാഭാവികം.
- ജീവിതഗന്ധി
- സമഗ്രവികാസം ഉറപ്പു വരുത്തുന്നത്.
- മാനവികതയിലൂന്നിയുള്ളത്.
- പ്രാദേശികവും - തുടർപഠനസാധ്യതയുമുള്ളത്.

## 5.3 തീം അടിസ്ഥാനമാക്കിയുള്ള കളിപ്രവർത്തനങ്ങൾ

ശിശുവിന് ലഭിക്കേണ്ട പഠനാനുഭവങ്ങൾ ഉചിതമായ ചില വിഷയങ്ങൾ കേന്ദ്രീകരിച്ച് കുട്ടിക്ക് സുപരിചിതമായ ചുറ്റുപാടിന്റെയും അറിവിന്റെയും പരിധിക്കുള്ളിൽ നിന്നുകൊണ്ട് ആസൂത്രണം ചെയ്യുന്ന പ്രക്രിയയാണ് തീം രീതി. അനുഭവപ്രവർത്തനങ്ങൾ സുഗമമായി ക്രമീകരിച്ചു നൽകാൻ അധ്യാപികയ്ക്ക് കഴിയുന്നു എന്നതാണിതിന്റെ മെച്ചം. കുട്ടിയുടെ പ്രായവും പ്രകൃതവും പരിഗണിച്ച് പ്രാദേശിക വഴക്കത്തോടെയാണ് തീം രീതിയിൽ പ്രവർത്തനങ്ങൾ രൂപപ്പെടുത്തേണ്ടത്. കുട്ടി ജീവിക്കുന്ന സാമൂഹികവും ഭൗതികവുമായ സാഹചര്യങ്ങൾ കണക്കിലെടുത്താണ് തീം തിരഞ്ഞെടുക്കേണ്ടത്. തീമിന്റെ ആശയം കുട്ടികളിൽ അടിച്ചേൽപ്പിക്കുന്നതിനോ പഠിപ്പിക്കുന്നതിനോ ശ്രമിക്കരുത്. ബഹുമുഖബുദ്ധിയുടെ സമഗ്ര വികസനത്തിനുതകുന്ന കളിപ്രവർത്തനങ്ങളൊരുക്കുന്നതിനുള്ള ഒരുപാധി മാത്രമായി തീമിനെ പ്രയോജനപ്പെടുത്തണം. ഈ ചട്ടക്കൂട് അയവുള്ളതും അധ്യാപികയ്ക്കു തന്റെ കുട്ടികൾക്ക് യോജിച്ച വിധത്തിൽ മാറ്റാവുന്നതുമാണ്.

കുട്ടിക്ക് തന്റെ ചുറ്റുപാടിനെക്കുറിച്ചും ജീവിതസാഹചര്യത്തെക്കുറിച്ചും മനസ്സിലാക്കുന്നതിനുവേണ്ട തീമുകൾ തിരഞ്ഞെടുക്കുകയും, ഈ തീമുകളിൽ നിന്നുകൊണ്ട് വികാസത്തിന് അനുഗുണമായ ലളിതവും പരിചിതവുമായ വിവരങ്ങൾ അനുഭവപ്രവർത്തനങ്ങളിലൂടെ നൽകുകയും ചെയ്യുന്നു. ഇത്തരത്തിൽ തീം സമഗ്രമായി ആസൂത്രണം ചെയ്ത് കളിരീതിയിലൂടെയും സ്നേഹഭാഷയിലൂടെയും അനുഭവപ്രവർത്തനങ്ങൾ നൽകാൻ ഓരോ പ്രീ-സ്കൂൾ അധ്യാപികയ്ക്കും/അധ്യാപകനും സാധിക്കണം.







## 5.4 തീം ആസൂത്രണത്തിൽ ശ്രദ്ധിക്കേണ്ടവ

- തീമുകളെ കാലാവസ്ഥയ്ക്കും പ്രദേശത്തിനും യോജിച്ച വിധത്തിൽ ക്രമീകരിക്കണം.
- ആശയങ്ങൾ കുത്തിനിറയ്ക്കുന്ന ഒരുപാധിയായി തീമുകൾ മാറരുത്.
- ശിശുവിന്റെ വിവിധ വികാസമേഖലകളുടെ വികസനത്തിന് സഹായകമായിരിക്കണം
- പരമാവധി അനുഭവപ്രവർത്തനങ്ങൾ നൽകാൻ കഴിയുന്നതാകണം.
- ഔപചാരികപഠനത്തിന്റെ തലത്തിലേക്ക് മാറാതിരിക്കണം.
- രസകരവും ഉല്ലാസപ്രദവും അർഥവത്തും തുടർപഠനത്തിന് പ്രചോദനം നൽകുന്നതുമാകണം.
- തീമുകളെ പരസ്പരം ബന്ധിപ്പിച്ച് തീമുകളുടെ എണ്ണം കുറച്ച് അനുഭവപ്രവർത്തനങ്ങൾ നൽകണം.

## 5.5 പ്രയോജനപ്പെടുത്താവുന്ന തീമുകൾ


തീമുകളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് – കണ്ണിചേർത്താണ് അനുഭവപ്രവർത്തനങ്ങൾ ഒരുക്കേണ്ടത്. പ്രയോജനപ്പെടുത്താവുന്ന ചില തീമുകൾ താഴെ കൊടുക്കുന്നു. ഇതിൽ പ്രാദേശികമായി ഉചിതമായ മാറ്റങ്ങൾ ആകാം.

| | |
|---|---|
| 1. | വീട്, പരിസരം, കുടുംബം |
| 2. | പ്രകൃതിപ്രതിഭാസങ്ങൾ, വെള്ളം |
| 3 | ചെടികൾ, പൂക്കൾ, പഴങ്ങൾ, പച്ചക്കറികൾ |
| 4. | ആരോഗ്യം, ശുചിത്വം, ആഹാരം, വസ്ത്രം |
| 5 | മൃഗങ്ങൾ, പക്ഷികൾ, പ്രാണികൾ, ഇഴജന്തുക്കൾ |
| 6 | പരിസ്ഥിതി, ഊർജം, വ്യക്തിസുരക്ഷ |
| 7 | വാഹനം |
| 8 | റേഡിയോ, ടെലിവിഷൻ, ഫോൺ |
| 9 | തൊഴിൽ |
| 10 | കല, കായികം |
| 11 | ആഘോഷങ്ങൾ |
| 12 | മണ്ണ്, കൃഷി, വൃക്ഷങ്ങൾ |
| 13 | പൊതുസ്ഥാപനങ്ങൾ–സ്കൂൾ, ആശുപത്രി, അങ്കണവാടി എന്നിവ |
| 14 | എന്റെ ഗ്രാമം. |


## 5.6 ശിശുവികാസമേഖലകൾ

മനശ്ശാസ്ത്രപരവും നാഡീശാസ്ത്രപരവുമായ കണ്ടെത്തലിന്റെ വെളിച്ചത്തിൽ ശിശുവികാസത്തെ വിലയിരുത്തുന്ന അധ്യാപികയ്ക്ക് പരിഗണിക്കാവുന്ന എട്ടു മേഖലകളെക്കുറിച്ച് അധ്യായം 2 ൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ മേഖലകളുടെ വികാസത്തിനുതകുന്ന പ്രവർത്തനങ്ങൾ ഒരുക്കുന്ന ഘട്ടത്തിൽ അധ്യാപികയ്ക്ക് താഴെ പറയുന്ന അഞ്ച് മേഖലകളായി അവയെ പുനക്രമീകരിക്കാവുന്നതാണ്.






നിലവിലുള്ള സ്കൂൾപാഠ്യപദ്ധതിയിൽ ഒന്നും രണ്ടും ക്ലാസുകളിൽ പ്രവർത്തനാസൂത്രണം നിർവഹിക്കുന്നത് ബുദ്ധിയുടെ ബഹുമുഖങ്ങൾ പരിഗണിച്ചാണ്. ഈ ബുദ്ധിമേഖലകളും മുകളിൽ സൂചിപ്പിച്ച ശിശുവികാസമേഖലകളും പരസ്പരം താഴെ പറയുന്ന രീതിയിൽ ബന്ധപ്പെടുത്താവുന്നതാണ്.




## 5.7 വികാസമേഖലയും 3,4,5 പ്രായക്കാർക്കുള്ള കളിപ്രവർത്തനങ്ങളും

3,4,5 പ്രായക്കാർ ശേഷിയിലും താൽപ്പര്യത്തിലും വ്യത്യസ്തത പുലർത്തുന്നവരായതുകൊണ്ട് പ്രായത്തെ പരിഗണിച്ച് പ്രത്യേകം പ്രത്യേകം അനുഭവപ്രവർത്തനങ്ങൾ നൽകേണ്ടതുണ്ട്. ചില അനുഭവപ്രവർത്തനങ്ങൾ എല്ലാവർക്കും യോജിക്കുന്നതരത്തിൽ ആസൂത്രണം ചെയ്യാൻ സാധിക്കും. എന്നാൽ കുട്ടിയുടെ സ്വീകരണ നിലവാരത്തിൽ മാറ്റം കാണാം.


ഓരോ പ്രായത്തിലും കുട്ടിയുടെ വികാസമേഖലയിലുണ്ടാകുന്ന മാറ്റങ്ങൾ പരിഗണിച്ച് അതിന്റെ വികസനത്തിന് സഹായകമാകുന്ന പ്രവർത്തനങ്ങൾ രസകരമായി നൽകാൻ ഓരോ പ്രീസ്കൂൾ അധ്യാപികയും ശ്രമിക്കണം. ഒരു പ്രവർത്തനത്തിൽ തന്നെ ഒന്നിലധികം മേഖലകൾ ഉദ്ഗ്രഥിച്ചുവരും. ഒരു മേഖലയ്ക്ക് ഒരു പ്രവർത്തനം എന്നത് ശാസ്ത്രീയ കാഴ്ചപ്പാടല്ല. അധ്യാപികയുടെ ആസൂത്രണ സൗകര്യത്തിനുവേണ്ടിയും ഓരോ മേഖലയുടെയും വികാസത്തിന് യോജിച്ച അനുഭവപ്രവർത്തനങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനുമാണ് ഇത്തരം വിഭജനം നടത്തിയിരിക്കുന്നത്.






NCF - Position Paper Early Chilhood page 46: Suggested play based activity

## 5.8 ശിശുവികാസമേഖലയും പ്രായാനുസൃത പ്രവർത്തന സൂചനകളും






## ശൈശവകാലത്തെ പ്രായാനുസൃതശേഷി വ്യത്യാസം


**താരതമ്യപട്ടിക**


പ്രായാനുസൃതമായി 3–4, 4–5, 5–6 എന്നീ പ്രായക്കാർ പേശീശേഷികൾ, ഭാഷ, വൈകാരികത, വൈജ്ഞാനികത, പ്രവർത്തനശേഷി, താൽപ്പര്യങ്ങൾ എന്നിവയിൽ വ്യത്യസ്തരാണ്. ചില സൂചനകൾ നൽകിയിരിക്കുന്നു. ശിശുക്കളുടെ പ്രകൃതത്തിലുള്ള ഈ വ്യത്യാസങ്ങൾ കണക്കിലെടുത്താകണം അനുഭവപ്രവർത്തനങ്ങൾ രൂപപ്പെടുത്തേണ്ടത്. ശേഷിക്കപ്പുറത്തേക്ക് പ്രവർത്തനനിലവാരം ഉയർത്തുന്നത് കുട്ടിയുടെ വികസനത്തെ അസന്തുലിതമാക്കും.

| 3 – 4 പ്രായം | 4 – 5 പ്രായം | 5 – 6 പ്രായം |
|---|---|---|
| 1. സ്ഥൂല–സൂക്ഷ്മ പേശികൾക്ക് വേണ്ട നിയന്ത്രണം കുറവാണ്. | 1. ശരീരത്തിന്റെ ചലനങ്ങൾ നിയന്ത്രിക്കാൻ കഴിയും. | 1. സ്ഥൂല–സൂക്ഷ്മ പേശികൾക്ക് താരതമ്യേന നിയന്ത്രണം വന്നിട്ടുണ്ട്. കൂടുതൽ സങ്കീർണമായ ചലനശേഷി ആർജിക്കുന്നു. |
| 2. മുതിർന്നവരുടെ സഹായത്തോടെ ദിനചര്യകൾ ചെയ്യാനും – വസ്ത്രം അഴിക്കാനും ഇടാനും കഴിയും | 2. സ്വന്തമായി ദിനചര്യങ്ങൾ ചെയ്യാനും വസ്ത്രംധരിക്കാനും ആരംഭിക്കും. | 2. സ്വന്തം ആവശ്യങ്ങൾ സ്വയം ചെയ്യാൻ കഴിയുന്നവരാണ്. |
| 3. മുതിർന്നവരുടെ വ്യക്തിഗതമായ ശ്രദ്ധയോടുകൂടി പലകാര്യങ്ങളും ചെയ്യാൻ കഴിയും | 3. കൂട്ടുകൂടാനും മുതിർന്നവരോട് ധാരാളം സംസാരിക്കാനും കഴിയും | 3. കൂട്ടുകാരുണ്ടാവുകയും മുതിർന്നവരിൽ നിന്ന് സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയും ധാരാളം സംസാരിക്കുകയും ചെയ്യുന്നു. |
| 4. ഒറ്റയ്ക്കിരുന്നു കളിക്കാൻ ഇഷ്ടപ്പെടുന്നു. മറ്റുള്ളവരുമായി കളിക്കോപ്പുകൾ പങ്കുവയ്ക്കാൻ ഇഷ്ടം കുറവാണ്. | 4. കൂട്ടുകൂടി കളിക്കാൻ ഇഷ്ടമാണ്. കളിപ്പാട്ടങ്ങൾ പങ്ക്വയ്ക്കാനും മറ്റുള്ളവരെ സഹായിക്കാനും കഴിയും. | 4. നിയമങ്ങൾ പാലിച്ചുകൊണ്ട് കളികളിൽ ഏർപ്പെടുന്നതിനും നിയമങ്ങൾ മനസ്സിലാക്കുന്നതിനും കഴിയും. |
| 5. ഊർജസ്വലരാണ്. പെട്ടെന്ന് ശാഠ്യം കാണിക്കും | 5. ഊർജ്ജസ്വലരാണ്. പ്രവർത്തനനിരതരാണ്. ശാഠ്യസ്വഭാവം കാണിക്കും. | 5. എപ്പോഴും പ്രവർത്തനനിരതരും ഊർജ്ജസ്വലരുമാണ് – ചില കാര്യങ്ങളിൽ ശാഠ്യംപിടിക്കും. |
| 6. ചെറുചെറുവാക്യങ്ങളിലൂടെയുള്ള നിർദേശങ്ങൾ തിരിച്ചറിയും. പദസ്വാധീനം കുറവാണ്. | 6. നിർദേശങ്ങൾ തിരിച്ചറിയുന്നതിനും അവ പാലിക്കുന്നതിനും കഴിവുണ്ട്. | 6. കൂടുതൽ നിർദേശങ്ങൾ ഒരുമിച്ച് മനസ്സിലാക്കാനും അതിനനുസരിച്ച് പ്രവർത്തിക്കാനും, സൂക്ഷ്മമായി ഭാഷയിലൂടെ പ്രകടിപ്പിക്കാനും കഴിയും. |

## 5.9 ശാരീരിക - ചാലകവികാസം (Physical and Motor development)









### 5.9.1 ശാരീരിക - ചാലക വികാസമേഖലയിലെ ഘടകങ്ങൾ

ഈ ഘടകങ്ങൾ വിപുലപ്പെടുത്തി യോജിച്ച പ്രവർത്തന സൂചനകൾ പട്ടികയായി നൽകിയിരിക്കുന്നു. ഇതനുസരിച്ച് പ്രവർത്തനാസൂത്രണം നടത്താം.

## ശാരീരിക ചാലകവികാസം




3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികളുടെ ശാരീരിക ചാലക വികാസം സുഗമമായി നടക്കുന്നതിന് അനുഗുണമായ അനുഭവ പ്രവർത്തനങ്ങൾ താഴെ നൽകുന്നു.

| ആർജിക്കേണ്ട വികാസങ്ങൾ | 3 - 4 പ്രായം | 4 - 5 പ്രായം | 5 - 6 പ്രായം |
|---|---|---|---|
| | പ്രവർത്തന സൂചന | പ്രവർത്തന സൂചന | പ്രവർത്തന സൂചന |
| ശരിയായ വളർച്ച | • മാസംതോറും തൂക്കവും ഉയരവും രേഖപ്പെടുത്തുക<br>• പോഷകാഹാരം ലഭ്യമാക്കുക.<br>• ആരോഗ്യപരിശോധന നടത്തുക.<br>• രക്ഷിതാക്കൾക്ക് ആരോഗ്യ-പോഷകാഹാര ബോധവൽക്കരണം. | • മുൻ അനുഭവം പോലെ | • മുൻ അനുഭവം പോലെ |
| സ്ഥൂലപേശീവികാസം | • സ്വതന്ത്രമായ കളികൾ<br>• ഓടൽ<br>• വരയിൽ നടക്കൽ<br>• ഇഴയൽ • വലിക്കൽ<br>• ഇറങ്ങൽ • ഇഷ്ടികയിൽ ചാടി നടക്കൽ<br>• നിശ്ചിത ദൂരം ചാടൽ<br>• മുച്ചക്ര സൈക്കിൾ ഓടിക്കൽ | • സ്വതന്ത്രവും നിയന്ത്രിതവുമായ കളികൾ<br>• വിവിധ ദിശയിൽ ഓടുന്നതിന്<br>• രണ്ടുകാലിൽ ഉയർന്നു ചാടൽ<br>• ഒറ്റക്കാലിൽ നിൽക്കൽ<br>• നിശ്ചിത ദൂരം ഓടൽ - ചാടൽ<br>• ഏണിയിൽ കയറൽ<br>• കയറുന്നതിനും ചാടുന്നതിനും<br>• പന്ത് എറിയൽ<br>• പന്ത് പിടിക്കുന്നതിന്<br>• സൈക്കിളിംഗ് | • സ്വതന്ത്രവും നിയന്ത്രിതവും വിവിധ ദിശകളിലേക്കുള്ള ചലനം സാധ്യമാകുന്നതുമായ കളികൾ<br>• വട്ടത്തിൽ നടക്കുന്നതിന്, വട്ടത്തിൽ ഓടുന്നതിന്<br>• പാലത്തിലൂടെ നടക്കുന്നതിന്<br>• പന്ത് തട്ടി നടക്കുന്നതിന്<br>• ഒറ്റക്കാലിൽ നിൽക്കുന്നതിന്, വള്ളി ച്ചാട്ടം ചാടുന്നതിന്<br>• കാലുകൾ ക്രോസ്സാക്കി നിൽക്കുന്നതിന്<br>• സൈക്കിളിംഗ് |

| | 3 - 4 | 4 - 5 | 5 - 6 |
|---|---|---|---|
| | | • മറ്റൊരാൾക്ക് പന്തെറിഞ്ഞു കൊടുക്കുന്നതിന്<br>• കാലുകൊണ്ട് പന്തടിക്കുന്നതിന്<br>• കൈകൾ ഉയർത്തി നൃത്തം ചെയ്യുന്നതിന്<br>• വിവിധ താളത്തിൽ കൈകൊട്ടുന്നതിന്<br>• മുന്നോട്ടും പിന്നോട്ടും ചാടുന്നതിന്. | • ഒപ്പം ഓടുന്നതിന്<br>• കയറാനും ഇറങ്ങാനും<br>• ചാടാൻ<br>• പന്ത് പിടിക്കുന്നതിന്<br>• നിശ്ചിത അകലത്തിലുള്ളവർക്ക് എറിഞ്ഞുനൽകാൻ<br>• മുന്നോട്ടും പിന്നോട്ടും ചാടൽ<br>• തല, കൈകാലുകൾ വിവിധ വശങ്ങളിലേക്ക് ചലിപ്പിക്കുന്നതിന്.<br>• ചാടിഅടിക്കൽ |
| • സൂക്ഷ്മ പേശീവികാസവും ഏകോപനവും<br>- സൂക്ഷ്മ പേശീവികാസം<br>- കണ്ണും കൈയുമായുള്ള ഏകോപനം<br>- കൈയും വായുമായുള്ള ഏകോപനം | • ചിത്രങ്ങളിൽ ക്രയോൺ നിറം നൽകൽ<br>• ബോർഡിലും നിലത്തും വെറുതെ വരയ്ക്കൽ<br>• വലിയ മുത്തുകൾ പെറുക്കിയെടുക്കൽ<br>• പൂഴിയിൽ കളിക്കൽ<br>• വെള്ളംകൊണ്ട് കളിക്കൽ<br>• കുപ്പികളുടെ അടപ്പ് അഴിക്കൽ, ഇടൽ<br>• കളിമണ്ണ്, മൈദമാവ് കൊണ്ട് കളിക്കൽ | • ചിത്രം വരയ്ക്കൽ - നിറം നൽകൽ<br>• ബോർഡിലും തറയിലും ചിത്രം വരയ്ക്കൽ<br>• കടലാസ്സ് മടക്കൽ - രൂപങ്ങൾ നിർമിക്കൽ<br>• കടലാസ്സ് മുറിക്കൽ, ഒട്ടിക്കൽ<br>• കത്രികകൊണ്ട് മുറിക്കൽ<br>• പേനയുടെ ടോപ് ഇടൽ അഴിക്കൽ<br>• മുത്തുകോർക്കൽ<br>• പൂക്കൾ കോർക്കൽ<br>• വിവിധ രൂപങ്ങൾ നിർമിക്കൽ | • സ്വന്തമായി ചിത്രം വരച്ച് നിറം നൽകൽ<br>• വിവിധ രൂപങ്ങളിൽ നിറം നൽകൽ<br>• വഴികണ്ടെത്തൽ പോലുള്ള പസ്സിലുകൾ ചെയ്യൽ<br>• വഴിവരച്ചു ചേർക്കൽ<br>• കട്ടൗട്ടിൽ വരയ്ക്കൽ<br>• വെള്ളം മറ്റൊരു പാത്രത്തിലേക്ക് ഒഴിക്കൽ |

| | 3 – 4 | 4 – 5 | 5 – 6 |
|---|---|---|---|
|  | • ബലൂൺ പൊട്ടിക്കൽ<br>• സോഫ്റ്റ് ബോളിൽ അമർത്തൽ<br>• കുത്തുകൾ യോജിപ്പിക്കൽ<br>• സ്പൂൺ ഉപയോഗിച്ച് ആഹാരം കഴിക്കൽ. | • കട്ടൗട്ടിൽ വരയ്ക്കൽ<br>• പൂഴിയിൽ കളിക്കൽ<br>• വെള്ളത്തിൽ കളിക്കൽ<br>• കളിമണ്ണിൽ രൂപങ്ങൾ നിർമിക്കൽ<br>• ചെറുതുംവലുതുമായ വസ്തുക്കൾ പെറുക്കി എടുക്കൽ<br>• ബോർഡിലെ ദ്വാരത്തിൽ നൂല് കടത്തൽ<br>• കുത്തുകൾ യോജിപ്പിക്കൽ<br>• ജിഗ്സോപസിലുകൾ<br>• സ്വന്തം പേര് നോക്കിവരയ്ക്കൽ<br>• അക്ഷരചിത്രം വരയ്ക്കൽ<br>• കുടുംബാംഗങ്ങളുടെ പേരെഴുതൽ<br>• പരിചിതമായവയുടെ പേര് നോക്കി വരയ്ക്കൽ<br>• ബ്രഷിങ്ങ്, പെയിന്റിംഗ്<br>• ഷൂലേസ് കോർക്കൽ<br>• ഷർട്ടിന്റെ ബട്ടണിടൽ<br>• സ്പൂൺ ഉപയോഗിച്ച് ആഹാരം കഴിക്കുക. | • പെറുക്കിയെടുക്കൽ<br>• സൂചിയിൽ നൂല് കോർക്കൽ<br>• സ്ക്രൂ അഴിക്കൽ, ഉറപ്പിക്കൽ<br>• വിവിധ രൂപങ്ങൾ നിർമിക്കൽ<br>• ഒറിഗാമിരൂപങ്ങൾ നിർമിക്കൽ<br>• പെൻസിൽ കൂർപ്പിക്കൽ<br>• ഓല, മറ്റ് പ്രകൃതി വസ്തുക്കൾ എന്നിവകൊണ്ട് രൂപങ്ങൾ നിർമിക്കൽ<br>• ക്രമമായി എടുത്തു വയ്ക്കൽ<br>• അബാക്കസ്സിൽ ക്രമീകരിക്കൽ<br>• കൊളാഷ്രൂപങ്ങൾ നിർമിക്കൽ<br>• കടലാസ് മടക്കൽ – രൂപങ്ങൾ ഉണ്ടാക്കൽ<br>• ലെയ്സ് കെട്ടൽ<br>• വിരൽ ചിത്രങ്ങൾ ഉണ്ടാക്കൽ<br>• സ്വന്തം പേരെഴുതൽ (ചിത്രം വരച്ച്)<br>• ബട്ടണിടൽ<br>• സ്പൂൺ ഉപയോഗിച്ച് ആഹാരം കഴിക്കൽ. |


## 5.10 സാമൂഹികവും വൈകാരികവുമായ വികാസം
## (Social & Emotional development)




### 5.10.1 സാമൂഹികവും വൈകാരികവുമായ വികാസമേഖലയിലെ ഘടകങ്ങൾ


ഈ ഘടകങ്ങൾ വിപുലപ്പെടുത്തി യോജിച്ച പ്രവർത്തന സൂചനകൾ പട്ടികയായി നൽകിയിരിക്കുന്നു. ഇതനുസരിച്ച് പ്രവർത്തനാസൂത്രണം നടത്താം.

# സാമൂഹികവും വൈകാരികവുമായ വികാസം



സാമൂഹികമായും വൈകാരികമായും വ്യത്യസ്ത സാഹചര്യത്തിൽ നിന്നുള്ള കുട്ടികളാണ് നമ്മുടെ ശിശുവിഹാരകേന്ദ്രങ്ങളിൽ എത്തുന്നത്. സാമൂഹിക നൈപുണിയിലും ശേഷിയിലും അവർക്കിടയിൽ അന്തരമുണ്ടാവും. ചിലർ ഊർജസ്വലരാണ്. ചിലർ അയഞ്ഞ സ്വഭാവക്കാരുമാണ്. ചിലർ മറ്റുള്ളവരെ ആശ്രയിക്കുമ്പോൾ മറ്റുചിലർ സ്വതന്ത്രരാണ്. ശിശുവിഹാര കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന അനുഭവങ്ങളിലൂടെ കുട്ടിയിൽ നല്ല സ്വഭാവരൂപീകരണം നടക്കണം.അഭിലഷണീയമായ മൂല്യങ്ങളും മനോഭാവങ്ങളും വളരണം മറ്റുള്ളവരോടും തന്റെ ചുറ്റുപാടിനോടും ശരിയായ രീതിയിൽ ഇടപെടാൻ കഴിയുന്നവരായി മാറണം.


| ആർജിക്കേണ്ട വികാസങ്ങൾ | 3-4 പ്രായം | 4-5 പ്രായം | 5-6 പ്രായം |
|---|---|---|---|
| **വ്യക്തിഗത സ്വഭാവം**<br>• ശരീരശുചിത്വം പാലിക്കുന്നു<br>• ശരിയായ ഭക്ഷണ രീതി<br>• തന്റെ ചുറ്റുപാടും ശുചിയായി സൂക്ഷിക്കുന്നു.<br>• ക്രമങ്ങൾ പാലിക്കുന്നു<br>• വസ്ത്രശുചിത്വം | • കൈകഴുകൽ<br>• ശരിയായ ഭക്ഷണശീലം<br>• ശരിയായ ടോയ്ലറ്റിങ്ങിൽ പരിശീലനം നൽകൽ<br>• പല്ലുതേയ്ക്കൽ, കുളിക്കൽ, മുടിചീകൽ, നഖംമുറിക്കൽ എന്നിവയിൽ ശ്രദ്ധിക്കൽ<br>• വിവിധ സ്വതന്ത്രകളികളിൽ ഇടപെടുവിക്കൽ<br>• ആവശ്യങ്ങൾ പ്രകടിപ്പിക്കാൻ അവസരം ഒരുക്കൽ വിശപ്പ്, ദാഹം, ഉറക്കം, ഫീൽഡ് ട്രിപ്പ് മുതലായവ. | • മുൻ അനുഭവത്തിന് ഒപ്പം | • മുൻ അനുഭവത്തിന് ഒപ്പം |



| | 3 – 4 | 4 – 5 | 5 – 6 |
| --- | --- | --- | --- |
| **സാമൂഹികസ്വഭാവം**<br>• നല്ലഭാഷണം<br>• ആദരവ്<br>• സഹായമനോഭാവം<br>• സഹകരണ മനോഭാവം | • സ്വതന്ത്രകളികൾ<br>• കൂട്ടമായുള്ള പ്രവർത്തനങ്ങൾ<br>• ഊഴംകാക്കൽ കളി<br>• മുതിർന്നവരോട് സംസാരിക്കൽ<br>• മുതിർന്നവരെയും മറ്റുള്ളവരെയും സ്വാഗതം ചെയ്യൽ<br>• പിറന്നാൾ ആഘോഷിക്കൽ<br>• കടലാസ്സുകളും മറ്റും പ്രത്യേക സ്ഥലത്ത് മാത്രം നിക്ഷേപിക്കൽ<br>• ഒരുമിച്ച് ഭക്ഷണം കഴിക്കൽ | • പ്രകൃതിയാത്ര – ജീവികളോടും മറ്റും സ്നേഹം വളർത്തുന്ന പാവ നാടകങ്ങൾ<br>• കഥകൾ പാട്ടുകൾ മുതലായവ<br>• മുതിർന്നവരെ ബഹുമാനിക്കൽ സ്വാഗതം ചെയ്യൽ<br>• പഠനകളിക്കോപ്പുകൾ പങ്കുവയ്ക്കൽ<br>• പിറന്നാൾ ആഘോഷിക്കൽ<br>• ക്ലാസ്സ്മുറി വൃത്തിയാക്കൽ<br>• ഒരുമിച്ച് ഭക്ഷണം കഴിക്കൽ<br>• ചില കളികളിൽ നേതൃത്വപരമായ പങ്ക് ഏറ്റെടുക്കൽ | • കൂട്ടം ചേർന്നു കളിക്കൽ<br>• ഗ്രൂപ്പു പ്രവർത്തനങ്ങൾ നടത്തൽ<br>• കഥ, പാട്ടുകൾ കേൾക്കൽ<br>• പ്രകൃതി സ്നേഹം വളർത്തൽ<br>• എല്ലാവരെയും സ്വാഗതം ചെയ്യൽ<br>• മറ്റുള്ളവരോടും കൂട്ടുകാരോടും സ്നേഹത്തോടെ പെരുമാറൽ<br>• പഠനകളിക്കോപ്പുകൾ കൈമാറൽ<br>• പിറന്നാൾ ആഘോഷിക്കൽ<br>• ശിശുവിഹാര കേന്ദ്രവും ചുറ്റുപാടും വൃത്തിയാക്കൽ<br>• ഒരുമിച്ച് ഭക്ഷണം കഴിക്കൽ ഒരാൾ വിളമ്പിക്കൊടുക്കൽ (ഊഴമിട്ട്)<br>• നേതൃത്വപരമായ പങ്ക് |
| **വൈകാരികത**<br>• വികാരനിയന്ത്രണം<br>• സ്നേഹപ്രകടനം<br>• സഹതാപം | | • സ്വന്തമായി നാടകങ്ങൾ കളിക്കൽ<br>• ചെറുഗ്രൂപ്പിലുള്ള കളികൾ<br>• വിഭിന്നശേഷിയുള്ളവരെ സഹായിക്കൽ<br>• ശിശുസൗഹൃദ വീഡിയോ കാണൽ<br>• സഹജീവികളെ സംരക്ഷിക്കൽ,അവയ്ക്ക് ഭക്ഷണം നൽകൽ | • സ്വന്തമായി നാടകം കളിക്കൽ<br>• പാവകൾ ഉപയോഗിച്ച് നാടകം കളിക്കൽ<br>• ചെറുഗ്രൂപ്പിലുള്ള കളികൾ നടത്തൽ<br>• വിഭിന്നശേഷികളുള്ളവരെ സഹായിക്കൽ<br>• അത്തരം സ്ഥാപനങ്ങൾ സന്ദർശിക്കൽ<br>• സിനിമ, വീഡിയോ എന്നിവ കാണൽ<br>• ശിശുവിഹാരത്തിലെ അക്വേറിയം സംരക്ഷിക്കൽ |

## 5.11 ഭാഷാപരമായ വികാസം (Language development)






### 5.11.1 ഭാഷാപരമായ വികാസമേഖലയിലെ ഘടകങ്ങൾ

ഈ ഘടകങ്ങൾ വിപുലപ്പെടുത്തി യോജിച്ച പ്രവർത്തന സൂചനകൾ പട്ടികയായി നൽകിയിരിക്കുന്നു. ഇതനുസരിച്ച് പ്രവർത്തനാസൂത്രണം നടത്താം.


## ഭാഷാപരമായ വികാസം



കുട്ടിയുടെ തുടർപഠനത്തിനും ജീവിതവിജയത്തിനും ഏറെ സഹായകമാകുന്ന ഒന്നാണ് ഭാഷാവികസനം. അതുകൊണ്ടുതന്നെ ഭാഷാശേഷി വികസിപ്പിക്കുന്നതിന് യോജിച്ച അനുഭവ പ്രവർത്തനങ്ങൾ ലഭിക്കുന്നതിനുള്ള അവസരം ഉണ്ടാകണം. ആശയഗ്രഹണത്തിനും ഗ്രഹിച്ച ആശയം വിവിധ രീതികളിൽ (ഭാഷണം, ലേഖനം) പ്രകടിപ്പിക്കുന്നതിനും കഴിയുന്ന തരത്തിലുള്ള അടിത്തറ ഉറപ്പിക്കേണ്ട ഘട്ടമാണ് പ്രീ-സ്കൂൾ. ഓരോ ശിശുവിഹാരകേന്ദ്രത്തിലും ഭാഷാവികാസത്തിനുള്ള അന്തരീക്ഷം സൃഷ്ടിക്കണം. മാതൃഭാഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് പ്രാദേശിക ഭാഷയും പ്രയോജനപ്പെടുത്തണം. മറ്റുഭാഷകൾ കേൾക്കാനും പരിചയപ്പെടാനും സഹായിക്കുന്ന ഓഡിയോവിഷ്വൽ സാധ്യതകൾ പ്രായാനുസൃതമായി ഉപയോഗിക്കാവുന്നതാണ്.

| 3 - 4 പ്രായം | | 4 - 5 പ്രായം | | 5 - 6 പ്രായം | |
|---|---|---|---|---|---|
| ആർജിക്കേണ്ട ശേഷി | അനുഭവ പ്രവർത്തനങ്ങൾ | ആർജിക്കേണ്ട ശേഷി | അനുഭവ പ്രവർത്തനങ്ങൾ | ആർജിക്കേണ്ട ശേഷി | അനുഭവ പ്രവർത്തനങ്ങൾ |
| • ശ്രദ്ധിച്ചു കേൾക്കാനുള്ള കഴിവ്<br>• ശബ്ദം തിരിച്ചറിയൽ<br>• ആശയംഗ്രഹിക്കൽ<br>• ഭാഷണശേഷി വികസിക്കൽ<br>• പദസ്വാധീനം വർധിക്കൽ<br>• തടസ്സം കൂടാതെ വ്യക്തമായി സംസാരിക്കൽ<br>• (ആവശ്യങ്ങളും ചിന്തയും) ആശയവിനിമയ ശേഷി | • കാക്ക-കുയിൽ കളി<br>• ശബ്ദം തിരിച്ചറിയൽ കളി<br>• കഥകേൾക്കൽ<br>• പാട്ടു കേൾക്കൽ<br>• ആംഗ്യപ്പാട്ടുപാടൽ<br>• അനൗപചാരിക സംഭാഷണം<br>• കണ്ടതിനെക്കുറിച്ച് പറയൽ<br>• ചിത്രം നോക്കി പറയൽ<br>• വീടിനെക്കുറിച്ചും ഇഷ്ടമുള്ള കാര്യങ്ങളെക്കുറിച്ചും സംസാരിക്കൽ<br>• 'അമ്മയോട് പറയാം' കളി<br>• കഥതിരിച്ചുപറയൽ | • ശ്രദ്ധിച്ചു കേൾക്കാനുള്ള കഴിവ്<br>• ശബ്ദം തിരിച്ചറിയൽ<br>• ശ്രദ്ധാദൈർഘ്യം<br>• ആശയഗ്രഹണം<br>• വിമർശനചിന്ത<br>• ഭാഷണശേഷീവികാസം<br>• പദസ്വാധീനം വർധിപ്പിക്കൽ<br>• തടസ്സം കൂടാതെ വ്യക്തമായി സംസാരിക്കൽ<br>• ക്രമമായി സംസാരിക്കൽ<br>• സർഗാത്മക പ്രകടനം<br>• വായനയുടെ തയാറെടുപ്പ് (Reading Readiness) | • ഭാഷാപരമായ കളികൾ<br>• ശബ്ദാനുകരണക്കളികൾ<br>• കഥകേൾക്കൽ<br>• പാട്ടുകേൾക്കൽ<br>• നാടകം കാണൽ<br>• ചിത്രവായന<br>• ചിത്രത്തിലെ സംഭവങ്ങൾ പറയൽ<br>• ചിത്രത്തെക്കുറിച്ച് സംസാരിക്കൽ<br>• നിർമിച്ച കളിപ്പാട്ടത്തെക്കുറിച്ച് സംസാരിക്കൽ<br>• വരച്ച ചിത്രത്തെക്കുറിച്ച് പറയൽ<br>• കണ്ടകാര്യങ്ങൾ പറയൽ<br>• വീട്ടുകാരെക്കുറിച്ച് സംസാരിക്കൽ | • ശ്രദ്ധിച്ചു കേൾക്കാനുള്ള കഴിവ്<br>• ഭാഷണ ശേഷീ വികാസം<br>• പദസ്വാധീനം വർധിപ്പിക്കൽ<br>• വലിയ വാക്യങ്ങൾ ഉപയോഗിക്കൽ<br>• സംഭാഷണം നടത്തൽ<br>• വിവരിക്കുകയും ചർച്ച നടത്തുകയും ചെയ്യൽ<br>• സർഗാത്മക കഴിവുകൾ വികസിക്കൽ | • വിവിധ തരത്തിലുള്ള ഭാഷാകേളികൾ<br>• പാവകൾ/മാസ്ക് ഉപയോഗിച്ച് സംഭാഷണം<br>• ചിത്രപോസ്റ്റർ ഉപയോഗിച്ചുള്ള വായന<br>• കഥ തയാറാക്കൽ<br>• ചിത്രകഥവായന<br>• പാട്ട് നിർമിക്കൽ<br>• അഭിനയിക്കൽ<br>• റോൾപ്ലേ നടത്തൽ<br>• സംഭവങ്ങൾ, അനുഭവങ്ങൾ വിവരിക്കൽ<br>• ഗ്രൂപ്പ് ചർച്ചകൾ നടത്തൽ<br>• ചിത്രങ്ങളെക്കുറിച്ച് അഭിപ്രായം പറയൽ<br>• വായനാമൂല ഒരുക്കൽ |

| 3 – 4 പ്രായം | | 4 – 5 പ്രായം | | 5 – 6 പ്രായം | |
|---|---|---|---|---|---|
| **ആർജിക്കേണ്ട ശേഷി** | **അനുഭവ പ്രവർത്തനങ്ങൾ** | **ആർജിക്കേണ്ട ശേഷി** | **അനുഭവ പ്രവർത്തനങ്ങൾ** | **ആർജിക്കേണ്ട ശേഷി** | **അനുഭവ പ്രവർത്തനങ്ങൾ** |
| | • പ്രകൃതിയാത്ര നടത്തൽ, കണ്ടതും കേട്ടതും പറയൽ<br>• 'ഞാനൊന്നു കാണുന്നുണ്ട്.' കളി<br>• ടെലഫോൺ സംഭാഷണങ്ങൾ<br>• ചിത്രത്തോട് ചോദിക്കാം | • കാണുന്നവ തിരിച്ചറിയൽ<br>• കേട്ടകാര്യങ്ങൾ തിരിച്ചറിയൽ (പദം-അക്ഷരം ശബ്ദം)<br>• കണ്ടതും കേട്ടതും യോജിപ്പിക്കൽ | • ചിത്രങ്ങൾ ചേർത്ത് കഥ മെനയൽ<br>• കഥ ക്രമമായി പറയൽ<br>• സംഭവങ്ങൾ ക്രമമായി പറയൽ<br>• പുസ്തകത്തിലെ ചിത്രം നോക്കി ഉച്ചത്തിൽ വായിക്കൽ<br>• ചിത്രം നോക്കി വായിക്കൽ<br>• ചിത്രം – സംഭവം – ഇവ തിരിച്ചറിഞ്ഞ് പ്രകടിപ്പിക്കൽ<br>• അഭിനയിക്കൽ<br>• പാവകളിപ്പിക്കൽ<br>• ചിത്രവും വിവരണവും തമ്മിൽ യോജിപ്പിക്കൽ | • വായനയ്ക്കുള്ള തയാറെടുപ്പ്<br>•<br>•<br>•<br>•<br>• | • ചിത്രകഥാപുസ്തകങ്ങൾ, കുട്ടികളുടെ മാസികകൾ നൽകൽ<br>• മുതിർന്നവരുടെ വായന കേൾക്കൽ<br>• ചിത്രവായന<br>• ചിത്രത്തിലെ ആശയം പറയൽ<br>• ചിത്രത്തിൽ നിന്ന് കഥ മെനയൽ<br>• ചിത്രവും പേരും തമ്മിൽ ബന്ധിപ്പിക്കൽ<br>• Action ചിത്രങ്ങൾ വായിക്കൽ<br>• പലതരംവായനാ സാമഗ്രികൾ ഒരുക്കി വായനാന്തരീക്ഷം സൃഷ്ടിക്കൽ<br>• വിവിധഭാഷകളിലുള്ള വീഡിയോ കാണൽ – കേൾക്കൽ. |




| 3 – 4 പ്രായം | | 4 – 5 പ്രായം | | 5 – 6 പ്രായം | |
|---|---|---|---|---|---|
| ആർജിക്കേണ്ട ശേഷി | അനുഭവ പ്രവർത്തനങ്ങൾ | ആർജിക്കേണ്ട ശേഷി | അനുഭവ പ്രവർത്തനങ്ങൾ | ആർജിക്കേണ്ട ശേഷി | അനുഭവ പ്രവർത്തനങ്ങൾ |
| | | • എഴുത്തിനുള്ള തയാറെടുപ്പ് | • ചിത്രം വര<br>• ചിത്രത്തിനു നിറം നൽകൽ<br>• എഴുത്തുമൂല ഒരുക്കൽ<br>• കട്ടൗട്ടിലൂടെയുള്ള വര<br>• കഥ ചിത്രീകരിക്കൽ<br>• പാട്ട് ചിത്രീകരിക്കൽ<br>• ചിത്രത്തിന് താഴെ പേരെഴുതൽ<br>• ചിത്രപുസ്തകങ്ങൾ,<br>• വഴി കണ്ടെത്തൽ പോലുള്ള ചിത്രപസിലുകൾ പൂർത്തിയാക്കൽ<br>•<br>• | • എഴുത്തിനുള്ള തയാറെടുപ്പ് | • ചിത്രത്തിനു നിറം നൽകൽ<br>• ബുള്ളറ്റിൻ ബോർഡിൽ നിർദേശങ്ങൾ എഴുതിവയ്ക്കൽ<br>• സ്വന്തമായി ചിത്രം വരച്ച് നിറം നൽകൽ<br>• കട്ടൗട്ടിലൂടെ വരയ്ക്കൽ<br>• വിവിധതരം പസിലുകൾ പൂർത്തിയാക്കൽ<br>• സ്വന്തം ചിത്രത്തിന് പേരുനൽകൽ<br>• മുതിർന്നവരുടെ എഴുത്ത് കാണൽ<br>• കുത്തുകൾ യോജിപ്പിച്ച് ചിത്രം പൂർത്തിയാക്കൽ<br>• അക്ഷരചിത്രങ്ങൾ വരയ്ക്കൽ<br>• കടലാസ് രൂപങ്ങൾ നിർമിക്കൽ<br>• 'സിമ്പിൾ ഒറിഗാമി' ഉണ്ടാക്കി അടിയിൽ പേരെഴുതൽ.<br>• പാറ്റേണുകൾ വരയ്ക്കൽ, നിർമിക്കൽ<br>• ചിത്രം പൂർത്തിയാക്കൽ<br>• സൂചനാചിഹ്നങ്ങൾ, നിർദേശക ചിത്രങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് പ്രകടിപ്പിക്കുന്നതിനുള്ള കളി. |



## 5.12 വൈജ്ഞാനിക വികാസം (Cognitive development)






### 5.12.1 വൈജ്ഞാനിക വികാസമേഖലയിലെ ഘടകങ്ങൾ

ഈ ഘടകങ്ങൾ വിപുലപ്പെടുത്തി യോജിച്ച പ്രവർത്തനസൂചനകൾ പട്ടികയായി നൽകിയിരിക്കുന്നു. ഇതനുസരിച്ച് പ്രവർത്തനാസൂത്രണം നടത്താം.

## വൈജ്ഞാനിക വികാസം



ശിശുവികാസമേഖലയിൽ പ്രധാനപ്പെട്ട മേഖലയാണ് വൈജ്ഞാനിക വികാസം. കുട്ടി തന്റെ ചുറ്റുപാടിനെ അറിയുകയും മനസ്സിലാക്കുകയും ചെയ്യുന്ന പ്രക്രിയയെ വൈജ്ഞാനിക വികാസമെന്ന് ലളിതമായി പറയാം. പഞ്ചേന്ദ്രിയ വികാസം, നിരീക്ഷിക്കൽ, ഓർമ്മിക്കൽ, പ്രശ്നപരിഹരണശേഷി, ആശയം / ധാരണകൾ തുടങ്ങിയ മേഖലയിൽ മികവുണ്ടാക്കുന്ന തരത്തിലുള്ള കൊച്ചുകൊച്ചു അനുഭവപ്രവർത്തനങ്ങളിൽ ചിലതാണ് പട്ടികയിൽ നൽകിയിരിക്കുന്നത്.

| 3 – 4 പ്രായം | | 4 – 5 പ്രായം | | 5 – 6 പ്രായം | |
|---|---|---|---|---|---|
| **ആർജിക്കേണ്ട ശേഷി** | **അനുഭവ പ്രവർത്തനങ്ങൾ** | **ആർജിക്കേണ്ട ശേഷി** | **അനുഭവ പ്രവർത്തനങ്ങൾ** | **ആർജിക്കേണ്ട ശേഷി** | **അനുഭവ പ്രവർത്തനങ്ങൾ** |
| • പഞ്ചേന്ദ്രിയവികാസം<br>• കാണൽ<br>• കേൾക്കൽ<br>• രുചിക്കൽ<br>• മണക്കൽ<br>• സ്പർശിക്കൽ | • ശബ്ദം തിരിച്ചറിയൽ കളി<br>• 'ചിത്രത്തിൽ ആരൊക്കെ' കളി<br>• ഫീലിങ് ബാഗ്<br>• തൊട്ടുനോക്കി പറയാം<br>• മണത്തുനോക്കി പറയാം<br>• ചോദ്യോത്തരപ്പാട്ട്<br>• രുചിച്ചുനോക്കാം. | • പഞ്ചേന്ദ്രിയ വികാസം | • ശബ്ദം തിരിച്ചറിയൽ കളി<br>• ഫീലിങ് ബാഗ്<br>• ഭക്ഷണസമയത്ത് രുചി, മണം എന്നിവയെക്കുറിച്ച് ചർച്ച<br>• ചിത്രവും ഭക്ഷണസാധനങ്ങളുമായി ബന്ധിപ്പിക്കൽ<br>• വസ്തുപറയുമ്പോൾ രുചി അഭിനയിക്കൽ<br>• തൊട്ടതു പറയൽ<br>• പ്രകൃതിയാത്ര<br>• 'ചൂട് തണുപ്പ്' കളി | • പഞ്ചേന്ദ്രിയ വികാസം | • ഫീലിങ് ബാഗ് പ്രവർത്തനം<br>• പ്രകൃതിയാത്ര<br>• വിവിധ കാർഡുകൾ നൽകി സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിക്കൽ<br>• ഭക്ഷണ സാധനങ്ങളുടെ രുചിപറയൽ<br>• അഭിനയിക്കൽ (രുചിപറയുമ്പോൾ)<br>• ഭക്ഷണ സമയത്ത് രുചി, മണം എന്നിവയെക്കുറിച്ച് ചർച്ച<br>• ഭക്ഷണപ്പാട്ട്<br>• ചിത്രവായന<br>• 'ചൂട് തണുപ്പ്' കളി |

| 3 - 4 പ്രായം | | 4 - 5 പ്രായം | | 5 - 6 പ്രായം | |
|---|---|---|---|---|---|
| ആർജിക്കേണ്ട ശേഷി | അനുഭവ പ്രവർത്തനങ്ങൾ | ആർജിക്കേണ്ട ശേഷി | അനുഭവ പ്രവർത്തനങ്ങൾ | ആർജിക്കേണ്ട ശേഷി | അനുഭവ പ്രവർത്തനങ്ങൾ |
| • ഓർമിക്കൽ, നിരീക്ഷിക്കൽ | • ഓർമപരിശോധിക്കൽ കളി<br>• 'മേശപ്പുറത്ത് എന്തെല്ലാം' നിരീക്ഷണക്കളി<br>• ചിത്രത്തിലെ നഷ്ടപ്പെട്ട ഭാഗം വരച്ചു ചേർത്ത് പറയുക.<br>• പ്രകൃതിയാത്ര | • ഓർമിക്കൽ നിരീക്ഷിക്കൽ | • ഓർമ പരിശോധനക്കളി (എണ്ണം കൂട്ടണം)<br>• നിരീക്ഷണക്കളി<br>• ചിത്രത്തിൽ നിന്ന് വ്യത്യാസം കണ്ടെത്തൽ<br>• ചിത്ര ക്കാർഡുകൾ നോക്കി പക്ഷികൾ, മൃഗങ്ങൾ മുതലായവ തരംതിരിക്കൽ | • ഓർമിക്കൽ, നിരീക്ഷിക്കൽ | • ഓർമപരിശോധനക്കളി<br>• നിരീക്ഷണക്കളി<br>• പ്രകൃതിയാത്ര<br>• ചിത്രത്തിലെ വ്യത്യാസം കണ്ടെത്തി ചിത്രീകരിക്കൽ<br>• ലഘുപരീക്ഷണം<br>• വസ്തുക്കൾ, ചിത്രങ്ങൾ തരംതിരിക്കൽ |
| • തരംതിരിക്കൽ | • വിവിധ വസ്തുക്കൾ നിറത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിക്കൽ | • തരംതിരിക്കൽ | • ചിത്രങ്ങളെയും വസ്തുക്കളെയും തരം തിരിക്കൽ<br>• നിറത്തിന്റെ കളി | • തരംതിരിക്കൽ | • നിറമുള്ള ബ്ലോക്കുകൾ ഉപയോഗിച്ച് തരം തിരിക്കൽ<br>• പല തരം ഇലകൾ, പൂക്കൾ തരംതിരിക്കൽ<br>• വലുപ്പത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കൽ. |
| • ക്രമമായി ചിന്തിക്കൽ | • വീട്ടിലെ സംഭവങ്ങൾ, ക്ലാസ്സിൽ നടക്കുന്ന കാര്യങ്ങൾ ക്രമമായി പറയൽ<br>• കഥപറയൽ | • ക്രമമായി ചിന്തിക്കൽ<br>• യുക്തിപരമായ വസ്തുക്കൾ - ചിത്രങ്ങൾ സംഭവങ്ങൾ ക്രമീകരിക്കൽ | • കഥ ക്രമമായി പറയൽ<br>• വസ്തുക്കൾ - കളർ, ആകൃതി പാറ്റേൺ തയാറാക്കൽ<br>• രൂപങ്ങൾ മുറിച്ചെടുത്ത് ക്രമമായി ഒട്ടിക്കൽ<br>• ഇലകൾ പൂവുകൾ പാറ്റേൺ ഉണ്ടാക്കൽ<br>• ചിത്രത്തിൽ വരച്ചു ചേർക്കൽ. | • ക്രമമായി ചിന്തിക്കൽ<br>• യുക്തിപരമായ വസ്തുക്കൾ - ചിത്രങ്ങൾ സംഭവങ്ങൾ ക്രമീകരിക്കൽ | • കഥ ക്രമമായി പറയൽ<br>• കഥ നിർമിക്കൽ<br>• കഥയിലെ സംഭവങ്ങൾ ക്രമമായി പറയൽ<br>• കഥാചിത്രങ്ങൾ ക്രമീകരിക്കൽ<br>• വസ്തുക്കൾ, ചിത്രങ്ങൾ എന്നിവ ക്രമീകരിക്കൽ<br>• രൂപങ്ങൾ ക്രമീകരിച്ച് പ്രദർശനം നടത്തൽ<br>• 'ഞാൻ കടയിൽ |

| 3 – 4 പ്രായം | | 4 – 5 പ്രായം | | 5 – 6 പ്രായം | |
|---|---|---|---|---|---|
| ആർജിക്കേണ്ട ശേഷി | അനുഭവ പ്രവർത്തനങ്ങൾ | ആർജിക്കേണ്ട ശേഷി | അനുഭവ പ്രവർത്തനങ്ങൾ | ആർജിക്കേണ്ട ശേഷി | അനുഭവ പ്രവർത്തനങ്ങൾ |
| | | | | | പോയി' – കളി<br>• പേരുപറയൽ കളി<br>• വസ്ത്രങ്ങൾ ക്രമീകരിക്കൽ |
| • പ്രശ്നപരിഹരണ ശേഷി നേടൽ<br>• കാര്യകാരണ ബന്ധം കണ്ടെത്തൽ ശേഷി നേടൽ<br>• കൊച്ചു കൊച്ചു പ്രശ്നങ്ങൾക്ക് പരിഹാരം | • ചിത്ര പസിലുകൾ പൂർത്തിയാക്കൽ (ലഘു)<br>• ജിഗ്സോ പസിൽ (4 കഷണം)<br>• വിവിധ ജ്യാമിതീയ രൂപങ്ങൾ നിർമിക്കൽ<br>• ബന്ധമുള്ളവ കണ്ടെത്തൽ (പാന്റ് ഷർട്ട്)<br>• വ്യത്യാസം കണ്ടെത്തൽ | • പ്രശ്നപരിഹരണ ശേഷി – കാര്യകാരണ ബന്ധം കണ്ടെത്തൽ ശേഷി നേടൽ | • ചിത്രപസിലുകൾ പൂർത്തിയാക്കൽ<br>• ജിഗ്സോ പസിൽ (5 കഷണം)<br>• ജ്യാമിതീയ രൂപങ്ങൾ പൂർത്തിയാക്കൽ (ടാൻഗ്രാം)<br>• ബന്ധം കണ്ടെത്തൽ<br>• വ്യത്യാസം കണ്ടെത്തി ചിത്രീകരിക്കൽ | • പ്രശ്നപരിഹരണ ശേഷി – കാര്യകാരണ ബന്ധം കണ്ടെത്തൽ ശേഷി നേടൽ | • ചിത്രപസിലുകൾ പൂർത്തീകരിക്കൽ<br>• ജിഗ്സോപസിലുകൾ (7 വരെ കഷണങ്ങൾ)<br>• ജ്യാമിതീയ രൂപങ്ങൾ പൂർത്തിയാക്കൽ<br>• ടാൻഗ്രാം ചിത്രങ്ങൾ നിർമിക്കൽ<br>• ബന്ധം കണ്ടെത്തൽ (matching cards)<br>• വ്യത്യാസം കണ്ടെത്തൽ |
| • ആശയധാരണകളുടെ വികാസം<br>– നിറങ്ങൾ | • നിറങ്ങളുമായി ബന്ധപ്പെട്ട പാട്ടുകൾ കഥകൾ മുതലായവ<br>• പല നിറങ്ങളിലുള്ള കാർഡുകൾ, ബാഡ്ജ്<br>• ബുള്ളറ്റിൻ ബോർഡിൽ നിറങ്ങൾ | • ആശയധാരണകളുടെ വികാസം<br>– നിറങ്ങൾ | • 'നിറങ്ങൾ നിറങ്ങൾപാട്ട്'<br>• നിറങ്ങൾ തിരിച്ചറിയൽ കളി<br>• നിറം നൽകൽ<br>• നിറങ്ങൾ പലതരത്തിൽ ക്രമീകരിക്കൽ | • ആശയധാരണകളുടെ വികാസം<br>– നിറങ്ങൾ | • നിറങ്ങളുമായി ബന്ധപ്പെട്ട കഥ<br>• ചിത്രപുസ്തകത്തിൽ യോജിച്ച നിറം നൽകൽ<br>• പല നിറത്തിലുള്ള ബിൽഡിങ് ബ്ലോക്സ് – കാർഡുകൾ ഉപയോഗിച്ചുള്ള പ്രവർത്തനം<br>• നിറമൂല<br>• പലനിറത്തിലുള്ള ഒറിഗാമി<br>• നിറങ്ങൾ പല പാറ്റേണുകളിൽ ക്രമീകരിക്കൽ – മുത്തുകൾ, കാർഡുകൾ മുതലായവ |

| 3 - 4 പ്രായം | | 4 - 5 പ്രായം | | 5 - 6 പ്രായം | |
|---|---|---|---|---|---|
| ആർജിക്കേണ്ട ശേഷി | അനുഭവ പ്രവർത്തനങ്ങൾ | ആർജിക്കേണ്ട ശേഷി | അനുഭവ പ്രവർത്തനങ്ങൾ | ആർജിക്കേണ്ട ശേഷി | അനുഭവ പ്രവർത്തനങ്ങൾ |
| | | | • ലൈറ്റ് - ഡാർക്ക്<br>• നിറ ക്കാർഡു കളി (duster കളി രീതി)<br>• പ്രകൃതിയാത്ര<br>• നിറങ്ങൾ കൂട്ടിച്ചേർക്കൽ ലഘുപരീക്ഷണം<br>• പ്രകൃതിയിലെ നിറങ്ങൾ പരിചയപ്പെടൽ കളി | | • നിറം ചാർത്തൽ<br>• നിറക്കാർഡ് കളി (duster കളി)<br>• പ്രകൃതിയാത്ര<br>• ബാഡ്ജ് നിർമാണം<br>• നിത്യപരിചിത സാമഗ്രി കളുമായി ബന്ധിപ്പി ച്ചുള്ള കളി<br>• എന്റെ നിറം ആകാശ ത്തിന്റേത്<br>• എന്റെ നിറം ഇലയ്ക്കു ണ്ട്. (mask - പപ്പറ്റ് ഉപ യോഗിക്കാം)<br>• പ്രകൃതിവസ്തുക്കൾ കൊണ്ട് നിറം നൽകൽ<br>• നിറങ്ങൾ കൊണ്ട് ലഘു പരീക്ഷണം<br>• പലനിറത്തിലുള്ള ചിത്ര ങ്ങൾ ശേഖരിക്കൽ |
| • ആകൃതി | • ആകൃതികൾ തിരിച്ചറി യൽ കളി<br>- തടിച്ചത്<br>- വട്ടത്തിലുള്ളത്<br>- നീളത്തിലുള്ളത്<br>• പാട്ടുകൾ, കഥകൾ, പാവനാടകം എന്നിവ<br>• വിവിധ ആകൃതിയിലുള്ള കഷണങ്ങൾ ഉപയോ ഗിച്ച് രൂപങ്ങൾ നിർമി ക്കൽ<br>• കട്ടൗട്ട് രൂപങ്ങൾ വര യ്ക്കൽ | • ആകൃതി | • നിത്യപരിചിതമായ ആകൃതികൾ പറയൽ<br>• വട്ടം, ചതുരം എന്നിവ തിരിച്ചറിയൽ<br>• വിവിധ കളിക്കോപ്പുകൾ ഉപയോഗിച്ച് കളിക്കൽ<br>• പന്ത് ഉരുട്ടൽ<br>• പാട്ടുകൾ, കഥകൾ റോൾപ്ലേ എന്നിവയി ലൂടെ | • ആകൃതി | • നിത്യപരിചിത ആകൃ തികൾ പറയൽ<br>• വട്ടം ചതുരം - ത്രികോണം - ആർച്ച്<br>• ആകൃതികൾ വര യ്ക്കൽ<br>• ആകൃതിയും വസ്തുവും ബന്ധിപ്പി ക്കൽ<br>• പാട്ടുകൾ, കഥകൾ എന്നിവയിലൂടെ ആകൃതി തിരിച്ചറിയൽ<br>• Odd man out പസിലു കൾ |

| 3 – 4 പ്രായം | | 4 – 5 പ്രായം | | 5 – 6 പ്രായം | |
|---|---|---|---|---|---|
| **ആർജിക്കേണ്ട ശേഷി** | **അനുഭവ പ്രവർത്തനങ്ങൾ** | **ആർജിക്കേണ്ട ശേഷി** | **അനുഭവ പ്രവർത്തനങ്ങൾ** | **ആർജിക്കേണ്ട ശേഷി** | **അനുഭവ പ്രവർത്തനങ്ങൾ** |
| | | | • വിവിധ ആകൃതിയിലുള്ള സാധനങ്ങൾ ശേഖരിക്കൽ | | • വിവിധ ആകൃതിയിലുള്ള കാർഡുകൾ, ബോക്സുകൾ ഉപയോഗിച്ച് രൂപങ്ങൾ നിർമിക്കൽ<br>• ആകൃതിയിൽ മുറിച്ചെടുക്കൽ ഒട്ടിക്കൽ – ഒട്ടിച്ചു ചേർത്ത് രൂപങ്ങൾ ഉണ്ടാക്കൽ<br>• വിവിധ ആകൃതിയിലുള്ള സാധനങ്ങൾ ശേഖരിക്കൽ |
| • പ്രകൃതിപ്രതിഭാസം<br>– സ്ഥലം | • പാട്ടുകൾ, കഥകൾ<br>• 'മുകളിൽ താഴെ' കളി | | • കഥകൾ പാട്ടുകൾ പാവനാടകം<br>• മുകളിൽ താഴെ കളി | | • കഥകൾ<br>• പാട്ടുകൾ<br>• പാവനാടകം<br>• അനുഭവം പറയൽ<br>• കഥകൾ വായിച്ചു കേൾപ്പിക്കൽ<br>• ദൃശ്യങ്ങൾ കാണൽ<br>• മുകളിൽ താഴെ കളികൾ |
| – സമയം | – രാത്രി,പകൽ കളി<br>– രാവിലെ<br>– ഉച്ച<br>– വൈകുന്നേരം | • പ്രകൃതിപ്രതിഭാസങ്ങൾ<br>– സമയം | – രാത്രി – പകൽ – കളി പാട്ട്, കഥ<br>– രാവിലെ<br>– ഉച്ച<br>– വൈകുന്നേരം | • പ്രകൃതിപ്രതിഭാസങ്ങൾ സമയം<br>– സ്ഥലം | – രാത്രി,പകൽ കളി<br>– രാവിലെ<br>– ഉച്ച<br>– വൈകുന്നേരം |
| • ചുറ്റുപാടിനെ അറിയൽ | – പ്രകൃതിയാത്ര<br>– ചെടികൾക്ക് വെള്ളം നനയ്ക്കുക.<br>– വെജിറ്റബിൾ പ്രിന്റിങ് | – സമയം | – പ്രകൃതിയാത്ര<br>– വിവിധ ജീവികളെ നേരിൽ കാണൽ<br>– വീഡിയോ ദൃശ്യങ്ങൾ കാണൽ | – സമയം | – കഥാപ്പാട്ട്<br>– റോൾ പ്ലേ<br>– ക്ലോക്ക് നിർമിക്കൽ<br>– പ്രകൃതിയാത്ര<br>– മൃഗങ്ങൾ, പക്ഷികൾ, |


| 3 - 4 പ്രായം | | 4 - 5 പ്രായം | | 5 - 6 പ്രായം | |
|---|---|---|---|---|---|
| ആർജിക്കേണ്ട ശേഷി | അനുഭവ പ്രവർത്തനങ്ങൾ | ആർജിക്കേണ്ട ശേഷി | അനുഭവ പ്രവർത്തനങ്ങൾ | ആർജിക്കേണ്ട ശേഷി | അനുഭവ പ്രവർത്തനങ്ങൾ |
| | - ഇല- മൃഗശാല | • ചുറ്റുപാടിനെ അറിയൽ | - ചെടികൾ നടൽ - സംരക്ഷിക്കൽ<br>- പഴം, പച്ചക്കറി കളി<br>- ഫ്രൂട്ട് സലാഡ് കളി<br>- ചിത്രം വര<br>- വെജിറ്റബിൾ പ്രിന്റിങ്<br>- ഇല - മൃഗശാല | • ചുറ്റുപാടിനെ അറിയൽ<br>• വെള്ളം<br>• വായു<br>• ആകാശം<br>• ഭൂമി<br>(ഈ മേഖലയിൽ ഇനിയും ധാരാളം പ്രവർത്തനങ്ങൾ ഒരുക്കാൻ കഴിയണം. | ചെറുജീവികൾ, ചെടികൾ ഇവയെ നേരിൽ കാണൽ. അവയെ നിരീക്ഷിക്കൽ<br>- വീഡിയോ ദൃശ്യങ്ങൾ കാണൽ<br>- ചെടികൾ തിരിച്ചറിയൽ<br>- ജീവികൾ, കട്ടൗട്ട് ഉപയോഗിച്ചുള്ള വിവിധ പ്രവർത്തനങ്ങൾ<br>- 'പഴം പച്ചക്കറി' കളി<br>- ഫ്രൂട്ട് സലാഡ് കളി<br>- ചിത്രംവര<br>- വെജിറ്റബിൾ പ്രിന്റിങ്<br>- ഇല ആൽബം<br>- ഇല - മൃഗശാല<br>- പിക്ചർ ആൽബം |
| • പ്രാഗ് - ഗണിതശേഷി വികസിക്കൽ | • ഗണിതപ്പാട്ടുകൾ<br>• കഥകേൾപ്പിക്കൽ<br>• ഗണിതകേളികൾ<br>• ചിത്രവായന<br>ചെറുത്, വലുത്<br>നീളം, ഉയരം<br>• ഇലകൾ, വസ്തുക്കൾ എന്നിവ ഉപയോഗിച്ചുള്ള ഗണിതകളികൾ<br>• മാലകോർക്കൽ പാറ്റേൺ<br>• മുത്തുകോർക്കൽ പാറ്റേൺ | • പ്രാഗ് - ഗണിതം<br>- സ്ഥലം | • ഗണിതപ്പാട്ടുകൾ<br>• കഥകേൾപ്പിക്കൽ<br>• ഗണിതകേളികൾ<br>• ചിത്രവായന<br>ചെറുത് , വലുത്<br>എണ്ണവുമായി താരതമ്യം<br>• എണ്ണവും ചിത്രവും തമ്മിൽ ബന്ധിപ്പിക്കൽ<br>• തീപ്പെട്ടി, ബ്ലോക്കുകൾ എന്നിവ എണ്ണത്തിനനുസരിച്ച് ക്രമീകരിക്കൽ<br>• പ്രകൃതിയാത്ര | • പ്രാഗ് - ഗണിതം | • ഗണിതപ്പാട്ടുകൾ<br>• കഥകേൾക്കൽ - പറയൽ<br>• ഗണിതകേളികൾ<br>• ചിത്രവായന എത്ര? എന്ന രൂപത്തിൽ<br>• നമ്പറും ചിത്രവും ബന്ധിപ്പിക്കൽ<br>• തീപ്പെട്ടി, ബ്ലോക്കുകൾ എന്നിവ എണ്ണത്തിനനുസരിച്ച് ക്രമീകരിക്കൽ<br>• ചെറുതിൽ നിന്ന് വലുതിലേക്ക് ക്രമീകരിക്കൽ |

| 3 – 4 പ്രായം | | 4 – 5 പ്രായം | | 5 – 6 പ്രായം | |
|---|---|---|---|---|---|
| ആർജിക്കേണ്ട ശേഷി | അനുഭവ പ്രവർത്തനങ്ങൾ | ആർജിക്കേണ്ട ശേഷി | അനുഭവ പ്രവർത്തനങ്ങൾ | ആർജിക്കേണ്ട ശേഷി | അനുഭവ പ്രവർത്തനങ്ങൾ |
| | | | | • ഗണിതാശയവുമായി ബന്ധിപ്പിക്കൽ<br>• ഒന്നു മുതൽ 5 വരെ എണ്ണൽ, എഴുതൽ<br>• നമ്പർ പാവകൾ ക്രമീകരിക്കൽ<br>• തൂക്കം – ഉയരം എന്നിവ നോക്കൽ<br>• കളിത്രാസ് നിർമാണം | • ലഘുവായ വിവിധ പാറ്റേൺ രൂപീകരിക്കൽ<br>• പ്രകൃതിയാത്ര ഗണിതാശയവുമായി ബന്ധിപ്പിക്കൽ<br>• ചിത്രം വരച്ച് എണ്ണം എഴുതൽ<br>• ഒന്നുമുതൽ 5 വരെ എണ്ണൽ എഴുതൽ<br>• 1 – 20 വരെ പരിചയപ്പെടൽ<br>• നമ്പർ പാവകൾ റോൾ പ്ലേ<br>• സ്വയം തൂക്കവും ഉയരവും കണ്ടെത്തൽ<br>• ബഞ്ചിന്റെ നീളം അളക്കൽ (ഈർക്കിൽ)<br>– കളിത്രാസ് നിർമാണം, വിവിധ വസ്തുക്കൾ തൂക്കി നോക്കൽ<br>– മാർക്കറ്റ് കളി |



## 5.13 സർഗാത്മകവും സൗന്ദര്യാത്മവുമായ വികാസം (Creative and Aesthetic Development)







### 5.13.1 സർഗാത്മകവും സൗന്ദര്യാത്മകവുമായ വികാസമേഖലയിലെ ഘടകങ്ങൾ

ഈ ഘടകങ്ങൾ വിപുലപ്പെടുത്തി യോജിച്ച പ്രവർത്തന സൂചനകൾ പട്ടികയായി നൽകിയിരിക്കുന്നു. ഇതനുസരിച്ച് പ്രവർത്തനാസൂത്രണം നടത്താം.

## സർഗാത്മകവും സൗന്ദര്യാസ്വാദനപരവുമായ വികാസം



കുട്ടികളിലെ സർഗാത്മകമായ കഴിവുകൾ വളർത്തിയെടുക്കുന്നതിനും അവരെ നല്ല സൗന്ദര്യാസ്വാദനശേഷി ഉള്ളവരാക്കാനും ഈ മേഖല ലക്ഷ്യമിടുന്നു. സർഗാത്മകമായി ചിന്തിച്ച് പലതരം നിർമാണ പ്രവർത്തനങ്ങളിൽ ഇടപെടുവിക്കുന്നതിലൂടെയാണ് ഈ മേഖല വികസിക്കുന്നത്. ഇതിന് സഹായിക്കുന്ന ചില പ്രവർത്തന സൂചനകളാണ് പട്ടികയിൽ നൽകിയിരിക്കുന്നത്.

| 3 – 4 പ്രായം | | 4 – 5 പ്രായം | | 5 – 6 പ്രായം | |
|---|---|---|---|---|---|
| ആർജിക്കേണ്ട ശേഷി | അനുഭവ പ്രവർത്തനങ്ങൾ | ആർജിക്കേണ്ട ശേഷി | അനുഭവ പ്രവർത്തനങ്ങൾ | ആർജിക്കേണ്ട ശേഷി | അനുഭവ പ്രവർത്തനങ്ങൾ |
| • ചിത്രരചന<br>• നിറം നൽകൽ<br>• പ്രിന്റിംഗ്<br>• കീറൽ, മുറിക്കൽ, ഒട്ടിക്കൽ<br>• മോഡലിങ്<br>• ഒറിഗാമി<br>• കടലാസ്സ് രൂപങ്ങൾ നിർമിക്കൽ | • ചിത്രം വര, നിറം നൽകൽ<br>• വിവിധ രൂപങ്ങൾ നിർമിക്കൽ<br>• പ്രകൃതി സൗന്ദര്യാസ്വാദനം<br>• ചിത്രാസ്വാദനം<br>• ദൃശ്യങ്ങൾ (വീഡിയോ)<br>• കഥപറയൽ<br>• പാട്ടുപാടിക്കളിക്കൽ<br>• റോൾപ്ലേ കാണൽ, ചെയ്യൽ | • സർഗാത്മകവികാസം | • ചിത്രംവര<br>• നിറം നൽകൽ<br>• കൊളാഷ് നിർമാണം<br>• വിവിധ രൂപങ്ങൾ നിർമിക്കൽ<br>• ഒറിഗാമി രൂപങ്ങൾ ക്രമീകരിച്ച് ഒട്ടിക്കൽ<br>• പ്രകൃതിയാത്ര<br>• ചിത്രം<br>• വീഡിയോദൃശ്യങ്ങൾ കാണൽ<br>• ചിത്രമൂല തയാറാക്കൽ<br>• കഥപറയൽ<br>• പാട്ടുകേൾക്കൽ<br>• റോൾ പ്ലേ<br>• നാടകങ്ങൾ കാണൽ | • സർഗാത്മക വികാസം | • ചിത്രം വര<br>• നിറം നൽകൽ<br>• കൊളാഷ് നിർമിക്കൽ<br>• കളിമണ്ണു രൂപങ്ങൾ ഉണ്ടാക്കൽ<br>• വിവിധതരം പാവകളുടെ നിർമാണം<br>• കളിപ്പാട്ടങ്ങൾ നിർമിക്കൽ<br>• ഒറിഗാമിരൂപങ്ങൾ ക്രമീകരിച്ച് ഒട്ടിക്കൽ<br>• പ്രകൃതിയാത്ര<br>• വീഡിയോദൃശ്യങ്ങൾ കാണൽ<br>• ചിത്രമൂല ഒരുക്കൽ (കുട്ടികൾ)<br>• കഥപറയൽ<br>• പാട്ടുകേൾക്കൽ<br>• റോൾപ്ലേ<br>• നാടകങ്ങൾ കാണൽ |



## 5.14 സവിശേഷപ്രവർത്തനങ്ങൾ (Inclusive care)

ഓരോ പ്രായത്തിലും കുട്ടി നേടേണ്ട ശേഷികൾ തീരുമാനിച്ച് യോജിച്ച അനുഭവ പ്രവർത്തനങ്ങൾ നൽകണം. ആവശ്യത്തിന് അനുഭവങ്ങൾ ലഭിച്ചിട്ടും ചില മേഖലകളിൽ വികാസം സംഭവിക്കാത്ത കുട്ടികളും ശിശുവിഹാരകേന്ദ്രത്തിൽ/പ്രീ–സ്കൂളിൽ ഉണ്ടാകാം. ഓരോ പ്രായത്തിലും ക്രമാനുഗതമായി നേടേണ്ട ശേഷീവികാസം നേടാത്ത–ശിശുവികസനത്തിൽ വ്യത്യസ്തത പുലർത്തുന്നവർ (Variable development), വിഭിന്നശേഷിയുള്ളവർ (differently abled), പ്രത്യേക പരിഗണനയർഹിക്കുന്നവർ (CWSN) – തുടങ്ങിയ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് മറ്റു കുട്ടികൾക്കൊപ്പം പ്രവർത്തനങ്ങൾ തയാറാക്കി നൽകാൻ കഴിയണം കൂടാതെ പ്രത്യേകമായ സവിശേഷാനുഭവപ്രവർത്തനങ്ങൾ തയാറാക്കി നൽകണം. ഇങ്ങനെ ചെയ്യുമ്പോൾ പിന്നാക്കാവസ്ഥയിലുള്ള മേഖലയുടെ വികാസം ഒരുപരിധിവരെ ഉയർത്താനും പൊതുധാരയിലേക്ക് എത്തിക്കാനും സാധിക്കും. അധ്യാപിക പ്രീ സ്കൂൾ പ്രവർത്തനങ്ങൾ ഒരുക്കുമ്പോൾ ഇവർക്ക് യോജിച്ച പ്രവർത്തനങ്ങൾ തയാറാക്കുകയും ആവശ്യമായ പഠനകളിക്കോപ്പുകൾ ഉപയോഗിക്കുകയും വേണം. ഇവരെ പ്രത്യേകമായി മാറ്റി നിർത്തുന്നു എന്ന തോന്നൽ ഇല്ലാതിരിക്കാൻ തക്ക തുല്യപരിഗണന നൽകണം.


**INCLUSIVE CARE**

- Differently abled
- Variable Development
- Children with Special Needs

## 5.15 പ്രീ-സ്കൂൾ കളിപ്രവർത്തനങ്ങൾ

**(ഉദാഹരണം)**

**3-4 പ്രായം**



### ചിത്രവായന

ചിത്രത്തിൽ കാണുന്നത് പറയുന്നു.

പൊതുവായും വ്യക്തിഗതമായും അവസരം നൽകുന്നു.

**നിറം നൽകാം. ഒട്ടിക്കാം**

ചിത്രം കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ക്രയോൺ ഉപയോഗിച്ച് നിറം നൽകുന്നു. പരസ്പരം കാണുന്നു. ചിത്രമൂലയിൽ ഒട്ടിക്കുന്നു. വരച്ച ചിത്രത്തെക്കുറിച്ച് സംസാരിക്കുന്നു.

അധ്യാപിക വരച്ച് നിറം നൽകിയ ചിത്രം പ്രദർശിപ്പിക്കുന്നു. അഭിപ്രായം പറയാൻ നിർദേശിക്കുന്നു. നിറം -വലുപ്പം-പൂമ്പാറ്റ-പൂവ് തുടങ്ങിയവ ചർച്ചയിൽ ഉയർന്നുവരണം.


**പാട്ടുപാടാം**

കുട്ടികളും ടീച്ചറും ചേർന്ന് പാടിക്കളിക്കുന്നു. (ചിത്രവുമായി ബന്ധപ്പെട്ട പാട്ട്)

(Inclusive care : നിറം നൽകാൻ അധ്യാപിക സഹായിക്കുന്നു).

| | മേഖല | സ്വയം വിലയിരുത്തൽ |
|---|---|---|
| ചിത്രം നിരീക്ഷിക്കൽ<br>ചിത്രങ്ങൾ പരസ്പരം വിലയിരുത്തലും താരതമ്യവും നിറം തിരിച്ചറിയൽ | വൈജ്ഞാനിക വികാസം | |
| പാട്ടുപാടി കളിക്കൽ<br>ചിത്രത്തിന് നിറം നൽകൽ<br>ഒട്ടിക്കൽ | ശാരീരിക-ചാലക വികാസം | |
| പാട്ട് പാടൽ<br>ചിത്രത്തെക്കുറിച്ച് സംസാരിക്കൽ<br>പൂവ്-പൂമ്പാറ്റ, പദങ്ങൾ കേൾക്കൽ | ഭാഷാവികാസം | |
| ഒട്ടിക്കുന്നതിന് ഊഴം കാക്കൽ<br>ക്രയോൺ പരസ്പരം കൈമാറൽ | സാമൂഹികം - വൈകാരികം | |
| ചിത്രം ആസ്വദിക്കൽ<br>ടീച്ചർ വരച്ച വലിയ ചിത്രം ആസ്വദിക്കൽ<br>ചിത്രത്തിൽ നിന്ന് പാട്ട് | സർഗാത്മക-സൗന്ദര്യാത്മക വികാസം | |

**4 - 5 പ്രായം**





### ചിത്രവായന -

ചിത്രത്തിൽ കാണുന്നവ പറയുന്നതിന് അവസരം. ഓരോ ആളും ഇഷ്ടപ്പെട്ടത് പറയുന്നു. ഇഷ്ടപ്പെടാനുള്ള കാരണം പറയുന്നു. സ്വന്തം അനുഭവം പറയുന്നു.

### ചിത്രത്തിന് നിറം നൽകൽ

വരച്ചുചേർക്കൽ. കുട്ടികൾക്ക് ചിത്രം വിതരണം ചെയ്യുന്നു. ക്രയോൺ - പെൻസിൽ ഉപയോഗിച്ച് യോജിച്ച നിറം നൽകുന്നു. വരച്ചു ചേർക്കുന്നു.

പരസ്പരം നോക്കി വിലയിരുത്തി പറയുന്നു. അധ്യാപിക വരച്ച ചിത്രവുമായി താരതമ്യം ചെയ്യുന്നു. കുട്ടികൾക്ക് പറയാൻ അവസരം നൽകുന്നു. ചിത്രത്തിലെ നിരീക്ഷണ സാധ്യത പ്രയോജനപ്പെടുത്തുന്നു. ചിത്രമൂലയിൽ ക്രമമായി ഒട്ടിക്കുന്നു. എല്ലാവരും ചിത്രം നോക്കി അഭിപ്രായം പറയുന്നു.

### വലിയവൻ/ ചെറിയവൻ

ചിത്രത്തിൽ വലിയ പൂവ്, വലിയ പൂമ്പാറ്റ - ചെറിയ പൂവ് - ചെറിയ പൂമ്പാറ്റ എന്നിങ്ങനെ പറയാൻ അവസരം.

### കഥമെനയാം

അധ്യാപികയുടെ സഹായത്തോടെ കുട്ടികൾ കഥ പറയുന്നു. പൂർത്തിയായശേഷം കഥ - ഏതെങ്കിലും ഒരു കുട്ടി പറയുന്നു. ആവശ്യമെങ്കിൽ അധ്യാപിക/കുട്ടികൾ കൂട്ടിച്ചേർക്കുന്നു. പ്രോത്സാഹനമായി കൈയടിക്കുന്നു.

### ചിത്രംവര

ഇഷ്ടമുള്ള ചിത്രം വരച്ച് നിറം നൽകുന്നു. വരച്ച ചിത്രം മറ്റുള്ളവരെ കാണിക്കുന്നു. അഭിപ്രായങ്ങൾ നിർദേശങ്ങൾ സ്വീകരിക്കുന്നു.

### നിറംചാർത്താം

കടലാസ്സിൽ പൂക്കൾ ഉരച്ച് കളിക്കുന്നു. കൈ വൃത്തിയാക്കുന്നു. ക്ലാസ് വൃത്തിയാക്കുന്നു.


### പാട്ടുപാടാം

അധ്യാപികയും കുട്ടികളും ചേർന്ന് പാട്ടുപാടി കളിക്കുന്നു.

| പ്രവർത്തനം | മേഖലമേഖല | സ്വയം വിലയിരുത്തൽ |
|---|---|---|
| ചിത്രവായന, അനുഭവം പറയൽ, നിരീക്ഷണം പറയൽ, പദങ്ങൾ പറയാൻ അവസരം, കഥാപ്പാട്ട്. | ഭാഷാവികാസം | |
| ചിത്രം നിരീക്ഷിക്കൽ, ചുറ്റുപാടുമായി താരതമ്യം ചെയ്യൽ, പരസ്പര വിലയിരുത്തൽ, ലഘുപരീക്ഷണം പൂക്കളുടെ നിറം ക്രമമായി ഒട്ടിക്കൽ, ചിത്രം പൂർത്തിയാക്കൽ. | വൈജ്ഞാനിക വികാസം | |
| ചിത്രംവര, പാട്ടുപാടി കളിക്കൽ, നിറം കൊടുക്കൽ, ഒട്ടിക്കൽ. | ശാരീരിക-ചാലക വികാസം | |
| കൂട്ടുചേർന്ന് പ്രവർത്തിക്കൽ, പരസ്പരം പങ്കുവയ്ക്കൽ, ഊഴം കാക്കൽ, കൈവൃത്തിയാക്കൽ, ക്ലാസ് വൃത്തിയാക്കൽ | സാമൂഹികം - വൈകാരികം | |
| ചിത്രം ആസ്വദിക്കുന്നു. ചിത്രത്തിൽ നിറം നൽകുന്നു. പാട്ട് താളത്തിൽ പാടുന്നു. കഥ ആസ്വദിക്കുന്നു | സർഗാത്മകം<br>സൗന്ദര്യാത്മകം | |
| പൂവ് കൊണ്ട് നിറം നൽകുമ്പോൾ മറ്റൊന്നായി മാറുന്നു (ചിത്രം) | സർഗാത്മകം<br>സൗന്ദര്യാത്മകം | |
| ചിത്രവായന, ചിത്രം നിരീക്ഷിച്ചു വായിക്കൽ, കഥ മെനയൽ | പ്രാഗ് വായന | |
| ചിത്രംവര - ചിത്രം പൂർത്തിയാക്കൽ | പ്രാഗ് ലേഖനം | |
| വലിയ പൂവ്    വലിയ പൂമ്പാറ്റ<br>ചെറിയ പൂവ്    ചെറിയ പൂമ്പാറ്റ | പ്രാഗ് ഗണിതം | |



**5-6 പ്രായം**



## ചിത്രവായന

ചിത്രത്തോട് ചോദ്യം ചോദിക്കൽ

- നിറമെന്ത് നിറമെന്ത് പൂമ്പാറ്റേ നിന്റെ നിറമെന്ത്?
- നിറമെന്ത് നിറമെന്ത് പൂവേ നിന്റെ നിറമെന്ത്?

കുട്ടികൾക്ക് സ്വതന്ത്രമായി ചോദിക്കാനും പറയുവാനും അവസരം നൽകുന്നു.

## ചിത്രനിരീക്ഷണം

കുട്ടികൾക്ക് ചിത്രം വിതരണം ചെയ്യുന്നു.

കൈയിൽ കിട്ടിയ ചിത്രം നിരീക്ഷിക്കാൻ ആവശ്യപ്പെടുന്നു. കണ്ടെത്തലുകൾ ഓരോരുത്തരായി പറയുന്നു.

## ചിത്രത്തിൽ നിറം നൽകൽ

പെയിന്റും ബ്രഷും ഉപയോഗിച്ച് കുട്ടികൾ ചിത്രത്തിന് നിറം നൽകുന്നു.

പെയിന്റും ബ്രഷും പരസ്പരം കൈമാറുന്നു. ചിത്രങ്ങൾ ഗ്രൂപ്പിൽ വിലയിരുത്തുന്നു. കുട്ടികൾ അവരവരുടെ നിർദേശങ്ങൾ പറയുന്നു. മെച്ചപ്പെടുത്തുന്നു. കൈ വൃത്തിയാക്കുന്നു. ബ്രഷ്, പാത്രം വൃത്തിയാക്കുന്നു.

## എന്റെ ചിത്രവും ടീച്ചറിന്റെ ചിത്രവും

ആദ്യം പ്രദർശിപ്പിച്ച ചിത്രവുമായി സ്വന്തം ചിത്രത്തെ ഓരോരാളും താരതമ്യം ചെയ്തു വിലയിരുത്തുന്നു. അധ്യാപിക കൂട്ടിച്ചേർക്കുന്നു.

## ചിത്രമൂലയിലേക്ക്


വരച്ച ചിത്രങ്ങൾ ഓരോ ഗ്രൂപ്പും അവരവർക്ക് അനുവദിച്ച സ്ഥലത്ത് ഭംഗിയായി ഒട്ടിക്കുന്നു. എല്ലാവരുടെയും അഭിപ്രായത്തെ മാനിച്ച് പൊതുലേഔട്ട് ഉണ്ടാക്കുന്ന തരത്തിലേക്ക് കുട്ടിയെ ഉയർത്താൻ അധ്യാപിക പ്രത്യേകം ശ്രദ്ധിക്കുന്നു. പ്രോത്സാഹനം നൽകുന്നു. പ്രയാസമുള്ളവരെ മറ്റുള്ളവർ സഹായിക്കുന്നു.

## ഇനിയൊരു പാട്ടുപാടാം

കുട്ടികളും ടീച്ചറും ചേർന്ന് താളത്തിൽ അഭിനയിച്ച് പാടുന്നു.

"പൂവുകൾ തേടും പൂമ്പാറ്റ
പൂന്തേനുണ്ണും പൂമ്പാറ്റ
പൂമ്പൊടി പേറും പൂമ്പാറ്റ
പൂവിലിരിക്കും പൂമ്പാറ്റ
ലലല്ല ലലല്ല ലലലാ (2)"


- ഒറ്റയായും കൂട്ടമായും കുട്ടികൾ പാടിക്കളിക്കുന്നു. സ്വതന്ത്രമായി കളിക്കാൻ അവസരം.
- സ്വന്തമായി ചിത്രംവര - പേരെഴുതൽ
- ചിത്രത്തിൽ എത്രപേർ-
- പൂമ്പാറ്റ, പൂവ് നിർമാണം, പാവ നിർമാണം.
- സംഭാഷണം
- പ്രകൃതി യാത്ര
- പൂക്കൾകൊണ്ട് പൂവ് വര - ചിത്രത്തിലെ നിറം മാറ്റൽ, ലഘുപരീക്ഷണം



| | | |
|---|---|---|
| കൂട്ടുചേർന്ന് ചിത്രരചന, സാമഗ്രികൾ കൈമാറൽ. ഒട്ടിക്കൽ – അഭിപ്രായം സ്വീകരിക്കൽ – സ്വന്തം അഭിപ്രായം പറയൽ – കൈ കഴുകൽ – പരിസരം വൃത്തിയാക്കൽ തുടങ്ങിയവ | സാമൂഹികം – വൈകാരികം | |
| ചിത്രവായന – ചോദ്യം ചോദിക്കൽ, അഭിപ്രായം പറയൽ, കഥ, പാട്ട്, സംഭാഷണം. | ഭാഷാവികാസം | |
| ചിത്രം നിരീക്ഷണം, പ്രകൃതിയുമായി ബന്ധിപ്പിക്കൽ, ചിത്ര താരതമ്യം, നിറം, ലഘുപരീക്ഷണം തുടങ്ങിയവ. | വൈജ്ഞാനിക വികാസം | |
| ചിത്രം വര, നിറം നൽകൽ, നിർമാണം, ആംഗ്യപ്പാട്ട് തുടങ്ങിയവ. | ശാരീരിക–ചാലക വികാസം | |
| ചിത്രത്തിൽ നിറം നൽകൽ – പ്രത്യേക രീതിയിൽ ഒട്ടിക്കൽ (ലേഔട്ട്) പ്രകൃതി ആസ്വാദനം, പാട്ട് ആസ്വദിക്കൽ, ചിത്രത്തിലെ നിറം മാറ്റം ആസ്വദിക്കൽ തുടങ്ങിയവ | സർഗാത്മകം സൗന്ദര്യാത്മകം | |
| ചിത്രവായന – കഥ നിർമിക്കൽ | പ്രാഗ് വായന | |
| ചിത്രം വര – പേരെഴുതൽ പൂമ്പാറ്റയെ പൂവിൽ എത്തിക്കൽ | പ്രാഗ് ലേഖനം | |
| വലുത് ചെറുത് നീളമുള്ളത്, കുറഞ്ഞത്. 3 പൂമ്പാറ്റ, 2 ഉറുമ്പ്, 5 പൂവ്. | പ്രാഗ് ഗണിതം | |

ഓരോ പ്രായത്തിലുമുള്ള കുട്ടികൾക്കുവേണ്ടി വ്യത്യസ്ത നിലവാരത്തിലുള്ള ഉദ്ഗ്രഥിത പ്രവർത്തനങ്ങളാണ് മുകളിൽ നൽകിയിരിക്കുന്നത്. പ്രാദേശിക വഴക്കമനുസരിച്ച് അധ്യാപികയ്ക്ക് ആവശ്യമായ മാറ്റം വരുത്താവുന്നതാണ്. എന്നാൽ കുട്ടിക്ക് ലഭിക്കേണ്ട വികാസം ലഭിച്ചുവെന്ന് ഉറപ്പാക്കണം. നിരന്തരമായി കുട്ടിയെ വിലയിരുത്തിവേണം അതുറപ്പുവരുത്താൻ. ഒരു പ്രവർത്തനത്തിലൂടെ മാത്രം ഒരു മേഖലയുടെ വികാസം പൂർണമാകില്ല. ഓരോ ദിവസവും ഏറ്റക്കുറച്ചിലോടെ എല്ലാ മേഖലയെയും പരിഗണിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. ഒരു തീം കഴിയുമ്പോൾ ചെക്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി മെച്ചപ്പെടുത്താൻ സാധിക്കണം.


## 5.16 മേഖലകളും അനുഭവങ്ങളും (അധ്യാപികയുടെ ചെക്ക്ലിസ്റ്റ്) മാസം :




| മേഖല | സ്വയം വിലയിരുത്തൽ ചെക്ക് ലിസ്റ്റ് | |
|---|---|---|
| ശാരീരിക-ചാലകവികാസം | സ്ഥൂലപേശി | |
| | സൂക്ഷ്മ പേശി | |
| | പേശികളുടെ ഏകോപനം | |
| വൈജ്ഞാനിക വികാസം | ആശയ ധാരണ | |
| | പഞ്ചേന്ദ്രിയാനുഭവം | |
| | യുക്തി-ഗണിത ചിന്ത | |
| | പ്രാഗ്-ഗണിതം-പ്രശ്നപരിഹരണം | |
| ഭാഷാവികാസം | ഭാഷണം | |
| | വിവിധഭാഷകൾ കേൾക്കാൻ (ഓഡിയോ വീഡിയോ, ..etc) | |
| | ആശയഗ്രഹണം | |
| | ആശയസ്വീകരണം | |
| | പ്രാഗ്-വായന | |
| | പ്രാഗ് ലേഖനം | |
| സാമൂഹികം വൈകാരികം | വൈകാരിക നിയന്ത്രണം | |
| | സ്വഭാവ ശീലങ്ങൾ | |
| | സാമൂഹിക ഇടപെടൽ | |
| സർഗാത്മകവും സൗന്ദര്യാത്മകവുമായ വികാസം | നിർമാണം, കഥ | |
| | പാട്ട് | |
| | മോഡലിങ് | |
| | ഒറിഗാമി | |
| | ചിത്രം വര | |
| | നിറം കൊടുക്കൽ | |
| | പ്രകൃതി യാത്ര | |
| | താളാത്മക ചലനങ്ങൾ | |
| | പാട്ട് കേൾക്കൽ ആസ്വദിക്കൽ | |
| | വീഡിയോ ദൃശ്യങ്ങൾ കണ്ട് വായിക്കൽ | |

## 5.17 ശിശുപ്രവർത്തകയുടെ മുന്നൊരുക്കം

സൂക്ഷ്മമായ മുന്നൊരുക്കം ഏതൊരു പ്രവർത്തനത്തിന്റെയും വിജയത്തിന് അത്യാവശ്യമാണ്. 3-6 വയസ്സുള്ള കുട്ടികളുമായി ഇടപെടുന്നതിലും കുട്ടികൾ ഇടപെടുന്ന സ്ഥാപനത്തിനും ചുറ്റുപാടിനും ചില പ്രത്യേകതകൾ ഉണ്ടായിരിക്കണം. കുട്ടികൾക്ക് ആകർഷകമായ അന്തരീക്ഷം പ്രദാനം ചെയ്യാൻ കഴിയണം.




ശിശുവിഹാര കേന്ദ്രത്തിന്റെ അകവും പുറവും ആകർഷകവും ശിശുസൗഹൃദപരവുമായിരിക്കണം




## 5.18 ലേണിംഗ് പ്ലാൻ (Learning Plan) (ദൈനംദിനം)

ഒരു തീമിനെ സമഗ്രമായി കണ്ടുകൊണ്ട് ഓരോ വികാസമേഖലയ്ക്കും യോജിച്ച അനുഭവപ്രവർത്തനങ്ങൾ മുൻകൂട്ടി തീരുമാനിക്കണം. ഓരോ ദിവസത്തേക്കും ആവശ്യമായ അനുഭവപ്രവർത്തനങ്ങൾ സന്ദർഭാനുസരണം കോർത്തിണക്കി ദൈനംദിനാസൂത്രണം (അധ്യാപികയുടെ നോട്ട്) തയാറാക്കണം. ഇതിന് പ്രത്യേക രൂപമോ - ഇതു തന്നെയാകണമെന്നോ നിർബന്ധമില്ല. എന്നാൽ പ്രക്രിയാബന്ധിതമായും പ്രവർത്തനാധിഷ്ഠിതമായും കുട്ടികൾക്ക് രസകരവും ആനന്ദദായകവുമായ രീതിയിലും അനുഭവപ്രവർത്തനങ്ങൾ ഒരുക്കാൻ ഇത്തരമൊരു രേഖപ്പെടുത്തൽ അത്യാവശ്യമാണ്. മേഖലകൾ വിട്ടുപോകാതെ കുട്ടികളെ നിരന്തരം വിലയിരുത്താനും അധ്യാപികയെ ഇതു സഹായിക്കും.




- വ്യക്തിഗത സ്വതന്ത്ര കളികൾ
- ശിശുനിയന്ത്രിത ദൈനംദിന പ്രവർത്തനങ്ങൾ

- ഗ്രൂപ്പ് നിയന്ത്രിത കളികൾ
- അധ്യാപിക നൽകുന്ന പുതിയ പ്രവർത്തനങ്ങൾ സംഭവങ്ങൾ

NCF Position Paper - Page 43; Balanced Timetable

**ലേണിംഗ് പ്ലാൻ പ്രത്യേകത**

- പ്രവർത്തനങ്ങൾക്ക് ഔപചാരിക തുടക്കവും ഒടുക്കവുമില്ല
- കുട്ടിയുടെ ഇഷ്ടാനുസരണം തുടങ്ങാം അവസാനിപ്പിക്കാം
- പ്രാദേശികമായ അവസരങ്ങൾ സന്ദർഭങ്ങൾ പ്രയോജനപ്പെടുത്തിയുള്ളതാണ്
- പ്രവർത്തനങ്ങൾക്കാവശ്യമായ പഠനകളിക്കോപ്പുകൾ മുൻകൂട്ടി തയാറാക്കിയിട്ടുണ്ട്

തീം : പൂക്കൾ



**ഉദ്ദേശ്യങ്ങൾ :** ചുറ്റുപാടുമുള്ള ജീവികളെ നിരീക്ഷിക്കുന്നതിന്.

കഥകൾ, പാട്ടുകൾ എന്നിവ നിർമിക്കുന്നതിന്, പറയുന്നതിന്, താളാത്മകമായി പാടി അവതരിപ്പിക്കുന്നതിന്.

ചിത്രത്തിൽ നിറം നൽകുന്നതിന്, ചിത്രം നിരീക്ഷിച്ച് ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നതിന്, പ്രാഗ് ഗണിതശേഷി വികസിപ്പിക്കുന്നതിന്.

**സാമഗ്രി :** ചിത്രച്ചാർട്ട്, ചിത്രങ്ങൾ, പെയിന്റ്, ബ്രഷ്, ക്രയോൺ, പെൻസിൽ

(വയസ്സ് 5–6)

| പ്രവർത്തനങ്ങൾ | നിരീക്ഷണങ്ങൾ |
|---|---|
| • കുട്ടികളുമായി കുശലഭാഷണം നടത്തുന്നു.<br>• ചിത്രവായന : ചിത്രച്ചാർട്ട് പ്രദർശിപ്പിക്കുന്നു. ചാർട്ടിൽ കാണുന്നവ പറയുന്നു. അധ്യാപികയുടെ കൂട്ടിച്ചേർക്കൽ<br>• ചിത്രത്തോട് ചോദിക്കൽ : കുട്ടി കൊച്ചുകൊച്ചു ചോദ്യങ്ങൾ കൂട്ടമായും വ്യക്തിഗതമായും ചോദിക്കുന്നു. കൂട്ടുകാരോട് ചോദിക്കുന്നു. (സ്വന്ത്രമായി)<br>• ചിത്രനിരീക്ഷണം : ചിത്രത്തെ നിരീക്ഷിക്കാൻ നിർദേശിക്കുന്നു. ഓരോ കുട്ടിക്കും ഓരോ ചിത്രം വിതരണം ചെയ്യുന്നു. കണ്ടെത്തലുകൾ ഓരോരുത്തരായി പറയുന്നു.<br>• ചിത്രത്തിൽ നിറം ചാർത്തൽ.<br>കുട്ടികൾ പെയിന്റും ബ്രഷും ഉപയോഗിച്ച് നിറം നൽകുന്നു. പരസ്പരം കൈമാറി വിലയിരുത്തുന്നു. അഭിപ്രായങ്ങൾ കേൾക്കാനും സ്വയം തിരുത്തി മെച്ചപ്പെടാനും അവസരം ഒരുക്കുന്നു.<br>• സ്വന്തം ചിത്രവും നേരത്തെ പ്രദർശിപ്പിച്ച ടീച്ചറിന്റെ ചിത്രവും തമ്മിൽ താരതമ്യം ചെയ്യുന്നു. കണ്ടെത്തലുകൾ പറയാൻ ഓരോരാൾക്കും അവസരം ഒരുക്കുന്നു. കൈ വൃത്തിയാക്കൽ ക്ലാസ് വൃത്തിയാക്കൽ<br>• ചിത്രമൂലയിൽ ചിത്രം ഒട്ടിക്കുന്നു. ഓരോ ഗ്രൂപ്പിനും നിർദേശിച്ച സ്ഥലത്ത് ഭംഗിയായി ഒട്ടിക്കുന്നു. എല്ലാവരും കണ്ടതിനുശേഷം അഭിപ്രായം പറയൽ<br>• ചിത്രത്തിൽ നിന്ന് കഥ, പാട്ട് നിർമിക്കുന്നു. താളത്തിൽ പാടി കളിക്കുന്നു.<br>• ചിത്രത്തിൽ എത്രപേർ-കുട്ടികൾ കണ്ടെത്തി പറയുന്നു<br>• സ്വന്തമായി ചിത്രം വരച്ച് പേരെഴുതുന്നു<br>• പൂമ്പാറ്റ-പൂവ് എന്നിവ നിർമിക്കുന്നു. ഒട്ടിക്കുന്നു.<br>• ചുറ്റുപാടും നടക്കുന്നു (പ്രകൃതിയാത്ര). കാണുന്നവയെക്കുറിച്ചും പൂക്കളെക്കുറിച്ചും പറയുന്നു. പൂക്കളുടെ നിറങ്ങൾ തിരിച്ചറിയുന്നു. | |




**വിലയിരുത്തൽ കോളം –** കുട്ടിയുടെ ശാരീരികവും മാനസികവും വൈജ്ഞാനികവും സാമൂഹികവുമായ മാറ്റങ്ങൾ അധ്യാപിക നിരന്തരമായി വിലയിരുത്തുന്നു. കുട്ടിയെ മെച്ചപ്പെടുത്താനും അധ്യാപികയ്ക്കു സ്വയം മെച്ചപ്പെടാനും വിലയിരുത്തൽ പേജിലെ പ്രതികരണ ത്തിലൂടെ സാധിക്കണം. മാസത്തിൽ പഞ്ചായത്തുത ലത്തിൽ കൂടിയിരിക്കുമ്പോൾ സ്വന്തം അനുഭവങ്ങൾ ഓരോ അധ്യാപികയും അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും വേണം.

**വാർഷികരൂപരേഖ –** ഒരു വർഷക്കാലം നീണ്ടു നിൽക്കുന്ന അനുഭവപ്രവർത്തനങ്ങൾ ചിട്ടയോടെ തുടർച്ചയായി നൽകണമെങ്കിൽ സമഗ്രമായ ആസൂ ത്രണം ആവശ്യമാണ്. ഈ ആസൂത്രണത്തിൽ പ്രാദേ ശിക സാധ്യതകൾ പരിഗണിക്കണം. പ്രായോഗികവും കാര്യക്ഷമവും വഴക്കമുള്ളതുമായ ഒരു പ്രവർത്തന സമയക്രമം ഉണ്ടാകണം. അധ്യാപികയ്ക്കു തുടർന്ന് സൂക്ഷ്മതലാസൂത്രണം നടത്തുന്നതിന് ഈ വാർഷി കരൂപരേഖ അത്യാവശ്യമാണ്.

## Reference


1) NCERT (2005) - NCF
2) SCERT (2007) - KCF
3) SCERT (2007) പ്രീ-പ്രൈമറി നയരേഖ
4) Venita Kaul (2009) Early Childhood Education Programmes
5) Romila Soni (2009) Trainer's Handbook in Early Childhood Care and Education
6) Romila Soni (2005) Little steps : Readiness for reading, writing and number work : A manual for pre-school teacher.
7) Fr. T.V. Kunnunkal-et al (1995) The Future school-strategies in the class room, Education and Planning group, Delhi
8) Joanne Hendrick - et al (1993) Early Childhood Education Curriculum Resource Handbooks, Kraus International Publication
9) J.C.Aggarwal, S. Gupta (2007) Early childhood care and Education, Shipra
10) സംസ്ഥാന ശിശുക്ഷേമ സമിതി (2002) ക്രഷ് അധ്യാപികമാർക്കും ആയമാർക്കും വേണ്ടി നട ത്തുന്ന ഹ്രസ്വകാല റിഫ്രഷ് കോഴ്സ് – പരിശീ ലന രൂപരേഖ.



# 6. പ്രീ-സ്കൂൾ അന്തരീക്ഷം

6.1 കുട്ടികളുടെ താൽപര്യങ്ങൾ

6.2 പ്രീ- സ്കൂൾ ലക്ഷ്യങ്ങൾ

6.3 ഭൗതികഘടന

6.4 ഫർണിച്ചർ

6.5 പഠനോപാധികൾ

6.6 കളിസ്ഥലം

6.7 പ്രീസ്കൂൾ പ്രവേശന പ്രായം

6.8 ക്ലാസ് വിഭജനം

6.9 സൂക്ഷിക്കേണ്ടരേഖകൾ

6.10 പഠനസാഹചര്യം

6.11 പ്രീ- സ്കൂൾ പ്രവർത്തനസംവിധാനം

6.12 അധ്യാപികയുടെ കടമകൾ

6.13 അധ്യാപിക എങ്ങിനെ ആയിരിക്കണം

6.14 പ്രവർത്തനസമയം



# 6. പ്രീ-സ്കൂൾ അന്തരീക്ഷം

ശിശുവികസന പ്രക്രിയ സമ്പുഷ്ടമാകുന്നതിൽ ആന്തരികഘടകങ്ങളും (ജനിതകവും, ജീവശാസ്ത്രപരവും) ചുറ്റുവട്ടവും (അനുഭവാന്തരീക്ഷം) ഒരേ പോലെ സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണെന്ന് വ്യക്തമാണ്. ഈ ഘടകങ്ങളിൽ ആസൂത്രിതമായി രൂപപ്പെടുത്താൻ കഴിയുന്നത് 'ചുറ്റുവട്ടത്തിൽ' ഉൾപ്പെടുന്ന സംവിധാനങ്ങളും ശിശുവിന്റെ അനുഭവങ്ങളുമാണ്. ഈ ആസൂത്രിതചുറ്റുവട്ടം പ്രദാനം ചെയ്യാൻ കഴിയുന്നത് മുഖ്യമായും പ്രീ-സ്കൂൾ അന്തരീക്ഷത്തിനാണ്. ഇതിൽ ഭൗതിക ഘടനയെ സംബന്ധിച്ച് വ്യത്യസ്തമായ കാഴ്ചപ്പാടുകൾ നിലവിലുണ്ട്. തണലുള്ള തുറസ്സായ സ്ഥലം എന്ന സങ്കല്പം കേരളത്തിലെ കാലാവസ്ഥയ്ക്ക് യോജിച്ചതല്ല. പഠനോപാധികളും, ബോധനോപാധികളും പ്രദർശിപ്പിക്കാനും സൂക്ഷിക്കാനുമുള്ള സംവിധാനത്തിലും പരിമിതികളുണ്ട്. കെട്ടിട സൗകര്യങ്ങൾ നിലവാരം കുറഞ്ഞതാണെങ്കിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും താൽപ്പര്യം തോന്നുകയില്ല.

പ്രീസ്കൂൾ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ സഫലമാകണമെങ്കിൽ സ്ഥാപനത്തിന്റെ ഭൗതികാന്തരീക്ഷം, സ്കൂൾ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവഹിക്കാൻ പര്യാപ്തമായ വിധത്തിൽ സജ്ജീകരിക്കണം. ശിശുക്കൾക്ക് യഥേഷ്ടം വിഹരിക്കുവാനുള്ള സ്ഥലം, കളിക്കുവാനുള്ള ഇടം കളി ഉപകരണങ്ങൾ, പഠനോപാധികൾ തുടങ്ങിയ കാര്യങ്ങളിലെല്ലാം ഉണ്ടാവേണ്ട അവശ്യ നിലവാരം (minimum Standards) എന്തെന്ന് നിഷ്കർഷിക്കേണ്ടത് അത്യാവശ്യമാണ്. അധ്യാപികയുടെയും ആയയുടെയും യോഗ്യത,ശിശുക്കളുടെ പ്രവേശനമാനദണ്ഡം ക്ലാസുകളുടെ തരംതിരിവ്, സ്കൂൾ സമയക്രമം തുടങ്ങിയ കാര്യങ്ങളിലും വ്യക്തമായ നിർദേശങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഇതിനെല്ലാം ആധാരമാക്കേണ്ടത് കുട്ടികളുടെ താൽപ്പര്യങ്ങൾ ആണ്.

## 6.1 കുട്ടികളുടെ താൽപര്യങ്ങൾ

- സ്വതന്ത്രമായി ചലിക്കുന്നതിനും, കളിക്കുന്നതിനുമുള്ള സൗകര്യം
- അപകടരഹിതമായ സംവിധാനം
- ആകർഷണീയതയും പുനർനിർമാണ സാധ്യതയും
- പ്രകൃതി സസ്യലതാദികളും ജന്തുജാലവും
- ജിജ്ഞാസ വളർത്തുന്നതും, ജ്ഞാനതൃഷ്ണ ശമിപ്പിക്കുന്നതിനുമുള്ള ഉപാധികൾ
- കായിക പ്രവർത്തനത്തിനും മുന്നൊരുക്ക പ്രവർത്തനങ്ങൾക്കും സാധ്യത
- കലാപരമായ പ്രവർത്തനങ്ങൾക്കുള്ള വേദി, സ്നേഹം, പരിലാളന, സുരക്ഷിതത്വം എന്നിവയുടെ ലഭ്യത

## 6.2 പ്രീ-സ്കൂൾ ലക്ഷ്യങ്ങൾ

- പ്രവേശിക്കപ്പെടുന്ന മുഴുവൻ ശിശുക്കൾക്കും പാഠ്യപദ്ധതിയിൽ നിർദേശിച്ചിട്ടുള്ള പ്രീ-സ്കൂൾ വിദ്യാഭ്യാസ ലക്ഷ്യങ്ങൾ പൂർണമായും ലഭ്യമാകത്തക്കവിധത്തിൽ സൗകര്യങ്ങൾ, അനുഭവങ്ങൾ, പങ്കാളിത്തം തുടങ്ങിയ ഉറപ്പാക്കുക
- ശിശുക്കളുടെ വിഭിന്ന ശേഷികൾക്കും സാമൂഹിക പിന്നാക്കാവസ്ഥകൾക്കും സവിശേഷമായ ഇടപെടലുകൾക്കും പ്രത്യേക പരിഗണന ഉറപ്പുവരുത്തുക
- സാമൂഹ്യ ബോധനം വഴി രക്ഷാകർത്തൃ വിദ്യാഭ്യാസവും പങ്കാളിത്തവും ഉറപ്പുവരുത്തുക

## 6.3 ഭൗതികഘടന

- **സ്ഥലവിസ്തൃതി:** പ്രീ സ്കൂളുകൾക്ക് ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 30 സെൻറും പട്ടണപ്രദേശങ്ങളിൽ 20 സെന്റും ഭൂമി ഉണ്ടായിരിക്കണം. അങ്കണവാടികൾക്ക് സാമൂഹ്യക്ഷേമ വകുപ്പ് നിശ്ചയിക്കുന്ന ഭൂവിസ്തൃതി മതിയാകും.
- **സ്ഥലത്തിനുവേണ്ട സവിശേഷതകൾ**
- കുട്ടികൾക്കും രക്ഷിതാക്കൾക്കും എത്തിച്ചേരാൻ സൗകര്യപ്രദമായത്.
- വൃത്തിയുള്ളതും ആരോഗ്യകരവുമായ ചുറ്റുപാട് ഉള്ളത്.
- പരിസര മലിനീകരണത്തിൽ നിന്ന് വിമുക്തമായത്
- അപകടരഹിതമായ ഘടനയുള്ളത്.
- **ക്ലാസ് മുറികൾ**
- കുട്ടി ഒന്നിന് കുറഞ്ഞത് 40 ചതുരശ്ര അടി വിസ്തൃതി.
- കെട്ടുറപ്പുള്ളതും നിർമാണച്ചട്ടം അനുസരിച്ചുള്ളതുമായ നിർമിതി.
- ഓരോ ക്ലാസിനും വെവ്വേറെ മുറികൾ
- എളുപ്പം വൃത്തിയാക്കാവുന്ന തറ
- പ്രകാശവും, വായുവും മതിയായ അളവിൽ കടക്കത്തക്കവിധം സ്ഥാപിച്ചിട്ടുള്ള ജനലുകൾ.
- പടികളില്ലാത്ത വാതിലുകൾ
- ചുറ്റുമതിലും ഗേറ്റും.
- ചിത്രങ്ങളാലും മറ്റും ആകർഷകമാക്കിയ ചുമരുകൾ
- യഥേഷ്ടം ഉപയോഗപ്പെടുത്താവുന്ന ശിശുസൗഹൃദ ബോർഡുകൾ
- കളിയുപകരണങ്ങൾ പ്രദർശിപ്പിക്കാവുന്ന റാക്കുകൾ
- **മറ്റുള്ള കെട്ടിട സൗകര്യം**
- ഓഫീസ് റൂം
- പാചകപ്പുര/സ്റ്റോർറൂം/വിശ്രമിക്കുന്നതിനും, വൈദ്യപരിശോധനകൾക്കും, ആക്റ്റിവിറ്റികൾ നടത്തുന്നതിനും ഭക്ഷണം കഴിക്കുന്നതിനും മറ്റുമുള്ള വിശാലമായ വിവിധോദ്ദേശമുറി (3.5 ചതുരശ്ര മീറ്റർ)

**കുടിവെള്ളം**

തിളപ്പിച്ചാറ്റിയതോ, ശുദ്ധീകരിച്ചതോ ആയ വെള്ളം വിതരണം ചെയ്യുന്നതിനുള്ള സംവിധാനം.

**കൈകഴുകൽ സംവിധാനം**

- കുട്ടികളുടെ ഉയരത്തിനുസരിച്ച് ഉപയോഗിക്കാവുന്ന ടാപ്പുകൾ
- മലിനജല നിർഗമനത്തിനുള്ള സംവിധാനങ്ങൾ

**ശുചിത്വം**

മൂത്രപ്പുരകളും, കക്കൂസും 50 ൽ കുറവ് കുട്ടികൾക്ക് : ആൺകുട്ടികൾക്ക് 2 പെൺകുട്ടികൾക്ക് 3 എന്ന ക്രമത്തിൽ ടോയ്‌ലറ്റുകൾ സജ്ജീകരിക്കണം (ഉദ്ദേശം 10 കുട്ടികൾക്ക് 1) അധ്യാപകർക്ക് പ്രത്യേക ടോയ്‌ലറ്റ് സജ്ജീകരിക്കണം. കൈകഴുകുന്നതിന് സോപ്പ്, ടൗവ്വൽ എന്നിവയ്ക്കുള്ള സൗകര്യം വേണം. കുട്ടികൾക്കുള്ള ടോയ്‌ലറ്റ് ശിശു സൗഹൃദപരമായിരിക്കണം.

**മാലിന്യ നിർമാർജനം**

- ജൈവമാലിന്യങ്ങളും, മറ്റു ഖരമാലിന്യങ്ങളും തരംതിരിച്ച് ശേഖരിക്കുന്നതിനുള്ള സംവിധാനം
- ജൈവ മാലിന്യനിർമാർജനത്തിന് ജൈവവാതക പ്ലാന്റ്.



### തടസ്സ വിമുക്ത സജ്ജീകരണങ്ങൾ

ചവിട്ടുപടികൾക്ക് പകരം റാംപ്, കൈവരികൾ തുടങ്ങിയവ.

കിണറുകൾ ഉണ്ടെങ്കിൽ മേൽമൂടി ഘടിപ്പിച്ചിരിക്കണം.

## 6.4 ഫർണിച്ചർ

- ഓരോ കുട്ടിക്കും, ഉപയോഗിക്കാവുന്ന സ്വതന്ത്ര ഇരിപ്പിടങ്ങൾ/ചാരുബഞ്ചുകൾ.
- അധ്യാപികയ്ക്ക് ഒരു മേശയും കസേരയും
- ഓഫീസ് മേശയും 4 കസേരകളും
- പൊതുമീറ്റിംഗിന് ആവശ്യമായ ഇരിപ്പിടങ്ങൾ
- 2 അലമാരകൾ, 2 റാക്കുകൾ, ആവശ്യത്തിന് ഷെൽഫുകൾ
- കണ്ണാടികൾ
- കളിപ്പാട്ടങ്ങൾ സൂക്ഷിക്കാനുള്ള പെട്ടി
- ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കാനുള്ള പാത്രങ്ങൾ
- ക്ലോക്ക്
- ശയനോപാധികൾ
- പാചക ഉപകരണങ്ങൾ
- ഭക്ഷണവിതരണത്തിനുള്ള പ്ലെയിറ്റുകൾ, സ്റ്റീൽ ടംബ്ളറുകൾ തുടങ്ങിയവ

## 6.5 പഠനോപാധികൾ

- കുട്ടികൾക്കു കൂടി ഉപയോഗിക്കാവുന്ന ബോർഡുകൾ
- മാഗ്നറ്റിക് ബോർഡ്
- ദൃശ്യശ്രവ്യോപകരണങ്ങൾ, ഗ്രാഫുകൾ, ചാർട്ടുകൾ, ചിത്രങ്ങൾ മറ്റു പഠന/കളി ഉപകരണങ്ങൾ.

## 6.6 കളിസ്ഥലം

- സ്വതന്ത്രമായ കളികളിൽ ഏർപ്പെടുവാൻ പര്യാപ്തമായത് (കുറഞ്ഞത് 300 ചതുരശ്രമീറ്റർ)
- തടസ്സവിമുക്തമായത്, അപകട രഹിതമായത്
- ഏകാന്തകളിക്കും, സമാന്തരകളിക്കും, സഹകരിച്ചുള്ള കളികൾക്കും അവസരം നൽകുന്നത്.


**കളികൾക്കും കലകൾക്കുമുള്ള ഉപകരണങ്ങൾ**

- അകം കളി ഉപകരണങ്ങൾ
- പുറം കളിയുപകരണങ്ങൾ
- സ്ഥൂലപേശി വികാസത്തിനുള്ള ഉപകരണങ്ങൾ
- ഭാഷാനൈപുണി വികസന ഉപകരണങ്ങൾ
- വൈജ്ഞാനിക നൈപുണി വികസന ഉപകരണങ്ങൾ
- ഭാവനാത്മക കളിക്കുള്ള ഉപകരണങ്ങൾ
- സംഗീതോപകരണങ്ങൾ
- നൃത്ത ഉപാധികൾ
- പ്രഥമ ശുശ്രൂഷാ കിറ്റ്

## 6.7 പ്രീസ്കൂൾ പ്രവേശന പ്രായം

3 മുതൽ 6 വയസ്സുവരെയുള്ള ശിശുക്കൾ പ്രീസ്കൂൾ പ്രവേശനാർഹരാണ്.

പ്രായഘടനയനുസരിച്ച് ശിശുക്കൾക്ക് വ്യത്യസ്ത ക്ലാസുകളിലേക്ക് പ്രവേശനം നൽകണം. 5 വയസ്സുകഴിഞ്ഞ ശിശുക്കളെ പ്രൈമറി സ്കൂളുകളോടനുബന്ധിച്ചുള്ള സീനിയർ പ്രീ സ്കൂൾ ക്ലാസിൽ പ്രവേശിപ്പിക്കേണ്ടതാണ്.



## 6.8 ക്ലാസ് വിഭജനം -

പ്രീസ്കൂൾ ക്ലാസുകളെ പി.എസ്.I, പി.എസ്.II, പി.എസ്. III എന്നിങ്ങനെ 3 ആയി വിഭജിച്ചിരിക്കുന്നു. 3 മുതൽ 4 വയസ്സുവരെ പി.എസ്. I ലും 4 മുതൽ 5 വയസ്സുവരെ പി.എസ്. II ലും 5 മുതൽ 6 വയസ്സുവരെ പി.എസ്.III അഥവാ സ്കൂളുകളോടനുബന്ധിച്ച പ്രീസ്കൂൾ ഡിവിഷനിലും പ്രവേശിപ്പിക്കാം.

**ജീവനക്കാർ**

ശിശുക്കളുടെ സവിശേഷതകൾ കണക്കിലെടുത്ത് ജീവനക്കാരുടെ അനുപാതം താഴെപ്പറയും പ്രകാരം ക്രമീകരിക്കണം.

| ശിശുക്കളുടെ പ്രായം | ശിശുക്കളുടെ എണ്ണം | അധ്യാപിക | ശിശുസേവിക |
|---|---|---|---|
| 3 മുതൽ 4 വരെ | 30 | 1 | 1 |
| 4 മുതൽ 5 വരെ | 30 | 1 | 1 |
| 5 മുതൽ 6 വരെ | 30 | 1 | 1 |

- മൾട്ടി ഗ്രേഡ് സ്ഥാപനങ്ങളായ അങ്കണവാടികളിൽ 20 കുട്ടികൾക്ക് 1 അധ്യാപികയും 1 ശിശുസേവികയും. (പരമാവധി 25 കുട്ടികൾക്ക് അതിനുമുകളിൽ 2 അധ്യാപകർ വേണം)
- അധ്യാപകരുടെ എണ്ണം നിശ്ചയിക്കുന്നതിന് ഒരു ഗ്രൂപ്പിലെ കുട്ടികളുടെ കുറഞ്ഞ എണ്ണം 10 ആയിരിക്കണം.
- ഒരു ഗ്രൂപ്പിൽ അംഗീകൃത എണ്ണത്തിനെക്കാൾ 5 ശിശുക്കൾ കൂടുതലുണ്ടെങ്കിൽ മാത്രമെ മറ്റൊരു അധ്യാപികയെ നിയമിക്കാവൂ.

## ജീവനക്കാരുടെ പരീക്ഷായോഗ്യത

**1. അധ്യാപിക**

ഹയർ സെക്കണ്ടറി യോഗ്യതയും - സർക്കാർ അംഗീകൃത പ്രീ പ്രൈമറി ടീച്ചർ ട്രെയിനിംഗ് കോഴ്സും.



2. **ശിശുസേവിക**

കുറഞ്ഞത് അംഗീകൃത സ്കൂളിൽ നിന്ന് പത്താം ക്ലാസ് പൂർത്തിയായിരിക്കണം. സർക്കാർ അംഗീകൃത പ്രീ-സർവീസ് കോഴ്സ് അഭികാമ്യം. സേവന പരിശീലനം നിർബന്ധമായിരിക്കും.

## 6.9 സൂക്ഷിക്കേണ്ടരേഖകൾ

കുട്ടികളുടെ പ്രവേശനഫോറം, അനുബന്ധരേഖകൾ, കേസ് റിക്കോർഡ്സ്, സ്ഥാപനതല രേഖകൾ, അവസ്ഥാ നിർണയരേഖകൾ, റിപ്പോർട്ടുകൾ എന്നിവ നിർദേശാനുസരണം സൂക്ഷിക്കേണ്ടതാണ്.

## 6.10 പഠനസാഹചര്യം

ശൈശവകാല വിദ്യാഭ്യാസം കളികളിലും പ്രവർത്തനങ്ങളിലും കേന്ദ്രീകരിച്ചുള്ളവയാകയാൽ സന്തോഷപ്രദമായും സൗഹൃദപരമായും ശിശുക്കൾക്ക് പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം പ്രീ-സ്കൂൾ അന്തരീക്ഷത്തിൽ ഉറപ്പാക്കേണ്ടതാണ്.

## 6.11 പ്രീ-സ്കൂൾ പ്രവർത്തനസംവിധാനം

- രജിസ്റ്റർ ചെയ്ത ധർമസ്ഥാപനങ്ങൾ, അംഗീകൃത സ്കൂളുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പ് തുടങ്ങിയവയുടെ നേതൃത്വത്തിലും മേൽനോട്ടത്തിലും ആയിരിക്കണം.
- 5 മുതൽ 6 വയസ്സുവരെ പ്രായത്തിലുള്ള ഗ്രൂപ്പ് III ലോവർ പ്രൈമറി സ്കൂളുകളോടനുബന്ധിച്ച് നടത്താം. പ്രീ-സ്കൂൾ ഗ്രൂപ്പ് I, II എന്നിവ സ്കൂൾ കോമ്പൗണ്ടിന് പുറത്ത് ജനവാസ കേന്ദ്രങ്ങളോടനുബന്ധിച്ച് നടത്തുന്നതാണ് അഭികാമ്യം.
- ഒന്നിൽ കൂടുതൽ ഗ്രൂപ്പുകളും അധ്യാപികമാരും ഉള്ളസ്ഥാപനങ്ങളിൽ ക്ലാസ് അധ്യാപകർക്ക് പുറമെ മറ്റൊരു അധ്യാപികയ്ക്ക് രേഖകൾ തയാറാക്കുന്നതിനും സൂക്ഷിക്കുന്നതിനുമുള്ള അധികചുമതല നൽകാവുന്നതാണ്.

## 6.12 അധ്യാപികയുടെ കടമകൾ

- കൃത്യതയും സമയനിഷ്ഠയും പാലിക്കുക
- കരിക്കുലം വ്യവസ്ഥകൾക്കനുസരിച്ച് പ്രവർത്തനാനുഭവങ്ങൾ പൂർണമാക്കുക.
- ശിശുക്കളുടെ അവസ്ഥാനിർണയം നടത്തുകയും പരിഹാര സഹായങ്ങൾ നൽകുകയും ചെയ്യുക.
- പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ വിവരങ്ങൾ രക്ഷിതാക്കളും ആരോഗ്യപ്രവർത്തകരുമായി പങ്കുവയ്ക്കുക.
- ശിശുക്കളുടെ സവിശേഷ വ്യവഹാരങ്ങൾ പഠനാസൂത്രണ രേഖയിൽ യഥാസമയം രേഖപ്പെടുത്തുകയും സമയബന്ധിതമായി ക്രോഡീകരിക്കുകയും ചെയ്യുക.
- മാതാപിതാക്കളുമായി നിരന്തരം ബന്ധപ്പെട്ട് ശിശുക്കളുടെ പുരോഗതിയും ആവശ്യങ്ങളും മറ്റു പങ്കുവയ്ക്കുക.
- മറ്റ് നിർദിഷ്ട കടമകൾ നിർവഹിക്കുക.



### അധ്യാപികയ്ക്കുണ്ടാവേണ്ട കഴിവുകൾ

- കുട്ടികളുമായി അവരുടെ പ്രായത്തിനും പ്രകൃതത്തിനും അനുസൃതമായി കളിപ്രവർത്തനത്തിൽ ഏർപ്പെടുന്നതിനുള്ള കഴിവ്.
- താൻ പഠിച്ച വിഷയത്തിലുള്ള മികച്ചധാരണ
- സഹപ്രവർത്തകരുമായി സ്വന്തം പരിജ്ഞാനം പങ്കുവയ്ക്കാനുള്ള സന്നദ്ധത
- സഹകരിച്ചും സ്വയമായും ഉത്തരവാദിത്തത്തോടെ പ്രവർത്തനങ്ങളും സേവനങ്ങളും ഏറ്റെടുക്കാനുള്ള സന്നദ്ധത
- ശിശുക്കളെ തിരിച്ചറിയാനും തനിമയോടെ സ്വീകരിക്കാനുമുള്ള കഴിവ്
- തന്നോടും തന്റെ തൊഴിലിനോടും പ്രകടമായ ആദരവ്
- മറ്റുള്ളവർക്ക് സ്വീകാര്യവും അനുകരണയോഗ്യവുമായ രീതിയിൽ പെരുമാറാനുള്ള കഴിവ്

## 6.13 അധ്യാപിക എങ്ങിനെ ആയിരിക്കണം

- പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിൽ പ്രമുഖസ്ഥാനം അധ്യാപികയ്ക്കാണ്.
- വിദ്യാഭ്യാസ പരിപാടിയിൽ എല്ലാ പ്രവർത്തനമേന്മകളും രൂപപ്പെടുന്നത് അധ്യാപികയുടെ വ്യക്തിത്വം, അനുഭവം, മൂല്യങ്ങൾ, വിശ്വാസരീതികൾ തുടങ്ങിയവയെ അടിസ്ഥാനപ്പെടുത്തിയാണ്.
- ആദ്യനാളുകളിൽ അധ്യാപികയോട് തോന്നുന്ന സ്നേഹമാണ് കുഞ്ഞിന് തുടർന്നും പ്രീ-സ്കൂളിൽ എത്തുവാനുള്ള പ്രേരകശക്തിയായി വർത്തിക്കുന്നത്. ഇത് കുഞ്ഞിന്റെ വികാസപ്രക്രിയയെ ഗണ്യമായി സ്വാധീനിക്കുകയും ചെയ്യുന്നു.
- അറിയാതെതന്നെ കുട്ടി അധ്യാപികയെ അനുകരിക്കുന്നു. പെരുമാറ്റരീതികൾ, വസ്ത്രധാരണ രീതികൾ, സംഭാഷണരീതി മറ്റുള്ളവരോട് ഇടപെടുന്ന രീതി, ആംഗ്യങ്ങൾ സൗമ്യഭാവങ്ങൾ തുടങ്ങിയവ....
- അധ്യാപിക കുട്ടിയുടെ മാതൃകയും സ്കൂൾ അന്തരീക്ഷത്തിലെ സർവവുമാണ്.
- അധ്യാപികയുടെ വ്യക്തിത്വത്തിലും മനോഭാവത്തിലും നൈപുണികളിലും ഉള്ള അടിസ്ഥാന സവിശേഷതകളാണ് കുട്ടിയെ ആകർഷിക്കുന്നത്.

അധ്യാപക പരിശീലനത്തിലും നിയമനങ്ങൾക്കും തിരഞ്ഞെടുക്കുമ്പോൾ ഈ ഗുണഗണങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്.

### അധ്യാപികയ്ക്കുണ്ടായിരിക്കേണ്ട ഗുണഗണങ്ങൾ

- പഠിതാക്കളിലും ക്ലാസ്സ്റൂം പ്രവർത്തനങ്ങളിലും താൽപ്പര്യവും, ഊർജസ്വലതയും ജാഗ്രതയും
- മറ്റുള്ളവരോട് സൗഹൃദപരമായും യോജിച്ചും പ്രവർത്തിക്കാനും ഹിതകരമായ രീതിയിൽ ഇടപെടുന്നതിനുമുള്ള കഴിവ്
- സ്വന്തം തെറ്റുകൾ അംഗീകരിക്കാനും, തിരുത്തുവാനുമുള്ള സന്നദ്ധത
- ശിശുക്കളോട്, സമാധാനത്തോടെയും ദയാവായ്പോടെയും അനുതാപത്തോടെയും വിശ്വസ്തതയോടെയുമുള്ള പെരുമാറ്റം
- ശിശുക്കളുടെ പ്രവർത്തനങ്ങളെ അംഗീകരിക്കാനും പുകഴ്ത്താനുമുള്ള കഴിവ്
- മറ്റുള്ളവരോട് ജനാധിപത്യരീതിയിലും മാന്യമായും സംസാരിക്കാനുമുള്ള കഴിവ്





- സ്ഥിരതയുള്ള പ്രതികരണ രീതിയും പ്രതികരണപരതയും
- നല്ല തമാശകൾ സ്വീകരിക്കാനും തമാശകൾ പറയാനുമുള്ള നർമഭാവം
- ശാരീരികക്ഷമതയും ആരോഗ്യവും
- കലാകായിക പ്രവർത്തനങ്ങളിലും സാംസ്കാരിക പരിപാടികളിലുമുള്ള താൽപര്യം
- നല്ല വസ്ത്രധാരണരീതിയും മിതമായ ചമയങ്ങളും
- അഭിപ്രായങ്ങൾ, അഭിഭാവങ്ങൾ, വിശ്വാസങ്ങൾ എന്നിവ ഉൾക്കൊള്ളാനുള്ള പാടവം.

## 6.14 പ്രവർത്തനസമയം

അച്ഛനും അമ്മയും ജോലിക്കുപോകുമ്പോൾ വീടുകളിൽ കുഞ്ഞുങ്ങൾ ഒറ്റപ്പെടുന്ന സ്ഥിതി ഇന്ന് വ്യാപകമായി ഉണ്ട്. കൂടാതെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും കാലാവസ്ഥാഘടകങ്ങളും നിയതമായ സ്കൂൾ സമയം എന്നതിന് പലപ്പോഴും എതിരായി വരുന്ന ഘടകങ്ങളാണ്. ഇവയെല്ലാം പരിഗണിച്ചുകൊണ്ട് വഴക്കമുള്ളതും പ്രാദേശികമായി തീരുമാനിക്കാവന്നതുമായ ഒരു പ്രവർത്തനസമയമാണ് അഭികാമ്യം. തദ്ദേശ സ്ഥാപനങ്ങൾ, പ്രാദേശിക നിർവഹണ ഉദ്യോഗസ്ഥർ, സ്കൂൾ സപ്പോർട്ട് ഗ്രൂപ്പ്, രക്ഷാകർത്തൃസമിതി എന്നിവയുടെ അംഗീകാരത്തോടെ ഉചിതമായ തീരുമാനം താഴെത്തട്ടിൽ എടുക്കാവുന്നതാണ്. ആഴ്ചയിൽ 5/6 ദിവസം, 3 മണിക്കൂർ വീതം വരുന്ന പഠനാനുഭവങ്ങൾ സ്ഥാപനത്തിൽ വച്ച് ഉറപ്പുവരുത്തുന്ന ഒരു സമയക്രമമായിരിക്കണം അത്. പരിചരണ സേവനങ്ങൾക്ക് ആവശ്യമായ സമയംകൂടി കൂട്ടിച്ചേർത്ത് പൂർണമായ സമയക്രമം രൂപീകരിക്കേണ്ടതാണ്.

## റഫറൻസ്


(1) Minimum Specification for Pre-School


(2) A manual for Teacher Educators of PPTTI

(3) പ്രീ-പ്രൈമറി വിദ്യാഭ്യാസം - നയരേഖയിലേക്ക് നിർദേശങ്ങൾ പേജ് നം.19

(4) G.O (MS) No. 44/84/G.Edn., dated 14 March 1984

(5) G.O No.225/leg യൂണി 3/99 നിയമം 2001 മാർച്ച് 27





# 7. അധ്യാപക പരിശീലനം

7.1 പ്രീ-സ്കൂൾ അധ്യാപക പരിശീലനം

7.2 ശിശുസേവികാ - പരിശീലനം

7.3 ബ്രിഡ്ജ് കോഴ്സ്

7.4 വിദൂര വിദ്യാഭ്യാസ രീതി


7.5 സേവനകാല പരിശീലനം

7.6 വിവരവിനിമയ സംവിധാനങ്ങൾ

7.7 സംയോജിത പരിപാടികൾ

7.8 പ്രീ-സ്കൂൾ അധ്യാപക പരിശീലന സ്ഥാപന അംഗീകാരം





# 7. അധ്യാപക പരിശീലനം



പാഠ്യപദ്ധതി ലക്ഷ്യമിടുന്ന ശിശുവികാസം സാധ്യമാകണമെങ്കിൽ പ്രീസ്കൂൾ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്ന അധ്യാപിക, ശിശുസേവിക എന്നിവർക്ക് അതിനനുസൃതമായ ധാരണയും ശേഷിയും മനോഭാവവും അനിവാര്യമാണ്.

കുട്ടിയോട് ഏറ്റവും അടുപ്പവും കരുതലുമുള്ള രക്ഷിതാക്കൾ പോലും ഇടപെടുന്നതു മുതിർന്നവരുടെ ആഗ്രഹങ്ങളും രീതികളും കാഴ്ചപ്പാടുകളും വച്ചുകൊണ്ടാണ്. മക്കളുടെ വിദ്യാഭ്യാസ പുരോഗതിക്കായി കഴിയുന്നത്ര ശൈശവകാലത്ത് തന്നെ ഔപചാരിക ശിക്ഷണം നൽകാനാണ് രക്ഷിതാക്കളിൽ പലരും ആഗ്രഹിക്കുന്നതും പ്രവർത്തിക്കുന്നതും. കുട്ടിയുടെ മാനസിക വളർച്ചയെ ഇത് എങ്ങനെയെല്ലാം ബാധിക്കുന്നു എന്ന് രക്ഷിതാക്കളിൽ പലരും അറിയുന്നില്ല. ശിശുമനശ്ശാസ്ത്ര ധാരണയുള്ളവർ പോലും സ്വന്തം മക്കളുടെ കാര്യത്തിൽ ഇതേ നിലപാടാണ് സ്വീകരിച്ചു കാണുന്നത്.

കഥകളും പാട്ടുകളും കേൾക്കാനും കളികളിൽ ഏർപ്പെടാനും സ്വതന്ത്രമായി ഇടപെടാനുമുള്ള അവസരം പല കുടുബങ്ങളിലും കുറവാണ്. അയൽപക്കത്തുള്ള സമപ്രായക്കാരുമായി കൂട്ടുകൂടാനോ കളിക്കാനോ സാധിക്കുന്നില്ല. ശൈശവത്തിന്റെ സ്വാഭാവികമായ ശാരീരിക -മാനസികാവശ്യങ്ങളെ വേണ്ട രീതിയിൽ നമ്മുടെ വീടുകളിൽ പരിഗണിക്കുന്നില്ല എന്നു ചുരുക്കം.

ഒരു വ്യക്തിയുടെ വളർച്ചാഘട്ടങ്ങളിൽ സുപ്രധാനമായ ശൈശവത്തിൽ ശരിയായ ശാരീരിക- മാനസിക വികാസത്തിന് അവസരം ലഭിക്കാതെ പോകുന്നത് വ്യക്തിയെയും കുടുംബത്തെയും മാത്രമല്ല സമൂഹത്തെയും ബാധിക്കും. കുട്ടി സമൂഹത്തിന്റെ പൊതുസ്വത്താണ്. അവരെ സ്വതന്ത്ര വ്യക്തികളായികൂടി പരിഗണിക്കേണ്ടതുണ്ട്.

ഇത് തിരിച്ചറിയാത്ത ഒരു സാമൂഹ്യാവസ്ഥയിലാണ് നമ്മുടെ പ്രീസ്കൂൾ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. ആയതിനാൽ പലപ്പോഴും രക്ഷിതാക്കളുടെ ആഗ്രഹങ്ങളാണ് പ്രീസ്കൂൾ സ്ഥാപനങ്ങളുടെ പഠനരീതിയെ സ്വാധീനിക്കുന്നത്.

പ്രീസ്കൂൾ വിദ്യാഭ്യാസത്തിന്റെ ആവശ്യകത, ശിശുവിന്റെ വികാസഘട്ടങ്ങളുടെ സവിശേഷതകൾ, ശിശുമനശ്ശാസ്ത്രം എന്നിവയെക്കുറിച്ചുള്ള ശാസ്ത്രീയവും സാമൂഹ്യബോധത്തിലധിഷ്ഠിതവുമായ ധാരണകളുടെ അടിസ്ഥാനത്തിൽ ഈ മേഖലയിലെ പരിശീലനങ്ങളും പിന്തുണാ സംവിധാനങ്ങളും ചിട്ടപ്പെടുത്തേണ്ടതുണ്ട്.

## 7.1 പ്രീ-സ്കൂൾ അധ്യാപക പരിശീലനം

എൻ.സി.റ്റി.ഇ. നിർദേശിക്കുന്ന അധ്യാപക യോഗ്യതാമാനദണ്ഡങ്ങളാണ് സ്വീകരിക്കേണ്ടത്.

- പ്രീസ്കൂൾ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്ന അധ്യാപികയ്ക്ക് രണ്ടു വർഷത്തെ പ്രീസർവീസ് പരിശീലനം നൽകണം. പ്രയോഗികാധിഷ്ഠിത പരിശീലനമാണ് നൽകേണ്ടത്. ഈ പരിശീലനം 'സാന്റ്‌വിച്ച്' രീതിയിലാണ് നൽകേണ്ടത്.
- ശിശുവികാസമനശ്ശാസ്ത്രം, ശിശുവികാസം, പോഷണം, ആരോഗ്യപരിരക്ഷ, സാമൂഹ്യദാർശനിക അടിത്തറ, ശിശുപ്രവർത്തനങ്ങൾ, പഠനസങ്കേതങ്ങൾ തുടങ്ങിയ വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ശാസ്ത്രീയ ദിശാബോധം നൽകുന്ന വിധത്തിൽ ആറുമാസപഠനം.



- നേടിയ ധാരണകളുടെ പ്രയോഗത്തിനായി ഒരു പ്രീസ്കൂൾ സ്ഥാപനത്തിൽ 6 മാസം പ്രവർത്തിക്കാൻ അവസരം നൽകുകയും പ്രവർത്തന രീതി മോണിറ്റർ ചെയ്യുകയും വേണം. സ്വയം വിലയിരുത്തലിനുള്ള ഉപാധികളും പ്രയോജനപ്പെടുത്തണം. ഇത് ഒരു വിദഗ്ധ മാർഗനിർദേശിത (Guided) പരിപാടി ആയിരിക്കണം.
- കളികൾ സംഘടിപ്പിക്കൽ, കളിപ്പാട്ട നിർമാണം, പഠനോപകരണങ്ങൾ തയ്യാറാക്കൽ, സജ്ജീകരണങ്ങൾ ഒരുക്കൽ, താളം പാലിക്കൽ, ശാരീരിക ചലനങ്ങൾ, പരിസ്ഥിതി ബന്ധിത പഠനം, സ്വാഭാവിക സന്ദർഭങ്ങൾ പ്രയോജനപ്പെടുത്തൽ, കലാ-സർഗാത്മക കഴിവുകൾമെച്ചപ്പെടുത്തൽ, രക്ഷാകർത്തൃബന്ധം സ്ഥാപിക്കൽ, സാമൂഹ്യ വിദ്യാഭ്യാസത്തിനാവശ്യമായ സാമഗ്രികൾ രൂപീകരിക്കൽ തുടങ്ങിയ മേഖലകളിലൂന്നി വീണ്ടും 6 മാസത്തെ വിദഗ്ധ പരിശീലനം.
- ഇപ്രകാരം നേടിയ സാങ്കേതിക പരിജ്ഞാനങ്ങളുടെ പ്രവർത്തന പരിശീലനത്തിനായി പ്രീസ്കൂളിൽ വീണ്ടും 6 മാസം പരിശീലനം.
- ആഭ്യന്തരവിലയിരുത്തൽ, ബാഹ്യവിലയിരുത്തൽ, എഴുത്തുപരീക്ഷ എന്നിവ നടത്തി അംഗീകൃത സാങ്കേതിക സർട്ടിഫിക്കറ്റ് നൽകുന്ന പരിശീലന സംവിധാനമാണ് ഒരുക്കേണ്ടത്.

## 7.2 ശിശുസേവികാ പരിശീലനം

- ശിശു സേവികയായി (Helper) പ്രവർത്തിക്കുന്നവർക്ക് ഒരു വർഷത്തെ പ്രീസർവീസ് പരിശീലനം ആവശ്യമാണ്. പ്രീസ്കൂൾ അധ്യാപികയുടെ പരിശീലന ഉള്ളടക്കത്തെ സാമാന്യമായി പരിചയപ്പെടുന്നതോടൊപ്പം സ്ഥാപന നടത്തിപ്പ്, പോഷണം, ശുചിത്വം, രക്ഷാകർത്തൃബന്ധം, സ്നേഹപൂർണമായ ഇടപെടൽ തുടങ്ങിയ കാര്യങ്ങളിൽ ഊന്നൽ നൽകണം.
- 6 മാസത്തെ പഠനം, അതിൽ 3 മാസം പ്രീസ്കൂളിൽ പ്രവർത്തിക്കൽ വിലയിരുത്തലിനും മെച്ചപ്പെടുത്തലിനുമായി വീണ്ടും അടുത്ത 3 മാസം പഠനം എന്ന രീതിയായിരിക്കും അഭികാമ്യം.
- ആഭ്യന്തര വിലയിരുത്തൽ, ബാഹ്യവിലയിരുത്തൽ എന്നിവയുടെ അടിസ്ഥാനത്തിൽ അംഗീകൃത സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

## 7.3 ബ്രിഡ്ജ് കോഴ്സ്

- അങ്കണവാടികൾ, ബാലവാടികൾ എന്നിവയിലെ വർക്കർമാർക്ക് ഹ്രസ്വകാല പരിശീലനവും ഓറിയന്റേഷനുകളുമാണ് ലഭ്യമായിട്ടുള്ളത്. പാഠ്യപദ്ധതി ഏകീകരണത്തിൽ ഈ സ്ഥാപനങ്ങളെ സംയോജിപ്പിക്കുന്നതുകൊണ്ട് ഇവിടെ പ്രവർത്തിക്കുന്ന വർക്കർമാർ (അധ്യാപിക) ക്ക് 6 മാസത്തെ സാന്റ്‌വിച്ച് ട്രെയിനിംഗ് നൽകി 'ബ്രിഡ്ജ് കോഴ്സ്' പ്രീ-പ്രൈമറി സ്കൂൾ കോഴ്സ് സർട്ടിഫിക്കറ്റ് നൽകണം.
- മറ്റു മേഖലകളിലുള്ള പ്രീ-പ്രൈമറി സ്കൂളുകളിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അധ്യാപികമാർക്കുകൂടി മേൽ ആനുകൂല്യം നൽകാവുന്നതാണ്.

## 7.4 വിദൂരവിദ്യാഭ്യാസരീതി

- നിലവിൽ അധ്യാപകവൃത്തിയിലേർപ്പെട്ടിരിക്കുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ പൂർത്തീകരിക്കേണ്ട അവശ്യം പ്രവർത്തനങ്ങളടങ്ങിയ അസൈൻമെന്റ് പാക്കേജ് നൽകുകയും നിശ്ചിത സമയത്തിനുള്ളിലും മെച്ചപ്പെട്ട രീതിയിലും

പ്രവർത്തനങ്ങൾ പൂർത്തീകരിക്കുമ്പോൾ ക്രെഡിറ്റ്പോയിന്റുകൾ നൽകുകയും ചെയ്തുകൊണ്ടുള്ള വിദൂരവിദ്യാഭ്യാസരീതി നടപ്പിലാക്കണം.

- ആകാശവാണി, ദൂരദർശൻ, വിക്ടേഴ്സ്, ഇഗ്നോ ചാനൽ തുടങ്ങിയ മാധ്യമങ്ങളിലൂടെ പ്രീസ്കൂൾ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള തുടർ പ്രക്ഷേപണ പരിപാടികൾ ആസൂത്രണം ചെയ്യണം.

## 7.5 സേവനകാല പരിശീലനം

- പ്രീ സ്കൂൾ അധ്യാപകരുടെ സേവനകാല പരിശീലനത്തിനായി SCERT യുടെ നേതൃത്വത്തിൽ സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കണം. പ്രതിമാസ ആസൂത്രണ-വിലയിരുത്തൽ ശില്പശാലകൾ എന്നിവ നടത്തുകയും ഇൻസർവീസ് പരിശീലനത്തിലുള്ള വിവിധ തന്ത്രങ്ങൾ രൂപീകരിക്കുകയും വേണം.
- ഏകദിന ശില്പശാലകൾ, പഞ്ചായത്തു തലത്തിൽ/ഉപജില്ലാതലത്തിൽ
- വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പരിശീലനങ്ങൾ.
- പരിശീലനത്തിനായി വെബ്സൈറ്റ്, ദൃശ്യശ്രാവ്യ സങ്കേതങ്ങൾ.
- തിരഞ്ഞെടുക്കാവുന്ന വിവിധയിനം പരിശീലന പാക്കേജുകൾ
- മികച്ച സ്ഥാപനങ്ങളിൽ സന്ദർശനം തുടങ്ങിയ തന്ത്രങ്ങൾ സേവനകാലപരിശീലനത്തിനായി സ്വീകരിക്കാം.

## 7.6 വിവരവിനിമയ സംവിധാനങ്ങൾ

- ബുള്ളറ്റിൻ

  പരിശീലനം, സംഘാടനം എന്നിവയെ മുൻനിർത്തി പ്രതിമാസ ബുള്ളറ്റിൻ.

  ശിശുപ്രവർത്തകർക്കുള്ള സന്ദേശം, അനുഭവങ്ങൾ, വിജയകഥകൾ, രക്ഷകർത്താവിന്റെ പ്രതികരണം, പുതിയ പ്രവർത്തനങ്ങൾ, മികച്ച കേന്ദ്രങ്ങളുടെ ഡിസൈൻ തുടങ്ങിയവ ഉൾപ്പെടുത്താം.
- മോണിറ്ററിങ്ങിലൂടെ പരിശീലനം

  ഡയറ്റിന്റെ നേതൃത്വത്തിൽ ജില്ലാ റിസോഴ്സ് ഗ്രൂപ്പും മോണിറ്ററിങ് സംവിധാനവും രൂപീകരിക്കുക. മോണിറ്ററിങ് പ്രക്രിയ പരിശീലനത്തിന്റെ കൂടി ഫലമുളവാക്കണം.
- സൗഹൃദ സന്ദർശനങ്ങൾ തുടങ്ങിയ ജനാധിപത്യ മോണിറ്ററിങ്ങിന്റെ മാതൃകകൾ വികസിപ്പിക്കുകയും പ്രയോഗിക്കുകയും വേണം.
- വിദ്യാഭ്യാസ ഉദ്യോഗസ്ഥരുടെ പ്രതിമാസ വിലയിരുത്തൽ യോഗത്തിൽ പ്രീസ്കൂൾ പരിശീലനം ഒരു അജണ്ടയാക്കിമാറ്റി പരിശീലനപരിപാടിക്ക് ഔദ്യോഗിക സ്വഭാവം ഉറപ്പുവരുത്തുക.
- പഞ്ചായത്തുതല പദ്ധതി രൂപീകരണത്തിൽ പ്രീ സ്കൂൾ കർമ്മ സമിതി സജീവമാക്കുകയും പരിശീലന പദ്ധതികൾ രൂപീകരിക്കൽ, മോണിറ്ററിങ് പ്രോത്സാഹനം. ആഭ്യന്തര വിലയിരുത്തലിനായി പഞ്ചായത്തുതല പ്രീ സ്കൂൾ സംഗമം എന്നിവ നടപ്പിലാക്കുകയും വേണം.

## 7.7 സംയോജിത പരിപാടികൾ

- പ്രീ സ്കൂൾ അധ്യാപകർ, ഒന്നാം ക്ലാസിലെ അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാഭ്യാസ പ്രവർത്തകർ എന്നിവരുൾക്കൊള്ളുന്ന Seminar cum workshop കൾ സംഘടിപ്പിക്കണം.

## 7.8 പ്രീ-സ്കൂൾ അധ്യാപകപരിശീലന സ്ഥാപന അംഗീകാരം:

പ്രീ-സ്കൂൾ അധ്യാപകപരിശീലന പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ പ്രീ-സ്കൂൾ പാഠ്യപദ്ധതി പ്രയോഗത്തിൽ കൊണ്ടുവരാൻ കഴിയുന്ന അധ്യാപകരെയും ശിശുസേവികമാരെയും പരിശീലിപ്പിക്കുന്നതിനുള്ള സ്ഥാപനങ്ങൾക്ക് അംഗീകാരം ഏർപ്പെടുത്തണം. ചട്ടങ്ങൾക്കു വിധേയമായി എസ്.സി.ഇ.ആർ.ടി യുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ, പൊതുവിദ്യാഭ്യാസ വകുപ്പ് സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകണം. അംഗീകാരമില്ലാതെ സ്ഥാപനങ്ങൾ നടത്തുന്നത് വിലക്കുകയും അംഗീകൃത സർട്ടിഫിക്കറ്റുമാത്രം നിയമന യോഗ്യതയായി അംഗീകരിക്കുകയും വേണം.





# 8. വിലയിരുത്തൽ

8.1 കുട്ടികളെ സംബന്ധിച്ച വിലയിരുത്തൽ
8.2 വിലയിരുത്തൽ ലക്ഷ്യങ്ങൾ
8.3 വിലയിരുത്തൽ രീതിയും തന്ത്രങ്ങളും
8.4 വിലയിരുത്തലിനും രേഖപ്പെടുത്തലിനുമുള്ള ഉപാധികൾ
8.5 മറ്റുള്ളവരുമായി പങ്കുവയ്ക്കൽ



# 8. വിലയിരുത്തൽ



വിദ്യാഭ്യാസം എന്നത് ഭാവിസമൂഹത്തെ രൂപപ്പെടുത്തുന്നതിനുള്ള ലക്ഷ്യാധിഷ്ഠിതമായ പ്രവർത്തനമാണ്. അനൗപചാരിക രീതിയിലാണ് നടത്തപ്പെടുന്നതെങ്കിലും ശിശുവിദ്യാഭ്യാസത്തിനും അതിന്റേതായ ലക്ഷ്യങ്ങൾ ഉണ്ട്. ശൈശവകാല പരിരക്ഷയും വിദ്യാഭ്യാസവും ഫലപ്രദമായി നിർവഹിക്കപ്പെട്ടില്ലെങ്കിൽ, തുടർന്നുള്ള വിദ്യാഭ്യാസത്തിന്റെ മികവിനെ അതു ബാധിക്കും. അതുകൊണ്ട് മറ്റേതൊരു ഘട്ടത്തിലെ വിദ്യാഭ്യാസ പ്രവർത്തനത്തിലും എന്നതുപോലെ, പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി അപ്പപ്പോൾ നിർണയിച്ച് വേണ്ട ഇടപെടലുകൾ നടത്തേണ്ടത് പ്രീ-സ്കൂൾ ഘട്ടത്തിലും ഒഴിച്ചുകൂടാൻ പറ്റാത്തതാണ്.

പ്രീ-സ്കൂൾ ഘട്ടത്തിൽ നടത്തുന്ന ഈ വിലയിരുത്തലിൽ കുട്ടികളുടെ വികാസത്തോടൊപ്പം, പ്രീ-സ്കൂൾ പ്രവർത്തകരുടെ ഉത്തരവാദിത്ത നിർവഹണവും, പ്രീ-സ്കൂൾ സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള മികവും കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. ഇതിൽ ഒടുവിൽ സൂചിപ്പിച്ച രണ്ടെണ്ണവും മോണിറ്ററിങ്ങിന്റെ കൂടി ഭാഗമാകയാൽ അവ മറ്റൊരു ഭാഗത്ത് വിശദമാക്കുന്നതാണ്.

## 8.1 കുട്ടികളെ സംബന്ധിച്ച വിലയിരുത്തൽ

ശൈശവകാലം എന്നത് ഒരു വ്യക്തി രൂപപ്പെട്ടു തുടങ്ങുന്നതിന്റെ ആദ്യപടിയാണ്. ജന്മസിദ്ധമായ ചില പ്രത്യേകതകളും കുഞ്ഞിനു ലഭ്യമാകുന്ന സവിശേഷമായ സാമൂഹ്യ - സാംസ്കാരിക ചുറ്റുപാടും ചേർന്ന് പലവിധമായ താൽപ്പര്യങ്ങൾക്കും പ്രവണതകൾക്കും തുടക്കമിടുന്ന ഘട്ടമാണിത്. കുട്ടിയുടെ വളർച്ചയും വികാസവുമൊക്കെ ഒരു താളക്രമം കണ്ടെത്താൻ ബദ്ധപ്പെടുന്ന ഈ ഘട്ടത്തിൽ കുട്ടിയെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ആത്യന്തികമായ ഒരു വിധിയെഴുത്ത് നടത്താൻ ഒരുങ്ങുന്നതു തന്നെ ശിശുക്കളോട് ചെയ്യുന്ന അനീതിയാവും. വ്യക്തിത്വരൂപീകരണത്തിന്റെ വിഭിന്ന മേഖലകളിൽ ഓരോ കുട്ടിയും ഇപ്പോൾ എവിടെ നിൽക്കുന്നുവെന്ന് മറ്റുള്ളവർ തിരിച്ചറിയുകയും പ്രതീക്ഷിത നിലയിലേക്ക് കുഞ്ഞുങ്ങളെ എത്തിക്കാൻ എന്താണ് ചെയ്യേണ്ടത് എന്ന് തീരുമാനിക്കുകയും മാത്രമാണ് അഭികാമ്യം. അതായത് പ്രീ-സ്കൂൾ ഘട്ടത്തിലുള്ള കുഞ്ഞുങ്ങളെ വിലയിരുത്തുമ്പോൾ അവസ്ഥാനിർണയം (assessment) മാത്രമേ ചെയ്യാൻ പാടുള്ളൂ; അത് വിധിപ്രസ്താവം കൂടി ഉൾപ്പെടുന്ന മൂല്യനിർണയമായി (evaluation) മാറരുത്.

## 8.2 വിലയിരുത്തൽ ലക്ഷ്യങ്ങൾ

മുകളിൽ സൂചിപ്പിച്ച നിലപാടിന്റെ അടിസ്ഥാനത്തിൽ പ്രീ-സ്കൂൾ ഘട്ടത്തിൽ കുഞ്ഞുങ്ങളെ സംബന്ധിച്ച വിലയിരുത്തലിലൂടെ നാം ലക്ഷ്യമാക്കുന്നത് ഇവയാണ്:

- ഓരോ വികാസമേഖലയിലും കുട്ടിയുടെ അവസ്ഥ എന്തെന്ന് തിരിച്ചറിയുക.
- അതിന്റെ അടിസ്ഥാനത്തിൽ ശിശുപ്രവർത്തനങ്ങളിൽ സന്ദർഭോചിതമായ മാറ്റങ്ങൾ അപ്പപ്പോൾ വരുത്തുക.
- ഓരോ ശിശുവിനും പ്രവർത്തനങ്ങളിൽ സജീവമായും മെച്ചപ്പെട്ട തോതിലും പങ്കെടുക്കുന്നതിനുള്ള സഹായവും പ്രോത്സാഹനവും നൽകുക.
- കുഞ്ഞുങ്ങളുടെ ശുചിത്വശീലങ്ങൾ, വ്യക്തിപരവും സാമൂഹ്യവുമായ മൂല്യങ്ങൾ എന്നിവയുടെ വികാസത്തിലുള്ള പ്രശ്നങ്ങൾ തിരിച്ചറിയുകയും അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
- കുഞ്ഞുങ്ങളുടെ വ്യക്തിപരമായ സവിശേഷതകൾ ഉൾക്കൊള്ളുകയും കഴിവുകൾ കണ്ടെത്തി അംഗീകരിക്കുകയും ചെയ്യുക.
- പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികളെ തിരി

ച്ചറിഞ്ഞ് ആവശ്യമായ പരിരക്ഷയും പിന്തുണയും സഹായങ്ങളും നൽകുക.

- കുട്ടികളുടെ വികാസവുമായി ബന്ധപ്പെട്ട് വീട്ടിൽ ലഭിക്കേണ്ട പരിഗണനകളും പരിരക്ഷയും ഏതു വിധമെന്ന് രക്ഷിതാക്കളുമായി പങ്കുവയ്ക്കുക.

## 8.3 വിലയിരുത്തൽ രീതിയും തന്ത്രങ്ങളും

കുഞ്ഞുങ്ങൾ ഉല്ലാസപൂർവം കളികളിലും മറ്റു പ്രവർത്തനങ്ങളിലും ഏർപ്പെടുകയും കൂട്ടായ്മയുടെ ആനന്ദം അനുഭവിക്കുകയും ചെയ്യേണ്ട ഘട്ടമാണ് പ്രീ-സ്കൂൾ. ഇതിനിടയിൽ തന്റെ പ്രവർത്തനശേഷികളെയും താൽപ്പര്യങ്ങളെയും മറ്റുള്ളവർ വിലയിരുത്തുകയും അതിലുള്ള പോരായ്മകൾ അവർ കണ്ടെത്തുകയും ചെയ്യുന്നുണ്ട് എന്ന് കുഞ്ഞുങ്ങൾ അറിയുന്നത് ഒട്ടും ആശാസ്യമല്ല. അതുകൊണ്ട് കുഞ്ഞുങ്ങൾ അറിയാതെ അവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുള്ള രീതികളും തന്ത്രങ്ങളുമാണ് പ്രീ-സ്കൂൾ ക്ലാസുകളിൽ പ്രയോഗത്തിൽ വരുത്തേണ്ടത്. പഠനം പോലെ തന്നെ, തീർത്തും അനൗപചാരികമായിരിക്കും ഈ ഘട്ടത്തിലെ വിലയിരുത്തൽ എന്നർഥം. 3+, 4+, 5+ എന്നിങ്ങനെ നിശ്ചിത പ്രായഘട്ടത്തിൽ ഓരോ വികാസമേഖലയിലും എന്തൊക്കെ അറിവുകളും നൈപുണികളും മൂല്യങ്ങളുമാണ് കുട്ടികളിൽ വികസിച്ചുവരേണ്ടത് എന്ന ധാരണ അവർക്കായി പ്രവർത്തനങ്ങൾ രൂപകല്പന ചെയ്യുന്ന ടീച്ചർക്ക് ഉണ്ടായിരിക്കണം. പ്രതീക്ഷിതമായ പ്രകടനത്തിൽ ഓരോ കുഞ്ഞും എവിടെവിടെ നിൽക്കുന്നുവെന്ന് ടീച്ചർ നിരീക്ഷണങ്ങളിലൂടെയും കുഞ്ഞുങ്ങളുമായി പലപ്പോഴായി നടത്തുന്ന അനൗപചാരിക ഭാഷണങ്ങളിലൂടെയും തിരിച്ചറിയണം. രക്ഷിതാക്കളിൽ നിന്നു കിട്ടുന്ന പ്രതികരണങ്ങളിൽ നിന്ന് ഒരു പരിധി വരെ ചില കാര്യങ്ങൾ ടീച്ചർക്ക് മനസ്സിലാക്കിയെടുക്കാനാവും

- ചുരുക്കത്തിൽ അവസ്ഥാനിർണയമെന്നത് പ്രതീക്ഷിത നിലവാരവുമായി നിലവിലുള്ള പ്രകടനങ്ങളെ തട്ടിച്ചുനോക്കി ചില നിഗമനങ്ങളിൽ എത്തിച്ചേരലാണ്.
- നിരീക്ഷണം, അനൗപചാരിക സംഭാഷണം എന്നിവ വഴിയാണ് ഇതിനുള്ള വിവരങ്ങൾ ശേഖരിക്കേണ്ടത്.
- കുട്ടികൾക്കൊപ്പം പ്രവർത്തിച്ചുകൊണ്ട്, അവരറിയാതെയാണ് അവസ്ഥാനിർണയം നടത്തേണ്ടത്.
- കുട്ടികൾക്കുണ്ടാവുന്ന മാറ്റങ്ങൾ തിട്ടപ്പെടുത്തുന്ന കാര്യത്തിൽ, കുട്ടികളുടെ കളിപ്രവർത്തന മികവുകൾ, ഉല്പന്നങ്ങൾ എന്നിവയും രക്ഷിതാക്കൾ നൽകുന്ന ഫീഡ്ബാക്കുകളെയും വിവേകപൂർവം ഉപയോഗിക്കാം.

### വിലയിരുത്തലിനും രേഖപ്പെടുത്തലിനുമുള്ള ഉപാധികൾ

ഓരോ കുഞ്ഞിനെ സംബന്ധിച്ചും അപ്പപ്പോൾ ലഭിക്കുന്ന തിരിച്ചറിവുകളുടെ അടിസ്ഥാനത്തിൽ, ഓരോരുത്തരെയും എങ്ങനെ മുന്നോട്ടുകൊണ്ടുവരാം എന്നതിലാണ് ടീച്ചറുടെ ശ്രദ്ധ. അതുകൊണ്ടു തന്നെ പ്രോത്സാഹിപ്പിക്കൽ, പ്രചോദിപ്പിക്കൽ, സഹായിക്കൽ, അംഗീകരിക്കൽ തുടങ്ങിയ ഇടപെടലുകൾ അപ്പപ്പോൾ തന്നെ നിർവഹിക്കുന്നതാണ് അഭികാമ്യം. എന്നാൽ ചില സംഗതികളിൽ തുടർന്നും സവിശേഷമായ ഇടപെടലുകൾ ആവശ്യമായി വരും. അവയാകട്ടെ, ആലോചിച്ച് തീരുമാനിക്കേണ്ടതുമാവും.

ചില കാര്യങ്ങളിൽ രക്ഷിതാക്കൾ, ആരോഗ്യരംഗത്തെ വിദഗ്ധർ തുടങ്ങിയവരുടെ സഹായം ആവശ്യമായി വരും. ചുരുക്കത്തിൽ, ഒറ്റയ്ക്കോ മറ്റുള്ളവരുടെ സഹായത്തോടെയോ, പിന്നീട് നടത്തേണ്ട പ്രവർത്തനങ്ങ



ളുടെ അടിസ്ഥാനമായി വർത്തിക്കേണ്ട നിരീക്ഷണങ്ങളും നിഗമനങ്ങളും ടീച്ചർ കുറിച്ചു വയ്ക്കേണ്ടതുണ്ട്. അതിനായി താഴെ ചേർത്തിരിക്കുന്ന ഉപാധികൾ സ്വീകരിക്കാം.

- കുഞ്ഞുങ്ങളുടെ വികാസനില പ്രകടമാക്കുന്ന തെളിവുകളായി തിരഞ്ഞെടുത്ത പഠനോൽപ്പന്നങ്ങളുടെ സാമ്പിളുകൾ (ചിത്രങ്ങൾ, നിർമാണങ്ങൾ എന്നിവ)
- കുഞ്ഞുങ്ങളുടെ സവിശേഷതകൾ, പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് ടീച്ചർ പലപ്പോഴായി നടത്തുന്ന രേഖപ്പെടുത്തലുകൾ
- നിശ്ചിത വികാസനില കൈവരിക്കുമ്പോൾ ടിക് ചെയ്യാവുന്ന ചെക്ക്‌ലിസ്റ്റുകൾ



### 8.5 മറ്റുള്ളവരുമായി പങ്കുവയ്ക്കൽ

രക്ഷിതാക്കൾ, സ്കൂൾ നടത്തിപ്പ് / സഹായസമിതി, ആരോഗ്യപ്രവർത്തകർ എന്നിവരുമായാണ് തന്റെ കണ്ടെത്തലുകളിൽ ചിലത് ടീച്ചർക്ക് പങ്കുവയ്ക്കേണ്ടതായി വരിക. രക്ഷിതാക്കളുമായി നിരന്തരം ബന്ധപ്പെടുന്ന പ്രവർത്തനശൈലിയിൽ അനൗപചാരികമായി നടത്തുന്ന ഭാഷണങ്ങളിൽ അതത് കുഞ്ഞുങ്ങളെ സംബന്ധിച്ച സവിശേഷമായ നിരീക്ഷണങ്ങൾ ടീച്ചർ പങ്കുവയ്ക്കണം. എന്നാൽ രക്ഷിതാക്കളുമായി പൊതുവിൽ പങ്കുവയ്ക്കേണ്ട ചില കാര്യങ്ങൾ പ്രതിമാസം നടത്തുന്ന രക്ഷകർത്തൃയോഗത്തിൽ അവതരിപ്പിച്ച് രക്ഷിതാക്കൾ എന്തുചെയ്യണം/ചെയ്യരുത് എന്ന കാര്യത്തിൽ വ്യക്തത വരുത്തണം. ഈ പ്രതിമാസ കൂടിച്ചേരലിൽ കുട്ടികൾ കൂട്ടായി നടത്തുന്ന കളികൾ, അവതരണങ്ങൾ എന്നിവ സംഘടിപ്പിക്കുന്നത് കുട്ടികളെ സംബന്ധിച്ച് രക്ഷിതാക്കൾക്ക് നേരിട്ട് അനുഭവങ്ങൾ ലഭിക്കുന്നതിന് സഹായകമാകും.

കുഞ്ഞുങ്ങളുടെ പൊതുവായ താൽപ്പര്യങ്ങളും ആവശ്യങ്ങളുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ സ്കൂൾ നടത്തിപ്പ് / സഹായസമിതിയുടെ മുമ്പാകെ അവതരിപ്പിക്കണം. ഇത്തരം കാര്യങ്ങൾ ഏറ്റെടുക്കാൻ നടത്തിപ്പ് / സഹായസമിതിയെ ഇത് സഹായിക്കും.

കുഞ്ഞുങ്ങളുടെ ആരോഗ്യനിലവാരം, ശാരീരിക - മാനസിക പ്രശ്നങ്ങൾ എന്നിവ ആരോഗ്യ / ശിശുമാനസികാരോഗ്യ വിദഗ്ധർക്കു മുമ്പാകെ അവതരിപ്പിക്കാനുള്ള സന്ദർഭങ്ങളും ടീച്ചർ ഉചിതമായി പ്രയോജനപ്പെടുത്തണം.

ഇത്തരം നിരീക്ഷണങ്ങളുടെയും മറ്റുള്ളവരുമായുള്ള ചർച്ചകളുടെയും വെളിച്ചത്തിൽ തന്റെ പ്രവർത്തനങ്ങളിൽ ഉൾച്ചേർക്കേണ്ട കാര്യങ്ങൾ എന്തെന്ന് തീരുമാനിച്ച് പ്രീ-സ്കൂൾ പ്രവർത്തനാസൂത്രണത്തിൽ ടീച്ചർ ഉൾപ്പെടുത്തണം. ഇതൊരു തുടർപ്രക്രിയായി മാറുകയും വേണം.

ചുരുക്കത്തിൽ, ശിശുപരിരക്ഷയെയും പഠനത്തെയും കുഞ്ഞുങ്ങളുടെ അവകാശത്തെയും സംബന്ധിച്ച് ലോകമാകെ ഉയർന്നു വന്നിട്ടുള്ളതും അതിൽ നിന്ന് നാം സ്വാംശീകരിച്ചതുമായ നിലപാടുകളുടെ അടിസ്ഥാനത്തിൽ മാത്രമാണ് പ്രീ-സ്കൂൾ ഘട്ടത്തിലെ വിലയിരുത്തൽ.

- അത് ഒരിക്കലും, ഔപചാരികമായ ലേഖന - വാചിക പരീക്ഷകളോ മാർക്ക്, ഗ്രേഡ് നൽകലോ ആവരുത്.
- അത് കുട്ടികളെ തരംതിരിക്കാനോ താരതമ്യം ചെയ്യാനോ ഉള്ള ഉപാധിയാവരുത്.
- അത് പോരായ്മകൾ കണ്ടെത്തി കുട്ടിയെ അറിയിക്കാനോ ആത്മവിശ്വാസം കെടുത്താനോ ഉള്ള പദ്ധതിയാവരുത്.
- മറിച്ച്, തീർത്തും അനൗചാരികവും വികസനോന്മുഖവും ശിശുവികാസത്തെ ത്വരിതപ്പെടുത്താനുള്ളതുമായ ഒരു പ്രക്രിയ മാത്രമാണ്.



# 9. പ്രീ-സ്കൂൾ വ്യവസ്ഥാപനം


9.1 നിലവിലുള്ള പ്രീ-സ്കൂൾ സംവിധാനങ്ങൾ

9.2 ഘടനാപരമായ പരിഷ്കരണങ്ങൾ

9.3 സംസ്ഥാനതല പ്രീ-സ്കൂൾ സംവിധാനം

9.4 അംഗീകാരം

9.5 പ്രീ-സ്കൂൾ അങ്കണവാടി സംയോജനം

9.6 വകുപ്പുതല സാധ്യതകൾ

9.7 പ്രീ-സ്കൂൾ ക്രമീകരണങ്ങൾ

9.8 ഏകോപനം

9.9 പിന്തുണാസംവിധാനം

9.10 മോണിറ്ററിംഗ്


9.11 പ്രീ-സ്കൂൾ ആക്ടും റൂളും

9.12 ഗവേഷണം

9.13 സാമൂഹ്യവിദ്യാഭ്യാസം

9.14 നയരൂപീകരണം



# 9. പ്രീ-സ്കൂൾ വ്യവസ്ഥാപനം

ശിശുക്കളുടെ വികാസ പ്രക്രിയയിൽ പ്രഥമ ഗണനീയമായ ഒരു സ്ഥാനമാണ് പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിനുള്ളത്. കുട്ടിയിൽ അന്തർലീനമായ കർമ ശേഷികളും വൈഭവങ്ങളും രൂപപ്പെടുന്നതും അവ ഭാവിജീവിതത്തിന് അടിസ്ഥാന ശിലയാകുന്നതും ശൈശവകാലത്തെ അനുഭവങ്ങൾ വഴിയാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ വിദ്യാഭ്യാസ നേട്ടങ്ങൾക്ക് പുകഴ്പെറ്റ കേരളത്തിലെ ശൈശവകാല വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഏകീകൃത പാഠ്യപദ്ധതിയോ നിയന്ത്രണസംവിധാനമോ വ്യക്തമായ മാർഗനിർദേശങ്ങളോ ഇന്ന് നിലവിലില്ല. ഈ കുറവു നികത്തുന്നതിനായി പ്രീ-സ്കൂൾ സ്ഥാപനങ്ങളെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക എന്നത് സർക്കാരിന്റെ ലക്ഷ്യമായി മാറുന്നു. വിദ്യാഭ്യാസ അവകാശ നിയമം - 2009 ന്റെ അടിസ്ഥാനത്തിൽ 3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികളുടെ പരിചരണവും വിദ്യാഭ്യാസവും ഏറ്റെടുത്തു നടത്താനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാരിനാണ്. അതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന സംവിധാനം വികസിപ്പിക്കാവുന്നതാണ്.

## 9.1 നിലവിലുള്ള പ്രീ-സ്കൂൾ സംവിധാനങ്ങൾ

1. ശൈശവകാല പ്രചോദിത പ്രവർത്തന കേന്ദ്രങ്ങൾ (ECS)

   3 വയസ്സിനുതാഴെയുള്ള ശിശുക്കളുടെ പരിചരണം, സംരക്ഷണം എന്നിവയ്ക്കായി സ്വകാര്യ സന്നദ്ധ സംഘടനകൾ നടത്തുന്ന കേന്ദ്രങ്ങൾ. വികസനവ്യതിയാനമുള്ള കുട്ടികളുടെ ഇടപെടൽ കേന്ദ്രങ്ങൾ (Early intervention centre), പ്ലേ സ്കൂളുകൾ, ക്രെഷകൾ, ഡേ കെയർ സെന്ററുകൾ തുടങ്ങിയവ ഈ വിഭാഗത്തിൽപ്പെടുന്നു.

2. ശൈശവകാല പരിചരണ വിദ്യാഭ്യാസകേന്ദ്രങ്ങൾ (ECCE)

   സംയോജിത ശിശുവികസന പരിപാടിയിൽ 3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്കായി നടത്തുന്ന അങ്കണവാടികൾ, മറ്റു വകുപ്പുകളുടെ CSC/ST : LSGs etc) നഴ്സറികൾ, ബാലവാടികൾ, ജയിൽ വകുപ്പിന്റെ കീഴിലുള്ള നഴ്സറി സ്കൂളുകൾ എന്നിവ ഈ വിഭാഗത്തിൽപെടുന്നു.

3. ശൈശവകാല വിദ്യാഭ്യാസകേന്ദ്രങ്ങൾ (ECL) പ്രീ-പ്രൈമറി / നഴ്സറി സ്കൂൾ

   മൂന്നു മുതൽ അഞ്ചു വയസ്സു വരെയുള്ള കുട്ടികൾക്കായി ഗവൺമെന്റ് എയിഡഡ്, അൺ എയിഡഡ് സ്കൂളുകളോടനുബന്ധിച്ചും വ്യത്യസ്തധാരാ സ്കൂളുകളോ (different stream)ടനുബന്ധിച്ചും വ്യക്തികളും സംഘടനകളും ഒറ്റപ്പെട്ട നിലയിലും ഇവ നടത്തിവരുന്നു. സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.റ്റി.എ നടത്തുന്ന പ്രീ-പ്രൈമറി സ്കൂളുകളും ഇതിൽപ്പെടും.

## 9.2 ഘടനാപരമായ പരിഷ്കരണങ്ങൾ

പ്രീസ്കൂൾ സ്ഥാപനങ്ങളുടെ ഘടനയും കാര്യക്രമവും പാഠ്യപദ്ധതിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

## 9.3 സംസ്ഥാനതല പ്രീ-സ്കൂൾ ഭരണസംവിധാനം

വിദ്യാഭ്യാസ അവകാശനിയമം 2009 സെക്ഷൻ II ൽ 3 വയസിനുമുകളിലുള്ള കുട്ടികൾക്കു ശൈശവകാല പരിരക്ഷയും വിദ്യാഭ്യാസവും നൽകുന്നതിനുള്ള ക്രമീകരണം ബന്ധപ്പെട്ട സർക്കാരിന്റെ ചുമതലയാണെന്ന് വ്യക്തമാക്കിയിട്ടിട്ടുണ്ട്. കേരളവിദ്യാഭ്യാസ അവകാശ ചട്ടപ്രകാരം പാഠ്യപദ്ധതി രൂപീകരിക്കുന്നതിനും, പരി

ശീലനകാര്യങ്ങൾ നിശ്ചയിക്കുന്നതിനുമായുള്ള അക്കാദമിക ചുമതല എസ്.സി.ഇ.ആർ.ടി ക്ക് നൽകിയിരിക്കുന്നു. പ്രീ-സ്കൂൾ സ്ഥാപന നിയന്ത്രണം, അംഗീകാരം, ഏകോപനം തുടങ്ങിയവ നിർവഹിക്കുന്നതിനുള്ള ചുമതലയും, പാഠ്യപദ്ധതിയുടെ ലക്ഷ്യങ്ങൾ പ്രാബല്യത്തിൽ കൊണ്ടു വരുന്നതിനായി പ്രീസ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള അധികാരവും നിർവഹണ ഏജൻസി എന്ന നിലയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കാണ്. ഇക്കാര്യത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ സഹായിക്കണം.

## 9.4 അംഗീകാരം

സർക്കാർ നേരിട്ടുനടത്തുന്നതോ, തദ്ദേശസ്ഥാപനങ്ങൾ നടത്തുന്നതോ ആയ പ്രീ-സ്കൂളുകൾ ഒഴികെ മറ്റെല്ലാ പ്രീ-സ്കൂളുകളും സർക്കാർ നിശ്ചയിക്കുന്ന അധികാരിയിൽ നിന്ന് അംഗീകാരം നേടേണ്ടതാണ്. അംഗീകാരത്തിനായി നിർദിഷ്ടമാതൃകയിലുള്ള അപേക്ഷയും, അതിനൊപ്പം സർക്കാർ നിർദേശിക്കുന്ന അവശ്യ സൗകര്യങ്ങളും പഠനാന്തരീക്ഷവും, ഉറപ്പുവരുത്തിയിട്ടുണ്ടെന്നു വ്യക്തമാക്കുന്ന നിയതമായ അനുബന്ധരേഖകളും സമർപ്പിക്കേണ്ടതാണ്.

**i) അംഗീകാരത്തിനായി പാലിക്കേണ്ട പ്രധാന നിബന്ധനകൾ/മാനദണ്ഡങ്ങൾ**

- സ്ഥാപനം, കുട്ടികൾക്കായുള്ള അവകാശങ്ങൾ സംരക്ഷിക്കുന്നവയും ഭരണഘടനാനിബന്ധനകൾ പൂർണമായും പാലിക്കുന്നവയുമാകണം.
- പാഠ്യപദ്ധതി അനുബന്ധ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള ഭൂവിസ്തൃതി, കെട്ടിട വിസ്തൃതി സ്ഥല സൗകര്യങ്ങൾ, ഉപകരണങ്ങൾ, സംവിധാനങ്ങൾ തുടങ്ങിയവ ഉറപ്പുവരുത്തിയിട്ടുണ്ടാകണം.
- മാതൃഭാഷ ബോധനമാധ്യമമായി സ്വീകരിക്കണം.
- അധ്യാപക വിദ്യാർഥി അനുപാതം 1 : 15 എന്നായി നിജപ്പെടുത്തണം. സ്ഥാപനത്തിൽ അംഗീകൃത ശേഷിയിലധികം കുട്ടികളെ പ്രവേശിപ്പിക്കാൻ പാടുള്ളതല്ല. ആവശ്യമായ ജീവനക്കാരെ നിയോഗിക്കേണ്ടതാണ്.
- എല്ലാവരെയും ഉൾക്കൊള്ളുന്നതും പ്രത്യേക ആവശ്യമുള്ള കുട്ടികൾക്ക് പരിഗണന നൽകുന്നതുമാകണം.
- ഭൗതിക സൗകര്യങ്ങൾ, തടസവിമുക്തവും ശിശുസൗഹൃദപരവുമായി ചിട്ടപ്പെടുത്തണം.
- ചുമതലപ്പെടുത്തിയ അധികാരികൾക്ക് പരിശോധനയ്ക്കു സ്ഥാപനം തുറന്നു നൽകണം.
- ശിശുക്കൾക്കുള്ള പ്രവേശനം മൂന്നു വയസ്സുമുതൽ ആറു വയസ്സുവരെയായി നിജപ്പെടുത്തേണ്ടതാണ്.
- പ്രീ-സ്കൂൾ വിദ്യാഭ്യാസകേന്ദ്രം ഇക്കാര്യത്തിനല്ലാതെ മറ്റ് കാര്യങ്ങൾക്ക് ഉപയോഗിക്കുവാൻ പാടുള്ളതല്ല.
- അംഗീകാരം ലഭിക്കുന്ന സ്ഥാപനം, തദ്ദേശസ്ഥാപനങ്ങളിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യേണ്ടതാണ്.
- മോണിറ്ററിങ്, കുട്ടികളുടെ അവസ്ഥാവിശകലനം തുടങ്ങിയവയ്ക്കായി ആവശ്യപ്പെടുന്ന രേഖകൾ നൽകേണ്ടതാണ്.
- സർക്കാർ നിർദേശിക്കുന്ന രേഖകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.
- അംഗീകൃത പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പഠനരീതികൾ പരിചരണ സേവനങ്ങൾ, രക്ഷാകർത്തൃ പങ്കാളിത്തം തുടങ്ങിയ നിർദേശങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.
- സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന അധ്യാപികയ്ക്കും ശിശുസേവികയ്ക്കും (ആയ) നിശ്ചിത യോഗ്യത ഉണ്ടായിരിക്കണം.
- പ്രവേശനം ആഗ്രഹിക്കുന്ന ഒരു കുട്ടിയോടും ജാതി, മതം, ലിംഗം, ശാരീരിക-മാനസിക സവിശേഷതകൾ, ഭാഷ, ജന്മസ്ഥലം എന്നിവയുടെ അടിസ്ഥാനത്തിൽ വിവേചനം പാടുള്ളതല്ല.

- പ്രവേശനസമയത്ത് സ്കൂൾ ആരോഗ്യപരിപാടിയിലോ, ICDS പദ്ധതിയിലോ നിർദേശിക്കപ്പെട്ടിട്ടുള്ള ഹെൽത്ത് കാർഡുപയോഗിച്ച് ആവശ്യമായ വിവരങ്ങൾ ശേഖരിക്കേണ്ടതാണ്.
- ഔപചാരിക വിദ്യാഭ്യാസം (3Rs) നടത്താനോ, കുട്ടികളെ എഴുത്തുപരീക്ഷ, മറ്റ് ഔപചാരിക പരീക്ഷകൾ എന്നിവയ്ക്ക് വിധേയമാക്കാനോ പാടുള്ളതല്ല. കളിരീതിയിലുള്ള പഠനമാണ് അനുവർത്തിക്കേണ്ടത്.
- കുട്ടികൾക്കു യാതൊരുവിധ ശിക്ഷകളും പാടുള്ളതല്ല.
- മുഴുവൻ കുട്ടികൾക്കും ഭക്ഷണം, ശുദ്ധജലം, ശുചിത്വസൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.
- ഓരോ പ്രായവിഭാഗത്തിലും ഗ്രൂപ്പുകളിലും പെടുന്ന കുട്ടികളെ വർഷക്രമമനുസരിച്ച് പ്രീ-സ്കൂൾ I, പ്രീ-സ്കൂൾ II, പ്രീ-സ്കൂൾ III എന്നിങ്ങനെയുള്ള ക്ലാസുകളായി തരംതിരിക്കേണ്ടതാണ്.
- കുട്ടികളുടെ യാത്രയ്ക്കായി വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ പൂർണ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതും സ്കൂൾ വാഹനനിയമം പാലിക്കേണ്ടതുമാണ്.
- പ്രകൃതി ദുരന്തങ്ങളിൽ നിന്നും അപായങ്ങളിൽ നിന്നും രക്ഷ നൽകുന്നവിധം സ്ഥാപനങ്ങൾ രൂപപ്പെടുത്തേണ്ടതാണ്.



### ii) അംഗീകാരം പിൻവലിക്കൽ

ഏതെങ്കിലും സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ അംഗീകാരം നൽകുന്ന അധികാരി, ചുമതലപ്പെടുത്തുന്ന ആൾ ആ സ്ഥാപനം സന്ദർശിക്കുകയും പരാതി ശരിയെന്നു ബോധ്യപ്പെട്ടാൽ അംഗീകാരം റദ്ദാക്കുകയും ചെയ്യണം. ഇക്കാര്യത്തിൽ നോട്ടീസ് നടപടിക്രമങ്ങളും, അപ്പീൽസൗകര്യങ്ങളും, അംഗീകൃത ശിക്ഷാനടപടികളും നിബന്ധനകളിൽ ഉൾപ്പെടുത്തേണ്ടതാണ്.

### iii) സർക്കാർ ആവിഷ്കരിക്കുന്ന പ്രീ-സ്കൂൾ സ്ഥാപനങ്ങൾക്ക് നിബന്ധനകളിൽ നിന്ന് പ്രത്യേക ഇളവ്

കേന്ദ്രാവിഷ്കൃതമെന്നും തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ളവയെന്നുമുള്ള പ്രത്യേകതകൾ കണക്കിലെടുത്ത് അങ്കണവാടികളെ, അംഗീകാരം, രജിസ്ട്രേഷൻ എന്നീ പ്രക്രിയകളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ മോണിറ്ററിങ്, അക്കാദമിക കാര്യങ്ങൾ, പരിശീലനം തുടങ്ങിയ എല്ലാ ഏകോപന പ്രവർത്തനങ്ങൾക്കു കീഴിലും ഈ സ്ഥാപനങ്ങളും ഉൾപ്പെടുന്നതാണ്. ഇത്തരം സ്ഥാപനങ്ങളെയും ഏകീകൃത പാഠ്യപദ്ധതിക്ക് അനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളുന്ന വിധം അവയുടെ നിലവാരം ഉയർത്തികൊണ്ടു വരുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിക്കേണ്ടതാണ്. പാഠ്യപദ്ധതി അംഗീകരിച്ച് മൂന്ന് വർഷത്തിനകം ഇത്തരം മാറ്റങ്ങൾ വരുത്താത്തപക്ഷം ആ സ്ഥാപനങ്ങൾക്ക് പ്രീ-സ്കൂൾ എന്ന രീതിയിൽ പ്രവർത്തിക്കുന്നതിനുള്ള അനുമതി നിഷേധിക്കേണ്ടതാണ്.

### iv) മൂന്നു വയസ്സിൽ താഴെയുള്ള കുട്ടികൾക്കായിട്ടുള്ള സ്ഥാപനങ്ങൾ

പ്രീ-സ്കൂൾ സ്ഥാപനം 3-6 പ്രായക്കാർക്കായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ 3 വയസ്സിന് താഴെയുള്ള കുട്ടികൾക്കായുള്ള കേന്ദ്രങ്ങൾ (ECS) ഈ പാഠ്യപദ്ധതിയുടെ പരിധിക്കുള്ളിൽ വരുന്നില്ല എന്നതിനാൽ മറ്റു നിബന്ധനകൾ ഉണ്ടാകുന്നതുവരെ അംഗീകാരം തേടേണ്ടതില്ല.

### V) തദ്ദേശസ്ഥാപനതല രജിസ്ട്രേഷൻ

കുട്ടികളുടെ വികാസം, പോഷണം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയവയിൽ തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തം നിർണായകമാണ്. വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് (റൂൾ-8) അയൽപക്ക വിദ്യാലയം, വിദ്യാലയ മാപ്പിങ്, ശിശുക്കളുടെ സ്ഥിതിവിവരക്കണക്കുകൾ, അവസ്ഥാവിശകലനം തുടങ്ങിയവ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്നു. ഈ സാഹചര്യത്തിൽ എല്ലാ പ്രീ-സ്കൂളുകളും അംഗീകാരം നേടിയ ശേഷം തദ്ദേശസ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. അംഗീകാരം കൂടാതെയുള്ള രജിസ്ട്രേഷൻ അനുവദനീയമല്ല.

## 9.5 പ്രീസ്കൂൾ - അങ്കണവാടി സംയോജനം

3 മുതൽ 5 വരെ വയസ്സുള്ള കുട്ടികൾക്കായി കേന്ദ്രാവിഷ്കൃത പരിപാടിയായ അങ്കണവാടികളെ ശക്തിപ്പെടുത്തി നിലനിർത്തുകയും, അതോടൊപ്പം 5 മുതൽ 6 വരെവയസ്സുള്ള കുട്ടികൾക്കായി ഗുണമേന്മയുള്ള പ്രീ-സ്കൂൾ വിദ്യാഭ്യാസം അയൽപക്ക പ്രദേശത്തെ പ്രൈമറി സ്കൂളുകളോടനുബന്ധിച്ച് നൽകുന്നതിനുമുള്ള ശ്രമമാണ് ഇന്നത്തെ നിലയിൽ അഭികാമ്യം. പടിപടിയായി അങ്കണവാടികളെ നിശ്ചിത നിലവാരമുള്ള പ്രീ-സ്കൂളുകളായി പരിവർത്തിപ്പിക്കണം. മൂന്നു മുതൽ ആറു വരെ പ്രായമുള്ള കുട്ടികളെ അയൽപക്ക സ്ഥാപനങ്ങളിൽ തന്നെ പ്രവേശിപ്പിക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾ രക്ഷിതാക്കൾക്ക് നിർദേശങ്ങൾ നൽകേണ്ടതാണ്. സൗജന്യ പ്രീ-സ്കൂൾ വിദ്യാഭ്യാസം എല്ലാതലങ്ങളിലും ക്രമേണ ലഭ്യമാക്കുകയും പ്രീ-സ്കൂളുകളോടനുബന്ധിച്ച് വൈദ്യപരിശോധന, പ്രതിരോധകുത്തിവയ്പ് വളർച്ചാ നിരീക്ഷണം, അനുപൂരകപോഷകാഹാരം എന്നീ പരിചരണ സേവനങ്ങൾ ലഭ്യമാക്കുകയും, ചെയ്യേണ്ടതാണ്. ഇതുവഴി എല്ലാ പ്രീ-സ്കൂൾ കേന്ദ്രങ്ങളെയും ശൈശവകാല പരിചരണവും വിദ്യാഭ്യാസവുമെന്ന നയപരമായ ലക്ഷ്യത്തിലേക്ക് ഉയർത്തികൊണ്ട് വരേണ്ടതാണ്. പരിചരണ സേവനം സാർവത്രികമാക്കുന്നതിലേക്കായി ICDS ഫണ്ടുകളും അത് ലഭ്യമല്ലാത്ത സ്ഥാപനങ്ങളിലേക്ക് തദ്ദേശഭരണ സ്ഥാപന വികസനഫണ്ടുകളും വിനിയോഗിക്കുന്നതിനുള്ള മാർഗ നിർദേശങ്ങൾ രൂപീകരിക്കേണ്ടതാണ്.

## 9.6 വകുപ്പ്തല സംയോജന സാധ്യതകൾ

നിലവിലുള്ള വിവിധ ശിശുവിദ്യാഭ്യാസ പരിചരണ/കേന്ദ്രങ്ങളെ ശൈശവകാലവികസനകേന്ദ്രങ്ങൾ (ECD) എന്ന നിലയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന് വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഏകോപിപ്പിക്കുകയും വിഭവസ്രോതസുക്കൾ സംയോജിപ്പിക്കേണ്ടതുമുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാനതലം തൊട്ട് താഴെവരെ ഏകോപന സംവിധാനമുണ്ടാവുകയും അവയ്ക്കു കീഴിൽ താഴെ ചേർത്ത വിവിധ ഏജൻസികൾ അവരുടെ നിർദിഷ്ഠ സേവനങ്ങൾ 3 മുതൽ 6 വയസ്സുവരെയുള്ള കുഞ്ഞുങ്ങൾക്ക് ലഭ്യമാക്കുകയും വേണം.

1. ആരോഗ്യവകുപ്പ്/NRHM : കുട്ടികളുടെ ആരോഗ്യപരിശോധന (ഹെൽത്ത് ചെക്കപ്പ്), രോഗ പ്രതിരോധ കുത്തിവയ്പ്പ്, പ്രതിരോധ ഔഷധചികിത്സ, ആരോഗ്യപോഷണ വിദ്യാഭ്യാസം, മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, ശുദ്ധജലലഭ്യത, സ്ഥാപനശുചിത്വനിരീക്ഷണം തുടങ്ങിയ സേവനങ്ങൾ.
2. ICDS - സാമൂഹ്യക്ഷേമ വകുപ്പ് : പ്രീ-സ്കൂൾ പാഠ്യപദ്ധതി പ്രായോഗികമായി നടപ്പാക്കൽ, വിവിധ തട്ടുകളിൽ ഏകോപന പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ, പ്രവർത്തക പരിശീലനത്തിന് പിന്തുണ ഉറപ്പാക്കൽ, പോഷകാഹാരവിതരണ ശൃംഖലയിൽ വിവിധ പ്രീ-സ്കൂളുകളെ ഉൾപ്പെടുത്തൽ, മോണിറ്ററിങ് സംവിധാനത്തിന് വിവിധ തസ്തികകളിൽ ഉള്ളവരെ ചുമതലപ്പെടുത്തൽ, കുട്ടികളുടെ പ്രായഭേദമനുസരിച്ച് വ്യത്യസ്ത ക്ലാസുകൾ നടത്തത്തക്കവിധം അങ്കണവാടികളെ ഉയർത്തികൊണ്ടുവരൽ, ICDS, NPAG - ICPS, തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾവഴി അനുയോജ്യമായ ഫണ്ടു കണ്ടെത്തൽ.
3. വിദ്യാഭ്യാസ വകുപ്പ് : പൊതുവിദ്യാഭ്യാസ വകുപ്പ് അതിനു കീഴിലുള്ള എസ്.സി.ഇ.ആർ.ടി, സീമാറ്റ്, സർവശിക്ഷാ അഭിയാൻ തുടങ്ങിയവയെ ഏകോപിപ്പിച്ച് പ്രീ-സ്കൂൾ മേഖലയിൽ ആവശ്യമായ അക്കാദമിക ഇടപെടലുകൾ നടത്തേണ്ടതാണ്. പാഠ്യപദ്ധതി രൂപീകരണം, സോഴ്സ്ബുക്ക് തയാറാക്കൽ പ്രീ-സ്കൂൾ അംഗീകാരം, ഏകോപന സമിതി പ്രവർത്തനം, പരിശീലനം, അക്കാദമിക മോണിറ്ററിങ് തുടങ്ങിയവ ഇതിൽപെടുന്നു.





4. തദ്ദേശസ്വയംഭരണ വകുപ്പ് : പ്രീസ്കൂൾ വിദ്യാഭ്യാസം നിയാമക നിർദേശങ്ങൾക്കനുസരിച്ച് അയൽപക്ക പ്രദേശത്തുതന്നെ സൗജന്യമായി ലഭ്യമാക്കുന്നതിനും പരിചരണ സേവനം സമ്പുഷ്ടമാക്കുന്നതിനും, സ്ഥാപനങ്ങളെ ഏകോപിപ്പിക്കുന്നതിനും സഹായകമായ മാർഗ നിർദേശങ്ങൾ പുറപ്പെടുവിക്കണം. ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, മാതൃകാസ്ഥാപനങ്ങൾ വികസിപ്പിക്കുക തുടങ്ങിയവയും തദ്ദേശസ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

**വികേന്ദ്രീകൃത ആസൂത്രണം വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ രംഗത്ത് ചെയ്യുവാൻ കഴിയുന്നത്**

- ആവശ്യമായ അയൽപക്കസ്ഥാപനങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തൽ
- ശിശുക്കളുടെ അവസ്ഥാപഠനരേഖ
- പ്രീ-സ്കൂൾ കുട്ടികൾക്ക് ഒത്തുചേരലും കളികളും
- തീം വർക്ക്ഷോപ്പുകളും അധ്യാപക പരിശീലനവും
- ശിശുക്കളുടെ പ്രശ്ന പരിഹാരസെൽ
- പ്രാദേശിക ബാലവിജ്ഞാന ശേഖരണം
- പ്രീ-സ്കൂൾ ക്ഷേമകമ്മിറ്റികൾ സ്ഥാപിക്കൽ
- രക്ഷാകർത്തൃയോഗങ്ങളും സാമൂഹ്യവിദ്യാഭ്യാസവും
- സോഷ്യൽ ആഡിറ്റ് സമിതി പ്രവർത്തനം
- വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പാക്കൽ
- ഏകീകൃത പാഠ്യപദ്ധതി നടപ്പാക്കൽ
- ഏകോപന, സംയോജന സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ
- പ്രീ-സ്കൂൾ ന്യൂട്രീഷൻ നടപ്പാക്കൽ, ആരോഗ്യ സേവനങ്ങൾ ഉറപ്പുവരുത്തൽ

5. ഇതര വകുപ്പുകൾ : പട്ടികവർഗ വികസന വകുപ്പ്, പട്ടികജാതി വികസന വകുപ്പ് തുടങ്ങിയവ അവരുടെ കീഴിലുള്ള ബാലവാടികളെ ഈ പാഠ്യപദ്ധതി നിർദേശിക്കുന്ന പൊതു സംവിധാനത്തിന്റെ പ്രവർത്തന മാർഗത്തിലേക്ക് കൊണ്ടു വരേണ്ടതാണ്. ഇതോടൊപ്പം പട്ടികജാതി/പട്ടികവർഗ വകുപ്പ് നൽകുന്ന സ്കോളർഷിപ്പുകൾ എല്ലാ പ്രീ-സ്കൂളുകളിലേയും അങ്കണവാടികളിലേയും വിദ്യാർത്ഥികൾക്കും ലഭ്യമാക്കാനുള്ള നടപടികൾ ഉണ്ടാവണം.

6. സന്നദ്ധ സംഘടനകൾ : ശിശുക്ഷേമ സമിതി, സാമൂഹ്യക്ഷേമ ബോർഡ് തുടങ്ങിയ സംഘടനകൾ കേന്ദ്ര ധനസഹായത്തോടെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ക്രഷേകൾ, പരിപാലന കേന്ദ്രങ്ങൾ തുടങ്ങിയവയിലെ പ്രവേശന പ്രായപരിധി മൂന്നു വയസിനു താഴെയായി ക്രമപ്പെടുത്തി അവയുടെ പൊതുവായ ഉന്നമനത്തിനായി പ്രവർത്തിക്കേണ്ടതാണ്.

## 9.7 പ്രീ-സ്കൂൾ ക്രമീകരണങ്ങൾ

**5 വയസുകഴിഞ്ഞ ശിശുക്കളുടെ പ്രീ-സ്കൂൾ പ്രവേശനം:** ലോവർ പ്രൈമറി ക്ലാസുകളിൽ ചേർന്ന് പഠിച്ചിരുന്ന 5-6 പ്രായഗ്രൂപ്പിൽപ്പെട്ട കുട്ടികൾ പ്രീ-സ്കൂൾ III എന്ന ഡിവിഷനിലാണ് പ്രീ-സ്കൂൾ പദ്ധതി പ്രകാരം ഉൾപ്പെടുന്നത്. ഈ വിഭാഗം കുട്ടികളെ ലോവർ പ്രൈമറി സ്കൂളോടനുബന്ധിച്ച് പ്രത്യേകം പ്രീ-സ്കൂൾ III ക്ലാസ് ആരംഭിച്ചു പ്രവേശിപ്പിക്കേണ്ടതാണ്. പൊതുസ്കൂളുകൾക്കു പുറത്തുപ്രവർത്തിക്കുന്ന പ്രീ-

സ്കൂൾ സ്ഥാപനങ്ങളിൽ പ്രീ-സ്കൂൾ III ക്ലാസ് നടത്തേണ്ടതില്ല. പ്രസ്തുത കുട്ടികളെ ലോവർ പ്രൈമറി സ്കൂളുകളോടനുബന്ധിച്ചുള്ള പ്രീസ്കൂളുകളിൽ നിർബന്ധമായും പ്രവേശിപ്പിക്കേണ്ടതാണ്. ഈ നിർദേശങ്ങൾ പ്രീ-സ്കൂൾ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യപ്പെടേണ്ടതാണ്.

## 9.8 ഏകോപനം

പ്രീ-സ്കൂൾ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു സംസ്ഥാനതല ഉപദേശക സമിതിയും ഏകോപന സമിതിയും രൂപീകരിക്കേണ്ടതാണ്. ഈ സമിതികളുടെ ഘടന സർക്കാർ നിശ്ചയിക്കേണ്ടതാണ്. ഏകോപന സമിതിയിൽ പ്രീ-സ്കൂളുമായി അഭേദ്യമായി ബന്ധപ്പെട്ട വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം, പട്ടിക ജാതി-പട്ടിക വർഗവികസനം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെയും എസ്.സി.ഇ.ആർ.ടിയും എസ്.എസ്.എ തുടങ്ങിയ സംവിധാനങ്ങളുടെയും പ്രാതിനിധ്യം ഉറപ്പു വരുത്തേണ്ടതാണ്. അക്കാദമിക പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ഒരു അക്കാദമിക സമിതിയും രൂപീകരിക്കേണ്ടതാണ്.

പാഠ്യപദ്ധതി നിർമ്മാണം, പരിശീലനം, പരിചരണ സേവനം, വ്യക്തിഗത ആനുകൂല്യങ്ങൾ, അവസ്ഥാവിശകലനം തുടങ്ങിയ മേഖലകളിൽ ഈ സമിതികൾ വ്യാപരിക്കേണ്ടതാണ്. ഇത്തരം ഏകോപനം ജില്ല, ബ്ലോക്ക്/ഉപജില്ല, തദ്ദേശ സ്ഥാപനം എന്നീ തലങ്ങളിലും ഉറപ്പാക്കേണ്ടതാണ്. ഇതിനാവശ്യമായ ഏകോപനസമിതികളുടെ ഘടനയും സർക്കാർ നിശ്ചയിക്കുന്നതാണ്.

## 9.9 പിന്തുണാസംവിധാനം

കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സ്കീം പ്രകാരവും ഭരണഘടനാ നിർദേശങ്ങൾപ്രകാരവും പദ്ധതി മാർഗനിർദ്ദേശ പ്രകാരവും, ലഭ്യമായ എല്ലാ പിന്തുണകളും, പ്രീ-സ്കൂൾ സമ്പ്രദായത്തിനും പ്രതീക്ഷിക്കാവുന്നതാണ്. കേരളത്തിന്റെ പശ്ചാത്തലത്തിൽ അധികാരവികേന്ദ്രീകരണത്തിന്റെ ഫലമായി ശിശുവികസനവും, ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങളും, തദ്ദേശസ്ഥാപനങ്ങളുടെ അധികാര പരിധിയിൽ ഉൾക്കൊള്ളുന്നവയാണ്. പ്രീ-സ്കൂൾ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിന് ചുമതലപ്പെട്ടവിദ്യാഭ്യാസ ആരോഗ്യ ക്ഷേമ സ്റ്റാന്റിങ് കമ്മിറ്റികൾ നിലവിലുണ്ട്. ഇവയ്ക്കു പുറമെ വർക്കിങ് ഗ്രൂപ്പുകൾ, പഞ്ചായത്ത് വിദ്യാഭ്യാസ സമിതി, സ്കൂൾ മാനേജ്മെന്റ് സമിതി, സ്കൂൾ, സപ്പോർട്ട് ഗ്രൂപ്പ് തുടങ്ങിയ പിന്തുണാ സംവിധാനങ്ങളും പ്രീസ്കൂൾ തലത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതാണ്.

## 9.10 മോണിറ്ററിംഗ്

പ്രീ-സ്കൂൾ അധ്യാപികയുടെ പ്രവർത്തനങ്ങൾ പ്രീ-സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ നിലവാരം എന്നിവയും യോജിച്ച ഉപാധികളുടെ സഹായത്തോടെ വിലയിരുത്തേണ്ടതുണ്ട്. ഇതോടൊപ്പം പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിന്റെ അക്കാദമികം, പരിശീലനം, പ്രവർത്തനപുരോഗതി, പ്രീ-സ്കൂൾ അന്തരീക്ഷം, കുട്ടികളുടെ അവസ്ഥ, നിയമനിഷ്കർഷ എന്നിവ മോണിറ്ററിങ്ങിനും വിധേയമാക്കേണ്ടതാണ്.

മോണിറ്ററിങ്ങിന് ആവശ്യമായ പുരോഗതി റിപ്പോർട്ട് ഫോറങ്ങൾ പ്രത്യേകം രൂപകല്പന ചെയ്യേണ്ടതാണ്. മോണിറ്ററിങ്ങിന് മൂന്നു രീതി സമ്പ്രദായങ്ങൾ ഉപയുക്തമാക്കാം.

1) പ്രതിമാസ/ത്രൈമാസ വ്യക്തിഗത പുരോഗതി റിപ്പോർട്ടുകൾ (സെൽഫ് റിപ്പോർട്ടിംഗ്)
2) ഇതേകാലയളവിലുള്ള അധികാരപ്പെടുത്തിയ വ്യക്തികളുടെയോ സംഘങ്ങളുടേയോ, പരിശോധനയും റിപ്പോർട്ടിങ്ങും
3) നേരിട്ടുള്ള പ്രതിമാസ അവലോകന മീറ്റിങ്.

ഈ മൂന്നു സംവിധാനങ്ങളും പ്രീ-സ്കൂളുകളുടെ പുരോഗതിയും പ്രശ്നങ്ങളും പരിഹാര സാധ്യതകളും വിലയിരുത്തപ്പെടേണ്ടതാണ്. ഓരോ പ്രദേശത്തെയും അർഹരായ മുഴുവൻ കുട്ടികളും പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിൽ ഉൾച്ചേർന്നിട്ടുണ്ടെന്നും ഇതുവഴി ഉറപ്പുവരുത്തേണ്ടതാണ്. സംസ്ഥാനതലത്തിൽ ഉന്നതാധികാരിയും, ജില്ല-ബ്ലോക്ക്, നഗരഗ്രാമ പഞ്ചായത്തുതലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവരുടെ കീഴിലുള്ള ഏകോപന സമിതികളും ചേർന്ന് മോണിറ്ററിങ് നിർവ്വഹിക്കണം. നിയമ നിഷ്കർഷകൾ സംബന്ധിച്ച മോണിറ്ററിങ് ഉന്നതാധികാരി ചുമതലപ്പെടുത്തുന്ന വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥരും സാമൂഹ്യക്ഷേമ വകുപ്പിന്റെ പ്രാദേശിക ചുമതലക്കാരും യഥാവിധി നിർവഹിക്കേണ്ടതാണ്.





## 9.11 പ്രീ-സ്കൂൾ ആക്ടും റൂളും

പ്രീ-സ്കൂൾ സമ്പ്രദായം നിയമപരമായി പരിരക്ഷിക്കുന്നതിലേക്കായി പ്രീ-സ്കൂൾ ആക്ടും റൂളും സർക്കാർ മുൻകൈ എടുത്ത് കൊണ്ടുവരേണ്ടതാണ്.

- എല്ലാ പ്രീ-പ്രൈമറി സ്കൂളുകളിലും സർക്കാർ അംഗീകൃത അധ്യാപകയോഗ്യത നിർബന്ധമാക്കണം
- വിവിധ ഏജൻസികൾ നടത്തുന്ന അംഗീകൃത പ്രീ-സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപിക, ആയ എന്നിവർക്ക് സർക്കാർ തലത്തിൽ വേതനം അംഗീകരിക്കുന്ന കാര്യം പരിഗണിക്കണം
- എല്ലാ അംഗീകൃത പ്രീ-സ്കൂളുകളിലും ഏകീകൃത കരിക്കുലം നിർബന്ധമാക്കണം.

## 9.12 ഗവേഷണം

പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിന്റെ അക്കാദമിക് ഉത്തരവാദിത്തം എസ്.സി.ഇ.ആർ.ടി യിൽ നിക്ഷിപ്തമായിരിക്കുന്നതിനാൽ പഠനങ്ങൾ, ആക്ഷൻ റിസർച്ച്, അക്കാദമിക റിസർച്ച്, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ന്യൂസ്‌ലറ്ററുകൾ തുടങ്ങിയവയുടെ ചുമതല എസ്.സി.ഇ.ആർ.ടി യിൽ നിക്ഷിപ്തമായിരിക്കും. പ്രീ-സ്കൂൾ രംഗത്തെ സ്ഥിതിവിവരക്കണക്കുകൾ, ആധുനിക പ്രവണതകൾ, റഫറൻസ് പുസ്തകങ്ങൾ, നൂതനസംരംഭങ്ങൾ തുടങ്ങിയവയെക്കുറിച്ച് താൽപ്പര്യമുള്ള ഏതൊരാൾക്കും ഏതു സമയത്തും വിവരങ്ങൾ ലഭ്യമാകുന്ന ഒരു സംസ്ഥാനതല **'പ്രീ-സ്കൂൾ റിസോഴ്സ് സെന്റർ'** കാലക്രമേണ രൂപീകരിക്കേണ്ടതാണ്.

## 9.13 സാമൂഹ്യവിദ്യാഭ്യാസം

ശിശുവികസനം ഇന്നു നേരിടുന്ന പ്രധാന പ്രതിസന്ധി മാതാപിതാക്കളും സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങളും ശിശുക്കളെ അകാലികമായ വിദ്യാഭ്യാസ പ്രവർത്തനത്തിലേക്ക് (Early Instruction) ഉന്തിത്തള്ളി കൊണ്ടുപോകുന്നതാണ്. കച്ചവടക്കണ്ണുള്ള സ്ഥാപനങ്ങളാൽ ആകർഷിക്കപ്പെടുന്നതിനാലും ശാസ്ത്രീയമായ ശിശുവികസനത്തെകുറിച്ചുള്ള അജ്ഞതയാലുമാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇതിനുള്ള ഏക പ്രതിവിധി സമഗ്രശിശുവികസനം സംബന്ധിച്ച ജനകീയ ബോധനം ഒരു തുടർപരിപാടിയായി ഉയർത്തിക്കൊണ്ടുവരികയാണ്.

### പ്രവർത്തനങ്ങൾ

1. സാമൂഹ്യബോധനത്തിന് യോജിച്ച ശാസ്ത്രീയവും ആകർഷകവുമായ വിവരവിജ്ഞാന വിനിമയ ഉപാധികൾ
2. ജനപങ്കാളിത്തത്തോടെയും കഴിയാവുന്നത്ര ഏജൻസികളുടെ പ്രാതിനിധ്യത്തോടെയുമുള്ള ക്യാമ്പയിൻ
3. സമഗ്രശിശുവികസനത്തിന്റെ പ്രാധാന്യവും സവിശേഷതകളും കുട്ടികളുടെ ആവശ്യങ്ങളും അവകാശങ്ങളും എന്താണെന്ന് ബോധ്യപ്പെടുത്തുക.
4. പ്രീസ്കൂൾ സംവിധാനങ്ങൾ മുഴുവൻപേർക്കും സൗജന്യമായി ലഭിക്കുന്നതിനു സഹായകമായ ഇടപെടലുകൾ ജനങ്ങളിൽ നിന്ന് നേടിയെടുക്കുക
5. പ്രീ-സ്കൂൾ സ്ഥാപനങ്ങളെ സമൂഹത്തിന്റെ സ്വത്തും വിഭവവുമായി ഉയർത്തിക്കൊണ്ടുവരുക.
6. ശാസ്ത്രീയമായ ശിശുവികസനത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും കാഴ്ചപ്പാടുകൾ ജനങ്ങൾക്കു മനസ്സിലാവുന്ന രീതിയിൽ പ്രചരിപ്പിക്കുക. അതുവഴി അവരിൽ അഭിലഷണീയമായ മനോഭാവമാറ്റം ഉണ്ടാക്കുക.

കുട്ടിയുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും അവകാശങ്ങളും കണക്കിലെടുക്കാതെ ദൂരസ്ഥലങ്ങളിലേക്ക് കുട്ടി

കളെ കൊണ്ടുപോവുന്നത് കുട്ടികളോട് ചെയ്യുന്ന ക്രൂരതയാണ്. ആകയാൽ അയൽപക്ക വിദ്യാലയ സങ്കല്പം അംഗീകരിക്കുന്നതിനും അയൽപക്ക കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും പ്രാദേശിക ജനതയെ തയാറാക്കാൻ ഈ ക്യാമ്പയിനിലൂടെ സാധിക്കണം. ഇതിനൊപ്പം ശിശുവികസന ഉപാധികൾ (provisions) സുരക്ഷ (protection) പങ്കാളിത്തം (participation) എന്നിവ ആധുനികവത്കരിച്ച് ഉറപ്പാക്കുന്നതിനുള്ള നടപടികൾക്കും ആക്കം കൂട്ടേണ്ടതാണ്. ശിശുക്കളെ നിർബന്ധപൂർവം പഠിപ്പിക്കുകയല്ല, സ്വയാർജിതമായ പഠന ശേഷി കൈവരിക്കുവാൻ കഴിയും വിധം സഹായിക്കുകയാണ് രക്ഷിതാവ് ചെയ്യേണ്ടത്. ഇത് സാധിതമാകണമെങ്കിൽ കുട്ടിയെക്കുറിച്ചുള്ള അമിതമായ ആശങ്കകളും ആകാംക്ഷകളും പ്രതീക്ഷകളും മാത്സര്യബോധവും ഒഴിവാക്കാൻ രക്ഷിതാക്കളെയും സമൂഹത്തെയും പ്രാപ്തരാക്കണം.

## 9.14 നയരൂപീകരണം

കേരളത്തിൽ അഞ്ചു വയസ്സു കഴിഞ്ഞ ഏതാണ്ടെല്ലാ കുട്ടികളും പ്രാഥമിക വിദ്യാലയങ്ങളിലോ ഇതര വിദ്യാഭ്യാസ ശ്രേണിയിലോ പ്രവേശിക്കപ്പെടുന്നുണ്ട്. എന്നാൽ 3 മുതൽ 5 വരെ വയസ്സുള്ള കുട്ടികളുടെ പ്രീ-സ്കൂൾ പ്രവേശനം സംബന്ധിച്ച വ്യക്തമായ കണക്കുകൾ ഇല്ല. ഉദ്ദേശക്കണക്കുകൾ അനുസരിച്ച് 70% ത്തോളം പേർ പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിൽ വിവിധ മേഖലകളിലായി എത്തിപ്പെടുന്നതായി കരുതപ്പെടുന്നു. ശേഷിക്കുന്നവരിൽ ഭൂരിഭാഗവും വനമേഖലകളിലും ദുർഘടപ്രദേശങ്ങളിലും തീരദേശമേഖലകളിലും ആണെന്നാണ് നിഗമനം. വാഹന ലഭ്യതക്കുറവ് ശിശുവികസനത്തെ സംബന്ധിച്ച ധാരണക്കുറവ്, സാംസ്കാരിക പ്രത്യേകതകൾ, കുടുംബപശ്ചാത്തലം, ദാരിദ്ര്യം തുടങ്ങിയവയും ഇതിനുകാരണമായിരിക്കാം. ഈ സാഹചര്യം കണക്കിലെടുത്തുകൊണ്ട് ഒഴിഞ്ഞുനിൽക്കുന്ന വിഭാഗങ്ങളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ശാസ്ത്രീയമായ പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിലേക്ക് കൊണ്ടുവരികയാണ് പ്രീ-സ്കൂൾ വിദ്യാഭ്യാസ നയത്തിന്റെ കാതൽ. ഇതേ സന്ദർഭത്തിൽ നിലവിൽ പ്രാഥമിക വിദ്യാലയത്തിൽ ഉൾപ്പെടുന്ന 5, 6 പ്രായത്തിലുള്ള കുട്ടികളുടെ വിദ്യാഭ്യാസവും പ്രാഥമിക വിദ്യാഭ്യാസ ഘടനകളും വിദ്യാഭ്യാസ അവകാശ നിയമം മുന്നോട്ടുവയ്ക്കുന്ന നിർദേശങ്ങളുംകൂടി സമഗ്രമായ ഒരു പ്രീ-സ്കൂൾ നയം രൂപീകരിക്കുമ്പോൾ പരിഗണിക്കേണ്ടതുണ്ട്.

## റഫറൻസ്


(1) സാമൂഹ്യക്ഷേമ വകുപ്പ്- അങ്കണവാടി കവർക്കർമാരുടെ കൈപ്പുസ്തകം

(2) സാമൂഹ്യക്ഷേമ വകുപ്പ് - 'മഴവില്ല്' കേരള സർക്കാർ സാമൂഹ്യക്ഷേമ വകുപ്പ്

(3) എസ്.സി.ഇ.ആർ.ടി - പ്രീ-പ്രൈമറി വിദ്യാഭ്യാസം - നയരേഖയിലേക്ക് നിർദേശങ്ങൾ 2010

(4) കേരള സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് - പ്രി-പ്രൈമറി നിലപാട് രേഖ - എസ്.സി.ഇ.ആർ.ടി

(5) The Right of Children to Free and Cumpulsory Education Act 2009 - No 35 of 2009






# 10. രക്ഷാകർത്തൃ ബോധവൽക്കരണം

10.1 പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിൽ രക്ഷാകർത്താക്കൾക്കുള്ള പങ്ക്

10.2 രക്ഷാകർത്ത്യ പങ്കാളിത്തത്തിന്റെ അനിവാര്യത

10.3 രക്ഷാകർത്ത്യ പങ്കാളിത്തം - വിവിധ ഉപാധികൾ

10.4 പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

10.5 രക്ഷാകർത്ത്യബോധനം

10.6 സാമൂഹ്യ പങ്കാളിത്തം



# 10. രക്ഷാകർതൃ ബോധവൽക്കരണം



## 10.1 പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിൽ രക്ഷാകർത്താക്കൾക്കുള്ള പങ്ക്

കുട്ടികൾക്കായുള്ള ദേശീയ ശിശുനയം കുട്ടികൾ രാഷ്ട്രത്തിന്റെ അമൂല്യ സമ്പത്താണെന്ന് പ്രഖ്യാപിക്കുകയും അവരുടെ വളർച്ചയ്ക്കും വികാസത്തിനുമുള്ള ചുമതല പ്രാഥമികമായി കുടുംബത്തിൽ നിക്ഷിപ്തമാണെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ശൈശവത്തിൽ കുട്ടികളുടെ വികസന കാര്യത്തിൽ രക്ഷിതാക്കൾക്ക് പ്രധാനമായ കൈത്താങ്ങായി പ്രവർത്തിക്കുന്നത് പ്രീ-സ്കൂൾ സ്ഥാപനങ്ങളാണ്. ശിശുക്കളെ സംബന്ധിച്ച് ശൈശവകാല പരിചരണവിദ്യാഭ്യാസവും കുടുംബവും ഉന്നമാക്കുന്ന ലക്ഷ്യങ്ങൾ ഏതാണ്ട് ഒന്നുതന്നെയാണ്. അതുകൊണ്ട് വിദ്യാലയവും കുടുംബവും തമ്മിൽ പരസ്പരവിശ്വാസവും സഹകരണവും അനിവാര്യമാണ്. വിദ്യാലയം കുട്ടികൾക്കുവേണ്ടി എന്തൊക്കെ ചെയ്യുന്നുവെന്നറിയുവാൻ രക്ഷാകർത്താക്കൾക്കു താൽപ്പര്യമുണ്ട്. അധ്യാപകർക്കാവട്ടെ, ശിശുക്കൾക്കാവശ്യമായ വ്യക്തിഗത പ്രചോദന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് ശിശുവിനെക്കുറിച്ചും കുടുംബസാഹചര്യത്തെക്കുറിച്ചുമുള്ള ധാരണ ആവശ്യവുമാണ്. ഇപ്രകാരം ആരോഗ്യകരമായ ധാരണകൾ രൂപപ്പെടുന്നതിന് അധ്യാപകരും രക്ഷാകർത്താക്കളും പൊതുസമൂഹവും പരസ്പരം ചർച്ച ചെയ്യുകയും ധാരണകൾ വികസിപ്പിക്കുകയും കൂട്ടുചേർന്ന് പ്രവർത്തിക്കുകയും ചെയ്യുന്ന സാഹചര്യം സൃഷ്ടിക്കണം. എല്ലാ കുടുംബങ്ങൾക്കും ശിശുക്കൾക്ക് യോജിച്ച സാഹചര്യങ്ങൾ സ്വയമേവ ഒരുക്കുവാൻ കഴിയാത്ത അവസ്ഥയിൽ കുട്ടി അനുഭവിക്കുന്ന കുറവുകളും വികാസത്തിനുള്ള തടസ്സങ്ങളും നികത്തുന്നതിന് കൂട്ടായ പ്രവർത്തനരീതി സഹായകമാകും.

## 10.2 രക്ഷാകർതൃ പങ്കാളിത്തത്തിന്റെ അനിവാര്യത

1. അമ്മയുടെ മടിത്തട്ടാണ് കുട്ടിയുടെ ആദ്യവിദ്യാലയം. രക്ഷകർത്താക്കൾ ആദ്യ അധ്യാപകരും സുപ്രധാന വഴികാട്ടികളും ആണ്. ആകയാൽ രക്ഷാകർത്താക്കൾക്ക് കുട്ടിയെ എപ്രകാരം ശാസ്ത്രീയമായി ഉയർത്തിക്കൊണ്ടു വരാമെന്ന ധാരണ ഉണ്ടാവണം.
2. കുട്ടികളുടെ പ്രധാനപ്പെട്ട അവകാശങ്ങൾ, അതിജീവനവും സംരക്ഷണവുമാണ്. ഈ രണ്ടു ചുമതലകളും രക്ഷാകർത്താവിന് നിർവഹിക്കുവാൻ കഴിയണമെങ്കിൽ രോഗത്തിലേക്കും അപകടത്തിലേക്കും കുട്ടി പോകാതിരിക്കാൻ ആവശ്യമായ സേവനങ്ങളെക്കുറിച്ച് തിരിച്ചറിവുണ്ടാകണം.
3. കുട്ടിയുടെ ശരിയായ വികാസം സാധ്യമാകണമെങ്കിൽ ശാരീരികവും മാനസികവും വൈകാരികവും ബുദ്ധിപരവുമായ വികാസപ്രക്രിയകളെക്കുറിച്ച് രക്ഷാകർത്താക്കൾക്ക് സാമാന്യമായ ധാരണ വേണം.
4. ഇത്തരം കാര്യങ്ങൾ ശരിയാംവിധം തിരിച്ചറിയണമെങ്കിൽ പ്രീ-സ്കൂൾ സ്ഥാപനങ്ങളുമായി നിരന്തരം സമ്പർക്കം പുലർത്തുന്നതിനും കുട്ടിയുടെ പുരോഗതിയും പ്രശ്നങ്ങളും തടസ്സങ്ങളും തിരിച്ചറിയുന്നതിനും സാഹചര്യം ഉണ്ടാവണം.
5. ശിശു പരിചരിക്കപ്പെടുകയും പഠിക്കുകയും ചെയ്യുന്ന സ്ഥാപനത്തിന്റെ സാഹചര്യങ്ങളും പ്രവർത്തനങ്ങളും തിരിച്ചറിഞ്ഞാൽ മാത്രമേ അതിനെ മെച്ചപ്പെടുത്താൻ രക്ഷാകർത്താവിന് കഴിയൂ.

6. സമപ്രായക്കാരായ ശിശുക്കളിൽ നിന്ന് വ്യത്യസ്തരായ കുട്ടികളുടെ പ്രശ്നങ്ങളും പരിമിതികളും തിരിച്ചറിയുന്നതിനും മറികടക്കുന്നതിനും മതിയായ സഹായവും ഇടപെടലുകളും ഏതൊക്കെയെന്ന് മനസ്സിലാക്കാൻ രക്ഷാകർത്താക്കൾക്ക് അവസരം ഒരുക്കണം.

7. രക്ഷാകർത്താക്കൾ അശാസ്ത്രീയമായ കീഴ്‌വഴക്കങ്ങളും തെറ്റായ വിശ്വാസങ്ങളും പുലർത്തുന്നുവെങ്കിൽ അവ സ്വയം ബോധ്യപ്പെട്ട് തിരുത്തുന്നതിനുള്ള സാഹചര്യമൊരുക്കേണ്ടതാണ്.

## 10.3 രക്ഷാകർത്തൃ പങ്കാളിത്തം – വിവിധ ഉപാധികൾ

1. രക്ഷാകർത്തൃവിദ്യാഭ്യാസം – ഓരോ പ്രായവിഭാഗത്തിലുമുള്ള കുട്ടികളുടെ സവിശേഷതകളും ആവശ്യങ്ങളും ബോധ്യപ്പെടുത്തുകയും എന്താണ് നല്ല രക്ഷാകർത്തൃത്വം എന്ന് അറിയിക്കുകയും ചെയ്യുന്ന ദൗത്യം.

2. അധ്യാപക രക്ഷാകർത്തൃസമിതി പ്രവർത്തനം – അധ്യാപക രക്ഷാകർത്തൃ യോഗങ്ങളിൽ പങ്കെടുക്കുകയും, സ്വന്തം അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ഒപ്പം കുട്ടിയുടെയും സ്ഥാപനത്തിന്റെയും പുരോഗതിക്കായി സേവനങ്ങൾ ഏറ്റെടുക്കുകയും ചെയ്യുക.

3. പേരന്റ് റിസോഴ്സ് ഗ്രൂപ്പ് – അധ്യാപനത്തെ സഹായിക്കുക, പ്രാദേശിക പഠനോപാധികൾ രൂപപ്പെടുത്തുക, കലാകായിക പ്രവർത്തനങ്ങൾക്ക് സഹായങ്ങൾ നൽകുക, വൈദഗ്ധ്യമുള്ളവർ തങ്ങളുടെ വിഭവശേഷി വാഗ്ദാനം ചെയ്യുക തുടങ്ങിയവ വഴി സ്ഥാപനത്തിലെ പ്രവർത്തനത്തെ മെച്ചപ്പെടുത്തുക.


4. സഹരക്ഷാകർത്തൃ ആശയവിനിമയങ്ങൾ – കുട്ടികൾ വിഭിന്നരായതിനാൽ അവരുടെ പ്രശ്നങ്ങളും വികസന പ്രത്യേകതകളും വിഭിന്നമാണ്. കുട്ടികളുടെ പ്രശ്നങ്ങളിൽ ഏകമാത്ര പരിഹാരമില്ലാത്തതിനാൽ സമാന പ്രശ്നങ്ങളുള്ള കുട്ടികളുടെ രക്ഷാകർത്താക്കളുമായുള്ള ആശയ വിനിമയം പ്രധാന പരിഹാര സ്രോതസ്സായി മാറും.

5. കുടുംബചർച്ച (Open house)

   കുട്ടികളുടെ പ്രത്യേകതകളും പ്രശ്നങ്ങളും പരിഹാരങ്ങളും പരസ്പരം ചർച്ച ചെയ്യുന്നതിനുള്ള തുറന്ന സദസ്സുകൾ സംഘടിപ്പിക്കാം. ഇത്തരം യോഗങ്ങളിൽ ഒരേ ഗ്രൂപ്പിലെ രക്ഷാകർത്താക്കൾക്കും അദ്ധ്യാപകർക്കും ഒന്നിച്ചിരുന്ന് പുരോഗതി അവലോകനം ചെയ്യാം. വളർച്ചാനിരീക്ഷണഫലങ്ങൾ, സ്വഭാവ സവിശേഷതകൾ, പ്രത്യേകശേഷികൾ തുടങ്ങിയവ ചർച്ച ചെയ്യണം. ഒരു കുട്ടിയെയും ചെറുതാക്കി സംസാരിക്കാനോ, അമിതമായി പ്രശംസിക്കാനോ പാടില്ല. രക്ഷാകർത്തൃ പങ്കാളിത്തത്തിന്റെ ആരോഗ്യകരമായ വേദിയായി "കുടുംബചർച്ച"യെ മാറ്റാം.

## 10.4 പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

1. ഭവന സന്ദർശനവും, കുട്ടികളുടെ സർവെയും, അവസ്ഥാ അപഗ്രഥനവും സന്ദേശവ്യാപനവും (IEC)
2. വളർച്ചാ നിരീക്ഷണവും പഠനപുരോഗതിയും അമ്മമാരുമായി പങ്കുവയ്ക്കൽ, ചർച്ച (Open house)
3. മദർ പി.ടി.എ
4. സ്കൂൾ കലാപരിപാടികളും വാർഷികങ്ങളും






5. ദേശീയ ദിനാചാരണങ്ങളും ആഘോഷപരിപാടികളും
6. ഉല്ലാസയാത്രകൾ, പ്രകൃതിപഠനയാത്രകൾ
7. പി.ടി.എ മീറ്റിങ്ങുകൾ
8. രക്ഷാകർത്തൃ ശാക്തീകരണ ക്ലാസുകൾ, ശിശു പരിചരണ വിദ്യാഭ്യാസം (Good Parenting)
9. ശിശുക്കൾക്കുള്ള ആരോഗ്യപരിശോധന
10. രക്ഷാകർത്തൃ കൗൺസിലിങ്
11. പോഷണ ആരോഗ്യ ക്ലാസുകൾ

## 10.5 രക്ഷാകർത്തൃബോധനം (Parenting Education)

പോഷണം, ആരോഗ്യസംരക്ഷണം, സുരക്ഷിതത്വം, ലാളനം, ശുചിത്വം, ദിനചര്യകൾ, പെരുമാറ്റം, മൂല്യബോധം, വികസന പ്രചോദന പ്രവർത്തനങ്ങൾ തുടങ്ങി കുട്ടിയുടെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ ഘടകങ്ങളും ഉൾക്കൊള്ളുന്നതും മാതാപിതാക്കൾ ഏറ്റെടുക്കേണ്ടതുമായ പരിപാലന രീതികളെയാണ് രക്ഷാകർത്തൃത്വം കൊണ്ട് വിവക്ഷിക്കുന്നത് (Parenting). ജനിതകപ്രത്യേകതകൾക്കൊപ്പംതന്നെ കുട്ടികളുടെ ദൈനംദിന വികാസത്തെയും രക്ഷാകർത്തൃത്വം സ്വാധീനിക്കുന്നുണ്ട്. രക്ഷാകർത്തൃത്വത്തിന്റെ പരിധിയിൽ അച്ഛൻ, അമ്മ, ബന്ധുക്കൾ, അയൽക്കാർ, സമൂഹം തുടങ്ങി കുട്ടിക്ക് പരിചരണ സേവനം നൽകുന്നവർ വരെ ഉൾപ്പെടുന്നു. കുട്ടികളുടെ വളർച്ചയ്ക്ക് പ്രചോദനം നൽകാൻ കഴിയണമെങ്കിൽ അവരുടെ ശാരീരികാവശ്യങ്ങൾക്കൊപ്പം മാനസികാവശ്യങ്ങളും പരിഗണിക്കപ്പെടണം. വാത്സല്യം, അംഗീകാരം, വിജയം, സുരക്ഷിതത്വം എന്നിവ മാനസികാവശ്യങ്ങളിൽ പ്രധാനമാണ്. ഇവ പൂർത്തീകരിച്ച്, കുട്ടി സന്തോഷത്തിലേക്ക് എത്തിച്ചേരണമെങ്കിൽ കുടുംബാന്തരീക്ഷം ഇപ്പറയും പ്രകാരം നിലനിർത്തണം.




- കുടുംബ സന്തോഷവും യോജിപ്പും
- പരസ്പര ബഹുമാനം
- സത്യസന്ധതയും സുതാര്യതയും
- നിബന്ധനകൾക്കതീതമായ സ്നേഹവും താൽപ്പര്യവും
- ക്ഷമാശീലവും സമയം കണ്ടെത്തലും



## രക്ഷാകർത്താക്കളുടെ കുട്ടികളോടുള്ള പെരുമാറ്റം


- ശിശുക്കൾക്ക് ഉചിതമായ രീതിയിൽ വാത്സല്യവും സ്നേഹവും നൽകുക.
- ആരോഗ്യകരമായ വളർച്ചയ്ക്ക് യോജിച്ച ചുറ്റുപാടുകൾ ലഭ്യമാക്കുക.
- കുട്ടികളെ വിമർശിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യാതിരിക്കുക
- മറ്റു കുട്ടികളുമായി താരതമ്യം ചെയ്യരുത്.
- കുട്ടികളുടെ മുന്നിൽ മാതാപിതാക്കൾ കലഹിക്കരുത്.
- കുട്ടിയുടെ പരാജയത്തിൽ ഉത്കണ്ഠ പ്രകടിപ്പിക്കാതെ മുന്നേറാൻ സഹായിക്കുക
- കുട്ടിക്കൊപ്പം പ്രശ്നങ്ങൾ നേരിടാൻ നിലയുറപ്പിക്കുക
- കുട്ടികളുടെ ഉചിതമായ ആവശ്യങ്ങൾ സാധ്യമാക്കുക
- മാർഗനിർദേശം നൽകുകയും മാതൃകയാവുകയും ചെയ്യുക
- കുട്ടിയിൽ ആത്മവിശ്വാസം വളർത്തുക
- സ്കൂളുമായി സഹകരിക്കുക

### രക്ഷിതാവ് അറിയാൻ...

- *കുട്ടികൾക്ക് വ്യക്തമായ വികാസഘട്ടങ്ങളും, അതിനോടനുബന്ധിച്ചുള്ള സവിശേഷതകളുമുണ്ട്.*
- *സമഗ്രവികാസം സാധ്യമാകണമെങ്കിൽ വ്യത്യസ്തമായ വികാസ മേഖലകൾ ഏതെല്ലാമെന്ന് രക്ഷിതാവ് തിരിച്ചറിയണം.*
- *കുട്ടികളുടെ നൈസർഗിക വികാസത്തെ പരിപോഷിപ്പിക്കുന്നതിനൊപ്പം വികാസത്തിനു തടസ്സമായി നിൽക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കുകയും വേണം.*
- *കളികളിൽ നിന്നു കുട്ടികൾ ഏറെ പഠിക്കുന്നുണ്ട് എന്നു തിരിച്ചറിഞ്ഞ് കളിക്കുന്നതിനുള്ള അവസരം ഒരുക്കണം.*
- *ശിശുക്കളുടെ വികാസ ശേഷികൾക്കും അവരുടെ രീതികൾക്കും അതീതമായി മുതിർന്നവരുടെ പഠനരീതികൾ അടിച്ചേൽപ്പിക്കരുത്.*
- *വികാസവ്യതിയാനമുള്ള കുട്ടികൾക്ക് കഴിയുന്നത്ര വേഗം യോജിച്ച പരിചരണം നൽകണം.*
- *അശാസ്ത്രീയമായ, പരസ്യപിന്തുണയോടെ പ്രവർത്തിക്കുന്ന ചെലവേറിയ പ്രീ-സ്കൂളുകളിലേക്ക് / സ്ഥാപനത്തിലേക്ക് ആകൃഷ്ടരാകരുത്.*
- *ശിശുക്കളെ അനുചിത പെരുമാറ്റങ്ങൾക്ക് വിധേയമാക്കുന്ന സാഹചര്യങ്ങളിൽ ഏൽപ്പിക്കുകയോ അവരെ ശാരീരികമായോ വാചികമായോ ശിക്ഷിക്കുകയോ അവഗണിക്കുകയോ ചെയ്യരുത്.*
- *പ്രശ്നസ്വഭാവമുള്ള കുട്ടികൾക്ക് ശാസ്ത്രീയമായ വ്യവഹാര വ്യതിയാന പ്രവർത്തനങ്ങൾ വഴി ഗുണകരമായ മാറ്റങ്ങൾ വരുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം.*

## 10.6 സാമൂഹ്യ പങ്കാളിത്തം

വിദ്യാലയം ഒരു സമൂഹം തന്നെയാണെന്നും അതിന്റെ വിജയവും ഊർജ്ജസ്വലതയും ആശ്രയിച്ചിരിക്കുന്നത് ബാഹ്യസമൂഹവും വിദ്യാലയവും തമ്മിൽ പുലർത്തുന്ന പ്രതിപ്രവർത്തനത്തെയും ആരോഗ്യകരമായ പരസ്പര സ്വാധീനത്തെയും ആശ്രയിച്ചാണിരിക്കുന്നതെന്നും







സെക്കണ്ടറി വിദ്യാഭ്യാസ കമ്മീഷൻ അഭിപ്രായപ്പെടുന്നു. കുട്ടികളുടെ ആരോഗ്യകരമായ വളർച്ചയിൽ മാതാപിതാക്കൾക്കും കുടുംബത്തിനുമൊപ്പം സമൂഹത്തിനും ശ്രദ്ധേയമായ പങ്ക് നിർവ്വഹിക്കാനുണ്ട്. അതുകൊണ്ടുതന്നെ ശിശുക്കൾക്കായുള്ള പരിചരണ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ സമൂഹത്തിനും പങ്കാളിത്തം ഉണ്ടാകണമെന്നു നിർദേശിക്കപ്പെട്ടിട്ടുണ്ട്. സ്ഥാപനങ്ങളുടെ ആസൂത്രണം, നിർവഹണം, ഗുണമേന്മ ഉയർത്തൽ എന്നിവയിൽ രക്ഷാകർത്താവ് ഉൾപ്പെടുന്ന സമൂഹത്തിന് അർഹമായ സ്ഥാനം ഉറപ്പാക്കുന്ന പ്രക്രിയയാണ് സാമൂഹ്യ പങ്കാളിത്തം കൊണ്ടുദ്ദേശിക്കുന്നത്. പ്രീ-സ്കൂൾ സ്ഥാപനത്തെ അയൽപക്ക സമൂഹത്തിന്റെ പൊതുസ്വത്ത് എന്ന നിലയിൽ ഉയർത്തിക്കൊണ്ടു വരുകയും അവരുടെ അന്തസിന്റെ ഭാഗമാക്കി മാറ്റുകയും ചെയ്യുമ്പോഴാണ് പങ്കാളിത്തത്തിന്റെ വിജയം ഉറപ്പാക്കാൻ കഴിയുക. പങ്കാളിത്തം എന്നത് കേവലമായ ധനദാനമോ, ആനുകൂല്യം സ്വീകരിക്കുകയോ മാത്രമല്ല സ്ഥാപനത്തിന്റെ പൊതുപ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും ഉയർത്തിക്കൊണ്ടു വരുന്നതിനും പ്രചോദനം നൽകുന്നതിലും കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിലുമുള്ള ഇടപെടലുകൾ കൂടിയാണെന്നും സമൂഹം ഉൾക്കൊള്ളേണ്ടതുണ്ട്.

“കുട്ടികൾക്ക് യോജിച്ച ഒരു ലോകം” എന്നതാണ് ശിശുക്കളെ സംബന്ധിച്ച് നമ്മുടെ രാജ്യത്തിന്റെ അതിപ്രധാനമായ കാഴ്ചപ്പാട്. കുട്ടിക്ക് സന്തുഷ്ടമായ ബാല്യം പ്രദാനം ചെയ്യുമ്പോഴാണ് ഇതു സാധ്യമാകുന്നത്. യോജിച്ച ലോകവും സന്തുഷ്ടിയും സ്ഥാപന നടത്തിപ്പുകാർക്കോ രക്ഷകർത്താക്കൾക്കോ മാത്രമായി നൽകുവാൻ കഴിയില്ല. ഇതിനായി ടീച്ചർ, ആയ, രക്ഷാകർത്താക്കൾ എന്നിവർക്കൊപ്പം സമൂഹത്തിലെ തൽപ്പരരായ അംഗങ്ങളെ കൂടി ചേർത്തുകൊണ്ട് പ്രീ-സ്കൂൾ സഹായ സമിതി രൂപീകരിക്കാം. ഈ സമിതിക്ക് ഭൗതിക സൗകര്യം വർധിപ്പിക്കൽ, പഠനോപകരണങ്ങൾ ലഭ്യമാക്കൽ, ഭക്ഷണം പോഷക മൂല്യമുള്ളതാക്കാൻ സഹായിക്കൽ, പഠനയാത്രകളിലും മറ്റും സഹകരിക്കൽ, സ്ഥാപനത്തിന്റെ സംരക്ഷണം ഉറപ്പുവരുത്തൽ, സാർവത്രികമായ വിദ്യാർഥി പ്രവേശനം സാധ്യമാക്കൽ, പൊതുബോധവത്കരണം, വിദഗ്ധസേവനം ലഭ്യമാക്കൽ തുടങ്ങിയ കാര്യങ്ങളിൽ സഹായിക്കാനാവും.

## റഫറൻസ്

(1) സർവ്വശിക്ഷാ അഭിയാൻ - കുട്ടികൾക്കുള്ള ആദ്യകാല പരിചരണവും വിദ്യാഭ്യാസവും - എസ്.എസ്.എ (2005)

(2) ‘മഴവില്ല്’ - പ്രീപ്രൈമറി കരിക്കുലം കരട് രേഖ - കേരള സർക്കാർ സാമൂഹ്യക്ഷേമ വകുപ്പ്

(3) എസ്.സി.ഇ.ആർ.ടി - പ്രീ-പ്രൈമറി വിദ്യാഭ്യാസം - നയരേഖയിലേക്ക് നിർദേശങ്ങൾ 2010

(4) കേരള സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് - പ്രീ-പ്രൈമറി നിലപാട് രേഖ - എസ്.സി.ഇ.ആർ.ടി